5 വികസനം

ദരിദ്രനിർമ്മാർജ്ജനം
അധികാരം
അടുത്ത ഇടം പാർക്കലാം
ഞങ്ങൾ വരുന്നൂ
-കുഞ്ഞപ്പ പട്ടാനൂർ
കരുതിക്കുന്നും കരളിൽപേറി
-കരുണാകരൻ പുതുശ്ശേരി
ഒരു യാത്ര
സമ്പത്തിന്നുടമകൾ
ഒരു ചോദ്യം
ഇര
വിലപേശൽകരിവെള്ളൂർ മുരളി
ഭോപ്പാൽ
ഓഫീസ്
വിഷം
കാറ്റ് മാറിവീശുംമുല്ലനേഴി
ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക്
ഒത്തുകളി
നാം നാണിക്കാനുംഅറിയാത്തവർ(മാപ്പിളപ്പാട്ട്)
എന്നിട്ടും(മാപ്പിളപ്പാട്ട്)
നോൺസൻസ്

വിപണികൾ പൂക്കുന്നു
പറയർകളി പനങ്ങാട് പി.കെ തങ്കപ്പൻപിള്ള
ഫിഫ്റ്റി ഫിഫ്റ്റി പി.കെ തങ്കപ്പൻപിള്ള
കരടി നൃത്തം ഏഴാച്ചേരി രാമചന്ദ്രൻ
കെണി
കടലിന്റെ മക്കൾ മുല്ലനേഴി
വരുമൊരുകാലം ബർതോൾത് ബ്രെഹ്ത് വിവ: പുനലൂർ ബാലൻ
അന്തസ്സിന്റെ പുരാവൃത്തം എസ്.പി.എൻ. മഞ്ചേരി
പോരാ, പോരാ ബെർതോൾത് ബ്രെഹ്ത് വിവ: പുനലൂർ ബാലൻ
വിലക്കയറ്റം മുല്ലനേഴി
ഇറക്കുമതി പി.എൻ. ദാമോദരൻപിള്ള
തമ്പാനൂർ ഗോപിനാഥ് മാവുങ്കൽ

അവർ
ജയക്കൊടി ബെർതോൾത് ബ്രെഹ്ത് വിവ: പുനലൂർ ബാലൻ
സ്വാതന്ത്ര്യം എസ്.പി.എൻ. മഞ്ചേരി
വികസനമിങ്ങനെയോ....?മാപ്പിളപ്പാട്ട് എസ്.പി.എൻ. മഞ്ചേരി
ഭാരതമാതാവ് പനങ്ങാട് പി.കെ. തങ്കപ്പൻപിള്ള
ധർമ്മാശുപത്രി ഓട്ടൻതുള്ളൽ പനങ്ങാട് പി.കെ. തങ്കപ്പൻപിള്ള
ഉദ്ഘാനമഹാമഹം ഓട്ടൻതുള്ളൽ പനങ്ങാട് പി.കെ. തങ്കപ്പൻപിള്ള
വിൽക്കാനുണ്ട് കാലുകൾ
എയ്ഡ്സ്
മുക്തി മന്ത്രം
സ്വയംവരം
നല്ലനാളെ
ആർക്കുവേണ്ടി മുല്ലനേഴി പി.കെ ശിവദാസ്
സംഘനൃത്തം

## ദരിദ്രനിർമ്മാർജ്ജനം

(സിദ്ധൻ മുന്നോട്ടുവന്ന് പ്രസംഗിക്കുന്നു.

"സമൃദ്ധയായ ഭാരതം
മഹത്വമുള്ള ഭാരതം
സമത്വമുള്ള ഭാരതം
സഹിത്വമുള്ള ഭാരതം"

(ഇരുവശത്തുനിന്നും ഈരണ്ടുപേർ പാട്ട് ആവർത്തിച്ച് ആനയിച്ച് പീഠത്തിൽ ഇരുത്തി കളിക്കുന്നു. സദസ്സിൽ നിന്നും ഓരോ ഭിക്ഷക്കാർ മുന്നോട്ടുവരുന്നു)

ഭിക്ഷ. ഒന്ന്: അടിപിടി.... കോലാഹലം... വെടിവെയ്പ്..... കൊടുങ്കാറ്റ്.... രാജ്യം രാജ്യത്തോട്..... ജാതി ജാതിയോട് മതം മതത്തോട്.... എന്തിന് ജനങ്ങൾ തമ്മിലടി.

ഭിക്ഷ രണ്ട്: നാടു ചുറ്റി..... നഗരംചുറ്റി.... കാടുചുറ്റി വീടുചുറ്റി...... ഞാൻ ചുറ്റി.... നീചുറ്റി..... ആകെ ചുറ്റിവന്ന ആളയ്യ....... ഭിക്ഷ കൊടുക്കണം.

ഭിക്ഷ മൂന്ന് : അച്ഛന് അമ്മവേണം.... അമ്മയ്ക്ക് മക്കൾവേണം മക്കൾക്ക് ജീവിക്കണം... ജീവിക്കാൻ വകവേണം.

ഭിക്ഷ 1 : പണി വേണം.... പണം വേണം

ഭിക്ഷ 2 : പഠിപ്പുവേണം.... പാർപ്പിടം വേണം

ഭിക്ഷ 3 : ഭണ്ഡാരം ഞങ്ങൾക്കും വേണം.....

(മൂന്നുപേരും ചുവടുവച്ചു കളിക്കുന്നു.)

പടയോരണി പടയണി പടയണി
ഭാരത മക്കളു തമ്മിൽ
പരദേശം ചുറ്റിവരുന്നൊരു
പരവശരാണി ഞങ്ങൾ.
തെയ്, തെയ് തോം. തെയ്, തെയ് തെയ് തോം.
തെയ്, തെയ് തോം. തെയ്, തെയ് തെയ് തോം.
ക്ഷയരോഗികൾ ലോകത്തിന്ന്
പകുതിയുമിവിടുള്ളവരാണേ
ജയഭേരി നമുക്കുമുഴക്കാം
ഇതുപോലേതുണ്ടൊരു രാജ്യം
തെയ്, തെയ് തോം..........
മന്തുണ്ട്, മലേറിയ, കുഷ്ഠം
ടൈഫോയ്ഡ്, ഛർദ്യതിസാരം
ഇതിനുള്ള മരുന്നിവിടില്ലേ.....
ഇതുനോക്കാനാളുകളില്ലേ......
തെയ്, തെയ് തോം......

(സിദ്ധന്റെ വിളംബരം)

ക്ഷയരോഗം നമ്മുടെ രാജ്യത്ത് പൂർണമായി നിർമ്മാജ്ജനം ചെയ്യപ്പെട്ടിരിക്കുന്നു. ഒരു ക്ഷയരോഗിയെയെങ്കിലും കാണിച്ചു തരുന്നവർക്ക് പതിനായിരം രൂപ ഇനാം....

(സ്തുതിപാഠകർ ഏറ്റു പറയുന്നു)

ഭിക്ഷ 2: ഭാരത നാട്ടിലുള്ള കൂരകൾ തോറും ചെന്ന -
ങ്ങോതുവിൻ ഭൂരിപക്ഷം തിരക്കുന്നോരെ.
സ്വാതന്ത്ര്യ ചൂടേറ്റേറെക്കരിഞ്ഞു പോയതാമിവർ
ഭാരതമാതാവിന്റെ പവിത്രമക്കൾ.

(സിദ്ധന്റെ വിളംബരം സ്തുതിപാഠകർ ഏറ്റുചൊല്ലുന്നു)

"ദാരിദ്ര്യരേഖക്കുതാഴെ തെരക്കു കൂടിയതുകൊണ്ട്
അതൊഴിവാക്കാനായി പ്രസ്തുതരേഖ കുറച്ചുകൂടി താഴേക്ക്
വരയ്ക്കുവാൻ തീരുമാനിച്ചിരിക്കുന്നതായി നാം കൽപ്പിക്കുന്നു.....

ഭിക്ഷ 3 : തെയ്യാരതെയ്യാര തെയ്യാരതെയ്തോം
തെയ്യാരതെയ്യാര തെയ്യാരതെയ്തോം
ജാതിപ്പിശാചോ മതപ്പിശാചോ എന്തോ
ദാരിദ്ര്യരേഖക്ക് താഴെചുടലയിൽ

നൃത്തം ചവിട്ടുന്നു കാളിയുംകൂളിയും
മർത്യജഡങ്ങൾ കടിച്ചു തിന്നങ്ങനെ
തുള്ളടി തുള്ളടി തൂവേർപ്പുതുള്ളികൾ
തുള്ളിച്ച മർത്യചുടലയിൽ നിന്നു നീ
തെയ്യാര തെയ്യാര.....

(സിദ്ധന്റെ വിളംബരം സ്തുതിപാഠകരുടെ ഏറ്റു പാടൽ)

"ഇതൊക്കെ ഇവിടെ പറയാൻ ഞാൻ അനുവദിക്കില്ല. കുറ്റംപറയാൻ മാത്രം പഠിച്ച
കൂട്ടരാണ് നിങ്ങൾ..... ഞാനൊന്നു ചോദിക്കട്ടേ
പച്ചരിറേഷൻ തരുന്നില്ലേ....
ഉച്ചപ്പിള്ളേർക്കുപ്പുമാവില്ലേ
ഒട്ടുമാവ്, പ്ലാവ്, ജാതിവികസനം
ചട്ടിയിലാക്കിത്തരുന്നില്ലേ.....
ബ്ലോക്കീന്ന് സബ്സിഡിതന്നില്ലേ......
പോക്കറ്റവരുടെ വീർത്തെങ്കിൽ
ആർക്കാടാചേതം
ഈ സർക്കാർകാശിന്
നാക്കിട്ടടിയ്ക്കാതടങ്ങിക്കോ.....

(സ്തുതി പാഠകർ ഏറ്റുപാടി കളിക്കുന്നു)

ഭിക്ഷ 1: (യാചകയോഗത്തെ അഭിമുഖീകരിച്ചുകൊണ്ട്). "സുഹൃത്തുക്കളെ! സ്വതന്ത്രഭാരതത്തിന്റെ സന്തതികളായ നമ്മളാണ് ഇവിടെ ഭൂരിപക്ഷം. വർഷങ്ങൾകഴിയുന്തോറും നമ്മുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു. എന്നാൽ ഈ രാജ്യത്തെ യാചകർ ഇതറിയുന്നില്ല. തെണ്ടികൾ! ഇന്ത്യൻ പൗരന്മാരെന്ന ബഹുമതിയും വോട്ടാവകാശവും ബഹുമാനപ്പെട്ട സർക്കാർ നമുക്ക് തന്നിട്ടുണ്ട്.... അതിൽ നമുക്ക് അഭിമാനിക്കാം.... ഈ രാജ്യത്ത് ജാതി-മത-രാഷ്ട്രീയ കക്ഷികൾക്കും മുതലാളിതൊഴിലാളി-ഉദ്യോഗസ്ഥന്മാർക്കും എല്ലാം സംഘടനകളുണ്ട്..... എന്നാൽ ഭൂരിപക്ഷം വരുന്നവരും സ്വയം തൊഴിൽ കണ്ടെത്തിയവരുമായോ നമുക്ക് ഒത്തുകൂടാനോ സംഘടിക്കാനോ നാളിതുവരെ കഴിഞ്ഞിട്ടില്ല.... അത് നമ്മുടെ ദൗർബല്യം തന്നെയായിരുന്നു. അതുകൊണ്ട് അഖിലഭാരത യാചക സംഘടന രൂപീകരിച്ച് പ്രവർത്തിക്കുവാൻ നാം തീരുമാനിച്ചിരിക്കുന്നു. ഹിയർ..... ഹിയർ......

(സദസ്യരോട്)

"നിങ്ങളും ഇന്നല്ലെങ്കിൽ നാളെ ഞങ്ങളോടൊപ്പം വരേണ്ടവരാണന്നും വന്നുകൊണ്ടിരിക്കുന്നവരാണെന്നും ഞങ്ങൾക്കറിയാം. അഖില ഭാരത യാചക സംഘടന സിന്ദാബാദ്. അഭായാസ സിന്ദാബാദ്......

(സിദ്ധൻ മന്ദസ്മിതത്തോടെ എഴുന്നേറ്റു. അവനതൂ ഭവിക്കേണമിന്നകാലം വരേണം. അവശത ഭവിക്കേണമർത്ഥനാശം വരേണം. ഇതു വിധി വിധിച്ചതീ പ്രാണികൾക്കൊക്കെയും ഹിത മഹിതമെങ്കിലും ലംഘ്യമല്ലേതുമേ ഓം ശാന്തി ശാന്തി......

സിദ്ധൻ : നിങ്ങളുടെ പ്രയാസം ഇപ്പോൾ നാം മനസ്സിലാക്കുന്നു. നിങ്ങൾക്കെന്താണാവശ്യം......

ഭിക്ഷ : ഇവിടുത്തെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യണം. അതു കഴിയുമോ?

സിദ്ധൻ : അതു തന്നെയാണല്ലോ നമ്മുടെയും ലക്ഷ്യം. ദാരിദ്ര്യം നിർമ്മാർജ്ജനം... ടാറ്റൻ... ബിർളൻ..... ഡാൽമിയൻ..... ഗോയങ്കൻ..... എന്നീ ശിഷ്യന്മാരെ അതിനായി നിയോഗിച്ചിട്ടുണ്ടല്ലോ.....

ശിഷ്യന്മാരേ! ഇവരുടെ അഭീഷ്ടം ഇതുവരെ നിറവേറ്റിയില്ല, അല്ലേ. ഇതെനിക്ക് സഹിക്കാനാവില്ല..... ഉണ്ണികളുടെ ആവശ്യങ്ങൾ ഉടനെ നിറവേറ്റുക..

(ശിഷ്യന്മാർ ഭിക്ഷക്കാരെ ഒരു മൂലയിലേക്ക് കൊണ്ടുപോകുന്നു.)

ശിഷ്യന്മാർ : മഹത്വമേറുന്നൊരു ഭാരതത്തിൽ
ദാരിദ്ര നിർമ്മാർജ്ജനമാന്നുലക്ഷ്യം

(കഴുത്ത് ഞെരിക്കുന്നു. ഭിക്ഷക്കാർ അലറുന്നു. ചാമുണ്ഡി പ്രത്യക്ഷപ്പെടുന്നു)

അലറിയാർത്തു വരുന്നിതയ്യയോ!
ദാരിദ്രരേഖയ്ക്കടിയിൽ നിന്നു
ടലാർന്ന ചാമുണ്ഡി
താണ്ഡവം ചെയ്ത്

അഗതി ജനതകളടിമകൾക്കുള്ളിൽ
നീറിപ്പുകഞ്ഞോരമർഷ-
മൊരു മയിലിളകിയുളവായി
ചാമുണ്ഡിയായി.
കുത്തകക്കാരുടെ കുടക്കീഴിൽ
വർത്തിച്ചിടുന്ന വ്യവസ്ഥ
കാൺകെ വരുന്നു ചാമുണ്ഡി
പടയണിയ്ക്കായി.....
കുരള കുടിലതയെന്ന ചെങ്കോലും
അധികാര മകുടവുമ -
പകടത്തിൽ വരുത്തു മുടയോരേ
ജനരോഷമാളീ.....
അലയാർത്തു.......

(സിദ്ധനും കൂട്ടരും ഭയന്നോടുന്നു. തെയ്യം ആടുന്നു)

## അധികാരം

(വേദിയിൽ അധികാരതാണ്ഡവം - 4 പേരുടെ) - ഉദ്യോഗസ്ഥ വൃന്ദം.
യേയേയോ യേയേയേയോ യേയേയേയോ യേയേയേയോ (2)
പലഭരണം മാറിവരട്ടേ പരിതാപം അതിലില്ലനമുക്ക്,
അധികാരം നമ്മുടെ കൈകളിൽ മതിമതി ഗർദഭപുരിയിലിതെല്ലാം
യേയേയോ..........
ഇവിടെന്തു നടത്തണമെന്നും, ഇവിടെങ്ങനെയത് ചെയ്യണമെന്നും,
മുകളത്തെ അധികാരികൾ നാം തെരുതെരെ നാട്ടിൽ നടപ്പിൽ വരുത്തും.
യേയേയോ..........

(താണ്ഡവം മൂർദ്ധന്യത്തിൽ എത്തുന്നു.) തീരാറാകുമ്പോൾ വേദിയുടെ ചുറ്റിൽ നിന്നും ജനങ്ങൾ.

"ഞങ്ങൾക്ക് കുടിവെള്ളം വേണേ —"
"ഞങ്ങൾക്ക് ജലസേചനം വേണേ - "
"ഞങ്ങൾക്ക് ആശുപത്രി വേണേ —"
"ഞങ്ങളുടെ നാട്ടിൽ വ്യവസായ സ്ഥാപനങ്ങൾ വേണേ

എന്ന മുറവിളിയോടെ വേദിയിലേക്കു കടന്നു വരുന്നു.

അധി 1 : നമ്മുടെ കേളീ രംഗത്തേക്കു ആരൊക്കെയോ കടന്നു വരുന്നല്ലേ?
അധി 2 : വിവേകമില്ലാത്ത സമൂഹത്തിന്റെ ദീനരോദനങ്ങൾ കേട്ടു തഴമ്പിച്ച ചെവികളല്ലേ നമുക്കുള്ളത്. നമുക്കു തുടങ്ങാം. (ജനം വീണ്ടും മുറവിളി കൂടുന്നു.)
അധി : (ജനത്തിനു നേരെ തിരിഞ്ഞ) എന്തിനായിട്ട് ഇവിടേക്ക് കടന്നു വന്നു. Get out.
ജനം : ഞങ്ങൾക്ക് കുടിവെള്ളം കിട്ടാതെ വലയുന്നു.
അധി : (അട്ടഹസിക്കുന്നു) അതിനിവിടെ ആഡിറ്റോറിയം അനുവദിച്ചിട്ടുണ്ടല്ലോ?
(ഹി ഹി...)
ജനം : ഞങ്ങളുടെ കൃഷിക്ക് ജലസേചനം വേണം.
അധി : അതിനിവിടെ പാർക്കില്ലേ?
(ഹി ഹി....)
ജനം : ഞങ്ങളുടെ നാട്ടിൽ നിരക്ഷരരുടെ എണ്ണം പെരുകുന്നു.
അധി : (തമ്മിൽ നോക്കി ചിരിച്ചു) അതിനല്ലെ Family Planning.
ജനം : ഞങ്ങളുടെ നാട്ടിൽ വ്യവസായങ്ങളൊന്നും തന്നെയില്ല.
അധി : അതിനിവിടെ ഇഗ്ലീഷ് മീഡിയം സ്കൂളുകളില്ലേ. (അട്ടഹസിക്കുന്നു)
ജനം : ജനങ്ങൾക്കു വേണ്ടത് ജനം പറയും. അതു നിങ്ങൾ നടപ്പിലാക്കിയാൽ മതി.
അധി : എന്തുനടപ്പിലാക്കണമെന്ന് ഇവിടെ തീരുമാനിക്കും. വിവേകമില്ലാത്ത സമൂഹം. (അട്ട

ഹാസം)

ജനായത്തം - ജനായത്തം പോ - പോ- മാനവ കീടമേ -

(ജനം കോപത്തോടെ ചുറ്റും കൂടുന്നു വടിയെടുത്ത്)

ജനം : അധികാരവികേന്ദ്രീകരണം വരണം ഗ്രാമത്തിൽ വികസന പരിപാടികൾ വിജയിക്കണമെന്നാകിൽ, തൈയ്താരക തൈ തൈ.

പദ്ധതിയെത്രമഹത്തരമാണേലും നാടിനുചേരാത്തൊരു പദ്ധതി കൊണ്ടുപ്രയോജനമുണ്ടവോ തെയ്താ.......

തലതിരിയുന്നാസൂത്രണ പദ്ധതികൾ തലസ്ഥാനങ്ങളിലെ- തലവന്മാരുനടപ്പിൽ വരുത്തുന്നു. തെയ്താ......

തലമുറയായ് കൃഷിചെയ്യുന്നവരല്ലെ, ഈ മണ്ണിൽവേണ്ടൊരു കൃഷിയെപറ്റി അറിഞ്ഞീടാനാവു. തെയ്താ......

ഫാൻ കീഴിൽ പാന്റിട്ടൊരു പേനായും കടലാസുമതായി പ്ലാനിൽ കഴിയുന്നോർ മണ്ണിറിയുന്നോ.... തെയ്താര.....

പദ്ധതിപലതു കിഴക്കാംപാടല്ലേ, അതുമാറാനുള്ളൊരു പദ്ധതി ജനതയിലധികാരം വരണം.... തെയ്താര...

മുകളിൽ കയ്യാജനാധീകാരങ്ങൾ ഗ്രാമീണരിലെത്തുകിലുണരും ജനാധിപത്യം ദൃഡമാകും...തെയ്താരക.

## അടുത്ത ഇടം പാർക്കലാം

നാടുവാഴിയും കൂട്ടരും അരങ്ങൊരുക്കി ആരെയോ കാത്തുനിൽക്കുന്നു. അപ്പോൾ വിളംബരം "രാജാധിരാജൻ രാജമാർത്താണ്ഡൻ രാജഗംഭീരൻ തായ്വഴി കൊച്ചുതമ്പുരാൻ ഇളവരശ് തിരുമനസ്സുകൊണ്ട് നമ്മുടെ നാട് സന്ദർശിക്കുന്നതിനായി എഴുന്നള്ളുന്നു-"

തിരുമനസ്സ് എഴുന്നള്ളുന്നു. നാടുവാഴിയും കൂട്ടരും തിരുമനസ്സിനെ ഓരോ ഇടങ്ങളും കാണിച്ചുകൊടുത്ത് തിരികെ വേദിയിലാനയിച്ച് ഉപവിഷ്ടനാക്കുന്നു.

രാജാവ് : നാടുവാഴികളേ ഉങ്കളുക്കെല്ലാം സൗഖ്യമാ?

നാടുവാഴി: മനസ്സിലായില്ലേ? അദ്ദേഹം ചോദിച്ചത് നിങ്ങൾക്കൊക്കെ സുഖം തന്നെയല്ലേ എന്നാണ്. എന്തു ചോദിച്ചാലും ആമാ എന്നുമാത്രം പറഞ്ഞാൽ മതി.

അനുചരന്മാർ : ആമാ-ആമാ

വിളംബരം: തായ്വഴിക്കൊച്ചുതമ്പുരാനും നാടുവാഴിത്തമ്പുരാക്കളും പരിവാരങ്ങളും പാട്ടുകളത്തിൽ എഴുന്നള്ളിയിരിക്കുന്നു. ഗ്രാമവാസികളെല്ലാം അവിടെയെത്തണം.

(ഗ്രാമീണസംഘം വരുന്നു.)

രാജാവ് : നാട്ടുമക്കളേ, ഉങ്കളുക്കെല്ലാം സൗഖ്യമല്ലവാ? നാൻ അരശാങ്കമായിരിക്കുമ്പോത് യാരുമേ സങ്കടപ്പെടക്കൂടാത്- ഏതാവത് ഇരുന്താ ശൊല്ലലാം.

നാടുവാഴി : നിങ്ങളുടെ നാട്ടിൽ കാലാകാലങ്ങളിൽ മഴപെയ്യുന്നില്ലേ എന്നാണ് അദ്ദേഹം ചോദിച്ചത്.

ഗ്രാമ : ഇനിയും ഉങ്കളുക്ക് ഏതാവത് ഉതവിതേവൈയിരുന്താൽ കേക്കലാം.

നാടുവാഴി : നിങ്ങൾക്ക് കൊതുകിന്റെ ശല്യം അനുഭവപ്പെടുന്നുണ്ടോ- കൊതുകുവല വേണോ എന്നാണ് അദ്ദേഹം ചോദിച്ചത്

ഗ്രാമ: അയ്യോ- കൊതുകുവലയൊന്നും വേണ്ട പട്ടിണിയും ദാരിദ്ര്യവും രോഗവും കൊണ്ട് വലയുന്ന ഞങ്ങൾക്ക് അതിനുള്ള ഒരു പ്രതിവിധി ഉണ്ടാക്കിതന്നാൽമതിയേ-

നാടുവാഴി : നാട്ടുമക്കളുക്ക് ഉങ്കൾ ഉതവിയാൽ ഒരു മായക്കണ്ണാടി കിടൈത്താൽ പോതും എന്റ് ശൊൽറേൻ

രാജാവ് : അതുക്ക് കവലയില്ലൈ....

അനുചരന്മാർ : അയ്യോ ഉണ്ടേ ഇവിടുന്ന് ഒരു നാഴിക കിഴക്കോട്ടു പോയാൽ ഒരു കവലയുണ്ടേ- (നാടുവാഴി തടയുന്നു)

രാജാവ്: യാരെടാ അയോഗ്യപ്പയലേ.... ഏമാത്ത്റ്ത്?

നാടുവാഴി : ഇളവരശൻ കോപിക്കവേണ്ടാം.... മന്നിച്ചിടുങ്കോ

രാജാവ് : പോഹട്ടും- ഇന്ത ഊരുക്ക് ഒരു മായക്കണ്ണാടി മട്ടുമല്ലൈ ഈ നാട്ടുമക്കളുടയ വേലൈ കുറയ്ക്കുവത്ക്ക് ഒരു യന്ത്രമനിതനൈക്കൂടി കൊടുക്കലാം.

നാടുവാഴി : പ്രജകളേ, നിങ്ങൾക്ക് ഒരു മായക്കണ്ണാടി മാത്രമല്ല നിങ്ങളുടെ പണികുറയ്ക്കുന്നതിനായി

ഒരു യന്ത്രമനുഷ്യനെക്കൂടി നിങ്ങൾക്ക് തരുന്നതാണെന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹത്തെ സന്തോഷിപ്പിക്കാൻ ഒരു പാട്ടോ കളിയോ നടത്തിക്കൂടേ-

ഗ്രാമവാസി : എന്തുവേണമെങ്കിലും ആകാമേ, ഞങ്ങളുടെ ഈ കഷ്ടപ്പാട് ഒന്നവസാനിച്ചുകിട്ടിയാൽ മതിയായിരുന്നേ.....

നാടുവാഴി : തിരുമുമ്പില് ഒരു നാട്യം നടത്തുവതുക്ക് സന്ദർഭം കിടയ്ക്കുമാ എന്റ് അവർ കേക്കിറേൻ

രാജാവ് : റൊമ്പ സന്തോഷം

നാടുവാഴി : എങ്കിൽ തുടങ്ങിക്കൊള്ളൂ

ഗ്രാമവാസി : തന്നാനാനെ താനെ തന്നെന്നാ
തന താനിന താനിന തന്നാനാനെ താനെ തന്നന്നാ (1)
ഭാരതമാതാവിൻ വാർമുടിയിൽ ചൂടും പാരിജാതമായ്
കേരളത്തെക്കാണുന്നു കവികൾ
സമ്പൽസമൃദ്ധമാമീ നാട്ടിൽ ജനകോടികൾ ദാരിദ്ര്യ
ക്കൊമ്പത്തൊക്കെയിരിക്കുന്നു കുടിലിൽ
(തന്നാനാനെ)
തന്നാനാനെ തന്നാനാനെ തന്നാനാനെ
താനിന തന്നാനെ താനിന താനിന തന്നാനാനെ (2)
കാടുമുടിച്ചേ നാടുമുടിച്ചേ ആകെയെടുത്തേ-ചിലരുടെ
വീടെല്ലാം മോടിപിടിച്ചേ നാശമടുത്തേ
കൈക്കൂലിക്കാരിവിടെ വളർന്നേ കപ്പമെടുത്തേ-
രാജ്യത്തുദ്യോഗസ്ഥന്മാരുടെ ദുർഭരണം മൂത്തേ!
തന്നാനാനെ.....തന്നാനാനെ (1)
വേലചെയ്വാൻ വേദിയില്ലിവിടെ വെറും കയ്യുമായ് പട്ടിണി-
ക്കാരോ നാളുകൾതോറും കൂടുന്നു
നാട്ടിൽ വ്യവസായങ്ങളില്ലാ, മറ്റുസ്റ്റേറ്റിനു
വൈദ്യുതി നീട്ടുന്നു വിഭവങ്ങൾ നൽകുന്നു
തന്നാനാനെ (1)
തന്നാനാനെ (2)
ഉള്ളവർ വീണ്ടും ഉള്ളവരായി കൊള്ളയടിച്ചേ
ഇവിടെ കള്ളക്കച്ചോടക്കാരുടെ പള്ളനിറച്ചേ
കർഷകരിവിടെ കണ്ണീരിൽ കഴിവറ്റുനശിച്ചേ
വികസനമല്പം ചിലകൈകളിലായി ചെന്നുലയിച്ചേ
തന്നാനാനെ (2)
തന്നാനാനെ (1)
അക്ഷരമറിഞ്ഞീടാത്തവരായ് ലക്ഷലക്ഷങ്ങളന്ധത
വച്ചുജീവിതം പാഴാക്കീടുന്നു
എന്നുമെന്നും കുന്നുകൂടുന്നു വിഭവം ചിലേടങ്ങളിൽ
തന്നെ ഇന്നും വന്നുനില്ക്കുന്നു
അയ്യയ്യോ അധികാരമോഹികൾ ജനായത്തത്തിലെ ചില
കയ്യാംകളി കാണുന്നില്ലെന്നോ?
കളിമുറുകമ്പോൾ രാജാവ് ക്ഷുഭിതനായി ചാടിയെഴുന്നേൽക്കുന്നു.

രാജാവ് : മലയാളത്തിൽ ആടിനാലും പാടിനാലും എനക്കും കൊഞ്ചം കൊഞ്ചം പുരികിററ് .... എമത് ഭരണത്തെ ഏമാത്ത്റ്ത പാട്ടും കൂത്തും.... ഇന്തപാട്ടിൻ നിജമാന അർത്തം എനക്ക് തെരിയണം.... ഇല്ലാ വിട്ടാൽ യാരെയും വിടക്കൂടാത്.... എന്നൈ ഏമാത്തി വിടുവതക്കാഭാവം....? പൊറുക്കവേയില്ലെയ്.

നാടുവാഴിക്കും കൂട്ടത്തിനും നേർക്കുചാടുന്നു, കലഹം അതിന്റെ മുർദ്ധന്യത്തിൽ ഭയന്ന് ഗ്രാമവാസികൾ ഓടിരക്ഷപ്പെടുന്നു. അതുകണ്ട് രംഗം ശാന്തമാകുന്നു.

രാജാവ് : നന്നായി നമ്മുടെ അഭിനയം. കഴുതകൾ കടന്നു കളഞ്ഞു. ഇനി നമുക്ക് അടുത്ത ഗ്രാമത്തിലേക്ക് പോകാം.

നാടുവാഴി : അപ്പടിശൊല്ലക്കൂടാത്......

രാജാവ് : ആമാ: ഇനി അടുത്ത ഇടം പാർക്കലാം....
(ചിരി-പൊട്ടിച്ചിരി.... പോകുന്നു)

**ഞങ്ങൾ വരുന്നൂ**
**-കുഞ്ഞപ്പ പട്ടാനൂർ**
**-കരുണാകരൻ പുതുശ്ശേരി**

നിങ്ങളുടെ തറകളിൽ, നിങ്ങളുടെ പറകളിൽ
ഞങ്ങളുടെ കൈകൾ തുടിക്കുന്നതോർക്കുക.
നിങ്ങളുടെ ചുവരിലും നിങ്ങളുടെ മച്ചിലും
ഞങ്ങളുടെ ശക്തിതൻ ഗർജ്ജനം കേൾക്കുക.

നിങ്ങളുടെ കല്ലിലും നിങ്ങളുടെ മണ്ണിലും
ഞങ്ങളുടെ വേർപ്പിന്റെ പാട്ടുകൾ കേൾക്കുക.
നിങ്ങൾക്ക് തീനും കുടിയുമൊരുക്കുന്ന
ഞങ്ങൾക്കുമുണ്ട് വയറെന്നുമോർക്കുക.

നിങ്ങളുടെ നാണവും മാനവും കാക്കുന്ന
ഞങ്ങൾക്കുമുണ്ടഭിമാനമെന്നോർക്കുക.
നിങ്ങൾ ചവിട്ടിച്ചതയ്ക്കുന്നു ഞങ്ങടെ
കൺകളും കാതും കിനാവുമെന്നോർക്കുക.

നിങ്ങൾ പ്രതാപികളാവുന്നതിൻ പിന്നിൽ
ഞങ്ങളുടെ വീര്യമാണുള്ളതെന്നോർക്കുക.
നിങ്ങളുടെ വണ്ടിയും നിങ്ങളുടെ ഭാരവും
ഞങ്ങളുടെ മെയ്യിലാണുള്ളതെന്നോർക്കുക.

നിങ്ങളുടെ ഫാക്ടറി തുപ്പുന്ന തീപ്പുക
ഞങ്ങളുടെ നെഞ്ചിന്റെ ഊറ്റമെന്നോർക്കുക.
ഞങ്ങൾക്കറിയാം ഇതെല്ലാം പറകിലും
നിങ്ങൾ സ്വബോധം നശിച്ചവരെന്നതും

ഇന്നൊരു കാര്യം പറഞ്ഞു നിർത്താം ഞങ്ങൾ
നിങ്ങളുടെ മുതലുകൾ പൊട്ടിപ്പിളർന്നു ചേർന്നൊന്നായ്
കരുത്തുറ്റ ബോധമായ് സംഘമായ്
ഞങ്ങളുടെ മക്കളെ കാത്തു സൂക്ഷിക്കുവേൻ

2
കരുതിക്കുന്നും കരളിൽപേറി
വരുന്നവർ ഞങ്ങൾ ഞങ്ങൾ
ചുടലക്കാടും നെഞ്ചിൽപേറി
വരുന്നവർ ഞങ്ങൾ ഞങ്ങൾ
പ്രതികാരത്തിൻ ഗീതം പാടി
വരുന്നവർ ഞങ്ങൾ ഞങ്ങൾ
പ്രതിരോധത്തിൻ ഗാഥകൾ പാടി
വരുന്നവർ ഞങ്ങൾ ഞങ്ങൾ
കടലോരക്കോട്ടകളിൽ
പടയേറ്റം കണ്ടവർ ഞങ്ങൾ
കഴുകന്റെ കൊല്ലികളിൽ
കൊടിയേറ്റം കണ്ടവർ ഞങ്ങൾ

മുടി ചൂടിയ മന്നന്മാരിൽ
കിടിലങ്ങൾ നട്ടവർ ഞങ്ങൾ
നെടുനാളായ് കനവും തേടി
നാടോടികളായവർ ഞങ്ങൾ
ഇന്നിപ്പോൾ ഞങ്ങൾ ഒരുങ്ങി
കൂമ്പാരക്കുന്നികളിറങ്ങി
കൊല്ലന്റെ കൊട്ടില് താണ്ടി
കടലേന്തും കൊടിമരമായി
ഞങ്ങൾ വരുന്നൂ.
കഴുകന്റെ കൊടികൾ തകർക്കാൻ
കടലോരക്കോട്ട പിടിക്കാൻ
ഞങ്ങൾ ഒരുങ്ങി വരുന്നു.

## ഒരു യാത്ര

പെട്ടെന്നൊരു കത്തെത്തിയെനിക്കതു
പൊട്ടിച്ചു വിവരങ്ങളറിഞ്ഞു
ഇഷ്ടനൊരുത്തനു കല്ല്യാണം, പതി-
നെട്ടാം തീയതി ചെല്ലണമവിടെ.
"കൊട്ടുക്കാട്ടു പടിഞ്ഞാറ്റേതിൽ
കട്ടൻപിള്ളക്കൊരു മകൾ സുമതി.
കുട്ടിമിടുക്കി പഠിത്തം പ്രീയാ-
ണിഷ്ടാ, ഇരുപതു വയസ്സുണ്ടാകും
ഇടവം രാശി വിവാഹമുഹൂർത്തം
വരണം യാതൊരുപേക്ഷയുമരുതേ."
കല്യാണത്തിൻ തീയതിവന്നു
മെല്ലെന്നുഷസിലുണർന്നുകുളിച്ചു.
നല്ലൊരുവേഷമണിഞ്ഞു നാഷണൽ-
ഹൈവേയിൽ വണ്ടിക്കായ് നിന്നു
സർക്കാർ വണ്ടികൾ ചിലതതുവഴിപോയ്
നിർത്താതവരു കടന്നു കളഞ്ഞു
സത്യം പറയാമാളില്ലുള്ളിൽ
ബദ്ധപ്പാടാകാമതു നിർത്താൻ.
വയ്യാത്ത വൃദ്ധൻ നടക്കുന്നമാതിരി
അയ്യോ പൊളിഞ്ഞൊരു വണ്ടിവരുന്നതാ
കയ്യൊന്നു കാണിച്ചടുത്തു വന്നു, വണ്ടി
പയ്യെനിന്നു, പരദൈവത്തെയോർത്തു ഞാൻ
ഒന്നു രണ്ടാളതിൽ നിന്നിറങ്ങി പിന്നെ
വന്ന ചാൻസൊട്ടും കളയാതെ കേറി ഞാൻ
നിന്നിടാൻ പോലുമിടമില്ല വണ്ടിയിൽ
ചെന്നൊന്നു ഞാന്നിടാൻ പോലുമില്ലവഴി
തള്ളും ബഹളവും തിങ്ങലും മോങ്ങലും
പിള്ളാരിടക്കിടെ, തള്ളമാർ, വധൂവരർ
കല്യാണമാകാത്ത മറ്റുള്ള സെറ്റുകൾ,
വിദ്യാർഥികൾ കൂലിവേല ചെയ്യുന്നവർ,
ഉദ്യോഗമുള്ളവർ, രാഷ്ട്രീയകക്ഷികൾ
ഒക്കെനടുക്കെനെടുകമ്പിയിൽ ഞാന്ന
സർക്കാരു ബസ്സിന്റെയുള്ളിൽ കിടക്കവേ
നേർക്കുന്നു കണ്ടക്ടർ, "ചില്ലറയില്ലെങ്കിൽ,
ചാക്കുകെട്ടുംകൊണ്ടുതാഴത്തിറങ്ങെടോ"
"മൂക്കാതെ സാറേ മുതുക്കനോടിങ്ങനെ

നാൽക്കാലിയെപ്പോലെ"യെന്നന്യനോതിനാൻ
ടിക്കറ്റുറാക്കുമായോതി കണ്ടക്ടരും
തോക്കിന്നകത്തേറി നീ വെടിവെക്കയോ?
'ചേക്കാള'യെപ്പോലിറക്കിവിട്ടേക്കുന്നു
പോക്കൊന്നുമില്ലാത്ത പിള്ളാര കോളേജിൽ
'സാറിനു പറ്റിയ ജോലിയല്ല'യിതെ-
ന്നാരോ കമന്റൊന്നിറക്കി വിദ്യാർഥികൾ
"ഫോറസ്റ്റുഗാർഡായ് നിയമിതനാകേണ്ട
സാറിനെ കണ്ടക്ടറാക്കിയോരെപ്പറ"
നീയൊക്കെ മന്ത്രിയാകുന്ന കാലം കുടുംബ-
ത്തിലുള്ളോരെ നിയമിക്കയങ്ങനെ
'വണ്ടിയും കണ്ടക്ടറുമൊരുപോലെയാ
രണ്ടിനേം ഷെഡ്ഡിലാക്കാത്തതെന്താണഹോ?'
കൂക്കിവിളികൾ തുടങ്ങി വിദ്യാർഥികൾ
മൂർഖനാം കണ്ടക്ടറേറെച്ചൊടിക്കയായ്
അർഹതയില്ലാത്ത ജോലികൊടുക്കുന്ന
പ്രക്രിയ നമ്മുടെ നാട്ടിൽ പതിവത്രെ
പട്ടിയെക്കൊണ്ടു ചുമടെടുപ്പിക്കയും,
ഒട്ടകത്തെ ഉഴാനായ് നിയമിക്കയും
എന്തൊരു കഷ്ടം നിയമനം ചെയ്യുവോർ
മെന്റലോസ്പിറ്റലിൽ നിന്നോടിവന്നതോ?
ഡോക്ടറേറ്റുണ്ട് ബിരുദമെന്നാകിലോ
ക്ലാർക്കു ജോലിക്കു നിയമനം ചെയ്തിടും
ബീകോം പരീക്ഷ ജയിച്ച വിരുതനു
വാച്ചർ പണി ലഭിക്കാൻ ശ്രമിച്ചീടുകിൽ.

മിഴിച്ചു വണ്ടിക്കു നിന്ന
നരച്ചു നാണവും കെട്ടു
നശിച്ച ഡിപ്പാർട്ടമെന്റായ്
ഗണിച്ചു മാനസം കൊണ്ട്
ശപിച്ചു കാത്തിരുന്നാളൊ-
ന്നകത്തു കേറിയാൽ പിന്നെ
കടുത്തഭാവമാതാത-
നെടുത്ത വണ്ടിയായ് തോന്നും
അടുത്ത മറ്റൊരുത്തരെ-
യിരുത്താറില്ലതും പോട്ടെ
പുറത്തുനിന്നു യാത്രക്കാർ
കരത്തെ കാട്ടിയാ "ലാളെ-
യെടുത്താലെങ്ങനാ സാറെ
അകത്തെ തള്ളുകണ്ടില്ലേ"?
കനത്തിലിങ്ങനെ ചൊല്ലും
മമത്വം അന്യരോടില്ല
ഇരച്ചു പോകവേ വണ്ടി
നിലച്ചുമുമ്പോട്ടെടുക്കാൻ
ശ്രമിച്ചു ഡ്രൈവറും പിന്നെ
മലച്ചു പിമ്പോട്ടു നോക്കി
മിഴിച്ചു കണ്ടക്ടറോടായ്
ഉരച്ചു വണ്ടിപോകില്ല.
ചതിച്ചോ ദൈവമേയെന്ന്
നിനച്ചു യാത്ര ചെയ്യുന്നോർ
അടുത്ത വണ്ടിയും നോക്കി

പുറത്ത് കാത്തിരിപ്പായി.
കല്യാണത്തിനു നേരം പോയി
ഇല്ലാ വണ്ടികളൊന്നും തന്നെ
വഴിയറികിൽ വണ്ടികളും കാത്ത്
പലതുമിതിങ്ങനെ ചിന്ത തുടങ്ങി
സർക്കാർ സർവ്വീസുകളുടെ പതനം
ഓർക്കുമ്പോഴിന്നെത്ര ദുരന്തം
തൂക്കം കൂടിയ തലവന്മാരുടെ
പോക്കറ്റുകളിൽ സർവ്വീസെല്ലാം.
ഉണ്ടാക്കുന്നു പൊതു മുതൽ ചോർത്തി
കണ്ടുര ചെയ്യാൻ പണിയുണ്ടേറെ
ശണ്ഠ മുഴുത്താൽ വണ്ടികളുടെ മേൽ
ഉണ്ടാക്കുന്നു കുഴപ്പം പലതും
ഏറും തല്ലും ടയറു മുറിക്കൽ
ടാറടി തീവെപ്പെന്നിവ പലതും.
പല സമരം നാട്ടിൽ നടന്നൂ
പല ഭരണം മാറിവരുന്നു
പൊതുമുതലോ ഇന്നു തകർന്നു
ചിലരിന്നതിൽ നിന്നുമുയർന്നു
ചതിയിലുടക്കി ജനത കടുങ്ങി
ചിലതുമുടിഞ്ഞു മുതലുമൊടുങ്ങി
വണ്ടികളില്ല സമയത്തൊരിക്കലും
ഉണ്ടു ഗ്യാരേജിലും പിന്നെ വഴിയിലും
മണ്ടിടാതെ മരിച്ചയ്യോ കിടക്കുന്നു
കണ്ടാൽ സഹിക്കുമോ നാട്ടാരിതൊക്കെയും?
ജോലി ചെയ്യുണ്ടവർ ചെയ്യിച്ചിടേണ്ടവർ
കാലപുരിക്കു പാസ്പോർട്ടെടുത്തോ ശിവ!
മോട്ടോർ സ്പെയർ പാർട്ട്സ് വാങ്ങും വകയിലും
വെട്ടിപ്പ്, തന്നെ കൊടുക്കുന്നവയിലും
വേഷം ഒരാൾ മാറിമാറി വരുന്നൊരു
ഫാഷനാം നമ്മുടെ വണ്ടിക്കുമുള്ളത്
ഫാസ്റ്റിനുമോർഡിനറിക്കുമെക്സ്പ്രസ്സിനും
ബോർഡൊന്നു മാറ്റുമതുതന്നെ ഡീലക്സും
ഉണ്ടു പഴഞ്ചൊല്ല 'നായ് കണ്ട കത്തി'യായ്
കണ്ടു ജനങ്ങളീഡിപ്പാർച്ചുമെന്റിനെ
'നഷ്ടമാനഷ്ടമായെന്നു'ജൽപ്പിക്കുന്ന
കൂട്ടരൊന്നോർക്കണേ പ്രൈവറ്റു വണ്ടികൾ
നേട്ടത്തിലല്ലയോ നിങ്ങളവർക്കിന്നു
കൂട്ടനിൽക്കുന്നെന്നു തോന്നും നിശബ്ദരായ്
കാണേണ്ടവരെയവർചെന്നു കണ്ടിട്ടും
വേണ്ടുന്നതെത്തിച്ചുവേണ്ടാത്തതൊപ്പിക്കും
മെല്ലെന്നു മറ്റൊരു വണ്ടിവരുന്നു
ഝടിതിയുടനവിടെയൊരു ബഹളമതു കണ്ടു
ഞാനും പതുക്കെയെഴുന്നേറ്റുനിന്നു
ചിലരു ചിലവലിയ പൊതി തലയികഥ കൊണ്ടു
ഭാര്യയെന്നോർത്തന്യ നാരിയേയും കൊ-
ണ്ടൊരുവനതിബഹളമതിനിടയിലൂടനേറി
ടർക്കിപോയേകന്റെ തൂവാല പോയി
അടിമുടിയുമൊരുവളുടെ പുടവയതൂകീറി
മാലപോയ് കാലേൽ ചെരിപ്പൊന്നുപോയി

വലിയ ചില നിലവിളിയുമീടയിടെ മുഴങ്ങി
നിൽക്കാൻ സ്ഥലമില്ലാതെ ഞരങ്ങു-
ന്നപ്പോൾ വണ്ടിക്കകമെന്തെല്ലാം!
കട്ടകൾ, വട്ടികൾ, ചാക്കിൻ കെട്ടുകൾ
പെട്ടികൾ, വല്ലക്കൊട്ടെന്നിവകൾ
"ആളുണ്ടേറെക്കേറാൻ വണ്ടിയി-
ലാരും വെക്കരുതൊരു സാധനവും
വേഗമെടുത്തിവ വണ്ടിയുടെ മുകൾ
ഭാഗത്തിട്ടാലെന്തു കുഴപ്പം?"
നല്ലവനാകിയ കണ്ടക്ടർ
പലസൊല്ലകളും ഒഴിവാക്കിയ മൂലം
എല്ലാവരുമതിനുള്ളിൽ കയറി
തെല്ലും വൈകാതോടി ബസ്സും
ഞാനുമിറങ്ങേണ്ടിടമായുടനെ
സാറെയിറങ്ങണമെന്നുരചെയ്തു
മെല്ലെയിറങ്ങി നടന്നു ഞാനും
കല്യാണം നേരത്തെ കഴിഞ്ഞെ-
ന്നെല്ലാം ചിലരിൽ നിന്നുഗ്രഹിച്ചു
വല്ലാതായി വളിച്ചു മുഖത്തോടി-
ല്ലത്തേക്കു തിരിച്ചു ഞാനും

## സമ്പത്തിന്നുടമകൾ

സമ്പത്തിന്നുടമകളാരാണധ്വാനിക്കും തൊഴിലാളന്മാർ
നമ്മുടെയാണിക്കാണുന്നവയെല്ലാം-നിത്യം
മഞ്ഞും മഴവെയിലും കൊണ്ടീമണ്ണിൽപ്പണിയും തൊഴിലാളന്മാർ
നമ്മുടെയാണിക്കാണുന്നവയെല്ലാം
(സമ്പത്തി..........)
നാടിന്റെ രക്ഷക്കൊരുവഴിയധ്വാനത്തിൻ നേർവഴിയല്ലോ
നാളത്തെലോകം നമ്മുടെയല്ലോ, കൈകൾ—
ഈരണ്ടുള്ളപ്പോൾ പട്ടിണിയെന്തിനുമർത്ത്യനു വായും വയറും
ഓരോന്നേ കൽപിച്ചിട്ടുള്ളല്ലോ
(സമ്പത്തി..........)
തൊഴിലില്ലാക്കൈകളിലെല്ലാം തൊഴിലെത്തിക്കാൻ വഴിനോക്കേണം
തൊഴിലാളികളായിത്തീരണമാരും-നാട്ടിൽ
അനുദിവസം നഷ്ടപ്പെട്ടിടുമധ്വാനത്തിൻ ശേഷിയിൽ നാമൊരു
പുതുലോകം കെട്ടിയുയർത്തീടേണം
(സമ്പത്തി..........)

----------

## ഒരു ചോദ്യം

നരേറ്റർ : വേദിയുടെ മദ്ധ്യത്തിൽ വന്നു നിന്ന് പ്രേക്ഷകരെ നോക്കി വിരൽ ചൂണ്ടിക്കൊണ്ട്.

എന്തുകൊണ്ട്, എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ടെന്നുള്ള ചോദ്യമുയർത്തുവാൻ നേരമായി.

പ്രേക്ഷകരിൽനിന്നും ഓരോരുത്തർ (മൂന്നു നാല് പേർ)

ഒരു ചോദ്യം, ഒരു ചോദ്യം, ഒരു ചോദ്യം, ഒരു ചോദ്യം.

നരേറ്റർ : ഒരു ചോദ്യം, മറുചോദ്യം, പല ചോദ്യങ്ങൾ പല പല ചോദ്യങ്ങൾ.

(1) പ്രേക്ഷകരിൽനിന്ന് : ഇപ്രപഞ്ച ശക്തിയാര്.

(2) പ്രേക്ഷകരിൽനിന്ന് : സൗന്ദര്യങ്ങൾ തൻ സൃഷ്ടാവാര്.

ഒരു ചോദ്യം, മറുചോദ്യം, പല ചോദ്യങ്ങൾ പല പല ചോദ്യങ്ങൾ.

നരേറ്റർ : ഉത്തരം അതിനൊറ്റയുത്തരം. അദ്ധ്വാനിക്കുന്ന മനുഷ്യൻ,

ചരിത്രത്തിൻ ചക്രം തിരിച്ച മനുഷ്യൻ. ഉത്തരം അതിനൊറ്റയുത്തരം.

പ്രേക്ഷകരിൽനിന്ന് 1) : സാമ്രാജ്യങ്ങൾ

2) : സംസ്കാരങ്ങൾ

3) : ശാസ്ത്രം

4) : ചരിത്രം

5) : വിജ്ഞാനങ്ങൾ

എല്ലാം പടുത്ത കൈകളേത് (പ്രേക്ഷകർ ടീം അംഗങ്ങൾ) ഇത് ഏറ്റുപാടിക്കൊണ്ട് വേദിയിലെത്തുന്നു.

നരേറ്റർ : ഉത്തരം അതിനൊറ്റയുത്തരം. അദ്ധ്വാനിക്കുന്ന മനുഷ്യൻ, ചരിത്രത്തിൻ ചക്രം തിരിച്ച മനുഷ്യൻ

കോറസ്സ് : (ഏറ്റുപാടുന്നു.) അദ്ധ്വാനിക്കുന്ന മനുഷ്യൻ...(ഉത്തരം അതിനൊറ്റയുത്തരം.)

കോറസ്സ് : കയ്യിലെ ചങ്ങല പൊട്ടിച്ചെറിഞ്ഞ് ഇരുവശങ്ങളിലായി ഒരു കുതിപ്പോടെ നിൽക്കുന്നു. നരേറ്റർ നടുവിലൂടെ വന്ന് പാടുന്നു.)

നരേറ്റർ : എതിരുകളോടേറ്റുമുട്ടി ഏറ്റുമുട്ടി അവനവന്റെ
പ്രതിരോധം പല കാലംകൊണ്ടു വളർത്തി. (കോറസ്സ് ആക്ഷനോടുകൂടി ഏറ്റുപാടുന്നു.)

ഇരുളടഞ്ഞ ഭൂതകാല ഗഹ്വരത്തിൽനിന്നുമവൻ
അറിവുകളുടെ പുതിയവെട്ടമെങ്ങുമുയർത്തി

(തീപ്പന്തം ഉയർത്തുന്ന ആക്ഷൻ)

(കോറസ്സ് ഏറ്റുപാടുന്നു. ആക്ഷനും.)

ഉത്തരം അതിനൊറ്റയുത്തരം...

ഒരാൾ : സപ്താത്ഭുതങ്ങളിൽ ഉത്തുംഗം താജ്മഹൽ തീർത്തതാര്?

(കോറസ്സ് താജ്മഹൽ നിർമ്മാണം: ഒരു വലിയ സ്തൂപം കമ്പയിൽ കെട്ടി നിവർത്തുമ്പോൾ കമ്പപൊട്ടി സ്തൂപം ഒരാളുടെ ദേഹത്ത് വീണ് അയാൾ മരിക്കുന്നു. ഉടനെ എല്ലാവരും പണിനിർത്തി അയാളെ സ്തൂപത്തിന്റെ ഇടയിൽനിന്നും എടുത്ത് വേദിയുടെ മുമ്പിൽ കൊണ്ടുവന്ന് കിടത്തി അനുശോചനം രേഖപ്പെടുത്തുന്നു. ഈ സമയത്ത് അധികാരി വരുന്നു. അപകടത്തിൽ പെട്ട് മരിച്ച ആളുടെ ചുറ്റും കൂടിനിൽക്കുന്നവരെക്കണ്ട് കുപിതനായി ചാട്ടവാറുകൊണ്ട് അടിക്കുന്നു, അടിമകൾ വീണ്ടും പണിയെടുക്കുന്നു. താജ്മഹൽ രൂപംകൊള്ളുന്നു.

നരേറ്റർ : സപ്താത്ഭുതങ്ങളിൽ ഉത്തുംഗം താജ്മഹൽ തീർത്തതാര്? ഷാജഹാൻ.

കോറസ്സ് : അല്ല, വെണ്ണക്കൽ പാളികളിൽ വിരൽ ചതഞ്ഞ് മുതുകൊടിഞ്ഞ് ചോര ചിന്തി വീണവർ അടിമകൾ; അവർ പണിതത് (താജ്മഹൽ ചൂണ്ടിക്കാട്ടുന്നു.) ഉത്തരം അതിനൊറ്റയുത്തരം. അദ്ധ്വാനിക്കുന്ന മനുഷ്യൻ ചരിത്രത്തിൻ ചക്രം തിരിച്ച മനുഷ്യൻ. ഉത്തരം അതിനൊറ്റയുത്തരം. (കോറസ്സ് രണ്ടു ഭാഗമായി മാറുന്നു.)

ഒരാൾ : നഗരങ്ങൾ, രാഷ്ട്രങ്ങൾ, സാമ്രാജ്യങ്ങൾ...പടുത്തതാര്?

കോറസ്സ് 1 : രാജാക്കന്മാർ

കോറസ്സ് 2 : അല്ല

കോറസ്സ് 3 : നേതാക്കന്മാർ

കോറസ്സ് ഫുൾ : അല്ല. (യുദ്ധം വാൾപയറ്റ്/താളം മറുകി തീരുന്നതോടെ യുദ്ധവും നിൽക്കുന്നു.)

സ്റ്റിൽ.

നരേറ്റർ : (പടയാളികളെ ആകെ നോക്കി വേദനയോടെ പാടുന്നു.)
പടയാളികൾ വയർവിളി കേട്ടു പൊരുതുന്ന പടയാളികൾ. അവർ വെടികൊണ്ടു വീണും, വാളാൽ പിളർന്നും നേടിയത്.

(കോറസ്സ് ഏറ്റുപാടുന്നു.) അവർ വെടികൊണ്ടു വീണും വാളാൽ പിളർന്നും നേടിയത്....

കോറസ്സ് : ഉത്തരം അതിനൊറ്റയുത്തരം....അദ്ധ്വാനിക്കുന്ന....(എല്ലാവരും പ്രേക്ഷകരിലേക്ക് പോകുന്നു.)

## ഇര

I : ഒരാൾ രാവിലെ കിടക്കയിൽനിന്നും എഴുന്നേറ്റ് വരുന്നു. എന്നിട്ട് ഒരു ഭാഗത്ത് ചെന്ന് പേസ്റ്റ് എടുക്കാൻ തുടങ്ങുമ്പോൾ സ്റ്റേജിന്റെ 4 ഭാഗത്തുനിന്നും 4 പരസ്യങ്ങൾ ഓരോരുത്തരായി പരസ്യവാചകം പറഞ്ഞതിനുശേഷം രംഗത്തെത്തുന്നു. (പരസ്യം പേസ്റ്റിന്റേത്) 4 പേരും ചേർന്ന് ഇരയെ പല്ല് തേപ്പിക്കുന്നു – പോകുന്നു. ബലമായി പല്ല് തേപ്പിച്ചതിന്റെ ബുദ്ധിമുട്ടുകൾ ഇര പ്രകടിപ്പിക്കുന്നു.

II : തുടർന്ന് മറ്റൊരു ഭാഗത്ത് ചെന്ന് ഷേവ് ചെയ്യാൻ സാധനസാമഗ്രികൾ എടുക്കുന്നു.
വീണ്ടും 4 പേർ – പരസ്യം ബ്ലേഡിന്റേത്. ആദ്യ സീനിലേതുപോലെ 4 പേരും ചേർന്ന് അയാളെ ഷേവ് ചെയ്യിക്കുന്നു. – പോകുന്നു. ഇര കൂടുതൽ അവശനാണ്.

III : തുടർന്നു അയാൾ കുളിയ്ക്കാൻ ആരംഭിക്കുന്നു. സോപ്പ് എടുക്കാൻ തുടങ്ങുമ്പോൾ മുൻ സീനുകളിലേത്പോലെ സോപ്പിന്റെ വിവിധ പരസ്യങ്ങൾ. തുടർന്നു 4 ഭാഗത്തുനിന്നും വരുന്ന 4 പേർ ചേർന്ന് അയാളെ സോപ്പ് തേപ്പിക്കുന്നു. പോകുന്നു. ഇ ര കൂടുതൽ കൂടുതൽ അവശനാകുന്നു.

IV : കുളി കഴിഞ്ഞ് കാപ്പി കുടിക്കാൻ തുടങ്ങുമ്പോൾ. വീണ്ടും 4 പരസ്യങ്ങൾ. (കാപ്പി, ചായ) 4 പേർ ചേർന്ന് ചായ കുടിപ്പിക്കുന്നു. ഇര ക്ഷീണിതനായി കിടക്കുന്നു. അപ്പോൾ 4 പേർ ചേർന്ന് എടുക്കുന്നു. (ശവമഞ്ചംപോലെ യാത്ര).

"സമയമാം രഥത്തിൽ" എന്ന പാട്ട്. അയാളെ കൊണ്ടുപോകുന്നു.
(ഈ അവസരത്തിൽ ഒരു ശവപ്പെട്ടിയുടെ പരസ്യം കൂടി ചേർക്കാവുന്നതാണ്.)

## വിലപേശൽ

കരിവെള്ളൂർ മുരളി

നാലു പേർ വീതമടങ്ങുന്ന രണ്ടു സംഘം സ്റ്റേജിൽ 'V' ആകൃതിയിൽ വന്നുനിൽക്കുന്നു. 'സംഘം ഒന്ന്' മറ്റേ സംഘത്തോട് കയ്യും തലയും ചലിപ്പിച്ച് ചോദിക്കുന്നു.

സംഘം ഒന്ന് : അശകൊശലെ വീടുണ്ടോ
കൊശലോശാരം ആളുണ്ടോ
ആളിതൊന്നിന് വോട്ടുണ്ടോ
ആളോ വോട്ടോ ഞങ്ങൾക്കു തന്നീ
നാടു നന്നാക്കുന്നുണ്ടോ?

സംഘം രണ്ട് : അശകൊശലേ വീടില്ല
വീട്ടിലെങ്ങും ആളില്ല
ആളിതൊന്നിനു വോട്ടുണ്ടെങ്കി
ലാ വോട്ടു തരുവാൻ മനസ്സില്ല.

സംഘം ഒന്ന് : തറുതലകൾ പറയരുതേ
അരുമകളേ മുഷിയരുതേ
കളിയരുതേ കാര്യം പറയണം
തുകയോ തുണയോ എന്തെന്നാകിലും

അതു തരുവേൻ പൊതുജനമേ.

സംഘം രണ്ട് : അശകൊശലേ കളിയല്ല ഇനി
കളയാനൊരു ഞൊടിയില്ല
ആളിതൊന്നിനു തലയെണ്ണി
തുകയോ തുണയോ വോട്ടൊന്നിന്നും
തരുവാനെത്ര വകയ്ക്കുണ്ട്.

സംഘം ഒന്ന് : (ചുവട് വെച്ച് കൈകൾ മുകളിൽ കൊട്ടി മറ്റേ സംഘത്തിന്റെ പിന്നിലൂടെ പഴയ സ്ഥാനത്ത് തന്നെ വന്നു നിൽക്കുന്നു.)

ഒരു വീടിന്നൊരു പണി തരാം
മിച്ചഭൂമി പതിച്ചും തരാം
അതിലൊരു വീടും കെട്ടിത്തരാം
വോട്ടൊന്നുതരുമേ,. നാട്ടാരേ....

സംഘം രണ്ട് : (അതുപോലെതന്നെ ചുവടുകൾ വച്ച് മറ്റേ സംഘത്തെ വളഞ്ഞ് യഥാർത്ഥ സ്ഥാനത്ത് എത്തിനിൽക്കുന്നു.)

ഒരു വീട്ടിന്നൊരു പണി പോരാ
വോട്ടൊന്നിന്നൊരു വീടും പോരാ
വനഭൂമി പതിച്ച് തരേണം
വോട്ടു തരില്ല തമ്പ്രാക്കളേ.

സംഘം ഒന്ന് : (പരസ്പരം കൈകൾ കോർത്ത് പിടിച്ച് സ്റ്റെപ്പ് വെച്ച് നേരെ വന്ന്.)

മുറ്റത്തുകിടന്നാലും മുറ്റമടികൊണ്ടാലും
ഞങ്ങളീ വോട്ടുകൾ കൊണ്ടേ പോകൂ.

സംഘം രണ്ട് : മുറ്റത്തു കിടന്നാലും മുറ്റമടികൊണ്ടാലും
ഞങ്ങളീ വോട്ടുകൾ തന്നേക്കില്ല.

സംഘം ഒന്നിൽ നിന്ന് ഒരാൾ മാത്രം വന്ന്: അശകൊശലേ മാറുന്നോ
കാലെങ്ങാനും മാറുന്നോ
മാറിവന്നാൽ ഒഴിവുണ്ട്
വനമോ സിമന്റോ വിദ്യാഭ്യാസമോ
കാശുകൊയ്യണ വകയുണ്ട്.

സംഘം രണ്ടിൽ നിന്നൊരാൾ: മാറണമോ തുക പറയൂ–
മാറി വരാം നാളെ ഞാൻ
കാലു വാരുമോ മറ്റന്നാൾ
കാലുകൾ പൂട്ടി താക്കോൽ നിങ്ങടെ
കയ്യിൽ ഏല്പിച്ചീടണമോ.
(സംഘം ഒന്ന് ചുവട് വെച്ച് പാടി മറ്റേ സംഘത്തെ വലംവെക്കുന്നു.)
ഒരു ഗോഡൗൺ സിമന്റും തരാം
ഒരു ജില്ല വീതിച്ചും തരാം
പി.എസ്.സി.യിലൊരു മെമ്പറെ തരാം
കാലൊന്നു മാറി വന്നീടുമോ

സംഘം രണ്ട് : ഒരു ഗോഡൗൺ സിമന്റും പോരാ
ഒരു ജില്ല മാത്രം പോരാ
പി.എസ്.സി. മെമ്പർ പോരേ പോരാ
കാലൊന്നു മാറി വന്നിടില്ല.

(സംഘം ഒന്നിൽ നിന്നൊരാൾ മുന്നോട്ടു വന്ന് പാടുന്നു.)

സംഘം ഒന്നിൽ: രണ്ടു മെമ്പർ കൂറുമാറി

നിന്നും ഒരാൾ    പോയിരിപ്പൂ അപ്പുറത്ത്
ഒന്നു മെല്ലെ താങ്ങിനിർത്താൻ
വന്നിടുമോ കാലുമാറി.

സംഘം ഒന്ന് കാലുമാറി വരാൻ മറ്റേ സംഘത്തോട് ആംഗ്യം കാണിക്കുന്നു. സംഘം രണ്ട് പരസ്പരം നോക്കുന്നു. മാറില്ലായെന്ന് അവർ പരസ്പരം ധാരണയിലെത്തുന്ന ു .
എന്നാൽ ഒരാൾ മാത്രം ചിരിച്ചുകൊണ്ട് പോകാൻ തയ്യാറെടുക്കുന്നു. പക്ഷെ സംഘത്തിലുള്ളവർ പിടിച്ചുനിർത്തുന്നു. തക്കംപാർത്ത്, തക്കംപാർത്ത് അദ്ദേഹം ഓടിപ്പോകുമ്പോൾ സംഘത്തിലുള്ളവർ വീണ്ടും പിടിച്ചുനിർത്തുന്നു. എന്നാൽ സംഘം രണ്ടിലുള്ളവർ അദ്ദേഹത്തിന്റെ മറ്റേ കയ്യിലും പിടി ഇടുന്നു. രണ്ടു സംഘവുംകൂടി അദ്ദേഹത്തെ പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും വലിക്കുന്നു. ചെണ്ടയുടെ താളം മുറുകി അവസാനം നിശ്ചലമാകുന്നു. പെട്ടെന്ന് രണ്ടാം സംഘം ചുവടുകൾ വെച്ച് മറ്റേ സംഘത്തെ വലംവെക്കുന്നു.

സംഘം രണ്ട് : മുറ്റത്തു കിടന്നാലും മുറ്റമടികൊണ്ടാലും
ഞങ്ങളീ കാലുകൾ തന്നേക്കില്ല.

സംഘം ഒന്ന് : മുറ്റത്തുകിടന്നാലും മുറ്റമടികൊണ്ടാലും
ഞങ്ങളീ കാലുകൾകൊണ്ടേ പോകൂ.
(കാലുമാറ്റക്കാരൻ നടുക്കു നിന്നു കുഴയുമ്പോൾ സംഘത്തിന്റെ ചുവടുകൾ മുറുകി സ്റ്റിൽ ആകുന്നു.)

## 16. ഭോപ്പാൽ

10 – 12 പേരടങ്ങുന്ന കോറസ് രംഗത്ത് പിന്തിരിഞ്ഞു നിൽക്കുകയാണ്. രംഗത്തിന്റെ ഏറ്റവും പിൻനിരയിൽ കൈകൾ പരസ്പരം കോർത്ത് ഉയർത്തിയും താഴ്ത്തിയും ചരിച്ചും ഒക്കെ പലതരത്തിൽ വച്ച് അവർ ഒരു നഗരത്തിന്റെ ഗോപുരങ്ങൾ, കമാനങ്ങൾ, മന്ദിരങ്ങൾ എന്നിവയുടെ പ്രതീതി പ്രേക്ഷകനിൽ ജനിപ്പിക്കുന്നു.

താളം തീരുമ്പോൾ കോറസ് : ഭോപ്പാൽ....ഭോപ്പാൽ....ഭോപ്പാൽ....

ഭോപ്പാൽ....ഭോപ്പാൽ....ഭോപ്പാൽ....
ഭോപ്പാൽ....ഭോപ്പാൽ....ഭോപ്പാൽ....

ഒരു സ്ത്രീ കയ്യിൽ ഒരു കുട്ടിയുമായി (മൈം) മുന്നോട്ട് വന്ന് കുട്ടിയെ രംഗത്തിന്റെ ഒരു വശത്തായി തൊട്ടിലിൽ കിടത്തി (മൈം) താരാട്ടു പാടുന്നു–

രാരീരം രാരീരം....(ഈണം)

കോറസും ആ ഈണം ഏറ്റുമൂളിക്കൊണ്ട് മെല്ലെ ഇരുവശത്തേയ്ക്കും ആടുന്നു.
കുട്ടിയും അമ്മയും കോറസും മെല്ലെ ഉറക്കത്തിലായി. നിശ്ചലമായി.

പിന്നിൽനിന്ന് സൂത്രധാരൻ വരുന്നു. അരങ്ങിന്റെ മുൻഭാഗത്തെത്തിക്കൊണ്ട് പറയുന്നു : 1984 ഡിസംബർ 2 – നേരം അർദ്ധരാത്രി 12 മണി. നഗരത്തിന്റെ നിശ്ശബ്ദതയിലേക്ക് ഒരു നടുക്കംപോലെ ആ അസുഖകരമായ ഗന്ധം – അതെ: യൂണിയൻ കാർബൈഡ് എന്ന ബഹുരാഷ്ട്രക്കുത്തക നടത്തിയ കൂട്ടക്കൊലയുടെ ഒന്നാമങ്കം.

കോറസ് ഉറക്കെ : ഭോപ്പാൽ – ഭോപ്പാൽ – ഭോപ്പാൽ
(മൂന്നു തവണ. ഇടയ്ക്ക് 'ഭോപ്പാ....ൽ' എന്ന ഉച്ചത്തിലുള്ള
രണ്ട് –മൂന്ന് ഒറ്റപ്പെട്ട നിലവിളികളും.)

ബഹളം. താളം – എല്ലാവരും ചുമക്കു : ഓടിക്കോ –
കയും ശ്വാസം മുട്ടി മുന്നോട്ട് ഓടിവരി

ഓടിക്കോ -
കയും മരണപരാക്രമങ്ങൾ കാണിച്ച്    അമ്മേ!
രംഗത്ത് നിറയെ ചിതറി വീണ് പിട
എന്റെ കണ്ണ് - അയ്യോ -    ഞ്ഞ് മരിക്കുന്നു - രണ്ട് പൂച്ചകൾ
വെള്ളം - വെള്ളം....
(കറുത്ത ഉടുപ്പ് - എവറെഡി എംബ്ലം    ഇത്യാദി വിലാപങ്ങൾ
അതിൽ കാണാം) താണ്ഡവം ചവിട്ടി
വന്ന് തിമിർത്ത് കളിച്ച് ശവങ്ങൾക്കിടയിലൂടെ ചാടിക്കടന്ന് രംഗം വിട്ടുപോകുന്നു.

ഒരു സ്ത്രീ അലമുറയിട്ട് കടന്നുവന്ന് : എന്റെ കുഞ്ഞിനെക്കണ്ടോ? എന്റെ കുഞ്ഞിനെക്കണ്ടോ?
അയ്യോ–    പരതിക്കൊണ്ട്–
അമ്മേ - അമ്മേ - എന്റെ കുഞ്ഞ്.... (മരിച്ചുവീഴുന്നു.)

മറ്റൊരാൾ അതുപോലെത്തന്നെ തൊ : എന്റെ കുഞ്ഞിനെക്കണ്ടോ? എന്റെ കുഞ്ഞിന്റെ അച്ഛനെ
ക്കണ്ടോ?    ട്ടുപിന്നാലെ വന്ന് ശവങ്ങൾക്കിടയിൽ
എന്റെ കിഷോർലാലിനെക്കണ്ടോ? എന്റെ കമലാബായിയെക്കപരതി
ണ്ടോ? അയ്യോ - അമ്മേ - എന്റെ കണ്ണു നീറുന്നു - എല്ലാ ശവ
ക്കുഴികളും ഞാൻ പരതിനോക്കി - ഒരിടത്തും കണ്ടില്ല - അയ്യോ
എന്റെ കണ്ണ് - അയ്യോ - വെള്ളം....വെള്ളം....കിഷോർലാ....ൽ
(ചുമച്ച് മരിച്ചുവീഴുന്നു.)

കിടക്കുന്ന കോറസ് ഒരു വിഷാദ ഈണം
മൂളുന്നു. ഒരാൾ എഴുന്നേൽക്കുന്നു– : (കൈകൾ നീട്ടി) അമ്മേ - ഞാനാണ് കിഷോർലാൽ

മറ്റൊരാൾ എഴുന്നേൽക്കുന്നു    അമ്മേ - ഞാനാണ് കമലാബായി

വേറൊരാൾ എഴുന്നേൽക്കുന്നു    അമ്മേ - ഞാനാണ് കിഷോർലാൽ

ഇനിയൊരാൾ എഴുന്നേൽക്കുന്നു    അമ്മേ - ഞങ്ങളാണ് പുഴുക്കളെപ്പോലെ മരിച്ചുവീണ നിന്റെ മക്കൾ

എല്ലാവരും കൂടി (എഴുന്നേറ്റ്) : അമ്മേ ഞാനാണ് കിഷോർലാൽ (3 തവണ)

അമ്മേ - ഞങ്ങളാണ് പുഴുക്കളെപ്പോലെ മരിച്ചുവീണ നിന്റെ മക്കൾ (3 തവണ)

- രംഗം നിശ്ചലം ഒരു നിമിഷം -

രംഗം മാറുന്നതിന്റെ അടയാള താളം

കോടതി (അമേരിക്ക) : ഇന്ത്യയുടെ വക്കീൽ:

വലതുഭാഗത്തെ പ്രതിക്കൂട്ടിൽ യൂണിയൻ കാർബൈഡ് എം.ഡി. ആൻഡേഴ്സൻ സൂട്ടും കോട്ടുമായി.
രംഗമധ്യത്തിൽ ജഡ്ജി
ഇടതുഭാഗത്ത് വക്കീൽ, മറ്റ് കോടതി ഉദ്യോഗസ്ഥർ

1985 ആഗസ്റ്റ് മാസത്തിൽ ആസ്ബസ്റ്റോസ് ദുരന്തത്തിൽപെട്ട 60,000 പേർക്ക് ഏതാണ്ട് 3250 കോടി ഡോളർ നഷ്ടപരിമായി നൽകേണ്ടിവന്ന കേസുകൾ ബഹു. കോടതിയുടെ മുന്നിലുണ്ട്. ആയതിനാൽ ഭോപ്പാലിലെ വിഷവാതക ചോർച്ചയുടെ ഫലമായി മരിച്ച ആയിരങ്ങൾക്കും ദുരിതമനുഭവിക്കുന്ന പതിനായിരങ്ങൾക്കും നഷ്ടപരിഹാരമായി നൽകാൻ 4500 കോടി ഇന്ത്യൻ രൂപ പ്രതിയിൽനിന്നും ഈടാക്കുവാൻ ഉത്തരവുണ്ടാകണമെന്ന് ഇന്ത്യാ ഗവർമ്മേണ്ടിനുവേണ്ടി ബഹുമാനപ്പെട്ട കോടതിയോട് അഭ്യർത്ഥിക്കുന്നു.

എതിർ വക്കീൽ : ഐ ഒബ്ജക്റ്റ് യുവർ ഓണർ. യൂണിയൻ കാർബൈഡ് ഇന്ത്യാ ലിമിറ്റഡ് ഇന്ത്യയിൽ പ്രവർത്തിക്കുന്ന കമ്പനിയാകയാൽ കേസിൽ തീർപ്പു കൽപിക്കേണ്ടത് ഇന്ത്യയിലെ കോടതിയിലാണ്. നഷ്ടപരിഹാരത്തുക എത്രയെന്ന് തീരുമാ

നിക്കേണ്ടതുംഇന്ത്യയിലെ നിയമങ്ങൾ പ്രകാരമായിരിക്കണം. ആകയാൽ

ഈ കേസ് ഇന്ത്യയിലേക്കും മാറ്റണമെന്ന് എന്റെ കക്ഷിക്കു വേണ്ടി കോടതിയോട് അപേക്ഷിക്കുന്നു.

കോടതി : ശരിയാണ് – ഈ കേസിൽ വിധി പറയാൻ ഏറ്റവും അർഹതയുള്ളത് ഇന്ത്യൻ കോടതികൾക്കാണ്. വാദി ഭാഗത്തിന് പരമാവധി നീതി ലഭിക്കേണ്ടതിനാൽ ഈ കേസ് ഇന്ത്യയിലേക്ക് മാറ്റുന്നതിനായി ഈ കോടതി തീർപ്പു കൽപ്പിക്കുന്നു.

പൂച്ചകൾ രംഗമാകെ ഭീകരത പരത്തി വ്യാപരിച്ച് പോകുന്നു. കോടതി മാറുന്നു.

ന്നു. മറ്റൊരു കോടതി രൂപപ്പെടുന്നു. സൂത്രധാരൻ ഈ സമയത്ത് വന്ന് പറയുന്നു

:1986 സെപ്തംബർ 5 – ഭോപ്പാൽ അപകടത്തിനിരയായവരുടെ പേരിൽ ഇന്ത്യാ ഗവൺമെന്റ് യൂണിയൻ കാർബൈഡ് കമ്പനിക്കെതിരെ ഇന്ത്യയിൽ വ്യവഹാരം ആരംഭിച്ചു. ഇതിനിടയിൽതന്നെ കോടതിക്കു പുറത്തുവച്ച് കേന്ദ്ര ഗവൺമെന്റും യൂണിയൻ കാർബൈഡ് കമ്പനിയും ഒരു ഒത്തുതീർപ്പിന് ശ്രമിച്ചുവരികയാണെന്നും നഷ്ടപരിഹാരത്തുക നാമമാത്രമാക്കാൻ പദ്ധതിയൊരുങ്ങുകയാണെന്നും വാർത്തകൾ പരന്നിരുന്നു.

സൂത്രധാരൻ പോകുന്നു – കോടതി – ജഡ്ജി, പ്രതിക്കൂട്ടിൽ യൂണിയൻ കാർബൈഡ്, പ്രതിഭാഗം വക്കീൽ, സർക്കാർ വക്കീൽ, ക്ലർക്ക് തുടങ്ങിയവർ....

ക്ലർക്ക് കുറ്റപത്രം വായിക്കാൻ മുന്നോട്ട് വരുന്നു. വായിക്കുന്നു. ജഡ്ജി ഉറക്കം തൂങ്ങുകയോ മറ്റോ ആണ്. നടപടികളിൽ തീരെ തല്പരനല്ലാതെ– : ഈ കേസിലെ പ്രതി അമേരിക്കയിൽ ഇൻ കോർപ്പറേറ്റ് ചെയ്തിട്ടുള്ള യൂണിയൻ കാർബൈഡ് – പ്രതിയുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് യൂണിയൻ കാർബൈഡ് ഇന്ത്യാ ലിമിറ്റഡ്. പ്രസ്തുത കമ്പനി കീടനാശിനി നിർമ്മിക്കുന്ന ഒരു ഫാക്ടറി ഭോപ്പാലിൽ നടത്തുന്നുണ്ട്. 1984 ഡിസംബർ 2–ാം തീയതി അർദ്ധരാത്രി പ്രതിയുടെ ഫാക്ടറിയിൽ ഒരു ടാങ്കിൽ സൂക്ഷിച്ചിരുന്ന വിഷവാതകം പ്രതിയുടെ കുറ്റകരമായ അനാസ്ഥകൊണ്ടോ പ്രവൃത്തികൊണ്ടോ അന്തരീക്ഷത്തിൽ പരക്കുകയും തൽഫലമായി ആയിരക്കണക്കിനാളുകൾ മരിക്കുകയും പതിനായിരങ്ങൾക്ക് അംഗവൈകല്യമോ മാറാരോഗങ്ങളോ ഉണ്ടാവുകയും ചെയ്തു. പ്രതിയുടെ ഈ പ്രവർത്തി ഇന്ത്യൻ വായുമലിനീകരണ നിയന്ത്രണ ആക്ടിന്റെ ലംഘനമാണ്. പ്രതി ഇന്ത്യൻ പീനൽകോഡ് സെക്ഷൻ 268, 290 വകുപ്പുകൾ പ്രകാരം കുറ്റം ചെയ്തിരിക്കുന്നു.

ജനകീയ വക്കീൽ : ഐ ഹാവ് എ സബ്മിഷൻ യുവറോണർ.

ജഡ്ജി അലക്ഷ്യമായി : യെസ്, പ്രൊസീഡ്.

ജ: വക്കീൽ : ആയിരക്കണക്കിനാളുകളെ കൂട്ടക്കൊല നടത്തിയ ഭീകരരാക്ഷസനാണ് ഈ നിൽക്കുന്ന പ്രതി. പ്രതിയുടെ രാജ്യത്തിന് വളരെയധികം താൽപര്യമുള്ള രാസായുധപരീക്ഷണത്തിന്റെ ഭാഗമായിട്ടാണ് ഈ കൊലപാതകങ്ങൾ നടത്തിയിട്ടുള്ളത്. അതിനാൽകരുതിക്കൂട്ടി നടത്തിയ കൊലപാതകം, ഗൂഢാലോചന, തെളിവു നശിപ്പിക്കൽ എന്നീ കുറ്റങ്ങൾ ആണ് പ്രതി ചെയ്തി

ട്ടുള്ളത്. അതുകൂടി ഈ കുറ്റപത്രത്തിൽ ചേർക്കണമെന്ന് അപേക്ഷി
ക്കുന്നു.

പ്രതി: വക്കീൽ : ഐ ഒബ്ജക്ട് യുവർ ഓണർ - പ്രോസിക്യൂഷന്റെ ഭാഗത്തുനിന്നുപോലും ഇത്തരമൊരു വാദം ഉണ്ടായിട്ടില്ല-പിന്നെങ്ങനെയാണ് ജനങ്ങളുടെ വക്കീലിന് ഇത്തരമൊരു ആവശ്യം ഉന്നയിക്കാൻ കഴിയുക? എന്റെ കക്ഷിയെ പ്രോസിക്യൂഷൻ ഭാഗത്തുനിന്നും ഒരുതവണ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. പക്ഷെ യാതൊരു കുറ്റവും ചെയ്തിട്ടില്ല എന്നു ബോദ്ധ്യമായപ്പോൾ, സമസ്താപരാധവും ഏറ്റുപറഞ്ഞ് വിട്ടയയ്ക്കുകയും, ഇന്ത്യാഗവൺമെന്റിന്റെ തന്നെ വിമാനത്തിൽ സുരക്ഷിതമായി അമേരിക്കയിൽ എത്തിച്ചുകൊടുക്കുകയും ചെയ്തിട്ടുള്ളതാണ്. മാത്രമല്ല, സർക്കാർ നിയമിച്ച ഏകാംഗകമ്മീഷൻ ഇത് വെറുമൊരു വ്യാവസായിക അപകടമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

കോടതി : ശരിയാണ്. പ്രതി ഒരു വ്യവസായസ്ഥാപനമാണ്. ഒരു വ്യവസായസ്ഥാപനത്തിനെ കൊലയാളിയായി പ്രതിചേർക്കാൻ നിയമം അനുവദിക്കുന്നില്ല. ഇനി പ്രതിക്ക് ബോധിപ്പിക്കാനുള്ളത് ബോധിപ്പിക്കാം-

പ്രതി. വക്കീൽ : മൂവായിരത്തോളംവരുന്ന ഇന്ത്യക്കാർക്ക് ജോലിയുണ്ടാക്കിക്കൊടുത്തു എന്നതല്ലാതെ എന്റെ കക്ഷി മറ്റ് യാതൊരു കുറ്റവും ചെയ്തിട്ടില്ല.

സംഘം : ഭോപ്പാൽ - ഭോപ്പാൽ - ഭോപ്പാൽ....

വക്കീൽ : പിന്നെ, മരിച്ചവർക്ക്, കൃത്യമായ തെളിവുകൾ ഹാജരാക്കുന്ന പക്ഷം-എന്തെങ്കിലും ഒരു തുക നഷ്ടപരിഹാരമായി കോടതിക്ക് പുറത്തുവച്ച് നൽകാം എന്ന് എന്റെ കക്ഷി നേരത്തെ പ്രസ്താവിച്ചിട്ടുള്ളതും ആണ്.

ജന. വക്കീൽ : ഐ ഒബ്ജക്റ്റ് യുവറോണർ - ഭോപ്പാലിൽ നടന്നത് അപകടമരണമല്ല കരുതിക്കൂട്ടി നടത്തിയ കൊലപാതകമാണ് - കൂട്ടക്കൊല.

സംഘം : ഞങ്ങളാണ് പുഴുക്കളെപ്പോലെ മരിച്ചുവീണവർ. (3 തവണ).

കോടതി : വാദിഭാഗത്തിന്റേയും പ്രതിഭാഗത്തിന്റേയും വാദങ്ങൾ പഠിച്ച ശേഷം, മരിച്ചു എന്നതിന് കൃത്യമായ തെളിവ് ഹാജരാക്കാനില്ലാത്ത സ്ഥിതിക്ക്, നഷ്ടപരിഹാരം നൽകൽ സംബന്ധിച്ച് ഒരു തീർപ്പ് കൽപ്പിക്കാൻ ഈ കോടതിക്ക് ആവുന്നതല്ല. എങ്കിലും ഉയർന്ന ധാർമ്മികബോധമുള്ള പ്രതി വാഗ്ദത്തം ചെയ്തതുപോലെ കോടതിക്കു വെളിയിൽവെച്ച് നഷ്ടപരിഹാരപ്രശ്നം ഒത്തുതീർപ്പിലെത്തിക്കുന്നതിൽ കോടതിക്ക് അതിയായ സന്തോഷമുണ്ട്.

ജന. വക്കീൽ : എന്ത്? മരിച്ചു എന്നതിന് ഇനിയും തെളിവോ? ശവശരീരങ്ങൾ മാത്രം ചിതറിക്കിടക്കുന്ന ഈ മണ്ണിലേക്ക് അങ്ങൊന്നു നോക്കൂ-മരിച്ചതിന് ഇനിയും തെളിവോ.

സംഘം : വിഷാദ ഈണത്തിലുള്ള ആഹാഹാ ഹാ ഹാ....എന്ന ഹമ്മിംഗ്.

കോടതിയുടെ വിവിധ സ്ഥാനങ്ങളിൽ നിന്ന് ഓരോരുത്തരായി എഴുന്നേറ്റ് : ഞങ്ങളാണ് പുഴുക്കളെപ്പോലെ മരിച്ചു വീണവർ (3 തവണയോടെ ഉച്ചസ്ഥായി)

പുറകോട്ട് നീങ്ങിക്കൊണ്ട് ഒന്നിച്ച്

കോറസ് - പുറകിൽ ഒരു

നിരയായി സദസിനു പുറംതിരിഞ്ഞ്

നരേറ്റർ വരുന്നു :

1989 ഫെബ്രുവരി 14. ഭോപ്പാലിലെ ഹതഭാഗ്യരുടെ സംരക്ഷണം നിയമത്തിലൂടെ ഏറ്റെടുത്ത കേന്ദ്ര സർക്കാർ - രാസയുദ്ധത്തിനുവേണ്ടി ജനങ്ങളെ പരീക്ഷണമൃഗങ്ങളാക്കിയ യൂണിയൻ കാർബൈഡ് എന്ന അമേരിക്കൻ കുത്തക - അവർ തമ്മിൽ ഒത്തുതീർപ്പായി - വെറും 715 കോടി രൂപ കൈമാറിയതിലൂടെ കൂട്ടക്കൊല നടത്തിയ കുറ്റത്തിൽനിന്ന് ആ ബഹുരാഷ്ട്ര കുത്തക കമ്പനി ഒഴിവാക്കപ്പെട്ടു.

സംഘം : ഭോപ്പാൽ....ഭോപ്പാൽ....ഭോപ്പാൽ....

നരേറ്റർ മറയുന്നു.

യൂണിയൻ കാർബൈഡ് മേധാവിയുംഒരു കേന്ദ്രമന്ത്രിയും പ്രവേശിക്കുന്നു. മന്ത്രിഅന്ന് ഫാക്ടറി മാറ്റണമെന്ന് അസംബ്ലിയിൽ ചർച്ച വന്നപ്പോൾ ഞാൻ ചോദിച്ചു 25 കോടി രൂപ മുതൽമുടക്കുള്ള സ്ഥാപനം എന്താ വല്ല കല്ലോ മറ്റോ ആണോ തോന്നുമ്പോൾ തോന്നുമ്പോൾ മാറ്റിവയ്ക്കാൻ എന്ന്-

പൊട്ടിച്ചിരി (തിരിഞ്ഞ് സദസിനഭിമുഖമായി മൂന്നു തവണ)

കോറസ് : ഞങ്ങളാണ് പുഴുക്കളെപ്പോലെ മരിച്ചുവീണവർ.

മന്ത്രി : ക്ഷോഭിക്കാതെ! എന്താ ഇത്? നിങ്ങൾക്കിപ്പോഴും സൗജന്യ റേഷൻ കിട്ടുന്നില്ലേ? മാത്രമോ-അമേരിക്കയിൽനിന്നും ഒരു വിദഗ്ദ്ധ സംഘം ഡോക്ടർമാർ വരുന്നുണ്ട് - നിങ്ങളുടെ രോഗങ്ങളെക്കുറിച്ച് പഠിക്കാൻ!

സംഘത്തിൽനിന്ന് 1 : അതെ - അവർ പഠിക്കാനാണ് വരുന്നത്.

2 : അവർ പരീക്ഷിക്കാനാണ് വരുന്നത്.

3 : നിങ്ങളുടെ പരീക്ഷണശാലയിലെ ഗിനിപ്പന്നികളല്ല ഞങ്ങൾ.

4 : നിങ്ങളുടെ പരീക്ഷണശാലയിലെ വെള്ളെലികളല്ല ഞങ്ങൾ.

കമ്പനി മേധാവി വല്ലാതെ പരുങ്ങുമ്പോൾ, സാരമില്ല ഒക്കെ ഞാൻ കൈകാര്യം ചെയ്യാം എന്ന് സമാധാനിപ്പിക്കുന്ന അംഗചലനങ്ങളുമായി മന്ത്രി

മന്ത്രി : എന്തായിത്? എന്തായിത്? നോക്കൂ നമ്മൾ ഭാരതീയർ കൊടുങ്കാറ്റുകളും വെള്ളപ്പൊക്കങ്ങളും വരൾച്ചയും അതുപോലുള്ള എത്രയോ ഭീകര പ്രകൃതിദുരന്തങ്ങളും കണ്ടവരാണ്! അതൊക്കെ നമ്മുടെ വിധിയാണെന്നു കരുതി സമാധാനിച്ചവരല്ലേ നമ്മൾ? അതല്ലേ നമ്മുടെ പാരമ്പര്യം? പിന്നെന്താ ഇപ്പോഴിങ്ങനെ? നമ്മുടെ രാജ്യത്തിന്റെ വ്യാവസായിക പുരോഗതിക്ക് ഇത്തരം വിദേശമൂലധനത്തിന്റെ ഉടമകളെ നമുക്ക് ആവശ്യമല്ലേ? രാഷ്ട്ര പുരോഗതിയിൽ താല്പര്യമുള്ള ഉത്തമ പൗരന്മാരെന്ന നിലയിൽ നിങ്ങളെങ്കിലും അത് മനസ്സിലാക്കേണ്ടേ? ഈ കേസ് അനന്തമായി നീണ്ടുപോയാൽ ഇപ്പോൾ കിട്ടിയ 715 കോടി

രൂപക്ക് മൂല്യശോഷണം സംഭവിക്കില്ലേ?

യൂ.കാ.യെചൂണ്ടി 1 : ഇവൻ വ്യവസായിയല്ല കൊലയാളിയാണ്

2 : ഇവനെ സംരക്ഷിക്കുന്ന നിങ്ങൾ ആരാച്ചാരാണ്.

കോറസ് : ഇവൻ വ്യവസായിയല്ല. കൊലയാളിയാണ്.
(3 തവണ വരെ) ഉച്ചസ്ഥായിയിൽ അവസാനം.)
മെല്ലെ ചൂണ്ടുവിരലുമായി നടന്ന് ഇരു വരെയും വലയത്തിൽ കുടുക്കി ക്കൊണ്ട്, ചുറ്റുംനിന്ന് വിരൽചൂണ്ടി നിൽക്കുന്നു.

കോറസ് : ഇവിടെ നിങ്ങടെ ബാറ്ററി എവറെഡി വേണ്ട. ടോർച്ചുകൾ ബൾബുകൾ വേണ്ട ഇവിടെ നിങ്ങടെ ഉൽപ്പന്നം ഒന്നും വേണ്ട (2 തവണ)

താളം :

സംഘം താണ്ഡവം ചെയ്ത് ചുറ്റും നിന്ന് ചുവടുവച്ച് കളിക്കുന്നു. രണ്ട്താളവട്ടം കഴിയുംവരെ. പിന്നെ താളംനിൽക്കുന്നു. ചുവടുവച്ച് വട്ടത്തിൽനിന്നുകൊണ്ട് പാടുന്നു.
ഇരിയൊരിക്കലുമീ മണ്ണിൽ
ഭോപ്പാലുകൾ വേണ്ട വേണ്ട (2 തവണ)

തിരിഞ്ഞ് വരിയായിസദസ്സിനു നേർക്ക്
വിരൽ ചൂണ്ടി നിന്ന്ഇരിയൊരിക്കലുമീ മണ്ണിൽ
ഭോപ്പാലുകൾ വേണ്ട വേണ്ട

## വിൽക്കാനുണ്ട് കാലുകൾ

(കോറസ് ആനയുടെ രൂപത്തിൽ വരുന്നു. 5 പേർ ചേർന്ന് കുനിഞ്ഞുനിന്ന് പുറത്തു കറുത്ത തുണിയിടുന്നു. മുന്നിൽ നിൽക്കുന്ന ആൾ തലയിൽ തോർത്തു പിരിച്ചുകെട്ടി തുമ്പിക്കൈയായി മാറുന്നു. ആനപ്പുറത്ത് നേതാവ്. മുന്നിൽ വാദ്യക്കാർ. നേതാവിനെ എഴുന്നള്ളിച്ചുകൊണ്ടുവരുന്നു.)

(സംഘം പാട്ടുപാടി കളിക്കുന്നു.)

നാളത്തെ മന്ത്രി പുംഗവനിതാ വരുന്നേ
നാടിന്റെ രോമാഞ്ചമായവ നിതാ വരുന്നേ
നാളെ പത്തുമണിക്ക് സത്യവാചകം ചൊല്ലി കേറിയിരിക്കും
(2)
ചേലൊത്ത മന്ത്രിസത്തമനിതാ വരുന്നേ നാളത്തെ മന്ത്രി (2)
ലലലാല....
പലകാലമിരുന്നു ഭരിച്ചൊരു മന്ത്രി പിതൃക്കളെ മനസിൽ നിരീച്ച്
തിരുവാചകം ഉരുവിടും നേരം മുട്ടുവിറക്കല്ലേ-
പൊന്നെ മനസു പിടയ്ക്കല്ലെ
വിലയായി കാലോരോന്നിനുമത്രെ മുടക്കിയോർമിച്ചോളു
ഒരു ജോടിക്കാലിൻ ബലമീ നമ്മുടെ മന്ത്രിസഭ-
അയ്യോ-ഇട്ടുപൊളിക്കല്ലേ
മടിയാതുടനെ ചൊല്ലിക്കൊളു
പിട പിട വികസനമോരോന്നായി
കുത്തും കിണറു കുളങ്ങൾ, മരങ്ങൾ
വയ്ക്കും പച്ച പിടിപ്പിക്കും
പബ്ലിക് ടാപ്പു തുറന്നാലൊഴുകും
അപ്പോൾ കറന്ന പശുവിൻ പാൽ
ഐആർഡിപിയും ആട്ടിൻകുട്ടിയും

വള്ളിക്കൊട്ട മെടച്ചിൽ ലോൺ

എം.എൽ.എ.: പിടയുന്നുണ്ടിവിടൊരു നെഞ്ച്
അറിയുന്നോ ആരും?
തല തെറ്റിയ വല്ലവനും ആ
വലയിൽ വീണീടുമോ?
(കോറസ് ഏറ്റുപാടുന്നു.)

എം.എൽ.എ.: വിലയല്പം കൂട്ടിപ്പറയാംതെന്നുണ്ടെങ്കിൽ
ഒരു രാത്രിയിതെങ്ങനെ കഴിയും നേരം പുലരണ്ടേ.
(കോറസ് ഏറ്റുപാടുന്നു.)

സംഘം : അതിനൊട്ടും മടിക്കേണ്ട തുകയിനി സ്വരുകൂട്ടാം
തടിവെട്ടാം തായ്‌വാന്റെ സിമന്റിവിടിറക്കിടാം.
കവിതകൊണ്ടൊരു പെണ്ണിൻ കുസൃതി അത് നിർത്താം (2)
(വിലയൽപം)

(സംഘങ്ങളുടെ കാലുകൾ കെട്ടിക്കൊണ്ട് എം.എൽ.എ. ഉറങ്ങുന്നു. കോറസും ഉറങ്ങുന്നു.)

(പഴയ സാധനങ്ങൾ വിൽപ്പനക്കാരൻ കടന്നുവരുന്നു.)

പേപ്പർ : പഴയ കുപ്പി, കടലാസ്, പ്ലാസ്റ്റിക് സാധനങ്ങൾ വിൽക്കാനുണ്ടോ? (ആരും അനങ്ങുന്നില്ല.) പഴയനോട്ട്, പൂത്തനോട്ട്, കീറിദ്രവിച്ച നോട്ട്, ഒരു രൂപ, രണ്ടു രൂപ നോട്ടുകൾ വിൽക്കാനുണ്ടോ. പകുതി വില തരുന്നതായിരിക്കും. (ആരും അനങ്ങുന്നില്ല.) എം.എൽ.എ. മാരുടെ കാലുകൾ വിൽക്കാനുണ്ടോ? ആവർത്തിക്കുന്നു. ചില എം.എൽ.എ.മാർ ഉണരുന്നു. അവരിൽ രണ്ടുപേരെ പണംകൊടുത്ത് കൊണ്ടുപോകുന്നു.

(പേപ്പർ വിൽപ്പനക്കാരൻ കടന്നുവരുന്നു. വിളിച്ചുപറയുന്നു.)
ചൂടുള്ള വാർത്ത-ചൂടുള്ള വാർത്ത.

രണ്ട് എം.എൽ.എ.മാർ കൂറുമാറി.

നിയുക്ത മന്ത്രിസഭ സത്യപ്രതിജ്ഞക്ക് മുമ്പേ നിലംപതിച്ചു. (അവശേഷിക്കുന്നവർ)

രണ്ട് ജോഡി കാലുകൊണ്ടേപോയി
രണ്ടെമ്മെല്ലേമാരെ കൊണ്ടേപോയി
തുന്നിയ കുപ്പായം കീറിപ്പോയി
പൊന്നെ നമ്മളാകെ നാറിപ്പോയി (3)

നിയുക്തമന്ത്രി മെല്ലെ ഉണരുന്നു. വിവരം അറിഞ്ഞ് ബോധശൂന്യനായി വീഴുന്നു. കോറസ് താങ്ങുന്നു.

(നിയുക്ത മന്ത്രി ഹൃദയം പൊട്ടിക്കരയുന്നു. കോറസ് ആർത്തുചിരിക്കുന്നു.)

ഒരാൾ : ചിരിക്കരുത് ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്നത് നോക്കി ചിരിക്കരുത്.

(സംഘം ചിരി നിർത്തി നിശ്ചലരായി നിൽക്കുന്നു.)

## ഓഫീസ്

അനൗൺസ്മെന്റ് :
അടുത്തതായി ഒരു ഓണപ്പാട്ട്
[ഒരു ഗായകസംഘം പ്രവേശിക്കുന്നു. ഉടുക്ക്, ഗഞ്ചിറ ഇവ കൊട്ടി ഒരു സംഘഗാനം ആലപിക്കുന്നു.]
പൂവേ . . . . പൊലിപൂവേ . . . പൊലിപൂവേ . . . .
ഓണം വന്നോണം വന്നോണം വന്നേ

ഓണം വന്നോണം വന്നോണം വന്നേ
അത്തപൂവിട്ടുവരുന്നേ
തൃക്കാക്കരയപ്പനുണർന്നേ
പുത്തൻ മലർ വണ്ടു മുകർന്നേ
നൽത്തേൻ കുഴമ്പുണ്ടു രസിച്ചേ [ഓണം. . . .

ഒരാൾ : പടിഞ്ഞാറൻ കടലിളകി. . . .
തെക്കൻ കാറ്റലറി വീശി . . . .
മലവെള്ളക്കുടിയിറക്കിൽ
അടിയോന്റെ കുടിലുപോയേ . . . .

സംഘം : ഓണം പിറന്നാലും
ഉണ്ണി പിറന്നാലും
കോരന് കുമ്പിളിൽ കഞ്ഞി
കോരന് കുമ്പിളിൽ കഞ്ഞി

[ഈ വരികൾ ആവർത്തിക്കുന്നതിനിടയിൽ, കാണികൾക്കിടയിൽ ഒരു ബഹളം കേട്ട് പെട്ടെന്ന് നിൽക്കുന്നു. ഏതോ ഒരാൾ ബോധം കെട്ടുവീണതാണ്. കാണികൾക്കിടയിൽ നിന്നും വിവിധ പ്രതികരണങ്ങൾ.]

ഒരാൾ : എന്തുപറ്റി?

മറ്റൊരാൾ : കണ്ടു പരിചയമില്ലല്ലോ.

[ഗായകസംഘം ബഹളം കേട്ടിടത്തേക്ക് നീങ്ങി.]

സംഘത്തിൽ ഒരാൾ: നിങ്ങളിങ്ങനെ കൂട്ടംകൂടി നിൽക്കാതെ. അൽപം കാറ്റും വെളിച്ചവും കിട്ടട്ടെ.

[അപ്പോഴേക്കും ആരോ ഒരാൾ വെള്ളം വാങ്ങി വീണുകിടക്കുന്ന ആളിന്റെ മുഖത്ത് തളിക്കുന്നു.]

സംഘത്തിൽ ഒരാൾ: നമുക്ക് അങ്ങോട്ട് കിടത്താം.

മറ്റൊരാൾ : ഓ, പരിപാടിയാകെ കലങ്ങിയല്ലോ!

വേറൊരാൾ : ഒരു മനുഷ്യൻ വീണുകിടക്കുമ്പോൾ പരിപാടി! പിടിക്ക് - ങും.

[ഗായകസസംഘം അയാളെ താങ്ങി അരങ്ങിൽ ഒരിടത്ത് കിടത്തുന്നു. ഒരാൾ വീശിക്കൊടുക്കുന്നു. മറ്റുള്ളവർ പരസ്പരം എന്താണിനി തങ്ങൾ ചെയ്യേണ്ടതെന്ന് സ്വകാര്യമായി ചർച്ചചെയ്യുന്നു. അപ്പോഴേക്കും ആൾ കണ്ണുതുറന്നു.]

വീശിക്കൊടുക്കുന്ന ആൾ : കണ്ണുതുറന്ന് (എല്ലാവരും ബോധം കെട്ടുവീണ ആളിനെ നോക്കുന്നു.)
മുഷിഞ്ഞ ഒറ്റമുണ്ടും, തോർത്തും ധരിച്ച ഒരു സാധാരണക്കാരനാണ് ആള്.

ആൾ : ഞാൻ---എവിടെയാണ്. ഞാൻ എവിടെയാണ്.

സംഘം : പേടിക്കണ്ട. എന്തുപറ്റി?

ഒരാൾ : ഇന്നൊന്നും കഴിച്ചില്ലേ?

[എല്ലാവരും ചേർന്ന് അയാളെ പതുക്കെ പിടിച്ചെഴുന്നേൽപിക്കുന്നു.]

ആൾ : സർക്കാരാപ്പീസുവരെ പോയതാ, വെയിലേറെക്കൊണ്ടു. അതുകൊണ്ടാ. . . .

സംഘത്തിൽ ഒരാൾ : നിങ്ങളുടെ പേരെന്താ?

ആൾ : തങ്കപ്പൻപിള്ള

സംഘ. ഒരാൾ : വീടെവിടെയാ?

തങ്കപ്പൻപിള്ള : ആ പാടത്തിന്റക്കരെ പഞ്ചായത്തു വഴിയോടു ചേർന്നാ സാറെ.

[പിന്നെയും എന്തൊക്കെയോ അവ്യക്തമായി പറയുന്നു. ഇതെല്ലാം
കേട്ടുകൊണ്ട് സൂത്രധാരനും കൂട്ടത്തിൽ നിൽക്കുന്നുണ്ട്.]
സൂത്രധാരൻ തിരിഞ്ഞ് മൈക്കിനടുത്തു ചെന്ന് സദസ്യരോടായി]

“സുഹൃത്തുക്കളേ! ഇവിടെ ബോധം കെട്ടുവീണയാള് അൽപം അകലെ താമസിക്കുന്ന ഈ നാട്ടുകാരൻ തന്നെയാണ്. പേര് തങ്കപ്പൻപിള്ള. അയാളുടെ വീട് മൂന്നുനാലുമാസം മുൻപ് വെള്ളപ്പൊക്കത്തിൽ നശിച്ചുപോയി. ഇപ്പോൾ സ്കൂൾ വരാന്തയിലാണ് താമസം. പുതിയ വീടുവയ്ക്കാൻ സർക്കാരാഫീസിൽ അപേക്ഷ കൊടുത്തിരുന്നു. അതിന്റെ പിന്നാലെ മൂന്നാലുമാസമായി ആഫീസ് കേറിയിറങ്ങി നടക്കുകയാ. ഇന്നും സർക്കാരാഫീസിൽ പോയി വരികയായിരുന്നു. പാവം ഉച്ചയ്ക്കൊന്നും കഴിച്ചില്ല. ഓഫീസിൽ പോയിട്ട് കാര്യം സാധിക്കാതെ പട്ടിണിയായി മടങ്ങിപ്പോവുകയായിരുന്നു. അപ്പോഴാണ് ബോധക്കേടുണ്ടായത്.

[ശബ്ദം അൽപം ഉയർത്തി]
ഓഫീസ് എന്ന നാടകം ഇവിടെ ആരംഭിക്കുന്നു.
[പശ്ചാത്തലത്തിൽ ചെണ്ടയുടെ ഉയർന്നുപൊങ്ങുന്ന നാദം. അത് പെട്ടെന്ന് അവസാനിക്കുന്നു.]

സൂത്ര : (വേദിയിലേക്ക് കൈകൾ വിടർത്തി.)
"ഇതാണ് ഓഫീസ്."
നമ്മൾ സാധാരണ കാണാറുള്ള സർക്കാരാഫീസ്. (വേദിയിൽ ഇട്ടിരുന്ന കൈയുള്ള കസേരചൂണ്ടി.)
ഈ കസേരയിലാണ് ഈ ഓഫീസിലെ പ്രധാന ഉദ്യോഗസ്ഥനായ സെക്ഷൻ ഓഫീസർ ഇരിക്കുന്നത്.
[കൈയില്ലാത്ത മറ്റൊരു കസേര ചൂണ്ടി
ഇവിടെയാണ് ക്ലാർക്ക് ഇരിക്കുന്നത്.
[മുന്നോട്ടു നടന്ന്]
ഈ സർക്കാരാഫീസിൽ കഴിഞ്ഞ രണ്ടാഴ്ചക്കുള്ളിൽ നടന്ന കാര്യങ്ങൾ ഞങ്ങൾ ഇവിടെ ഏതാനും മിനിറ്റുകൾക്കുള്ളിൽ അവതരിപ്പിക്കുന്നു. ഓഫീസ് എന്ന നാടകം ആരംഭിച്ചു. (സൂത്രധാരൻ പോകുന്നു).
[ഉടനെ സർക്കാരാഫീസിന്റെ പ്രതീതി ജനിപ്പിക്കുന്ന വേദിയിലേക്ക് പ്യൂൺ പ്രവേശിക്കുന്നു. പ്യൂണിന്റെ വലതുകൈമുട്ടിനു താഴെഭാഗം സദാ മലർത്തിപ്പിടിച്ചിരിക്കും. ഇടതുകൈ പുറകുവശത്ത് മലർത്തിയ രീതിയിൽ. രംഗത്തുള്ള കസേരകൾ പൊടിതട്ടി വൃത്തിയാക്കുന്നു. കലണ്ടറിന്റെ ഷീറ്റ് മറിച്ചിടുന്നു. ഫയലൊക്കെ ഒതുക്കിവയ്ക്കുന്നു. ഫയലിൽ തൊടുമ്പോൾ ചുറ്റുപാടും പറക്കുന്ന പൊടി തട്ടി വൃത്തിയാക്കുന്നു. ഫയൽക്കെട്ടെടുത്ത് കട്ടപിടിച്ച പൊടി ഊതിക്കളയുന്നു. ഫയൽ യഥാസ്ഥാനം വയ്ക്കുന്നു. ക്ലോക്കിൽ മണിയൊച്ച.]

പ്യൂൺ : (സ്വയം) മണി പതിനൊന്നായി. ഇതുവരെ ഒരൊറ്റ മനുഷ്യജീവി . . . . ങുഹും. . . . (ഇല്ല എന്നർത്ഥത്തിൽ) എന്റെ ഒരു യോഗമേ! അതിരാവിലെ ഓഫീസിലെത്തുക. നേരമിരുട്ടി മടങ്ങുക. ഗുരുവായൂരപ്പാ! വരുന്ന ജന്മത്തിലെങ്കിലും നീ എന്നെ ഒരു സർക്കാ പ്യൂണാക്കല്ലേ. പട്ടിയോ പൂച്ചയോ ആക്കിക്കോ. എന്നാലും ഈ പണിവയ്യ. ഗതികേടുകൊണ്ട് രണ്ടു രൂപാ വാങ്ങിപ്പോയാൽ ഉറക്കമില്ലാതെ കിടക്കണം.
(തങ്കപ്പൻപിള്ള--അപേക്ഷകൻ-പ്രവേശിക്കുന്നു) ഹേയ്, ഹേയ് ഇതെന്താ ബന്ധുവീടോ മറ്റോ ആണോ, കേറിയിറങ്ങിനടക്കാൻ?

തങ്കപ്പൻപിള്ള : സാറേ ഞാൻ . . . . ഞാൻ. . .

പ്യൂൺ : താനൊന്നും പറയണ്ട. കുറച്ചുദിവസമായിട്ട് ഞാൻ തന്നെ ശ്രദ്ധിക്കുവാ. തന്റെ കാര്യം പരിഗണന അർഹിക്കുന്നതല്ല.

തങ്കപ്പൻപിള്ള : എന്നു പറഞ്ഞാൽ . . . . .

പ്യൂൺ : പരിഗണന വേണോ? ഇതൊരു സർക്കാരാഫീസാണ്. ഇവിടെ ചില ചിട്ടയും മുറയുമൊക്കെയുണ്ട്. തനിക്കറിയില്ലെങ്കിൽ ഞാൻ പറഞ്ഞുതരാം. കാര്യം നടക്കാനുള്ള വഴി.
[അപേക്ഷകന്റെ ചെവിയിലെന്തോ സ്വകാര്യം പറയുന്നു.]

തങ്കപ്പൻപിള്ള : അയ്യോ, അതെന്നാവേണേലും ചെയ്യാമേ—

പ്യൂൺ : ങാ, അങ്ങനെ വഴിക്കുവാ— താനൊന്നു പുറത്തുപോയി ഒരു ചായകുടിച്ചുവാ. അതാ. സാറു വരുന്നുണ്ട്. ഞാനേറ്റു, കുഴപ്പമില്ല.

[തങ്കപ്പൻപിള്ള പോകുന്നു. പ്യൂൺ അറ്റൻഷനായി. സെക്ഷൻ ഓഫീസർ സ്വാമി ഒരു ശൃംഗാരശ്ലോകം മൂളിക്കൊണ്ട് കടന്നുവരുന്നു. ]

പ്യൂൺ : ഗുഡ്മോണിംഗ് സർ. (സ്വാമി തടയാട്ടുന്നു)
[സ്വാമി കുട, ചോറ്റുപാത്രം എന്നിവ മൂലയിൽ കൊണ്ടുവയ്ക്കുന്നു.
തന്റെ കസേരയിൽ വന്നിരുന്ന് പ്യൂണിനെ നോക്കി.]

സ്വാമി : എന്താണു ഗോപീ ഇന്നലെ കോളടിച്ച ലക്ഷണമുണ്ടല്ലോ. മുഖത്തൊരു പ്രസാദം.

ഗോപി : എനിക്കെന്തു കോലുസാറേ? പിന്നെ ഒരു സുഹൃത്തിനെ പട്ടണത്തിൽ വച്ചൊന്നു കണ്ടു.

സ്വാമി : ശരി, ശരി, ഒരു ഫൈവ് മണീസ്. അല്ലേ? നടക്കട്ടെ, നടക്കട്ടെ, ഭാഗ്യവാൻ. (ഒഴിഞ്ഞു കിടക്കുന്ന കസേരകളിലേക്കു നോക്കി) മണി പതിനൊന്നു കഴിഞ്ഞു. നാരായണനും

|  |  |
|---|---|
|  | വിശാലാക്ഷിയും വസുമതിയും ഒന്നും എത്തിയില്ലല്ലോ. (ഒരു പ്രത്യേക കസേരയിലേക്കുനോക്കി) ങേ, പങ്കജാക്ഷിയമ്മയും എത്തിയിട്ടില്ല! |
|  | [മേശവലിപ്പിൽനിന്ന് മുറുക്കാൻ പൊതിയെടുത്തു വിശാലമായി മുറുക്കുന്നു. ഫയൽ മാൻ –L D C നാരായണൻ--ഗുഡ്മോണിംഗ് സ്വാമി, എന്നു പറഞ്ഞ് കടന്നുവരുന്നു.] |
| സ്വാമി | : എന്താണ് മിസ്റ്റർ നാരായണൻ എന്നുമിങ്ങനെ ലേറ്റാവുന്നത്? ഇതാവർത്തിക്കരുത്. ഡോൺട് റിപ്പീറ്റിറ്റ്. |
|  | [നാരായണൻ സ്വാമിയുടെ മേശപ്പുറത്തുനിന്നും ഹാജർ രജിസ്റ്റർ എടുത്ത് ഒപ്പിടുന്നതിനിടയിൽ] |
| നാരായണൻ | : ഒന്നും പറയേണ്ട സ്വാമീ, ഒരു കോളുതടഞ്ഞു. |
| സ്വാമി | : തടഞ്ഞോ? |
| നാരായണൻ | : എന്നുവച്ചാൽ, തടയും. |
| സ്വാമി | : ഭാഗ്യവാൻ, ഭാഗ്യവാൻ. ചെറുപ്പത്തിൽ സ്വാമിക്കും കോളു തടഞ്ഞിരുന്നു. എന്തു ചെയ്യാം പ്രായമായില്ലേ. മിസ്റ്റർ നാരായണൻ, പങ്കജാക്ഷിയമ്മ ഇന്നും വന്നിട്ടില്ല. |
|  | [നാരായണൻ ഇതിനിടയിൽ ഷർട്ട് ഊരി കസേരയിൽ ഇടുന്നു.] |
|  | എന്താണ് ഭാവം മിസ്റ്റർ നാരായണൻ? വല്ല സ്ട്രീക്കിങ്ങോ മറ്റോ ഉണ്ടോ? |
| നാരായണൻ | : ഇന്നു രാവിലെ അരമണിക്കൂറെ കിട്ടിയുള്ളു സ്വാമി. കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും എക്സർസൈസ് എടുത്താലേ ബോഡി ഡവലപ്പ് ചെയ്യുകയുള്ളു. |
| സ്വാമി | : വല്ലവരും വന്നുകണ്ടാൽ അതിന്റെ കുഴപ്പവും സ്വാമിക്കാണ്. |
|  | [എക്സർസൈസ് തുടരുന്നു. അപേക്ഷകൻ ഫയൽമാന്റടുത്ത് ഒരു നിമിഷം നിൽക്കുന്നു. പ്യൂൺ മറ്റൊരു ഭാഗത്തേക്ക് പോയിക്കഴിഞ്ഞു. അപേക്ഷകൻ നേരെ സ്വാമിയുടെ മേശയ്ക്കുമുൻപിൽ എത്തുന്നു. സ്വാമി തിരക്കുപിടിച്ച് ഏതോ ഫയൽ നേക്കുന്നതായി നടിക്കുന്നു.] |
| അപേക്ഷകൻ | : സാറെ . . . . . |
| സ്വാമി | : (തലയുയർത്തി) ങും.  എന്തുവേണം? |
| അപേക്ഷകൻ | : എന്റെ ആ കടലാസ് . . . . |
| സ്വാമി | : ഏതു കടലാസ്? |
| അപേക്ഷകൻ | : വെള്ളപ്പൊക്കത്തിനു വീട് നഷ്ടപ്പെട്ടതിന്റെ . . . . . |
| സ്വാമി | : ഓ, വെള്ളപ്പൊക്കം. അത് ഇതുവരെ പാസായിവന്നില്ലല്ലോ. ഒരാഴ്ച കഴിഞ്ഞുവരൂ. . . |
| അപേക്ഷകൻ | : മാസം മൂന്നായി സാറേ. ഓണത്തിന് മുമ്പേ കേറി താമസിക്കണമെന്നാശിച്ചതാ. |
| സ്വാമി | : ഗോപീ, അങ്ങനെയൊരപേക്ഷ ഇവിടെ വന്നിട്ടുണ്ടോ? |
| ഗോപി | : ഇല്ല സ്വാമി, തന്നെയല്ല ഇയാൾ രാവിലെ ഇവിടെ വന്നിരുന്നു. അപ്പോൾ ഞാൻ എല്ലാ വിവരവും പറഞ്ഞതാണ്. |
| സ്വാമി | : ഗോപി എല്ലാ വിവരവും പറഞ്ഞിട്ടില്ലേ. പിന്നെന്താണ് നിൽക്കുന്നത്. പോയിട്ട് ഒരാഴ്ച കഴിഞ്ഞു വരൂ. |
|  | [അപേക്ഷകൻ നിരാശനായി പോകുന്നു.] |
|  | [ഇതിനിടയിൽ ഫയൽമാൻ വ്യായാമം നിർത്തി. തന്റെ ഷർട്ടെടുത്തിട്ടു. സീറ്റിലിരുന്നു. മേശവലിപ്പുതുറന്ന് ചീപ്പെടുത്ത് മുടിചീകി. പത്രം നിവർത്തി  സ്പോർട്സ് കോളം മാത്രം വായിക്കുന്നു.] |
| നാരായണൻ | : (എന്തോ കണ്ട് ഞെട്ടുന്നു) ങേ! ഉഷ പുറത്തായോ! തകർന്നു. |
| സ്വാമി | : പെൺകുട്ടികളായാൽ അങ്ങനെയൊക്കെ ചില ഏർപ്പാടുകൾ ഉണ്ടെന്നറിയില്ലേ, മിസ്റ്റർ നാരായണൻ. |
| നാരായണൻ | : അതല്ല സ്വാമി. നമ്മുടെ പി ടി ഉഷ. സ്പോർട്സിനെപ്പറ്റി സ്വാമിക്കെന്തറിയാം! (തിരിഞ്ഞ്, കടന്നുവരുന്ന ഗോപിയോട്) ഗോപീ, ആ ഫാനൊന്നിടൂ. . . (ഗോപി ഫാനിട്ടുകഴിയുമ്പോൾ) ചായ. |
| സ്വാമി | : രണ്ട്. ഒന്ന് വിത്തൗട്ട്. നാരായണന്റെ പേജിൽ തന്നെ. അല്ലേ, മിസ്റ്റർ നാരായണൻ? |
| നാരായണൻ | : അതേ സ്വാമി. |
|  | [ഈ സമയം ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ഒരു പ്രവർത്തകൻ കടന്നുവരുന്നു.] |
| സ്വാമി | : ങും, എന്തുവേണം? |
| ആഗതൻ | : നമസ്തെ സാർ, ഞാൻ ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ഒരു പ്രവർത്തകനാണ്. പേര് ബാലചന്ദ്രൻ. |

സ്വാമി : ആകട്ടെ.

ബാലചന്ദ്രൻ : സർ, പരിഷത്തിന്റെ ഗ്രാമീണ അക്കാദമിക്കുവേണ്ടി സർക്കാർ കുറെ സ്ഥലം അനുവദിച്ചുതന്നിട്ടുണ്ട്. ആ സ്ഥലം ഒരു ഡിസ്പ്യൂട്ടിൽ കിടക്കുകയാണ്. തർക്കം കഴിയുന്നതുവരെ കാത്തിരിക്കാൻ പറ്റില്ല. അതു സംബന്ധിച്ച് ഒരു ജി ഓ ഇവിടെ വന്നിട്ടുണ്ടല്ലോ. ആ ജി ഒ ഒന്നുകിട്ടിയാൽ ഉപകാരമായിരുന്നു.

[ഗോപി ചായയുമായി വന്നു. സ്വാമിയും നാരായണനും ചായ വാങ്ങി.]

സ്വാമി : എന്ത് ഗ്രാമീണ അക്കാഡമിയോ? ഇതെന്താ പുതിയ അക്കാഡമി. സാഹിത്യ അക്കാഡമി, സംഗീതനാടക അക്കാഡമി, ലളിത കലാ അക്കാഡമി എല്ലാം നമുക്കറിയാം. ഇങ്ങനെയൊരക്കാഡമി കേട്ടിട്ടില്ലല്ലോ.

ബാലചന്ദ്രൻ : പരിഷത്തിന്റെ പുതിയൊരു സംരംഭമാണ്. നാട്ടിൻപുറങ്ങളിലുള്ള കഴിവുള്ള കലാകാരൻമാരേയും തൊഴിലാളികളേയും കണ്ടെത്തുകയാണ് അക്കാഡമിയുടെ ലക്ഷ്യം.

നാരായണൻ : കായികതാരങ്ങളെ ഉൾപ്പെടുത്തിയിട്ടില്ലേ?

സ്വാമി : കലാകാരൻമാരെല്ലാം തനിയെ വളരും. കല ജന്മവാസനയല്ലേ?

ബാലചന്ദ്രൻ : നമുക്കതെപ്പറ്റി പിന്നീട് ചർച്ചചെയ്യാം. ആ ജി ഓ.?

സ്വാമി : നോക്കട്ടെ. പിന്നീടുവരൂ.

ബാലചന്ദ്രൻ : സർ ഇതങ്ങനെ നീട്ടിക്കൊണ്ടുപോയാൽ ആ സ്ഥലത്തർക്കം കോടതിയിലെത്തും.

സ്വാമി : ഹേ, മിസ്റ്റർ, നിങ്ങളിങ്ങനെ തിരക്കുകൂട്ടിയാലെങ്ങനെയാ. ഇതൊരു സർക്കാരാഫീസല്ലേ? ഇവിടെ ചില ചിട്ടയും ക്രമവുമെല്ലാമുണ്ട്. ഒും പോയിട്ടു പിന്നെ വരൂ.

[ബാലചന്ദ്രൻ അസ്വസ്ഥനായി പോകുന്നു.]

[ഫോണടിക്കുന്നു]

നാരായണൻ : എനിക്കായിരിക്കും.

[എഴുന്നേറ്റുപോയി ഫോൺ അറ്റൻഡു ചെയ്യുന്നു.]

നാരായണൻ : യെസ് (മേലധികാരികളാരോ ആണ് വിളിക്കുന്നതെന്നു വ്യക്തമാക്കുന്ന മുഖഭാവം.) സ്വാമിക്കാ . . . . . മുകളിൽനിന്ന്,

സ്വാമി : (എഴുന്നേറ്റ് ഫോൺ വാങ്ങി) യെസ്, നീലകണ്ഠയ്യർ ഹിയർ, യെസ് സർ. . . . യെസ് . . . . . . . സർ. . . . ടൈപ്പിസ്റ്റ് ഒരാഴ്ച ലീവ്. ഞാനെന്തു ചെയ്യും സർ. ഓ. . .. ഓ.. . . ചെയ്യാം സർ. (ഫോൺ താഴെവയ്ക്കുന്നു. സ്വാമി ഫോൺ ചെയ്യുന്നതിനിടയിൽ കോൺട്രാക്ടർ തോമച്ചൻ കടന്നുവരുന്നു. ഫോൺ ചെയ്യുന്നതിനിടയിലും സ്വാമി ഇരിക്കാൻ ആംഗ്യം കാണിക്കുന്നുണ്ട്.)

സ്വാമി: എന്തുചെയ്യാം തോമാച്ചൻ മുതലാളി. കളക്ടറാണെങ്കിൽ ടൂറിൽ. പി എ കോൺഫറൻസിൽ. ടൈപ്പിസ്റ്റ് ലീവിൽ. അർജന്റ് പേപ്പേഴ്സ് എങ്ങനെ നീങ്ങും? കംപ്ലെയിൻസെല്ലാം നമ്മുടെ തലയിൽ.

തോമാച്ചൻ : അപ്പോൾ എന്റെ ബില്ലും ശരിയായിട്ടില്ലെന്നാവും, അല്ലേ?

സ്വാമി : മുതലാളിയുടെ കാര്യം ശരിയാക്കാതിരിക്കാനൊക്കുമോ? ഞാൻ തന്നെ എല്ലാം ശരിയാക്കി. ഇനി ടൈപ്പ് ചെയ്യണം അത്രതന്നെ.

തോമാച്ചൻ : ബിൽ വൈകുന്തോറും എനിക്കെത്ര നഷ്ടമാണെന്നറിയാമോ?

സ്വാമി : അതെല്ലാം നമുക്കറിയില്ലേ?

തോമാച്ചൻ : അതുകൊണ്ടായില്ല. എനിക്കുടനെ അത് ശരിയാക്കിക്കിട്ടണം.

സ്വാമി : (ആലോചിച്ച്) മിസ്റ്റർ നാരായണന് ടൈപ്പറിയാമെന്നല്ലേ പറഞ്ഞത്. പ്ലീസ് ഇതൊന്ന് ടൈപ്പ് ചെയ്യാമോ?

നാരായണൻ : തോമാച്ചൻ മുതലാളിയുടെ കാര്യമായതുകൊണ്ട് മാത്രം. (കടലാസു വാങ്ങി പോകുന്നു.) മുതലാളി ഞാൻ ഉടനെത്താം.

തോമാച്ചൻ : എനിക്ക് കളക്ടറെയൊന്ന് കാണണം. പേപ്പർ ശരിയാക്കൂ. ഞാൻ ഡ്രൈവറെ അയക്കാം (എഴുന്നേൽക്കുന്നു.)

സ്വാമി : പിന്നെ നമ്മുടെ സിമന്റിന്റെ കാര്യം മുതലാളി മറന്നിട്ടില്ലല്ലോ?

തോമാച്ചൻ : ആ പുതിയ പാലത്തിന്റെ പണി തുടങ്ങട്ടെ, മഠത്തിലെത്തിച്ചേക്കാമെന്നേയ്.

സ്വാമി : ങാ, ഡ്രൈവറെ ഒരു മൂന്നുമണിക്കു മുൻപു വിടണം.

തോമാച്ചൻ : അതറിയാം. മൂന്നു കഴിഞ്ഞു നിങ്ങളാരും കാണില്ലല്ലോ?

സ്വാമി : അതല്ല. ഇന്നൽപം നേരത്തെ പോണം.

തോമാച്ചൻ : ശരി.

സ്വാമി : വൈകിട്ട് കാണണമോ?

തോമാച്ചൻ : ഇന്ന് വേണ്ടാ സ്വാമി: ചീഫ് എഞ്ചിനീയർ സൺ-ഇൻ-ലായും ഫാമിലിയും സഹിതം മലമ്പുഴ ടൂറിന് നാളെ പോകും. ഇന്നുതന്നെ പുള്ളിക്കാരനെ കാണേണ്ട ഒരു കാര്യമുണ്ട്. (പോകുന്നു)

സ്വാമി : ജാതകഫലം അനുഭവിക്കാതൊക്കുമോ? ആണ്ടവാ. അടുത്ത ജന്മത്തെങ്കിലും ഒരു കോൺട്രാക്ടറായി ജനിപ്പിക്കേണമേ. (നാരായണൻ ടൈപ്പുചെയ്ത പേപ്പറുമായി വരുന്നു).

നാരായണൻ : സ്വാമി. മുതലാളി പോയോ?

സ്വാമി : ഉടനെ വരും.

നാരായണൻ : സ്വാമീ മുതലാളിയെക്കൊണ്ട് ഒരു കാര്യം സാധിക്കണമായിരുന്നു.

സ്വാമി : ഉം. . . . . ഉം. . . . മിസ്റ്റർ നാരായണന്റെ മട്ടു കണ്ടപ്പഴേ തോന്നി എന്തോ ഉണ്ടെന്ന്. എന്താണ്?

നാരായണൻ : കുറച്ച് സിമന്റിന്റെ കാര്യമാ.

സ്വാമി : ആണോ. ഇപ്പോൾ പറയണ്ട സ്വാമിതന്നെ കുറച്ചു സിമന്റു വേണമെന്നു പറഞ്ഞിരിക്കുകയാണ്. ഇതും കൂടിയായാൽ രണ്ടും വെള്ളത്തിലാകും.

നാരായണൻ : എന്നാൽ സ്വാമി ശരിയാക്കിത്തരണം.

[പ്യൂൺ ഒരു ബുക്കും അതിനിടയിൽ മേലധികാരിയിൽ നിന്നുള്ള മാറ്റക്കൽപനയും-- അതേ കെട്ടിടത്തിൽ തന്നെയുള്ള മറ്റൊരു ഓഫീസിലേക്ക്--കൊണ്ടുവരുന്നു. സ്വാമിയുടെ മുൻപിൽ വയ്ക്കുന്നു.]

സ്വാമി : (പുസ്തകത്തിൽ ഒപ്പിടുന്നു. കൊടുക്കുന്നു. കടലാസെടുത്തു വായിച്ച് സന്തോഷിക്കുന്നു. ഗോപി പോകുന്നു).

നാരായണൻ : എന്താണ് മുഖത്ത് സന്തോഷത്തിന്റെ മാരത്തോൺ

സ്വാമി : ആരറിവു നിയതി തൻ ത്രാസു പൊങ്ങുന്നതും താ . . . . ഒരു ചെറിയ മാറ്റം.

നാരായണൻ : എങ്ങോട്ടാ?

സ്വാമി : സിമന്റിലേക്ക്.

നാരായണൻ : അപ്പോൾ കോളടിച്ചല്ലോ. എന്നാണ് പോകുന്നത്?

സ്വാമി : ഇപ്പോൾ തന്നെ. ആണ്ടവാ നീ താൻ തുണൈ.

നാരായണൻ : സ്വാമീ, എന്നെക്കൂടി അങ്ങോട്ട് വലിക്കണേ!

സ്വാമി : അതെല്ലാം ഞാൻ ചെയ്യില്ലെ മിസ്റ്റർ നാരായണൻ?

നാരായണൻ : നമുക്കവിടെയൊന്നു വിലസണം. അപ്പോ സ്വാമീടെ വക ഒരു ചായയാവട്ടെ. എന്താ?

സ്വാമി : അതുവേണോ? ദൂരെ മാറ്റമല്ലല്ലോ. (ഗോപി പോകുന്നു.)

നാരായണൻ : എന്നാലും സിമന്റിലേക്കല്ലേ? ഗോപീ രണ്ടു ചായ. ഒന്ന് വിത്തൗട്ട് (ഗോപി പോകുന്നു) ഗോപീ, ഒന്നു കുടിച്ചോ.

സ്വാമി : (അസന്തുഷ്ടനായി) പൈസയുടെ വില നാരായണന് അറിയില്ല.

സ്വാമി : സദാശിവൻപിള്ളയോടും ഗോമതിയമ്മയോടും ഒന്ന് പറയണം. ചായ അങ്ങോട്ട് കൊടുത്തയച്ചാൽ മതി.

നാരായണൻ : മീറ്റ് എഗെയ്ൻ ഇൻ സിമന്റ്.

[സ്വാമി പോകുന്നു.]

(ദാസ്. നല്ലവനായ സെക്ഷൻ ഓഫീസർ പ്രവേശിക്കുന്നു)

നാരായണൻ : എന്തുവേണം?

ദാസ് : ഞാൻ ചാർജെടുക്കാൻ വന്നതാണ്. പുതിയ എസ്. ഒ.

നാരായണൻ : (പരിഭ്രമിച്ച് എഴുന്നേൽക്കുന്നു) ഗുഡ്മോർണിംഗ് സർ).

ദാസ് : നമസ്തേ! (പരസ്പരം പേര് ചോദിക്കുന്നു) സീറ്റിലിരിക്കുന്നു.

ദാസ് : പ്യൂണെവിടെ?

നാരായണൻ : ചായ വാങ്ങാൻ പോയിരിക്കും. ഇപ്പോൾ വരും.

ദാസ് : പ്യൂണിനെക്കൊണ്ടാണോ ചായ വാങ്ങിപ്പിക്കുന്നത്. അയാൾ ഓഫീസ് പ്യൂണല്ലേ?

നാരായണൻ : ഇവിടങ്ങനെയാ പതിവ്.

ദാസ് : ആ പതിവ് ഇനി പറ്റില്ല.

[അപേക്ഷകൻ കടന്നുവരുന്നു. ദാസിനെ സമീപിക്കുന്നു.]

അപേക്ഷകൻ : സാർ . . . . . .

ദാസ് : എന്താണ്?

അപേ : എന്റെ കടലാസ്.

ദാസ് : എന്തു കടലാസാണ്?

അപേ. : വീടിന്റെ. മാസം മൂന്നാലായി. നടന്നു നടന്ന് കാലുതേഞ്ഞു.

ദാസ് : മിസ്റ്റർ നാരായണൻ, എന്താണ് ഇയാളുടെ കേസ്?

നാരായണൻ : വീട് വയ്ക്കാനുള്ള ധനസഹായത്തിനാ.

ദാസ് : അതിനിത്ര കാലതാമസം?

നാരായണൻ : ആപ്ലിക്കേഷനിലെ ജചിഫെക്ട്സാ. ഓരോ പ്രാവശ്യം ഓരോന്നുണ്ടാവില്ല.

ദാസ് : (അപേക്ഷകനോട്) ഞാൻ പുതിയ ആളാണ്. രണ്ടു ദിവസത്തിനുള്ളിൽ നിങ്ങളുടെ കാര്യം ശരിയാക്കാം. (ഗോപി ചായയുമായി വരുന്നു. ഒന്ന് നാരായണന് കൊടുക്കുന്നു. പുതിയ എസ്. ഒ. യെക്കണ്ട് തലകുനിക്കുന്നു.)

നാരായണൻ : ഗോപീ, സ്വാമി അവിടെ കാണും. അല്ലെങ്കിൽ സിമന്റിൽ. (ഗോപി ചായയുമായി പോയി)

ദാസ് : മിസ്റ്റർ നാരായണൻ ഇയാളുടെ ഫയലെടുക്കൂ.

നാരായണൻ : ആ ഗോപിയൊന്ന് വന്നോട്ടെ (ഗോപി വരുന്നു.) ഗോപീ, ആ അലമാരയുടെ മേലെതട്ടിൽ ചുവന്ന നാട കെട്ടിയ ഒരു ഫയലുണ്ട്. അതിങ്ങെടുക്കൂ.

[ഗോപി പൊടിനിറഞ്ഞ ഫയലെടുക്കുന്നു. ഫയലിൽനിന്ന് ഒരു പാമ്പ് പുറത്തുവരുന്നു. ഗോപി 'അയ്യോ' എന്ന് പറഞ്ഞുകൊണ്ട് ചാടുന്നു. കൊല്ലാൻ മറ്റാരും ധൈര്യപ്പെടാത്തതുകൊണ്ട് അപേക്ഷകൻ പാമ്പിനെ കൊല്ലുന്നു. ഗോപി ഭയന്നുവിറച്ച് പാമ്പിനെ പുറത്തുകൊണ്ടുപോയി കളയുന്നു. തറയിൽ വീണ ഫയൽ ഗോപിയെടുത്ത് പൊടികളഞ്ഞ് ദാസിനെ ഏൽപിക്കുന്നു.

ദാസ് : (ഫയൽ മറിച്ചുനോക്കി) തങ്കപ്പൻപിള്ള മറ്റന്നാൾ വന്നോളൂ. ഞാൻ എല്ലാം ശരിപ്പെടുത്തി വച്ചേക്കാം.

അപേക്ഷകൻ : മറ്റന്നാള് ശരിയാകുമോ? ഇനിയുമെന്നെ നടത്തിക്കല്ലെ സാറെ. (അപേക്ഷകൻ പോകുന്നു. പോകുമ്പോൾ—ആത്മഗതം. കടയിലേത് 300, ശങ്കരൻനായർക്ക് 150. എല്ലാംകൂടി നാനൂറ്റിയമ്പത്. എതിരെ ബാലചന്ദ്രൻ കടന്നുവരുന്നു.)

ബാലചന്ദ്രൻ : എന്താ തങ്കപ്പൻപിള്ളേ ഇതുവരെ ശരിയായില്ലേ?

തങ്കപ്പൻപിള്ള : എന്റെ സാറെ, മറ്റന്നാൾ വരാനാ ഈ സാറ് പറയുന്നേ. ആ സ്വാമി പോയി. പുതിയ ആളാ. (പോകുന്നു)

ബാലചന്ദ്രൻ : (ദാസിനെ സമീപിച്ച്) നമസ്തേ!

ദാസ് : നമസ്തേ!

ബാലചന്ദ്രൻ : ഞാൻ ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പ്രവർത്തകനാണ്. പേര് ബാലചന്ദ്രൻ.

ദാസ് : ഞാൻ പരിഷത്തിന്റെ സുഹൃത്താണ്. പേര് ദാസ്. ഇന്നിങ്ങോട്ട് മാറിയതാണ്.

ബാലചന്ദ്രൻ : പരിഷത്തിന്റെ ഗ്രാമീണ അക്കാദമിയുടെ സ്ഥലത്തെക്കുറിച്ചൊരു തർക്കമുണ്ട്. പുതിയ ഒരു ജി. ഒ. വന്നിട്ടുണ്ടെന്ന് കേട്ടു. അതൊന്ന് കിട്ടാനാ ഞാൻ വന്നത്.

ദാസ് : മിസ്റ്റർ നാരായണൻ, ആ ജി. ഒ. ഇവിടെ എത്തിയിട്ടുണ്ടോ?

നാരായണൻ : ഇവിടെയൊന്നും കണ്ടില്ല.

ദാസ് : ഒന്നു നോക്കൂ.

നാരായണൻ : (മനസ്സില്ലാ മനസ്സോടെ ഒരു ഫയൽ അടിയിൽനിന്ന് എടുക്കുന്നു. അതിൽനിന്ന് ഒരു കടലാസെടുത്ത്) ങാ. . . ഇവിടുണ്ട്.

ദാസ് : ഒന്നും നോക്കാതെ ഇവിടെ ഇല്ലെന്നു പറഞ്ഞാലോ, നോക്കട്ടെ. (നാരായണൻ ജി. ഒ. ദാസിനുകൊടുത്തു. ദാസ് വായിച്ചുനോക്കി).

ദാസ് : മിസ്റ്റർ ബാലചന്ദ്രൻ. സംഗതിയൊക്കെ ശരിയായിട്ടുണ്ട്. ഇനി കളക്ടറുടെ ഒരൊപ്പിന്റെ കാര്യമേ ഉള്ളു. കളക്ടർക്ക് ഞാനിന്നുതന്നെ എഴുതാം. ഒരാഴ്ചക്കുള്ളിൽ കാര്യം റെഡിയാകും. അടുത്ത ബുധനാഴ്ച വന്നോളൂ.

ബാലചന്ദ്രൻ : വളരെ ഉപകാരം. പിന്നെ ആ തങ്കപ്പൻപിള്ളയുടെ കാര്യമൊന്ന് വേഗം ശരിയാക്കിയാൽ കൊള്ളാം സാർ. യാതൊരു ഗതിയുമില്ലാത്തവനാ.

ദാസ് : രണ്ട് ദിവസത്തിനുള്ളിൽ അയാളുടെ കാര്യവും ശരിയാക്കും.

ബാലചന്ദ്രൻ : എന്നാൽ ഞാനിറങ്ങട്ടെ. ബുധനാഴ്ച വരാം. (ബാലചന്ദ്രൻ പോകുന്നു. ഗോപി വരുന്നു.)

ദാസ് : മിസ്റ്റർ നാരായണൻ വേഗം ഫയലുകൾ പുട്ടപ്പ് ചെയ്യണം.

നാരായണൻ : എന്നെപ്പോലെ ആരോഗ്യമുള്ള ഒരാൾക്കുപോലും എടുക്കാൻ കഴിയാത്ത വർക്ക് ലോഡാണ്. പിന്നെ എന്തുചെയ്യും?

ദാസ് : നമ്മുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം ഫയലുകൾ നീക്കാതിരിക്കലല്ല. വർക്ക്‌ലോഡ് പ്രശ്നം യൂണിയനിലൂടെ കൈകാര്യം ചെയ്യണം

നാരായണൻ : എന്ത് യൂണിയൻ സാർ. ഞാനും സ്വാമിയും യൂണിയനിലേ ഇല്ല.

[ഫോണടിക്കുന്നു. ദാസ് ഫോൺ അറ്റന്റ് ചെയ്യുന്നു.]

എന്ത്! ഇതെന്തൊരു ട്രാൻഫറാണ് സാർ. ഇവിടെ ഫയലുകൾ പഠിക്കാൻ തുടങ്ങിയതേ യുള്ളു. യെസ്, യെസ് എന്നാലും ഇതിനൊക്കെയൊരു ചട്ടമില്ലേ സാർ . . .

(ഫോൺ അമർഷത്തോടെ താഴെവച്ചു.)

നാരായണൻ : എന്തുപറ്റി സാർ?

ദാസ് : വീണ്ടും മാറ്റം.

നാരായണൻ : ആരാ പകരം?

ദാസ് : നീലകണ്ഠയ്യർ (പോകുന്നു.

നാരായണൻ : (ഗോപിയോട്) നമ്മുടെ കമ്പനി അങ്ങനെയൊന്നും പൊളിയില്ല ഗോപീ.

[സ്വാമി "വരുമോരോദശ വന്നപോലെ പോം" എന്നു പാടിക്കൊണ്ട് പ്രവേശിക്കുന്നു]

നാരായണൻ : വരൂ വരൂ സ്വാമീ, ഗോപീ, രണ്ട് ചായ ഒന്ന് വത്തൗട്ട്.

സ്വാമി : മൂഷിക സ്ത്രീ വീണ്ടും മൂഷികസ്ത്രീയായി. എല്ലാം തകർന്നില്ലേ? സിമന്റിലേക്ക് മിനി സ്റ്ററുടെ ഒരാളുണ്ടത്രെ. ആണ്ടവാ! എന്തെല്ലാം മോഹിച്ചതാണ്.

[അപേക്ഷകൻ കടന്നുവരുന്നു.]

തങ്കപ്പൻപിള്ള : സാറെ!

സ്വാമി : മ്? എന്തുവേണം?

തങ്കപ്പൻപിള്ള : എന്റെ കടലാസ്?

സ്വാമി : ഏത് കടലാസ്?

തങ്കപ്പൻപിള്ള : സാറിത്രവേഗം മറന്നോ, കഴിഞ്ഞ തവണ വന്നപ്പോ മറ്റേ സാറ് ഇന്നെല്ലാം ശരിയാക്കി ത്തരാമെന്ന് പറഞ്ഞു.

സ്വാമി : എന്നാ മറ്റേ സാറിനോട് പോയി ചോദിക്ക്.

നാരായണൻ : എന്തൊരു സേവനം. ഹരിശ്ചന്ദ്രനല്ലേ. എന്നെയൊന്ന് വിരട്ടാൻ നോക്കി.

സ്വാമി : എന്നിട്ട്?

നാരായണൻ : ഞാനുണ്ടോ വിടുന്നു. എത്ര പേരെ കണ്ടതാ ഈ നാരായണൻ.

സ്വാമി : ഗുഡ് . . . വെരിഗുഡ്.

അപേക്ഷകൻ : സാറെ എന്റെ കാര്യം?

സ്വാമി : പോയിട്ട് പിന്നീട് വരൂ.

അപേക്ഷകൻ : ഞാനെത്ര പ്രാവശ്യം നടന്നു. ഇനി അത് കിട്ടിയിട്ടേ പോകുന്നുള്ളു.

സ്വാമി : താനിവിടെ അട്ടിപ്പേറ് കിടന്നതുകൊണ്ട് കാര്യമില്ല. ഹൊ. . . കിട്ടിയിട്ടേ പോകുന്നുള്ളൂ!

അപേക്ഷകൻ : (എന്തൊ പിറുപിറുത്തുകൊണ്ട് പുറത്തേക്കു പോകുമ്പോൾ ബാലചന്ദ്രൻ വരുന്നു)

ബാലചന്ദ്രൻ : എന്താ തങ്കപ്പൻപിള്ളേ ശരിയായില്ലേ?

തങ്ക : മറ്റേ സാറു പോയി. ഞാനെന്തു ചെയ്യണം സാറേ?

ബാലചന്ദ്രൻ : നിൽക്കൂ. (സ്വാമിയെ സമീപിച്ച്) സാർ, ഈ മനുഷ്യൻ ഇവിടെ കയറിയിറങ്ങാൻ തുട ങ്ങിയിട്ട് മാസം നാലായി. ഇയാളുടെ കടലാസ് ശരിയാക്കാൻ പറ്റുമോ എന്ന് അറിയണം.

സ്വാമി : നിങ്ങളാരാണ് . . . . ഹേ . . . . ഇത് പറയാൻ.

ബാലചന്ദ്രൻ : ഞാനൊരു സാധാരണ മനുഷ്യനാണ്.

സ്വാമി : ആണല്ലോ. സാധാരണ മനുഷ്യൻ സാധാരണ മനുഷ്യന്റെ കാര്യങ്ങൾ നോക്കിയാൽ മതി.

ബാലചന്ദ്രൻ : അതുതന്നെയാണ് നോക്കുന്നത്. നിങ്ങൾക്ക് ഇയാളുടെ കടലാസ് ശരിയാക്കാൻ പറ്റുമോ ഇല്ലയോ. . . . . രണ്ടിലൊന്നറിയണം.

സ്വാമി : നിങ്ങൾ ക്ഷോഭിക്കാതിരിക്കൂ. ഇതൊരു സർക്കാരാഫീസാണ്. ഇവിടെ ചില പ്രൊസീ ഡിയേഴ്സ് ഒക്കെ ഉണ്ട്.

ബാലചന്ദ്രൻ : (ക്ഷുഭിതനായി) നശിച്ച പ്രൊസീഡിയേഴ്സ്. ഈ ഓഫീസിൽ കുറെക്കാലമായി നട ക്കുന്ന കാര്യങ്ങൾ പൊതുജനങ്ങൾ നന്നായി മനസ്സിലാക്കുന്നുണ്ട്. ഒരു കാര്യം. കണ്ണിൽ

ചോരയില്ലാത്ത ഉദ്യോഗസ്ഥന്മാരുടെ അഴിഞ്ഞാട്ടത്തിനെതിരായി ജനങ്ങൾ ഒന്നിച്ച് ശബ്ദ മുയർത്താൻ ഇനിയധികം കാത്തിരിക്കേണ്ട. വരൂ. തങ്കപ്പൻപിള്ളേ നമുക്ക് ജനങ്ങളുടെ അടുത്തേക്കു പോകാം.

[തങ്കപ്പൻപിള്ളയെ കൈക്കുപിടിച്ചുകൊണ്ട് പെട്ടെന്ന് ഇറങ്ങിപ്പോകുന്നു. സ്വാമിയും നാരായണനും ഗോപിയും ഭയപ്പാടോടെ ആ പോക്ക് നോക്കി ഇരിക്കുന്നു.]

നാരായണൻ : സ്വാമി, ഞാൻ പോലീസിന് ഫോൺ ചെയ്യണമെന്ന് വിചാരിച്ചതാ.

സ്വാമി : (വല്ലാത്ത ക്ഷോഭത്തോടെ) ഫോൺ ചെയ്യണമെന്ന് വിചാരിച്ചാൽ മതിയോ ചെയ്യണ്ടേ. ആ ചെറുപ്പക്കാരൻ വല്ലതും പ്രവർത്തിച്ചിരുന്നെങ്കിലോ.

നാരായണൻ : ഞാനിവിടെയില്ലേ സ്വാമീ.

സ്വാമി : അയാളുടെ സഞ്ചിയിൽ വല്ല ബോംബോ മറ്റോ ഉണ്ടായിരുന്നെങ്കിലോ. . . കാലം വല്ലാത്തതാണ്. (വല്ലാതെ കിതയ്ക്കുന്നു) ഗോപീ. . . . ഗോപീ, രണ്ട് ചായ എന്റെ അക്കൗണ്ടിൽ ത്തന്നെ.

ഗോപി : ഞാനും ഒന്ന് കുടിച്ചോട്ടെ.

സ്വാമി : ഗോപിയും ഒന്നോ രണ്ടോ കുടിച്ചോ.

[ഗോപി പെട്ടെന്ന് ഇറങ്ങിപ്പോകുന്നു]

സ്വാമി : ആ ചെറുപ്പക്കാരൻ എന്തൊക്കെ പുക്കാറാണാവോ ഇനി ഒപ്പിക്കുക.

നാരായണൻ : ഓ--പോട്ടെ സ്വാമി--അവൻ എന്നാ ചുക്കു ചെയ്യാനാ? ജനങ്ങളെ സംഘടിപ്പിക്കാൻ പോയിരിക്കുന്നു. അവന്റെയൊരു ജനങ്ങൾ.

സ്വാമി : നാരായണൻ, കാലം മഹാമോശമാണ്.

[ഗോപി ചായ കൊണ്ടുവന്ന് സ്വാമിക്കും നാരായണനും കൊടുക്കുന്നു. അവർ ചായ കുടിക്കുന്നു. നാരായണൻ മേശ തുറന്ന് ചീപ്പെടുത്ത് തലമുടി വേഗം ചീകുന്നു. ഇടയ്ക്ക് ക്ലോക്കിലേക്ക് നോക്കുന്നുമുണ്ട്.]

നാരായണൻ : (എഴുന്നേറ്റ് സ്വാമിയുടെ അടുത്തുചെന്ന് ഭവ്യമായി) സ്വാമി മണി മൂന്നരയായി. നാരായണൻ ഞാൻ കാലുപിടിച്ചപേക്ഷിക്കുന്നു, ഇന്ന് നേരത്തെ പോകരുത്. നമുക്കൊരുമിച്ച് പോകാം.

നാരായണൻ : അല്ല സ്വാമി--എനിക്കത്യാവശ്യമുണ്ട്. ഇന്ന് ഫുഡ്ബാൾ മാച്ചുണ്ട്. പിന്നെ സുജാത കാത്തു നിൽക്കുകയും ചെയ്യും.

സ്വാമി : മാച്ചും കീച്ചുമൊക്കെ അവിടെ കിടക്കട്ടെ. നമുക്കൊരുമിച്ചു പോകാം നാരായണൻ.

നാരായണൻ : അതു പറ്റില്ല സ്വാമി (പതുക്കെ വെളിയിലേക്കിറങ്ങുന്നു. തിരിഞ്ഞ് ഗോപിയോട്) ഗോപീ സ്വാമിയുടെകൂടെ ഉണ്ടാവണം. വൈകുന്നേരം സ്വാമീടെ മഠംവരെ ഒന്നാക്കണം.

സ്വാമി : ഗോപി മാത്രം മതിയോ ഗോപീ.

ഗോപി : ഞാൻ രണ്ടുമൂന്നുപേരെക്കൂടി വിളിക്കാം.

സ്വാമി : ങാ, വിളിച്ചോ നമുക്കവർക്ക് ചായ വാങ്ങിക്കൊടുക്കാം.

നാരായണൻ : സ്വാമിക്കെന്നോട് പിണക്കം തോന്നരുത്.

സ്വാമി : വേണ്ട, വേണ്ട പൊയ്ക്കൊ. ആപത്തുകാലത്ത് കൈ വിട്ടുപോകുന്നവർ റിയൽ ഫ്രണ്ട്സ് അല്ല.

നാരായണൻ : ങാ--സ്വാമീ ഞാനേ പോകുന്ന പോക്കിൽ ആ പങ്കജാക്ഷിയമ്മേടെ വീടുവരെ ഒന്നു കയറാം—വല്ലോം പറയണോ.

സ്വാമി : വേണ്ട ഒന്നും പറയണ്ട—ഇവിടെ നടന്ന കാര്യങ്ങളൊന്നും അവരറിയാതിരിക്ക്യാ ഭംഗി. (നാരായണൻ മുന്നോട്ടു നടക്കുന്നു) ങാ--നാരായണൻ ഉടനെ മാച്ചിന് പോകുമല്ലൊ. പങ്കജാക്ഷിയമ്മേടടുത്ത് അധികസമയം നിൽക്കേം മറ്റും വേണ്ട-ട്ടോ.

നാരായണൻ : (ചിരിച്ചുകൊണ്ട്) ഇല്ല സ്വാമീ.

(നാരായണൻ മുന്നോട്ടു നടക്കുന്നു. അങ്ങകലെ ഒരാരവം. എത്തിനോക്കുന്നു. അൽപം പിന്നിലേക്ക് വലിഞ്ഞ് സ്വാമിയേയും ഗോപിയേയും ആംഗ്യം കാട്ടി വിളിക്കുന്നു. മൂന്നു പേരും തികഞ്ഞ ഭയപ്പാടോടെ ആരവം കേട്ടിടത്തേക്ക് നോക്കിനിൽക്കുന്നു.)

നാരായണൻ : സ്വാമി ഒരുകൂട്ടം ആൾക്കാരാ.

സ്വാമി : ഹോ--വല്ലാത്ത ജനക്കൂട്ടം. ങാ--ആ സഞ്ചിക്കാരൻ ചെറുപ്പക്കാരനുമുണ്ടല്ലൊ കൂടെ. നാരായണാ അവരിങ്ങോട്ടുതന്നെ.

നാരായണൻ : നമ്മളിനി എന്തുചെയ്യും?

[മൂന്നുപേരും പരസ്പരം ഭയന്ന് സ്തംഭിച്ചു നിൽക്കുന്നു.]
[സൂത്രധാരൻ പെട്ടെന്ന് വേദിയിലേക്ക് കടന്നുവരുന്നു]

സൂത്രധാരൻ : (വേദിയിലേക്ക് ചൂണ്ടിക്കൊണ്ട് ഉച്ചത്തിൽ) ഇതാണ് സ്നേഹിതരെ നമ്മുടെ സർക്കാരാഫീസുകൾ.

[സദസ്യരുടെ ശ്രദ്ധ സൂത്രധാരനിലേക്ക് തിരിയുമ്പോൾ സ്വാമിയും നാരായണനും ഗോപിയും രംഗത്തുനിന്നും പോകുന്നത് ആരും ശ്രദ്ധിക്കുന്നില്ല.]

സൂത്രധാരൻ : ഇവിടെ നല്ലവരായ ഉദ്യോഗസ്ഥന്മാരുണ്ട്. ചീത്തയായവരുണ്ട്. പക്ഷെ സാധാരണക്കാരുടെ പ്രശ്നങ്ങൾ ഇന്നും ചുവപ്പുനാടയുടെ കുരുക്കിൽ തന്നെ. ഇതിനൊരു മാറ്റമുണ്ടാവേണ്ട--വലിയ ആഫീസുകളിൽ കേന്ദ്രീകരിച്ചിരുന്ന അധികാരം ജനങ്ങൾക്ക് നൽകേണ്ടിയിരിക്കുന്നു. ഇതിൽ ജനങ്ങൾ ഇടപെടേണ്ടിയിരിക്കുന്നു. അതാണ് ശാസ്ത്രസാഹിത്യ പരിഷത്ത് നിങ്ങളോട് പറയാനുള്ളത്.

[നാടകം അവസാനിക്കുന്നു]`

# വിഷം

**കഥാപാത്രങ്ങൾ**

1. എം ഡി ഡോക്ടർ, ജഡ്ജി. ഇവ ഒരാൾ തന്നെ.
2. ആഗതൻ
3. വക്കീൽ
4. ബഞ്ചുക്ലർക്ക്
5. സംഘം 5 പേർ
6. പത്രപ്രതിനിധികൾ
7. സെക്രട്ടറി

[തെരുവുഗായകസംഘം സദസ്യരുടെ ഇടയിലൂടെ പാടിക്കൊണ്ടുവരുന്നു.]

ഗായകൻ : " പാടണോരല്ലോ--പാടണോരല്ലോ
ഇടനെഞ്ച് തുടിയാക്കി പാടണോരല്ലോ (സംഘം)
എല്ലിച്ച കയ്യിലെഴുന്ന ഞരമ്പുമുറുക്കീ
താളം കൊട്ടിപാടണോരല്ലോ (സംഘം)
ആടണോരല്ലോ തെറ്റുന്നതാളം
ചവിട്ടിക്കുഴഞ്ഞാടി വീഴണഓരല്ലോ—"
(സംഘം)

[പാട്ട് ആസ്വദിച്ചുകൊണ്ട് ഒരാൾ കടന്നുവന്നു നിൽക്കുന്നു.]

സംഘം : (തുടരുന്നു) പാടണോരല്ലോ.....പാടണോരല്ലോ

ആഗതൻ : (ശബ്ദം കുറഞ്ഞുവരുമ്പോൾ) എന്താ നിർത്തിക്കളഞ്ഞത്? മുഴുവനും കേൾക്കട്ടെ.

സംഘാംഗം : എന്ത്?

ആഗതൻ : പാട്ട്

അംഗം 2 : (ഉത്സാഹപൂർവ്വം) ഏതാ വേണ്ടത്? രമണൻ, കവളപ്പാറക്കൊമ്പൻ, നാറാണത്ത് ഭ്രാന്തൻ, സരോജിനിയുടെ കടുംകൈ, ഗുരുവായൂർ കേശവൻ, ഏതു വേണം സാർ.

അംഗം 3 : ആദ്യം രമണൻ തന്നെയാവട്ടെ, റഡി, വൺ, ടു, ത്രി, ഫോർ.
"മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതകക്കാന്തിയിൽ മുങ്ങി മുങ്ങി" [4]
[സംഘം ആഹ്ലാദനൃത്തത്തോടെ പാടിത്തകർക്കുന്നു.]

ആഗതൻ : നിർത്തു !
[സംഘം സ്തംഭിച്ചു നിൽക്കുന്നു.]

ആഗതൻ : എവിടെ ആ മലരണിക്കാടുകൾ? എവിടെ അതിന്റെ മരതകകാന്തി? മരുഭൂമിയായിക്കൊണ്ടിരിക്കുന്ന നമ്മുടെ നാടിനെപ്പറ്റി ഇനിയുമിങ്ങനെ നുണപറയാൻ നാണമില്ലേ നിങ്ങൾക്ക്?

നമ്മുടെ നാടിനെകുറിച്ച് നേര്പാടാമോ?

അംഗം : നേരുപറഞ്ഞുതന്നാൽ ഞങ്ങൾ പാടാം.

ആഗൻ : ഞാൻ പറഞ്ഞുതരാം. നിങ്ങൾ പാടണം. ഉറക്കെപ്പാടണം. ഇക്കൂടിയ മാളോരൊക്കെ കേൾക്കണം.

സംഘം : പറയൂ.

ആഗതൻ : പറയാം--ഞാൻ വരുന്നത് കോഴിക്കോടിനടുത്തമാവൂരിൽ നിന്നാണ്--കല്ലടയാറിന്റെ തീരത്തു നിന്നാണ് —ഉദ്യോഗമണ്ഡലിൽ നിന്നാണ്-ലാഭക്കൊതിയൻമാരായ കുത്തക കളുടെ അട്ടഹാസം മുഴങ്ങുന്ന മണ്ണിൽ നിന്ന്, ആയിരങ്ങളുടെ നിലവിളി പിടഞ്ഞുയരുന്ന മണ്ണിൽനിന്ന് കറുത്തിരുണ്ട ആ നേരുകൾ പാടാമോ? (ഉറക്കെ) പാടാമോ?

II

[സൈറൺ ശബ്ദമുയരുന്നു--സംഘം ഒരു യന്ത്രമായി മാറുന്നു. —ഒരാൾ യന്ത്രം സ്വിച്ച് ഓൺചെയ്യുന്നു.]

എം ഡി : (കടന്നുവന്ന് പ്രവർത്തനം നിരീക്ഷിക്കുന്നു) ഒന്നു വേഗമാകട്ടെടാ. കമ്പനി എത്ര നഷ്ട ത്തിലാണന്നറിയാമോ?

[എം ഡി പോകുന്നു. സൈറൺ ശബ്ദം--യന്ത്രം സ്വിച്ച് ഓഫ് ചെയ്യപ്പെടുന്നു. പ്രവർത്തനം നില യ്ക്കുന്നു.]

III

[ഒരു തൊഴിലാളിയെ ചുമലിൽ താങ്ങിയെടുത്ത് രണ്ടുപേർ ബദ്ധപ്പെട്ടുവരുന്നു.]

തൊഴിലാളികൾ : എന്തുപറ്റി.

ഒരാൾ : പെട്ടെന്ന് തലചുറ്റി വീണു.

[തറയിൽ കിടത്തുന്നു]

തൊഴിലാളികൾ : നമുക്ക് ഡോക്ടറെ വിളിക്കാം.

മറ്റൊരാൾ : വേണ്ട--ആശുപത്രിയിൽ കൊണ്ടുപോകാം.

തൊഴിലാളികൾ : അതെ. അതാണ് നല്ലത്. (തൊഴിലാളിയെ താങ്ങിയയെടുത്തു കൊണ്ടു പോകുന്നു.)

IV

[ആശുപത്രി : സദസ്സിനഭിമുഖമായി തലകൾ വരത്തക്കവണ്ണം രണ്ടുപേർ മുട്ടുകാലിൽ, കൈകൾ താഴെയുന്നി കട്ടിൽ ചമയ്ക്കുന്നു. തൊഴിലാളിയെ കട്ടിലിൽ കിടത്തുന്നു. തൊഴിലാളികൾ ഉൽക്ക ണ്ഠയോടെ ചുറ്റും കൂടിനിൽക്കുന്നു. ഒരാൾ ഫാൻ ഓൺചെയ്യുന്നു.]

ഒരാൾ : ഞാൻ പോയി ഡോക്ടറെ കൂട്ടിക്കൊണ്ടുവരാം. (പോകുന്നു)

[ഡോക്ടർ വരുന്നു. ജനസമ്പർക്കം ഇല്ലാത്തവനെ പോലെ ഭാവം. പരിശോധിക്കുന്നു-- തൊഴിലാളി മരിച്ചുകഴിഞ്ഞെന്നു മനസ്സിലാക്കുന്നു. തുണിവലിച്ചിട്ട് ശിരസ്സ് മൂടുന്നു. പോകു ന്നു.]

ഒരാൾ : എന്തായിരുന്നു സാർ രോഗം?

[ഡോക്ടർ ഉത്തരം പറയാൻ കൂട്ടാക്കാതെ പോകുന്നു. തൊഴിലാളികൾ, ശവം തോളി ലേറ്റി നടക്കുന്നു.]

[ശവവുമായി വരുന്ന തൊഴിലാളികൾ എതിർവശത്തു നിന്നു വരുന്ന എം ഡി യെ കണ്ടു നിൽക്കു ന്നു.]

എം ഡി : വാട്ട് ഹാപ്പൻഡ്? എന്തു സംഭവിച്ചു?

[തൊഴിലാളികൾ മുഖം കുനിച്ചു നിൽക്കുന്നു]

എം ഡി : ഓ! ഐസി....പാവം നല്ലൊരു തൊഴിലാളിയായിരുന്നു....എന്തുചെയ്യാം....പരേതന്റെ നിര്യാ ണത്തിൽ ഞാൻ അനുശോചനം രേഖപ്പെടുത്തുന്നു. പരേതനോടുള്ള ബഹുമാനസൂചക മായി നിങ്ങളെല്ലാവരും നാളെ കറുത്ത ബാഡ്ജ് ധരിച്ചുവേണം ഫാക്ടറിയിൽ വരാൻ. താൽക്കാലികാശ്വാസമായി 500 രൂപ പരേതന്റെ കുടുംബത്തിന് അനുവദിച്ചിരിക്കുന്നു—

[എം ഡി യെ എല്ലാ തൊഴിലാളികളും തുറിച്ചു നോക്കുന്നു. എം ഡി പോകുന്നു.]

തൊഴിലാളികൾ : "ഫൂ, അവന്റെ സൗജന്യം"

"രൂപം"

"ആർക്കുവേണം" (രോഷത്തോടെ പോകുന്നു)

## VI

[പണികഴിഞ്ഞിറങ്ങി വരുന്ന തൊഴിലാളികൾ വസ്ത്രം മാറുകയും കൈകാലുകൾ കഴുകുകയും ചെയ്യുന്നു.]

തൊ 1 : എന്താ മരണകാരണം.

തൊ 2 : ആർക്കും അറിയില്ലന്നാപറയുന്നത്.

തൊ 3 : ഇനി ആരൊക്കെയാണാവോ.

തൊ 4 : ആർക്കറിയാം

തൊ 5 : (ഇതെല്ലാം ശ്രദ്ധിച്ച്) എനിക്കറിയാം.

[അയാൾ ഒരു തൊഴിലാളിയുടെ ചെവിയിൽ മന്ത്രിക്കുന്നു. അത് എല്ലാവരിലേക്കും പടരുന്നു.]

അയാൾ : വെറുതെ ചത്തുവീഴാൻ നമ്മൾ മഴപ്പാറ്റകളൊന്നുമല്ലാ.

തൊ 1 : ശരീയാ--നല്ല സ്ഫടികം പോലെയൊഴുകിയിരുന്ന നദിയാ--ദേ കറുത്ത് കലങ്ങിക്കിടക്കുന്നു.

തൊ 2 : പുഴയിലെ മീനും പാമ്പുമെല്ലാം ചത്തുപൊങ്ങുകയാണ്.

തൊ 3 : പുഴവക്കത്തെ മനുഷ്യർക്കെല്ലാം ചൊറിയും ചിരങ്ങും ചുമയുമാണ്.

തൊ 4 : പിഞ്ചുകുഞ്ഞുങ്ങൾ പോലും ചത്തുവീഴുന്നു.

തൊ 5 : കുഞ്ഞുങ്ങൾ മാത്രമല്ല, ഈ നാടുമുഴുവൻ നശിക്കും. നാം ഈ വിഷവായുശ്വസിക്കണോ--നാം ഈ വിഷ വെള്ളം കുടിക്കണോ?

[തൊഴിലാളികൾ പല പ്രാവശ്യം ഏറ്റുചൊല്ലുന്നു. ആ ശബ്ദം പ്രചണ്ഡമായി ഉയർന്ന് ഫ്രീസ് ചെയ്യുന്നു.]

## VII

[കോടതി : ഒഴിഞ്ഞുന്യായാസനം — പ്രതിക്കൂട്ടിൽ എം.ഡി.ബഞ്ച് ക്ലർക്ക് സത്യം ചെയ്യിക്കുന്നു.]

ക്ലാർക്ക് : 1982-ൽ 138-ാം നമ്പറായിട്ടുള്ള കേസിലെപ്രതി ജലമലിനീകരണനിയന്ത്രണ ആക്ട് 21-ാം വകുപ്പനുസരിച്ച് നോട്ടീസും താക്കീതും ലഭിച്ചതിനുശേഷവും ആക്ടിന്റെ 26-ാം വകുപ്പിനെ ബോധപൂർവ്വം തെറ്റിക്കുകയും പുറത്തുവീഴുന്ന മലിനജലത്തിന്റെ മാലിന്യനിലവാരം അനുവദിച്ചതിൽ എത്രയോ കൂടുതലാക്കുകയും തദ്വാരാ നദീതീരവാസികളുടെ ആരോഗ്യത്തിന് ഹാനിവരുത്തുകയും സസ്യങ്ങളേയും കന്നുകാലികളേയും പുഴയിലെ മത്സ്യങ്ങളേയും നശിപ്പിക്കുകയും ചെയ്തതായി പരാതി ഉണ്ടായിരിക്കുന്നു. ആക്ടിലെ 24,25,43,44 എന്നീ സെക്ഷനുകൾ അനുസരിച്ച് പ്രതിശിക്ഷാർഹനാണ്.

[പ്രതിഭാഗം വക്കീൽ പ്രതിയെ ക്രോസ് വിസ്താരം ചെയ്യുന്നു.]

വക്കീൽ : താങ്കൾ മത്സ്യമാംസാദികൾ ഭക്ഷിക്കാറുണ്ടോ.

എം ഡി : നോ--നോ—ഞാനൊരു പരിപൂർണ സസ്യഭുക്കാണ്. ഐ ആം എ പ്യൂർ വെജിറ്റേറിയൻ.

വക്കീൽ : യുവർ ഓണർ! പ്ലീസ് മെയ്ക്ക് ഏ നോട്ട്--എന്റെ കക്ഷി ഒരു പൂർണ സസ്യഭുക്കാണ്--ഒരു പശുവിനെപ്പോലെ പരിശുദ്ധൻ—
ആട്ടെ, താങ്കൾ വായുവിലേക്കും ജലത്തിലേക്കും മാരകങ്ങളായ രാസവസ്തുക്കൾ വിസർജ്ജിക്കുന്നുണ്ടെന്ന ആരോപണം നിഷേധിക്കുന്നുണ്ടോ?

എം ഡി : നിഷേധിക്കുന്നു. രാസവസ്തുക്കൾ ഞാൻ കൈ കൊണ്ടുതൊടാറുപോലുമില്ല. യന്ത്രങ്ങൾ വല്ലതും ചെയ്യുന്നുണ്ടോ എന്നെനിക്കറിയില്ല--യന്ത്രങ്ങളല്ലേ? മിണ്ടാപ്രാണികൾ......

വക്കീൽ : സീ. അദ്ദേഹം തൊടാറുപോലുമില്ല, ആട്ടെ പൊതുമേഖലാസ്ഥാപനങ്ങൾ ഇത്തരം മലിനീകരണം നടത്താറില്ലേ?

എം ഡി : ഉണ്ടെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

വക്കീൽ : യുവർ ഓണർ--പൊതുമേഖലാസ്ഥാപനങ്ങൾ വൻ തോതിൽ ഇത്തരം മലിനീകരണങ്ങൾ നടത്താറുണ്ട്. താങ്കളുടെ തൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിന് താങ്കൾ എന്തെങ്കിലും ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ?

എം ഡി : തീർച്ചയായും, എന്റെ തൊഴിലാളികൾക്ക് മുട്ട,പാൽ,വെണ്ണ, വിറ്റാമിൻ ഗുളികകൾ ഇവയെല്ലാം ഞാൻ സൗജന്യമായി വിതരണം ചെയ്യാറുണ്ട്--അവർക്കു വേണ്ട ഒരു സൗജന്യ

ആശുപത്രിതന്നെ നടത്തുന്നുണ്ട്.

വക്കീൽ : റിയലി.......ഹോ......ഗ്രേറ്റ് ! യുവർ ഓണർ. എന്റെ കക്ഷി വ്യാവസായിക പുരോഗതിയും രാഷ്ട്രനൻമയും ലാക്കാക്കി പ്രവർത്തിക്കുന്ന ഒരു മാതൃകാ പൗരനാണ് എന്റെ കക്ഷി യുടെ നിലയും വിലയും ജനങ്ങൾക്ക് മാത്രമല്ല ഭരണകൂടങ്ങൾക്കുവരെ അറിവുള്ളതാ ണ്. ആയിരക്കണക്കിന് പട്ടിണിപ്പാവങ്ങൾക്ക് ജീവസന്ധാരണത്തിനുള്ള വഴിയുണ്ടാക്കു കയും തദ്വാരാ തന്റെ ജീവകാരുണ്യ തൽപരത ഏവരേയും ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുള്ള എന്റെ കക്ഷി ഒരു ഉറുമ്പിനെക്കൂടി വേദനിപ്പിക്കാൻ ആഗ്രഹിക്കാത്തവനും ആർഷഭാരതത്തിന്റെ ശാന്തിമന്ത്രമായ അഹിംസയിൽ വിശ്വസിക്കുന്നവനും ആയിരുന്നിട്ടു കൂടി എന്റെ കക്ഷിയുടെ സൽപ്പേരിന് കളങ്കമേൽപിക്കുന്നതിനുവേണ്ടി ചില തൽപരക ക്ഷികൾ കരുതിക്കൂട്ടി വ്യവഹാരപ്പെട്ടിരിക്കുകയാണ്. ഈ ആരോപണങ്ങൾ തീർത്തും സത്യവിരുദ്ധമാണ്.

എന്റെ കക്ഷിയുടെ ഫാക്ടറിയിൽ നിന്ന് പുറത്തു വരുന്ന ജലം മലിനമാണെന്നത് വെറും ദുരാരോപണമാണ്. സാമ്പിൾ പരിശോധന നടത്താൻ ബോർഡ് തീരുമാനിച്ചതായി ഒരു രേഖയുമില്ല. സാമ്പിളെടുത്തു എന്നുപറയുന്ന ഉദ്യോഗസ്ഥന് അതിന് യാതൊരു അധി കാരവുമില്ല. സാമ്പിളെടുത്ത ഉദ്യോഗസ്ഥൻ എന്റെ കക്ഷിയെ ബോധപൂർവം അപമാനി ക്കാനായി സാമ്പിളിൽ വിഷം കലർത്തിയാതാണ്. ഇതിനെല്ലാം പുറമെ എന്റെ കക്ഷി യാതൊരു രാസവസ്തുക്കളും കൈകാര്യം ചെയ്തതുമില്ല. എല്ലാം ചെയ്യുന്നത് യന്ത്രങ്ങ ളാണ്. ആക്ടിലെ 21,22,24,25 വകുപ്പുകൾ പ്രകാരമുള്ള നിബന്ധനകളെല്ലാം വാദിഭാഗം വക്കീൽ തെറ്റിച്ചിരിക്കുകയാണ്. എന്റെ കക്ഷിക്കെതിരെയുള്ള കുറ്റാരോപണം ഒരു തര ത്തിലും നിലനിൽക്കുന്നതല്ല. മാത്രമല്ല, എന്റെ കക്ഷിയുടെ ഫാക്ടറിയിൽ നിന്ന് പുറ ത്തേക്കു വിടുന്ന വാതകങ്ങളും ജലവും ഈ നാട്ടിലെ തൊഴിലില്ലായ്മ, പട്ടിണി തുട ങ്ങിയ മാറാരോഗങ്ങൾക്ക് ശാശ്വതപരിഹാരം നൽകുന്ന സിദ്ധൗഷധമാണ്. അതിനാൽ എന്റെ കക്ഷി നിരപരാധിയാണെന്ന് വിധിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട കോടതി യോട് ഞാൻ അപേക്ഷിക്കുന്നു. (പോകുന്നു)

ജഡ്ജി : വാദിഭാഗം വക്കീലിന്റേയും പ്രതിഭാഗം വക്കീലിന്റെയും വാദങ്ങൾ കേൾക്കുകയും തെളി വുകൾ പരിശോധിക്കുകയും ചെയ്തശേഷം പ്രതി കുറ്റക്കാരനല്ല എന്ന നിഗമനത്തിൽ ഈ കോടതി എത്തിയിരിക്കുന്നു. കാരണം ഒന്നാമതായി, പരാതി ബോധിപ്പിച്ച ബോർഡ് സെക്രട്ടറിക്ക് പരാതിപ്പെടാനുള്ള അധികാരമില്ല.

രണ്ടാമതായി, ഫാക്ടറി ചെയർമാന്റെ പേരിൽ കേസ്സെടുക്കാൻ ബോർഡ് തീരുമാനമി ല്ല.

മൂന്നാമതായി, 21, 22, 24, 25 വകുപ്പുകളനുസരിച്ച് അവശ്യം പാലിക്കേണ്ടതായ നിബന്ധ നകളെ അതിലംഘിച്ചതാണ് കേസ് സെടുത്തിരിക്കുന്നത്.

നാലാമതായി, 24, 25 വകുപ്പുകൾ അനുസരിച്ച് മലിന ജലത്തെ നേരിട്ട് പുഴയിലേക്ക് വിസർജിച്ചാൽ മാത്രമേ അത് കുറ്റമാകൂ.

അഞ്ചാമതായി, ഫാക്ടറി അങ്ങനെ മലിനജലം ആറ്റിലേക്ക് വിട്ടതായി കോടതി മുമ്പാകെ തെളിഞ്ഞിട്ടില്ല.

ആറാമതായി, രാസപരിശോധന നടത്തിയ ലാബറട്ടറി അംഗീകരിക്കപ്പെട്ടതല്ല.

അവസാനമായി, ബോർഡ് നിശ്ചയിച്ച് മാലിന്യനിലവാരനിബന്ധനകൾ കമ്പനിക്ക് സ്വീക രാര്യമല്ല. അവർ അപ്പീൽ പോയിട്ടുണ്ട്.

ബഹുമാന്യനായ പ്രതിയെ അവഹേളിക്കാനായി കരുതിക്കൂട്ടി നടത്തിയ ഈ ശ്രമത്തെ കോടതി ഗൗരവപൂർവം വീക്ഷിക്കുന്നു. അന്യായം ചെലവു സഹിതം തള്ളിയിരിക്കുന്നു. (കോടതി പിരിയുന്നു)

## VIII

[തൊഴിലാളികൾ സംസാരിച്ചു കൊണ്ട് ചെറുസംഘങ്ങളായി ഇരിക്കുകയും നിൽക്കുകയും ചെയ്യു ന്നു.]

ഒരാൾ : ഓരോരുത്തരായി നമ്മെ വിട്ടുപിരിഞ്ഞുകൊണ്ടിരിക്കുകയാണ്.

രണ്ടാ : “അതിനെപ്പറ്റി തന്നെയാണ് ഞങ്ങൾ ചിന്തിക്കുന്നത്.”

“നാം ഇങ്ങനെ ചിന്തിച്ചിരുന്നാൽ മതിയോ.”

"എന്ത് ചെയ്യണമെന്നതാണ് പ്രശ്നം"
"ജനങ്ങളാകെ ഇളകിയിരിക്കുകയാണ്. നാം അവരോടൊപ്പം ചേരുകയാണ് വേണ്ടത്."
ജനങ്ങൾ നമ്മുടെ പുറകിലുണ്ടാവും —

[എം ഡി വരുന്നു.]

ഒന്നാ : ആളുകളൊന്നൊന്നായി വിഷപ്പുകയേറ്റു മരിച്ചുകൊണ്ടിരിക്കുകയാണ്--ഇതിനൊരറുതി വരുത്തണം.

എം ഡി : ആളുകൾ മരിക്കുന്നോ? നമുക്ക് ഫാക്ടറി അടച്ചിടാം--എന്റെ ലാഭം അതെനിക്കൊരു പ്രശ്നമല്ല--നിങ്ങളുടെ ജീവിതത്തെക്കുറിച്ചോർക്കുമ്പോഴെ എനിക്ക് വിഷമമുള്ളൂ.

രണ്ടാ : ശുദ്ധീകരണത്തിനു വേണ്ട ഏർപ്പാടുണ്ടാക്കുകയാണ് വേണ്ടത്.

മൂന്നാ : വിഷപ്പുകയേറ്റാലും വേണ്ടില്ല. കെട്ട്യോളും കുട്ട്യേളും പട്ടിണി കിടക്കാതിരുന്നാൽ മതിയായിരുന്നു.

എം ഡി : കറക്ട്. നമ്മുടെ ഫാക്ടറി അടച്ചാലും ആളുകൾ വിഷപ്പുക ശ്വസിച്ചു മരിക്കും. ഈ അന്തരീക്ഷമാകെ വിഷമയമാണ്. സീ.......വിഷം ഒരാഗോളപ്രതിഭാസമാണ്.

മൂന്നാ : എങ്കിൽപിന്നെ ഫാക്ടറി പൂട്ടിയിട്ടെന്താ പ്രയോജനം.

എം ഡി : ഓ ! ഉണ്ട് —പട്ടിണി കിടന്നുമരിക്കാം.

മൂന്നാ : പട്ടിണി കിടന്നുമരിക്കാൻ ഞാനില്ല.
പട്ടിണി കിടന്നുമരിക്കാൻ ഞാനില്ല.

രണ്ടാ : ഫാക്ടറി അടച്ചിടുകയല്ല. ശുദ്ധീകരണ സംവിധാനമുണ്ടാക്കുകയാണ് വേണ്ടത്.

നാലാ : നിങ്ങളുടെ ലാഭം അൽപം കുറഞ്ഞൊന്നു വരും--പക്ഷെ അത്...........

രണ്ടാ : നിങ്ങളത് ചെയ്യണം.

ഒന്നാ : അല്ലെങ്കിൽ നിങ്ങളെക്കൊണ്ടത് ചെയ്യിക്കും.

ഒന്നിച്ച് : "ഞങ്ങൾക്കീ വിഷവായു ശ്വസിക്കാൻ വയ്യ
ഞങ്ങൾക്കീ വിഷവെള്ളം കുടിക്കാൻ വയ്യ"
[എം ഡി ചുരുങ്ങി പിറകോട്ടുമാറുകയും ആരവം ക്രമാനുഗതമായി വർധിക്കുകയും ചെയ്യുന്നു.]

എം ഡി : ഷട്ടപ്പ്. നിങ്ങളുടെ ആവശ്യം അംഗീകരിക്കുന്നു. ശുദ്ധീകരണസംവിധാനം ഉണ്ടാക്കാം. ഫാക്ടറി കുറച്ചു കാലം അടച്ചിടണം. ശുദ്ധീകരണ സംവിധാനമുണ്ടാക്കാൻ ആവശ്യമുള്ള ഒരു ചെറിയ സമയം, എന്തു പറയുന്നു?

മൂന്നാ : (മറ്റുള്ളവരോടായി) അത് വേണ്ടിയിരുന്നില്ല. കമ്പനി പൂട്ടിയാൽ നമ്മൾ പട്ടിണിയാവില്ലെ.

എം ഡി : സംശയമെന്താ? പട്ടിണി കിടക്കും. ഉള്ളതെല്ലാം നിങ്ങൾ വിറ്റുപെറുക്കും. നിങ്ങളുടെ കുഞ്ഞുങ്ങളുടെ കാതിലും കഴുത്തിലുമുള്ളതുവരെ നിങ്ങൾ വിറ്റുതലയ്ക്കും. നിങ്ങളുടെ പെണ്ണുങ്ങൾ ജീവിക്കാൻ വേറെ വഴിനോക്കും.
[തൊഴിലാളികൾ അസ്വസ്ഥരായി പിറുപിറുക്കുന്നു.]

രണ്ടാ : നിർത്ത് ! ഞങ്ങൾ എന്തുചെയ്യുമെന്ന് ഞങ്ങൾ തീരുമാനിക്കും. ഇപ്പറഞ്ഞതൊന്നുമാകില്ല. ഞങ്ങൾ പട്ടിണികിടക്കും. വിഷമങ്ങൾ സഹിക്കും. എന്നാലും ഈ കൂട്ടക്കുരുതിക്ക് ഞങ്ങളില്ല. കൂട്ടരെ, ഒരു ചെറിയ ഇടവേള. ശുദ്ധീകരണസംവിധാനമുണ്ടാക്കാനുള്ള ഏതാനും നാളുകൾ നമുക്കതംഗീകരിക്കാം.

എം ഡി : എന്റെ നഷ്ടം ലക്ഷക്കണക്കിനാണ്. ഞാനത് സഹിച്ചു. ദാറ്റീസ് ആൾ. എങ്കിലും.......ജനങ്ങളുടെ ഒരാവശ്യമല്ലെ. പിന്നെ എന്റെ മറ്റു ഫാക്ടറിക്കാവശ്യമുള്ള ഫൈബർ. (ആലോചിച്ച്) ങ് ഹാ.....അതിന് തൽക്കാലം ഞാൻ വേറെന്തെങ്കിലും ഒരേർപ്പാടുണ്ടാക്കാം. ശരി നിങ്ങൾ പിരിഞ്ഞു പൊയ്ക്കൊള്ളൂ. ഇക്കാര്യം ഇന്നു തന്നെ അനൗൺസ് ചെയ്യാം. ഞാൻ പത്രക്കാരെ വിളിക്കുന്നുണ്ട്.

## IX

[എം ഡി കടന്നുവരുന്നു. പത്രക്കാർ വന്ദിക്കുന്നു.]

എം ഡി : ഹല്ലോ. എല്ലാവരുമുണ്ടല്ലോ? ഒടുവിൽ തീരുമാനിച്ചു. ഫാക്ടറി അടച്ചിടാൻ.

പത്രം 1 : എത്രകാലത്തേക്ക്?

എം ഡി : അത് തീരുമാനിച്ചിട്ടില്ല. എനിക്കുതോന്നുന്നതുവരെ.

പത്രം 2 : ശുദ്ധീകരണ സംവിധാനമുണ്ടാക്കുന്നതിനുള്ള ഒരു ചെറിയ കാലയളവ് മാത്രമാണെന്നാണ് തൊഴിലാളികൾ പറയുന്നത്.

എം ഡി : എന്നവർ പറയുന്നു. ബട്ട് ദിസ് ഈസ് മൈ ഫാക്ടറി. എപ്പോൾ അടയ്ക്കണമെന്നും എപ്പോൾ തുറക്കണമെന്നും എനിക്കറിയാം. സീ ജെന്റിൽമെൻ (സ്വരം താഴ്ത്തി) ഈ ഫാക്ടറി ഒരിക്കലും തുറക്കില്ല.

പത്രം 3 : ഞങ്ങൾ എന്താണ് എഴുതേണ്ടത്. ശുദ്ധീകരണ സംവിധാനമുണ്ടാക്കാനല്ലെ ഫാക്ടറി അടച്ചിടുന്നത്?

എം ഡി : അതെ.

പത്രം 1 : എങ്കിൽ കുറച്ചുനാൾ കൊണ്ട് ആ ജോലികൾ തീർത്ത് ഫാക്ടറി തുറക്കേണ്ടേ?

എം ഡി : തുറന്നാൽ നിങ്ങൾ വെറുതെ ഇരുത്തുമോ? നിങ്ങളുമെഴുതില്ലേ, വായുമലിനീകരണം, ജലമലിനീകരണം. കുറെ പത്രക്കാരും ശാസ്ത്രക്കാരും കവികളും. നെവർ ഐ വിൽ ഓപ്പൺ മൈ ഫാക്ടറി.

പത്രം 2 : അപ്പോൾ നിങ്ങളുടെ മറ്റു ഫാക്ടറികൾക്കുള്ള പൾപ്പ് എവിടെ നിന്നു കിട്ടും.

എം ഡി : (മെല്ലെ ചിരിക്കുന്നു. പൊട്ടിച്ചിരിയായി മാറുന്നു) ദേർ യു ആർ. എന്റെ ഫാക്ടറികളിലേക്ക് ഞാൻ ചുരുങ്ങിയ വിലയ്ക്ക് വിദേശത്തു നിന്ന് പൾപ്പ് ഇറക്കുമതി ചെയ്യും. എനിക്ക് ഇമ്പോർട് ലൈസൻസുണ്ട്.

പത്രം 2 : ഇറക്കുമതിയോ?

എം ഡി : എന്താ സംശയം ? ഒന്നോർത്താൽ ഇവിടെയിനി, റാമെറ്റീരിയൽസ് ഒന്നും കിട്ടാനില്ല. മരങ്ങളെല്ലാം വെട്ടിത്തീർത്തു കഴിഞ്ഞു. യൂക്കാലി ആവശ്യത്തിനുമതിയാകില്ല. ബാക്കിയുള്ളത് ആ എവർ ഗ്രീൻ ഫോറസ്റ്റ് മാത്രമാണ്. അത് തൊട്ടാൽ ഈ ശാസ്ത്രക്കാരും സമരക്കാരും വിടില്ല. പോരാത്തതിന് ഇപ്പൊ കൊറെ പുതിയ ജഡ്ജിമാരും വന്നിട്ടുണ്ട്. ഇറക്കുമതി തന്നെ. ഒരുത്തന്റെയും സമരോം കൊടി പിടുത്തോം കാണണ്ട. എന്റെ തുണിമില്ലുകൾ ലാഭം കൊയ്യും.

പത്രം 3 : നിങ്ങൾ നമ്മുടെ രാജ്യത്തെ സമ്പദ്ഘടന തകർക്കുകയാണ്, ഭരണസംവിധാനം നശിപ്പിക്കുകയാണ്.

എം ഡി : (ചിരിച്ചു കൊണ്ട്) ഓ യു മീൻ ഗവൺമെന്റ് ? അവരാണ് എനിക്ക് ഇറക്കുമതിക്ക് ലൈസൻസ് തരുന്നത്.

പത്രം 1 : നിങ്ങൾ നിങ്ങളുടെ തൊഴിലാളികളെയും ഈ നാടിനെയും കഷ്ടപ്പെടുത്തുകയാണ്.

എം ഡി : കഷ്ടപ്പെടണം. യു നോ ബീഹാറിൽ ഞങ്ങളുടെ അസ്ബസ്റ്റോസ് ഖനിയുണ്ട്. അവിടെ ജോലി ചെയ്യുന്നത് ആദിവാസികളാണ്. പുവർ ട്രൈബൽസ്. എഴുപത്തഞ്ച് ശതമാനം പേർക്കും ക്യാൻസറാണ്. അസ്ബസ്റ്റോസ് നാരുകളാണ്. കാരണമെന്ന് ചില ഡോക്ടർമാർ പറയുന്നു. എന്നിട്ടെന്താ? അവിടെ ആരും കൊടിപിടിക്കുന്നില്ലല്ലോ. രാവിലെ മുതൽ രാത്രി വരെ കഷ്ടപ്പെട്ടു ജോലിചെയ്താലും അവർക്ക് രണ്ടോ മൂന്നോ രൂപകൊടുത്താൽ മതി. അനുസരണയുള്ളോർ. അധ്വാനശീലർ. അവരാണ് യഥാർത്ഥ തൊഴിലാളികൾ. ഇവിടെ വേജസ്, ബോണസ്, മെഡിക്കൽ എയ്ഡ് ഇതിനെല്ലാം പുറമെ കുറെ അരവട്ടുള്ള ശാസ്ത്രക്കാരുടെ എയർപൊളുഷൻ, വാട്ടർ പൊളൂഷൻ തുടങ്ങിയ മുദ്രാവാക്യങ്ങളും.

പത്രം 1 : ഞങ്ങൾ ഇക്കാര്യം എഴുതും.

എം ഡി : യൂ കാൻട്. നിങ്ങൾ എഴുതില്ല. നിങ്ങൾ എഴുതിയാൽ നിങ്ങളുടെ പത്രങ്ങൾ അതച്ചടിക്കില്ല. നിങ്ങളുടെ പത്രങ്ങൾ എന്റെ കയ്യിലാണ്. നിങ്ങളുടെ ഗവൺമെന്റ് എന്റെ കയ്യിലാണ്.

പത്രക്കാർ : ശരിയായിരിക്കാം. പക്ഷെ നിങ്ങളുടെ കയ്യിലല്ല ഇവിടത്തെ ജനങ്ങൾ. അവരീ ഫാക്ടറീതുറപ്പിക്കും.

എം ഡി : (പൊട്ടിച്ചിരിക്കുന്നു ) ലറ്റസ് സീ.

## X

[മുദ്രാവാക്യങ്ങൾ മുഴങ്ങുന്നു]

ഫാക്ടറി തുറക്കുക

ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തുക
ലോക്കൗട്ട് പിൻവലിക്കുക

[തൊഴിലാളികൾ പോസ്റ്ററുകൾ പതിക്കുകയും പ്രകടനം നടത്തുകയും മറ്റും ചെയ്യുന്നതിന്റെ ശൈലീ കൃത രംഗ ചേഷ്ടകൾ എം ഡി യെ തൊഴിലാളികൾ വളയുന്നു. ]

എം ഡി : എല്ലാവരും ശാന്തരാകുവിൻ. സമ്മതിച്ചിരിക്കുന്നു. ഒന്നര വർഷത്തിനുശേഷമാണെങ്കിലും നമുക്കൊന്നിച്ചു ചേരാം. ലോക്കൗട്ട് പിൻവലിച്ചിരിക്കുന്നു. ഫാക്ടറി തുറക്കാം. ഇനി മേൽ ഇവിടെ മലിനീകരണം ഉണ്ടാവുകയില്ല. നോക്കൂ ആകാശത്തിലുയർന്നുനിൽക്കുന്ന ശുദ്ധീകരണ പ്ലാന്റ്. സെക്രട്ടറി.

സെക്ര : യെസ് സാർ. അതെ ശുദ്ധീകരണ പ്ലാന്റ്......എന്തൊരു മഹാശ്ചര്യം

ഒന്നാമൻ : എവിടെ?

എം ഡി : അതാ കാണുന്നില്ലെ?ആകാശം മുട്ടെ, സെക്രട്ടറി

സെക്ര : യെസ് സാർ

എം ഡി : നമ്മുടെ ആകാശവാണിയിലെ കവിയോട് ഈ ശുദ്ധീകരണ പ്ലാന്റിനെക്കുറിച്ച് ഒരു കവിതയെഴുതി പ്രക്ഷേപണംചെയ്യാൻ പറയണം.

രണ്ടാമൻ : എവിടെ പ്ലാന്റ് ? അത് നമ്മുടെ വലിയ ബോയിലറല്ലേ.

എം ഡി : കണ്ടോ? സംശയാലുക്കൾ. അതിനടുത്തു കാണുന്ന നീണ്ട കുഴലുകൾ കണ്ടില്ലേ.

നാലാമൻ : ഇല്ല

എം ഡി : കാണില്ല! ഹോ, ഒരു വിശ്വാസവുമില്ലാത്ത കൂട്ടർ ഞാൻ തോറ്റു. എങ്കിൽ നേരിട്ടനുഭ വിച്ചു കൊള്ളുക (ആർദ്രമായി) നോക്കൂ നമ്മുടെ ആകാശം ഇപ്പോൾ പരിശുദ്ധമാണ്.

രണ്ടാമൻ : അത് മലിനമാക്കരുത്

എം ഡി : നോ. നമ്മുടെ പുഴയിൽമത്സ്യങ്ങൾ ധാരാളം വന്നു തുടങ്ങിയിരിക്കുന്നു. പളുങ്കു പോലെ തെളിഞ്ഞ വെള്ളമാണിപ്പോൾ.

രണ്ടമൻ : അത് വിഷം പോലെ കറുപ്പിക്കരുത്.

എം ഡി : നോ നോ എല്ലാവരും പിരിയുക. ആരും ഭയപ്പെടാ തിരിക്കുക. നമുക്കു കൂട്ടായി ശ്രമി ക്കാം.

## XI

സെക്രട്ടറി : സാർ....

എം ഡി : യെസ്, പറയൂ.

സെക്ര : ജലമലിനീകരണ നിയ്യന്ത്രണ ബോർഡ് എൻജീനിയറുടെ ടെസ്റ്റ് റിപ്പോർട്ട്. പുഴയിലെ വെള്ളത്തിൽ വീണ്ടും മെർക്കുറി കലർന്നിട്ടുണ്ട്. വാട്ട് വീൽ വീ റിപ്ലൈ.

എം ഡി : (ചുറ്റും നോക്കുന്നു) നാം മെർക്കുറി ഉപയോഗിക്കുന്നേയില്ല.

സെക്ര : നാം മെർക്കുറി ഉപയോഗിക്കുന്നേയില്ല. ഇല്ല....ഇല്ല

എം ഡി : പത്രക്കാരെ വിളിച്ചു പറയൂ.

സെക്ര : ശരി സാർ......ഒരു ബുദ്ധി.

എം ഡി : പറയൂ

സെക്ര : ഈ കലർന്നു എന്നു പറയപ്പെടുന്ന മെർക്കുറി കമ്പനിയെ കരിതേക്കാൻ മനഃപൂർവം ചിലർ പുഴയിൽ കലർത്തിയതാണ് എന്നൊരു കാച്ച് കാച്ചിയാലോ?

എം ഡി : ആരാ....ചിലർ?

സെക്ര : തൽപ്പരകക്ഷികൾ........ആ ശാസ്ത്രക്കാര് പിന്നെയാര്?

എം ഡി : നോൺസെൻസ്. അതൊന്നും ആരും വിശ്വസിക്കില്ല. സീ ഹു ഈസ് ദാറ്റ് എൻജിനീ യർ?

സെക്ര : ജലമലിനീകരണ ബോർഡ്....അല്ലല്ലാ ജലമലിനീകരണ നിയന്ത്രണബോർഡ്......

എം ഡി : അതെ, ആരെല്ലാമാണ് ആ നശിച്ച ബോർഡ്

സെക്ര : ഒരാള് നമ്മുടെ സ്വന്താളാണ്. വ്യവസായി, ദിവസ പ്രതി 4000 ലിറ്റർ ആസിഡ് കലർന്ന വെള്ളം തൊട്ടടുത്തുള്ള പുഴയിലേക്ക് ഒഴുക്കുന്ന പരമശുദ്ധൻ.....നമ്മുടെ കണ്ണൂരിലെ

പ്ലൈവു.......

എം ഡി : (ഇടക്കുകയറി) ഓ ഐ സീ. വീവിൽ ടീച്ച് ഹിം എ ലസ്സൻ....ഇന്നുതന്നെ ആ എൻജിനീയറെ--ബറ്റർ യു അറൻജ് ടു ട്രാൻസ്ഫർ ഹിം. മിനിസ്റ്ററെ ഒന്നു ഫോൺ ചെയ്ത് അറിയിച്ചാൽ മതി. ഞാൻ പ്രത്യേകം പറഞ്ഞു വെന്നു പറയൂ.

[പെട്ടെന്ന് "അയ്യോ". എന്ന് ദീനമായി ഒരു നിലവിളി ഉയരുന്നു. തൊഴിലാളികൾ രോഷാകുലരായി ഓടി വരുന്നു.]

ഒന്നാമൻ : നോക്കൂ. അതാകിടക്കുന്നു ഒരു ശവം.

നാലാമൻ: : ഞങ്ങളുടെ കൂട്ടത്തിൽ നിന്ന് ഒരാൾ കൂടി മരിച്ചു.

രണ്ടാമൻ : ശുദ്ധീകരണ സംവിധാനം ഇവിടെ ഉണ്ടാക്കിയിട്ടില്ല. പൾപ്പിറക്കുന്നതിനുള്ള ഒരു മറയായിരിന്നു അത്.

എം ഡി : ഇത്രയൊക്കെ എനിക്കു കഴിയൂ. ചത്തു വീഴുന്നത് ഓരോരുത്തരുടെയും ശരീര പ്രകതം കൊണ്ടാണം.

രണ്ടാമൻ: : നിർത്ത്. ഒരക്ഷരം മിണ്ടിപ്പോകരുത്. കൂട്ടുകാരേ, മനുഷ്യത്വം നഷ്ടപ്പെട്ട്, ലാഭക്കൊതി മൂത്ത് മനുഷ്യരെ കൊന്നുതീർക്കുന്ന വ്യവസായമേ നടത്താനാകൂ. ഞങ്ങൾക്കറിയാം എന്താണ് ചെയ്യേണ്ടതെന്ന്, ഞങ്ങളി ഫാക്ടറി നടത്തും. ഒരു മനുഷ്യനും വിഷപ്പപ്പുകയേറ്റുമരിക്കാതെ, ഒരു മനുഷ്യനും വിഷവെള്ളം കുടിക്കാതെ ഞങ്ങളീ ഫാക്ടറി നടത്തും. നിങ്ങൾ നിങ്ങളീ നാടിന്റെ ശാപമാണ്.

[നിങ്ങളീ നാടിന്റെ ശാപമാണ് എന്നാവർത്തിച്ചു കൊണ്ട് തൊഴിലാളികൾ എം ഡി ക്കു നേരെ നീങ്ങുന്നു. എം ഡി പിന്നോട്ടു നീങ്ങുന്നു. എംഡി രംഗത്തിന്റെ പിൻഭാഗത്തെത്തുന്നതോടെ ശബ്ദം ഉച്ച കോടിയിലെത്തി ഫ്രീസ് ചെയ്യുന്നു. ഒരു നിമിഷത്തിനുശേഷം ഉണർന്ന് ഗായക സംഘമായി മാറുന്നു.]

പാടണോരല്ലോ, പാടണോരല്ലോ,
ഇടനെഞ്ച് തുടികൊട്ടി പാടണോരല്ലോ (2)
എല്ലിച്ചകയ്യിലെഴുന്ന ഞരമ്പ് മുറുക്കി
താളം കൊട്ടി പാടണോരല്ലോ (2)
പാടണോരല്ലോ...............

[താളാത്മകമായി ലയിച്ചു പോകുന്നു.]

## കാറ്റ് മാറിവീശും

മുല്ലനേഴി

ഭരണമാറ്റങ്ങൾ പലതും നടന്നു. അധ്വാനിക്കുന്ന മനുഷ്യന്റെ കണ്ണീരുപുരണ്ട ജീവിതത്തിൽ കാര്യമായ മാറ്റമൊന്നും ഉണ്ടായില്ല. അവരുടെ കൂരകളിൽ ഇന്നും കൂരിരുട്ട് കൂത്തടിക്കുകയയാണ്. പക്ഷെ, നല്ലൊരു നായളെക്കുറിച്ച് അവർക്ക് പ്രതീക്ഷയുണ്ട്. കാറ്റ് മാറിവീശുമെന്ന് അവർക്കറിയാം. കാരണം, അവരാണ് ആ കാറ്റ് വിതച്ചത്.

(പുത്തൻ മടിശ്ശീലക്കാരനായ ഒരു മുതലാളിയെ പാച്ചുപിള്ള കാണികൾക്കിടയിലൂടെ ആനയിച്ചു കൊണ്ടുവരുന്നു. പാച്ചുപിള്ള മദ്യപിച്ചിട്ടുണ്ട്.)

പാച്ചുപിള്ള : മാറിനെടാ പിള്ളാരെ മുതലാളി വരുന്നതു കണ്ടില്ലേടാ....

(രണ്ടുപേരും വേദിയിൽ എത്തുന്നു.)

മുതലാളി : എടോ പാച്ചുപിള്ളേ, ആ കാണുന്ന തെങ്ങുന്തോപ്പ് ആരുടേതാ.

പാച്ചുപിള്ള : അത് മുതലാളിക്കുവേണ്ടി പുതിയതായി വാങ്ങിയ സ്ഥലമല്ലേ....ഈ പാച്ചുപിള്ളയാ എല്ലാം നോക്കി നടത്തുന്നത്.

മുതലാളി : (മറുവശം ചൂണ്ടി) അവിടൊരു പുതിയ വീടുകാണുന്നല്ലോ? അതാരുടേതാ....

പാച്ചുപിള്ള : അത് നമ്മുടെ മുറിബീഡി വലിച്ചുനടന്ന ശിവരാമന്റെയാ. അവനിപ്പൊ പേർഷ്യയിലാ....

മുതലാളി : ഈ കാണുന്നതെന്താണ്?

പാച്ചുപിള്ള : അയ്യോ അത് നമ്മുടെ കുടുംബക്ഷേത്രമല്ലിയോ? വല്യമ്മച്ചി രാവിലെ വന്നിരുന്നു തൊഴാൻ.

മുതലാളി : ഇതങ്ങു ആകെ പരിഷ്കരിച്ചല്ലോ?

പാച്ചുപിള്ള : അയ്യോ അത് പുനരുദ്ധാരണ സമിതിക്കാരൊക്കെയുണ്ടേ; അവര് പണംപിരിവ് ഒക്കെ ഉണ്ടാക്കിയതാണേ.

മുതലാളി : എടോ പാട്ടും കളം ഒക്കെ ഉണ്ടെന്നു പറഞ്ഞിട്ട് എവിടെടോ....

പാച്ചുപിള്ള : ഉണ്ടേ, ഇതാന്നേ നമ്മുടെ കുളപ്പുര....അല്ല കളപ്പുര. ഇപ്പോ വിളിക്കാമേ. ചാത്തോ....പൂഹേയ്....ഹോയ് എവിടെപ്പോയിക്കിടക്കുന്നടാ....

(വീണ്ടും കൂവുമ്പോൾ ചാത്തനും രണ്ടു കുട്ടികളും കടന്നുവരുന്നു.)

പാച്ചുപിള്ള : എവിടെപ്പോയി കിടക്കുവാടാ, ഇവിടെ വാടാ, ച്ഛീ....തൊഴടാ....മൊതലാളിയെ.

(ചാത്തനും കൂട്ടരും മൊതലാളിയെ വണങ്ങുന്നു.)

മുതലാളി : ഇവരൊക്കെ ആരാടാ?

ചാത്തൻ : അടിയന്റെ ക്ടാങ്ങളാണേ.

മുതലാളി : പാട്ടും കളീം ഒക്കെ അറിയാമോടാ....

ചാത്തൻ : അറിയാമേ....

മുതലാളി : നിന്റെ മൊഖത്തെന്താടാ ഒരു പ്രസാദമില്ലാത്തത്?

(മുതലാളി നൂറിന്റെ ഒരു നോട്ട് കൊടുക്കുന്നതായി നടിക്കുന്നു.)

പാച്ചുപിള്ള : അത്രയൊന്നും കൊടുക്കണ്ടാ മൊതലാളി. മുഴുവൻ പട്ടയടിച്ചുകളയും.

മുതലാളി : സാരമില്ലെടോ....കളിയ്ക്കട്ട്....

പാച്ചുപിള്ള : എടാ, പകുതി പാച്ചുപിള്ളക്ക് തരണേ....ആ....പാട്ടുപാടി കളിയ്ക്ക്.

(ഇഴഞ്ഞ താളത്തിൽ)

ചാത്തൻ : ചെമ്പരത്തി കൺതുറന്നേ....ചെമ്പുലരീ വരുന്നേ.

സംഘം : ആ....ചെമ്പരത്തീ കൺതുറന്നേ
ചെമ്പുലരീ വരുന്നേ.

ചാത്തൻ : തമ്പുരാൻമാർ മാറിമാറിമലഞ്ചേറുന്നേ.

സംഘം : ആ....തമ്പുരാൻമാർ മാറിമാറിമലഞ്ചേറുന്നേ.

മുതലാളി : ഛീ നിർത്തടാ....

പാച്ചുപിള്ള : നിർത്തടാ....

(പാട്ട് നിലച്ചു)

മുതലാളി : എന്താടാ നിന്റെ തന്ത ചത്തോ, നിന്ന് മോങ്ങുന്നത്. എടോ പാച്ചുപിള്ളേ പാട്ടും കളീം ഒക്കെ ഉണ്ടെന്നു പറഞ്ഞിട്ട് ഇവരുടെ കരച്ചിലും പിഴിച്ചിലും കേൾക്കാനാണോ വന്നത്?

പാച്ചുപിള്ള : എന്തടാ, പട്ടി മോങ്ങുന്നതുപോലെ ബോ....ന്നു മോങ്ങുന്നത്. എടാ പാട്ടുപാടി ഉഷാറായി കളിച്ചുകൊടടാ....

ചാത്തൻ : അടിയന്റെ കൂട്ടരെയൊക്കെ വിളിക്കണേ....

പാച്ചുപിള്ള : വിളിക്കെടാ നിന്റെ കൊരങ്ങന്മാരെയൊക്കെ....

(ചാത്തൻ വിളിക്കുന്നു.വിളികേട്ടുകൊണ്ട് അഞ്ചുപേർ പ്രവേശിക്കുന്നു.)

ഒരാൾ : (ദ്രുതതാളത്തിൽ)
ചെമ്പരത്തി കൺതുറന്ന്
ചെമ്പുലരി വരുന്നേ
തമ്പുരാന്മാർ മാറിമാറി
മഞ്ചലേറുന്നേ തെയ്....തെയ്

(സംഘം ചുവടുവെച്ച് വട്ടത്തിൽ കളിക്കുന്നു. മുതലാളിയും പാച്ചുപിള്ളയും ഒരു വശത്തു

നിന്ന് മദ്യപിക്കുന്നു. ഒരാൾ: അഭിനയിച്ചുകൊണ്ട്, മറ്റുള്ളവരും ചേരുന്നു.)

ഒരാൾ : ഞാറ്റുപാട്ടും തേക്കുപാട്ടും
ഞാങ്ങമറന്നേ....തെയ് തെയ്
റാക്കുമോന്തി, മോന്തിതോറും
മയങ്ങി വീഴുന്നേ തെയ് തെയ്
ചെമ്പരത്തി....

(സംഘം ഏറ്റുപാടുമ്പോൾ മറ്റൊരു ചുവടവെക്കുന്നു.)

ഒരാൾ : ചേറിലാണ്ട ജീവിതങ്ങൾ
നീറിനിൽക്കുന്നേ തെയ് തെയ്
കൂരതോറും കൂരിരുട്ട്
കൂത്തടിക്കുന്നേ തെയ് തെയ്
ചെമ്പരത്തി....

(സംഘം ഏറ്റുപാടി മറ്റൊരു ചുവടവെക്കുന്നു.)

ഒരാൾ : കാറ്റിലാടും കതിരുകൊത്തി
കിളി പറക്കുന്നേ തെയ് തെയ്
കാറ്റുമാറി വീശുമെന്ന്
ഏങ്ങളറിഞ്ഞേ തെയ് തെയ്

(സംഘം ഏറ്റുപാടി ചുവടുവെക്കുന്നു. പകുതിയാകുമ്പോൾ)

മുതലാളി : ഫ.... (പാട്ടുനിൽക്കുന്നു). എന്തടാ പറഞ്ഞത്?
("കാറ്റുമാറി വീശുമെന്നു"ള്ള വരി ഒരു പ്രാവശ്യംകൂടി പാടുന്നു....നിർത്തുന്നു.)

മുതലാളി : എന്റെ കാശുംവാങ്ങി പട്ടയടിച്ചിട്ട് എന്റെ നെഞ്ചത്ത് കേറാൻ വരുന്നോ....പാച്ചുപിള്ളേ ചോദിക്കെടോ....

പാച്ചുപിള്ള : എടാ ഏതു കാറ്റാടാ വീശുന്നത്, എടാ മുതലാളിക്കെതിരായി ഇവിടെ ഒരു കാറ്റും വീശാൻ പോണില്ലടാ....

(പെട്ടെന്ന് സംഘം അവരെ ചുറ്റി ദ്രുതതാളത്തിൽ ചുവടുവെച്ച് കളിക്കുന്നു.)

കാറ്റിലാടും കതിരുകൊത്തി
കിളി പറക്കുന്നേ തെയ് തെയ്
കാറ്റുമാറി വീശുമെന്ന്
ഞാങ്ങളറിഞ്ഞേ തെയ് തെയ്.

(ഇതിനിടയിൽ മുതലാളിയും പാച്ചുപിള്ളയും വലയം ഭേദിച്ച് രക്ഷപ്പെടുന്നു. സംഘം മതിമറന്ന് നൃത്തംചെയ്യുന്നു.)

### ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക്

മൂപ്പനും കൂട്ടരും പാടിക്കളിച്ച് കടന്നുവന്ന് രണ്ടുവരിയായി മുഖാമുഖം നിൽക്കുന്നു.
തന്നനാ താനന്നന താനന്നെ തിത്തൈ തന്നന
അനൗൺസ്മെന്റ് വാഹനം കടന്നുപോകുന്നു. ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കുള്ള മഹത്തായ പ്രയാണം ഈ പൈലറ്റ് വാഹനത്തിന്റെ തൊട്ടുപിന്നാലെ കടന്നു വരുന്നു.
മൂപ്പൻ- കേട്ടില്ലേ കൂട്ടരെ തൊർക്കത്തോട്ടുള്ള തേരു വരുന്നൂന്ന്. നമ്മളെയല്ലാം സുകിപ്പിക്കാൻ കൊണ്ടുപോകുമെന്ന്. വരിൻ കൂട്ടരെ
താനന്നാ തന്നന്നാരൊ താനന്നാ തന്നന്നാരൊ
സംഘം പാടിക്കളിക്കുന്നു.
തൊർക്കത്തേക്കൊരു തേരോടുന്നേ
തുക്കിക്കണെ കൂട്ടര് വന്നോളിൻ
കണ്ടനും കോരനും മുണ്ടനും മുടന്തനും
തെണ്ടിനടക്കണ തെരുവിലെ മക്കളും
തെണ്ണോം തീനോം വയ്യാത്തോരും

കണ്ണും കാതും കേക്കാത്തോരും
അക്ഷരവിദ്യപഠിക്കാത്തോരും
എച്ചിലുതിന്നു നടക്കുന്നോരും
വീടും കൂടും ഇല്ലാത്തോരും
ചോലീം വേലേം ഇല്ലാത്തോരും
ഹരിജന ഗിരിജന പൊരിജനവർഗ്ഗോം
ഇരവും പകലും പണിചോയ്യോരും

ഇരുപത്തൊന്നാം നൂറ്റാണ്ടിനുപോൽ
വരിനോ അവിടെ തൊർക്കം കാണാം
ടെലിവിശനുണ്ടേ കമ്പ്യൂട്ടർ പൊൻ-
തളികേൽ പാലും പയവും തരുവേ
പളപള മിന്നും കോട്ടും സൂട്ടും
കെളവന് പോലും കാലുറയുണ്ടേ
അച്ചരമറിയാത്തോർക്ക് നവോദയ
വിദ്യാലയമുണ്ടാക്കിത്തരുവേ
ഇരുപത്തൊന്നാം നൂറ്റാണ്ടിനുപോൽ
വരിനോ വരിനോ തമയം പോണേ

വാഹനം- ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കുള്ള മഹത്തായ പ്രയാണം ഇതാ ഇവിടെ എത്തിച്ചേർന്നിരിക്കുന്നു.

മൂപ്പൻ- ദേടാ കൊച്ചുങ്ങളെ, ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കുള്ള വണ്ടി എത്തിക്കഴിഞ്ഞെന്ന് നമുക്കും ഒരുങ്ങി നിൽക്കാം.

(തിക്കും തിരക്കും തയ്യാറെടുപ്പിന്റെ ബഹളവും)

മൂപ്പൻ- ബഹളമുണ്ടാക്കാതെ നിൽക്കിൻ കൂട്ടരെ- എല്ലാവരേം കൊണ്ടുപോകാം- ഈ മൂപ്പനിരിക്കണ കാലം ഒരുത്തനേം ഇവിടെ ഇട്ടേച്ചു പോകത്തില്ല.

ഒരാൾ- അല്ല മൂപ്പാ എക്കൊരു സംശയം- ഇതിപ്പം ഏതാ നൂറ്റാണ്ട്.

മൂപ്പൻ- അതിപ്പോ ഏതായാലെന്താടാ കൊച്ചുങ്ങളെ- അതൊക്കെ നമുക്ക് അവരോട് ചോദിക്കാം.

എല്ലാവരും- ശരിയാ- അവരോട് ചോദിക്കാം

മൂപ്പൻ- കൊച്ചുങ്ങളെ- അതാ ശബ്ദം കേക്കുന്നെടാ-20 കുതിരകളെക്കെട്ടിയ തേര്- നമ്മളെയൊക്കെ കൊണ്ടുപോകാനാണെടാ!

ഒരാൾ- രണ്ട് കൊടിപാറണ കണ്ടോ മൂപ്പാ-

വേറൊരാൾ- ദാ- നെറ്റിപ്പട്ടം കെട്ടിയ രണ്ടാന-

മൂപ്പൻ- നിങ്ങളങ്ങ് ഒതുങ്ങിനിൽക്കെടാ- അത് തമ്പ്രാക്കള് വരണ തേരാ

വേറൊരാൾ- നമ്മളെ എല്ലാരേം കേറ്റത്തില്ലേമൂപ്പാ-

മൂപ്പൻ-ഞാൻ നേരത്തെ പറഞ്ഞില്ല്യോ, ഞാനൊള്ള കാലത്തോളം യൊരുത്തനും പേടിയ്ക്കണ്ടാന്ന്?

വേറൊരാൾ- അതല്ല മൂപ്പാ! ഇക്കണ്ട മാളോരൊക്കെ അതിന്റുള്ളില് കേറ്വോ?

മൂപ്പൻ- വലിയ വണ്ടിയാണെടാ കൊച്ചനേ അത്- എല്ലാവരേം കൊണ്ടുപോകും.

വേറൊരൾ- അതിന് വലിയ ഇസ്പീഡായിരിക്കും അല്ലേ മൂപ്പാ.

മൂപ്പൻ- അതേടാ കൊച്ചനേ അധികനേരമൊന്നും അത് നിർത്തുകയില്ല. എല്ലാവരും ഒരുങ്ങിനിന്നോണം- കെട്ടും ഭാണ്ഡവുമൊക്കെ മുറുക്കിക്കോ.

(തയ്യാറെടുപ്പിന്റെ ബഹളം. എല്ലാവരും ഒരുങ്ങുന്നു.

ഒരാൾ- ഈ കോഴിക്കൂടും കൂടെ എടുക്കട്ടെ മൂപ്പാ.

മൂപ്പൻ- എടുത്തോടാ കൊച്ചനേ- ആ വട്ടമുറോം കൂടെ എടുത്തോ

ഒരാൾ- എന്റെ പട്ടിയെക്കൂടെ ഞാൻ കൊണ്ടുപോയ്ക്കോട്ടെ?

വേറൊരാൾ- രാഹുകാലം കഴിഞ്ഞോ മൂപ്പാ.

മൂപ്പൻ- അത് പിന്നെ, തമ്പ്രാക്കൻമാര് അതൊക്കെ നോക്കത്തില്ല്യോ? രാഹുകാലം കഴിഞ്ഞേ അവര് പൊറപ്പെടൂ.

(എല്ലാവരും കെട്ടും ഭാണ്ഡവുമായി തയ്യാറായി നിൽക്കുന്നു. വണ്ടി വരുന്നു)

ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ

പടിക്കലെത്തി നമ്മൾ
ഒച്ചുകളെയും കവച്ചുവെച്ച്
കുതിച്ചു പായുക കാളേ
കുണ്ടും കുഴിയും നിറഞ്ഞ കാലത്തിൽ
പഞ്ചായത്ത് നിരത്തിൽ
ഈ 80 കോടിയേം കൊണ്ടേ പായുക
നൊണ്ടിനടക്കും കാളേ
(വണ്ടി ചുറ്റിവന്ന് നിൽക്കുന്നു. അതുവരെ മൂപ്പരും കൂട്ടരും വണ്ടി ശ്രദ്ധിച്ച് നോക്കിക്കാണുന്നു)
ഒരാൾ– ഇതാണോ മൂപ്പാ മൂപ്പൻ പറഞ്ഞ 20 കുതിരകളെ പൂട്ടിയ തേര്
വേറൊരാൾ– അയ്യോ ഇത് രണ്ട് നൊണ്ടിക്കാളയല്ലേ?
മൂപ്പൻ– അങ്ങനെ പറയല്ലേ കൊച്ചുങ്ങളേ– കാളയായാലെന്താ കുതിരയായാലെന്താ, നമുക്ക് പോയാൽ പോരേ?
വേറൊരാൾ– അതന്നെ– ഇനി അഥവാ നമ്മളെ കേറ്റീല്ലെങ്കിൽ നമുക്ക് ഇതിന്റെയൊപ്പം നടന്നുപോകാലോ.
മൂപ്പൻ– എല്ലാവരും വരിയായി നിന്നോണം. ആദ്യം ഈ കാലു വയ്യാത്ത കൊച്ചൻ നിന്നോട്ടെ.
(നിരയായി നിൽക്കുന്നു)
വണ്ടി– അല്ല– എങ്ങോട്ടാ മൂപ്പീന്നേ
മൂപ്പൻ– ഞങ്ങളും കൂടെ അങ്ങോട്ടുവരുവാന്നേ
വണ്ടി– എങ്ങോട്ട്
മൂപ്പൻ– മുമ്പേ തമ്പ്രാക്കള് ഇതിലെ വിളിച്ചു പറഞ്ഞോണ്ടുപോയില്ലേ. ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് പോകുന്നുണ്ടെന്ന്. എങ്ങളും അങ്ങോട്ടുതന്ന്യാ.
വണ്ടി– ശരി ശരി. കൊണ്ടുപോകാം– അതിനു മുമ്പ് പട്ടിക ഒന്നുനോക്കണം. (വണ്ടിയിലേക്ക്) വായിച്ചേ–
വണ്ടിയിൽ നിന്നും: ഗോവർദ്ധൻദാസ് ടാറ്റ പു 44
മഹാവീര ബിർള പു 52
സ്വാമി മഹേഷ് യോഗി പു 50
ശ്രീമതി ഫൂലൻ ദേവി സ്ത്രീ 24
ചാൽസ് ശോഭ് രാജ്ജി പു 50
സുകുമാരക്കുറുപ്പ് പു 38
വണ്ടി– നിങ്ങടെയൊക്കെ പേരൊന്ന് പറഞ്ഞേ
മൂപ്പൻ– ഈ കാല് വയ്യാത്ത കൊച്ചന്റെ പേര് കൊമരൻ
കൊമരൻ– അതെ, കണ്ടൻ മകൻ കൊമരൻ
മൂപ്പൻ– ഏൻ വേലൻ മകൻ കുഞ്ഞൻ
–ഏൻ ചാത്തൻ
–ഏൻ കറമ്പൻ
–ഏൻ നീലി
–ഏൻ കൊച്ചുപെണ്ണ്
–ഏൻ ചീരൻ
വണ്ടി– ഇതൊന്നും ഈ പട്ടികേലില്ലല്ലോ
മൂപ്പൻ– അയ്യോ തമ്പ്രാക്കളേ, എങ്ങള് അസ്സല് പട്ടിക തന്ന്യാ
(ജോത്സ്യൻ വരുന്നു– വരിതെറ്റിച്ച് പോകുമ്പോൾ സംഘം ഇടപെടുന്നു– വണ്ടിക്കാരൻ ഇടപെട്ട്)
വണ്ടി– നിങ്ങളാരാ?
ജ്യോ– ഭേഷ്!ഭേഷ്! (ഒരു ശ്ലോകം ചൊല്ലിയിട്ട്)– എന്നല്ലോ പ്രമാണം. ഈ മുഖത്ത് നോക്കീട്ട് സർവ്വൈശ്വര്യവും ഒത്തിണങ്ങിയതായിട്ടാണ് കാണുന്നത്. തിങ്കളാഴ്ചയും പൗർണ്ണമാസിയും ഹായ്! യാത്ര മംഗളകരമാകും. മാത്രമല്ല ഇത്തവണ ഈ രഥം തെളിക്കുക ഈ കരങ്ങളായിരിക്കുമെന്നു ഞാൻ പ്രവചിക്കുന്നു. എന്നാൽ ഞാനും കൂടി പ്രവേശിക്കുകയല്ലേ
വണ്ടി– പേരെന്താ
ജ്യോ– ജ്യോതിഷചിന്താമണി ബ്രഹ്മാനന്ദ് പുരോഹിതൻ
വണ്ടി– (ഉറക്കെ) പട്ടികേലൊണ്ടോ
വണ്ടിയിൽ നിന്നും(ഉറക്കെ) ഇ–ല്ലാ...

വണ്ടി– ഉറക്കെ എന്നാൽ എഴുതിച്ചേർത്തേരെ— (ചിന്താമണിയോട്) കയറിക്കോളൂ. പിന്നെ ഒരു കാര്യം– അവിടെ ഈ ഭാഷയൊന്നും പോരാ! കാര്യങ്ങളൊക്കെ ഇംഗ്ലീഷിൽ വേണം പറയാൻ.
ജ്യോ– അതൊക്കെ ഞാൻ വണ്ടീലിരുന്ന് പഠിച്ചോളാം. (കയറുന്നു)
കോരൻ– അതെന്തോ ഏർപ്പാടാ? ഞങ്ങളെത്ര നേരമായി ഇങ്ങനെ കാത്തുകെട്ടിക്കിടക്കുന്നു. എന്നിട്ടിപ്പഴ് ഞങ്ങളെയെടുക്കാതെ ഇതെന്തോ ഏർപ്പാടാ
വണ്ടി– അങ്ങനങ്ങ് ചൂടായാലോ ആട്ടെ പേരെന്താ
കോരൻ– കോരൻ
വണ്ടി– കോരനെന്താ പണി
കോരൻ– കരിങ്കല്ല് പൊടിക്കലാ
വണ്ടി എങ്ങനെ? ഈ കൈകൊണ്ടോ?
കോരൻ– ആ ! കൈകൊണ്ട് തന്നെ
വണ്ടി– എന്നാലേ, അവിടെ ഈ കയ്യിന്റെ ഒരേർപ്പാടും ഇല്ല. അവിടെ അതിനൊക്കെ സ്റ്റോൺക്രഷർ(തള്ളിമാറ്റുന്നു)
ഇനി ഇക്കൂട്ടത്തിൽ ഇല്ലിറ്ററേറ്റ്സ് ആരെങ്കിലുമുണ്ടോ?
ഒരാൾ– ദേ ഇവൻ സ്ക്കൂളിപ്പോയിട്ടുണ്ട്.
വണ്ടി– അതല്ലെടോ! അക്ഷരാഭ്യാസമില്ലാത്ത ആരെങ്കിലും ഉണ്ടോ–ന്ന്
ഓ! അതാണോ
വ– ആങ്! അങ്ങനെയുള്ളവർ ഇങ്ങ് മാറിനിന്നേ– നോക്കട്ടെ
(കുറെപ്പേർ മാറിനിൽക്കുന്നു)
വ– ഓ! ഇത്രപേരേയൊന്നും കൊണ്ടുപോകാൻ പറ്റത്തില്ല. പരിശോധിക്കണം.
(പരിശോധകൻ വണ്ടിയിൽ നിന്നിറങ്ങി വരുന്നു! പരിശോധിക്കുന്നു. ഒന്നാമൻ അനുസരണ കാട്ടുന്നു. രണ്ടാമത്തെ ആൾ ചവിട്ടുകയും മൂന്നാമത്തെ ആൾ കുത്തുകയും ചെയ്യുന്നു. ഒന്നാമത്തെ ആളെ ചൂണ്ടി –) ഇത് കുഴപ്പമില്ല.
വ– ഉം.....നവോദയ (പരിശോധകൻ പോസ്റ്റർ എടുത്ത് പുറത്ത് ഓടിക്കുന്നു. എന്നിട്ട് അകത്തേക്ക് വിടുന്നു)
(പുറത്ത് നിന്ന്മറ്റൊരാൾ വരുന്നു)
വണ്ടി– മനസ്സിലായില്ലല്ലോ
അയാൾ– ഞാനൊരു ചെറുകിട വ്യവസായിയാണ്.
വണ്ടി– എന്നുപറഞ്ഞാൽ
അയാൾ– ഈ സാമ്പാറുപൊടി, മുളകുപൊടി മുതലായവയുടെ ഉല്പാദനം
വണ്ടി– വിദേശബന്ധം വല്ലതുമുണ്ടോ? കാഡ്ബറീസ്, സിബാഗീഗീ, സുസുക്കി.....
അയാൾ– ഏയ്! അങ്ങനെയൊന്നും ഇല്ല. നാടൻ വാങ്ങി നാടു നന്നാക്കുക എന്നതാണ് ചെറുകിട വ്യവസായികളുടെ നയം.
പരിശോ– എന്തു വ്യവസായം?
അയാൾ– ചെറുകിടവ്യവസായം
പരി– ഓ! തരികിട വ്യവസായം. വേണ്ട വേൺ. കുറഞ്ഞത് യൂണിയൻ കാർബൈഡുമായി എങ്കിലും ബന്ധമുണ്ടായിരിക്കണം......പോയാട്ടെ. (അയാൾ പോകുന്നു) നെക്സ്റ്റ്.... ഓ ഇനി ആരുമില്ലെന്നാ തോന്നുന്നത്. നമുക്കു പോകാം. (കയറുന്നു)
വ– (ഉറക്കെ) ജ്യോതിഷചിന്താമണി കയറിയില്ലേ?
–ഹാജർ
നവോദയാ? ഹാജർ
ഗോവർദ്ധൻ ടാറ്റാ ഹാജർ
മഹാവീർ ബിർള ഹാജർ
ഫൂലൻദേവി ഹാജർ
ശരി പുറപ്പെടാം. (കയറുന്നു, പാട്ട്–അപ്പോൾ മൂപ്പനും സംഘവും ഇടപെടുന്നു.ബഹളം. അതിനിടയിലേക്ക് ഒരാൾ– തടിച്ച സമ്പന്നനായ ഒരുവൻ– ഓടിവരുന്നു)
അയാൾ– നിൽക്കട്ടെ. നിൽക്കട്ടെ വണ്ടി നിൽക്കട്ടെ
പരി– സ്റ്റോ–പ്പ് (ഇറങ്ങിവരുനന്ു കാര്യമെന്താ?
(അയാൾ) ചെവിയിൽ സ്വകാര്യം പറയുന്നു.
പരി– (ബഹുമാനം) ഓ! (വണ്ടിക്കാരനോട്) ലോകനാണയപ്രഭു–ലോകനാണയപ്രഭു

വണ്ടി- ഓ! കയറിക്കോളൂ- കയറിക്കോളൂ

കയറുന്നു. (സംഘം ഇടപെടുന്നു. പ്രഭു കയറുന്നതോടെ വണ്ടി തകരുന്നു. പരിശോധകൻ ആദ്യം വണ്ടിക്കാരനെയും പിന്നെ പ്രഭുവിനെയും പിടിച്ചെഴുന്നേൽപിക്കുന്നു. തുടർന്ന് വണ്ടി തല്ലിക്കൂട്ടുന്നു. പക്ഷെ കാളകൾ എഴുന്നേൽക്കുന്നില്ല.) രക്ഷയില്ല എന്നു വണ്ടിക്കാരനോട്-

മൂപ്പൻ- നിങ്ങൾ വിചാരിച്ചു ഒറ്റയ്ക്ക് പോകാമെന്ന്- അല്ലേ?

എല്ലാവരും- അത് നടക്കത്തില്ല.

മൂപ്പൻ- ഈ കല്ല് പൊട്ടിച്ചത് ഞങ്ങളാ.

ഒരാൾ- ഈ പാത വെട്ടിയത് ഞങ്ങളാ

ഒരാൾ- ഈ വണ്ടി പണിതത് ഞങ്ങളാ

എല്ലാവരും- ഞങ്ങളാ ഞങ്ങളാ ഞങ്ങളാ

മൂപ്പൻ- എന്നിട്ട് ഞങ്ങളില്ലാതെ അങ്ങു പോകാമെന്നു കരുതി അല്ലേ?

സംഘം- (പാട്ട്)

കാലം തിരിഞ്ഞു വരുന്നു
നവലോകം നമുക്കു വരുന്നൂ
മാരിക്കാറകന്നോരു മാനത്ത് ചെങ്കതിരോൻ
നേരേയുദിച്ചു വരുന്നൂ
ഇരുളോടിയകന്നു വരുന്നൂ
മാറ്റങ്ങൾ വന്നു മർത്ത്യനേറ്റം ഉയർന്നു ശാസ്ത്ര
നേട്ടങ്ങൾ കൊണ്ടു ജയിച്ചു
ചിലർ മാത്രം ഇരുന്നു സുഖിച്ചു
കാലിക്കു തുല്ല്യമായി വേലയ്ക്കു നിങ്ങൾ കണ്ട
പാരിന്റെ മക്കളുണർന്നൂ
പുതിയൊരു പാതയ്ക്കു വേണ്ടി നിരന്നൂ
പാടി ചുവടുവെച്ചു സദസ്സിലേക്ക്-

**ഒത്തുകളി**

സംഘം- പണിചെയ്യുന്നു

തെയ്യാംരം തെയ്യാരം തക തെയ്യാരം താരോ
തെയ്യാംരം തെയ്യാരം തക തെയ്യാരം താരോ

(രണ്ടുദ്യോഗസ്ഥൻമാർ കടന്നുവരുന്നു)

ഒരാൾ- തീങ്ങിയിരിയിടാ വഴിയിലാണോ ഇരിക്കുന്നത്.

(അപരൻ ഫയൽ തുറന്ന് പേര് വിളിക്കുന്നു)

അപരൻ-1.മേല വെളിഞ്ഞാറ്റിൽ കണ്ടൻ മകൻ കോരൻ ആരേടോ?

(ഒരാൾ നീങ്ങിനിൽക്കുന്നു)

2. പടിഞ്ഞാറെ തുരിത്തിൽ കറുമ്പൻ മകൻ വെളുമ്പൻ

(മറ്റൊരാൾ എഴുന്നേൽക്കുന്നു)

3.താഴെക്കണ്ടത്തിൽ വെള്ളൻ മകൻ ചാത്തൻ

(മൂന്നാമൻ എഴുന്നേൽക്കുന്നു)

മൂപ്പൻ എഴുന്നേറ്റ്- തമ്പ്രാനോ. പുള്ളേരെ എന്തിനാണ് വിളിച്ച് നിർത്തിയിരിക്കുന്നത് . തർക്കാരീന്ന് വല്ല തഹായോം കൊടുക്കാനാണോ.

ഉദ്യോഗ- ഉണ്ടെടാ ഉണ്ട്. നീയൊക്കെ സർക്കാരീന്ന് കാശും വാങ്ങി മിണ്ടാതിരിക്കയ്ല്ലേ.

മൂപ്പൻ- അടിയങ്ങൾക്കെവിടന്നും കാശൊന്നും കിട്ടീട്ടില്ലേ.

ഉദ്യോ2- വീടുവെയ്ക്കാനെന്നും പറഞ്ഞ് സർക്കാരീന്ന് കടം വാങ്ങീത് തിരിച്ചടക്കാത്തതുകൊണ്ടാണ് ഞങ്ങൾക്കിപ്പോഴിങ്ങോട്ട് വരേണ്ടി വന്നത്.

(മൂപ്പനും കൂട്ടരും അമ്പരക്കുന്നു)

ഉദ്യോ1- ആപ്പീസിൽ വന്ന് ഒപ്പ് വച്ച് കാശും വാങ്ങീട്ട് ഇപ്പോ കള്ളം പറയുന്നോ?

(കൂട്ടത്തിൽ നിന്നൊരാൾ മുന്നോട്ട് വന്ന്)

ഒരാൾ-മൂപ്പാ നമ്മുടെ മെമ്പറ് തമ്പ്രാൻ മുമ്പോരൂ ദിവസം നമ്മുടെ വിരലേൽ പിടിച്ച് ഒപ്പിടീച്ചത് വല്ലതുമാണോ?

ഉദ്യോ2- കണ്ടോ കണ്ടോ കാശും വാങ്ങിച്ച് കള്ളും കുടിച്ച് കള്ളം പറയുന്നേ.

ഉദ്യോ1-നാളെ വൈകുന്നതിനകം പണം മുഴുവൻ ആപ്പീസിൽ കൊണ്ടുവന്ന് അടച്ചില്ലെങ്കിൽ മുഴുവനമ് സാധനങ്ങളും ഞങ്ങൾ ജപ്തി ചെയ്തുകൊണ്ടുപോകും.(ഇരുവരും കടന്നുപോകുന്നു)
മൂപ്പരും സംഘവും മെമ്പർ തമ്പ്രാന്റെ വീട്ടിലേക്ക് പോകുന്നു.
മൂപ്പൻ -തമ്പ്രാനെ (ഒരാൾ കടന്നുവരുന്നു)
മൂപ്പൻ-തർക്കരീന്ന് ജപ്തിക്കെന്നും പറഞ്ഞ് രണ്ട് ആള് വന്നിരുന്നേ
ഒരാൾ- അതിനിപ്പം ഇങ്ങോട്ട് വന്നത്?
മൂപ്പൻ-മെമ്പറ് തമ്പ്രാനെ ഒന്ന് കാണാനാരുന്നേ.
ഒരാൾ- ആ ഞാൻ അകത്ത് പറയാം.
(പോകുന്നു) പട്ടി കുരച്ചോണ്ട് മുമ്പോട്ട് ചാടുന്നു. മെമ്പർ കടന്നു വരുന്നു.പട്ടിയെ തിരിച്ച് വിളിക്കുന്നു
മൂപ്പൻ- തർക്കാരീന്ന് രണ്ടാള് ജപ്തിക്ക് വന്നാര്ന്നേ
മെമ്പർ- അത് ജപ്തിക്കല്ല. ഹരിജന ഗിരിജന ക്ഷേമവർഷമാണ് അവിടെ നിങ്ങളുടെ കോളനി വികസനത്തെക്കുറിച്ച് അന്വേഷിക്കാൻ വന്നതാ.(അയാൾ കടന്നുപോകുന്നു)
മൂപ്പൻ- ഇതിലെന്തോ കളിയുണ്ടല്ലോ കൊച്ചുങ്ങളെ നമ്മളെന്തോ ചെയ്യും
(സംഘം വിഷമിച്ചിരിക്കുന്നു. സദസ്സിൽ നിന്നൊരാൾ)
എന്താണ്ടോ രാവിലെ കുന്തിച്ചിരിക്കുന്നേ? എന്തുപറ്റി കാര്യം പറ ഞങ്ങളൂടൊക്കെ അറിയട്ടെ
(സംഘം പാട്ടുപാടി കളിക്കുന്നു)
എങ്ങ്ടെ കോളനി മെമ്പറ്തമ്പുരാൻ വന്നെ
ഏങ്ങക്കൊരു വീടുവെക്കണ കാര്യം പറഞ്ഞെ( ഏങ്ങക്കൊരു..)
(തെയ്യക്കോം...)
ഒപ്പിടീപ്പിച്ചു തമ്പുരാൻ കാശുവാങ്ങിച്ചേ
ഒപ്പിച്ച കാര്യമെങ്ങളറിഞ്ഞതുമില്ലേ (ഒപ്പിച്ച....)
തെയ്യക്കോം തെയ്യക്കോം തക തെയ്യക്കോം താരോ
തെയ്യക്കോം തെയ്യക്കോം തക തെയ്യക്കോം താരോ
തമ്പുരാൻ മാളിക തീർത്തേൻ കുടിച്ചേ മദിച്ചേയ്
തമ്പ്രാട്ടിക്കുഞ്ഞിനു തങ്കപ്പതക്കവും തീർത്തേ
തർക്കാരു ജപ്തിക്കുവന്നതറിഞ്ഞപ്പോഴാണേ
തുക്കുകൊണ്ടെങ്ങടെചങ്കുപൊടിഞ്ഞതുതൈവേ
(സംഘം വിഷമിച്ചിരിക്കുന്നു.മെമ്പറും ഓഫീസറും രണ്ടുഭാഗത്തുനിന്നും കടന്നുവരുന്നു.സദസ്സിൽനിന്ന്)
ദാ വരുന്നു. നിങ്ങടെ മെമ്പറു തമ്പ്രാനും ഉദ്യോഗസ്ഥനും.)
മെമ്പറും ഉദ്യോഗസ്ഥനും രംഗത്തെത്തി പണം കൈമാറുന്നു. കടന്നുപോകുന്നു.
(സംഘം പാട്ടുപാടി കളിക്കുന്നു)
തിത്തെയ്യം ചാടണ കണ്ടോടാ?
അവരൊത്തുകളിക്കണ കണ്ടോടാ?
ആരൊക്കെയാണെന്നറിഞ്ഞോടാ?
അവരാണുങ്ങളാണെന്നറിഞ്ഞോടാ? (തിത്തെയ്യം...)
കാടിതെളിക്കണകണ്ടോടാ?
ആറുംതോടും വരണ്ടതുകണ്ടോടാ?
നാടുമുടിഞ്ഞതുകണ്ടോടാ?
നമ്മൾ നാവടക്കിക്കൊണ്ടു നിന്നോടാ? (തിത്തെയ്യം)
കൈക്കൂലിവാങ്ങുന്നതാരാടാ പറ
കപ്പക്കൃഷിക്കാരനാണോടാ?
നീതിനടത്തുന്നതാരായിരുന്നു
കൈക്കൂലിവാങ്ങുന്നവനല്ലേടാ? (തിത്തെയ്യം)
തൊട്ടതിനൊക്കെയും മായം ചേർക്കുന്ന
മുട്ടാളക്കൂട്ടങ്ങളാരാടാ?
കട്ടിക്കരിങ്കൽമതിലിലെയർക്കണ്ടീഷൻ
കെട്ടിടം നമ്മുടെതാണോടാ? (തിത്തെയ്യം...)
കള്ളക്കടത്തിനു മോനെങ്കിൽ താതൻ
പുള്ളിയെകസ്റ്റഡിയിലാക്കേണ്ടോൻ
വല്ല്യമ്മാവൻനീതിപീഠത്തിൽ

പിന്നെതള്ളേടെതന്ത ഭരണത്തിൽ
നാടുമുടിഞ്ഞതുകണ്ടോടാ?
നമ്മൾ നാവടക്കിക്കൊണ്ടുനിന്നോടാ (തിത്തെയ്യം...)
താതിന്തതിന്തിമിതാരോതാതിന്തതിന്തിമിതാരോ
താതിന്തതിന്തിമിതാരോതാതിന്തതിന്തിമിതാരോ
എങ്ങടെകാശുകളിപ്പിച്ചാണേഇമ്മിണിയാളും തുക്കിക്കണതിവിടെ
പുത്തിപെരുത്തകരുത്തൻമാരിവിടൊത്തുകളിക്കണനിങ്ങളറിഞ്ഞോ?
താതിന്തതിന്തിമിതാരോതാതിന്തതിന്തിമിതാരോ
താതിന്തതിന്തിമിതാരോതാതിന്തതിന്തിമിതാരോ

## നാം നാണിക്കാനും
## അറിയാത്തവർ
## (മാപ്പിളപ്പാട്ട്)

പശ്ചിമഘട്ടം കേറിമറിഞ്ഞീനമ്മൾ ലോകം മുഴുവനു-
മെത്തിയ കാര്യം കവി പാടുന്നതു കേട്ടല്ലോ.
നാമതിലഭിമാനിക്കാറുണ്ടെന്നാലും നേരു പറഞ്ഞാൽ
നാണിക്കാനും നമ്മൾക്കിന്നറിയില്ലല്ലോ.
പട്ടിണിരേഖയ്ക്കടിയിൽ പകുതിമനുഷ്യരുമിവിടെ
ക്കഴിയുന്നു
എഴുപതുശതമാനത്തിലുമേറെ നിരക്ഷരർ കണ്ണുമിഴിക്കുന്നു
ആയിരമായിരമെന്ന കണക്കിന് വായും വയറും പെരുക്കുന്നു.
(പശ്ചിമഘട്ടം....)
അനുദിനമിവിടെപ്പാഴായ്പ്പോകുന്നധ്വാനത്തിൻ
വൻശക്തി
വികസിത രാഷ്ട്രമസൂയപ്പെടുമാറസുലഭമാകിയ
ജനശക്തി
ഉപയോഗിക്കാൻ പറ്റാതുള്ളൊരു നിയമം
വന്നെത്തി
(പശ്ചിമഘട്ടം....)
അവസരതനല്യത എന്നു പറഞ്ഞൊരു നിയമം
നമ്മൾക്കിവിടുണ്ട്.
എഴുതിയിരിപ്പുണ്ടേട്ടിലതിൻമേൽ പണമുള്ളോരുടെ
കൈയുണ്ട്
ജനമൊന്നാണവരൊന്നിച്ചുയരണമതിനായെന്തൊരു-
വഴിയുണ്ട് (പശ്ചിമഘട്ടം....)
കുത്തകകൂട്ടിയ വിഭവം കൈകളിലെത്തിച്ചാൽ-
തൊഴിലായില്ലേ
അധ്വാനിച്ചാൽ ഇവിടുള്ളോരുടെപട്ടിണിയില്ലാതിവില്ലേ
ഒരു പുതുലോകം പടുത്തുയർത്താൻ ഇമ്മട്ടായാൽ
കഴിയില്ലേ
(പശ്ചിമഘട്ടം....)

രചന: എസ്. പ്രഭാകരൻനായർ

## എന്നിട്ടും

## (മാപ്പിളപ്പാട്ട്)

സ്വാതന്ത്ര്യം വഭിച്ചിട്ടും വർഷം മുപ്പതു കഴിഞ്ഞിട്ടും
നാമിന്നും പട്ടിണിനാടാണല്ലോ.......... കഷ്ടം
ദാരിദ്ര്യ രേഖയ്ക്കടിയിൽകഴിയുന്നവരുടെ എണ്ണം
നാട്ടിൽ
നാൾ തോറും വർധിച്ചീടുന്നല്ലോ....(സ്വാതന്ത്ര്യം)

കേരളം സമ്പന്നമാണെന്നാൽ നമ്മൾ ദരിദ്രരും
ആരോടും പറയാനീ നാണക്കേട്-നമ്മുടെ
നേതാക്കളറിഞ്ഞിട്ടു മറിയാതെ ഭാവിക്കുന്നു
നാണക്കേടകും മറ്റൊരുമാനക്കേട്....(സ്വാതന്ത്ര്യം)

വിഭവങ്ങൾ ചിലേടത്ത് കുന്നുകൂടിക്കിടക്കുന്നു
തൊഴിലില്ലാക്കൈകൾക്കെണ്ണം പോരുകുന്നു-എന്നാൽ
ഇവ രണ്ടും തമ്മിൽത്തമ്മിൽ ബന്ധിപ്പിക്കാൻ
വഴിയെന്തെന്ന്
അധികാരം കൺ മിഴിച്ചു കഴിയുന്നു......(സ്വാതന്ത്ര്യം)

രചന: എസ്. പ്രഭാകരൻനായർ

നോൺസൻസ്

കഥാപാത്രങ്ങൾ

1. സഞ്ചാരി
2. ശിങ്കിടി
3. യുവാവ്
4. ഗായകർ

(നാടകം ആരംഭിക്കുമ്പോൾ ശിങ്കിടി സഞ്ചാരിയേയും ആനയിച്ചുകൊണ്ട് പ്രേക്ഷകർക്കിടയിലൂടെ "ഇതിലെ....ഇതിലെ...." എന്ന് പറഞ്ഞുകൊണ്ട് കടന്നുവരുന്നു. വലതു കയ്യിൽ ഒരു കൈമണി ഉള്ളതായും അത് കിലുക്കുന്നതായും നടിച്ചുകൊണ്ട് സഞ്ചാരിയുടെ പിന്നിൽ നടന്ന് ഭവ്യതയോടെ വഴികാണിച്ച് വേദിയിലേക്ക് വരുന്നു. രംഗത്തെത്തിയ സഞ്ചാരി വേദിയിലേക്ക് വരുന്നു. രംഗത്തെത്തിയ സഞ്ചാരി വേദിയുടെ വലതുഭാഗത്ത് ദൂരെ ഒരു ലക്ഷ്യത്തിലേക്ക് നോക്കി നിൽക്കുന്നു. പിന്നീട് വട്ടംചുറ്റി വീണ്ടും അതേ സ്ഥാനത്തുതന്നെ വന്നു നിന്ന് ലക്ഷ്യത്തിലേക്ക് വീണ്ടും നോക്കുന്നു. മുഖത്ത് പുഞ്ചിരിതെളിയുന്നു. വട്ടംചുറ്റൽ തുടരുന്നു. ശിങ്കിടി അനുഗമിക്കുന്നു. ഓരോ പ്രാവശ്യം ലക്ഷ്യത്തിലേക്ക് നോക്കുമ്പോഴും സന്തോഷം വർധിക്കുന്നു. അഞ്ചുപ്രാവശ്യം ചുറ്റിക്കഴിയുമ്പോഴേക്കും ഒരു യുവാവ് 'ഹേ' എന്ന് സദസിൽ നിന്ന് വിളിക്കുന്നു. എന്താണ് ശബ്ദം കേട്ടതെന്ന് സഞ്ചാരി വേദിയിൽ ചുറ്റും നോക്കിയിട്ട് വീണ്ടും വട്ടംചുറ്റൾ തുടരുന്നു.)

യുവാവ് : (സദസിൽ എഴുന്നേറ്റ് നിന്ന്) ഹേ മിസ്റ്റർ; നിങ്ങളെത്തന്നെയാവിളിച്ചത്. (വേദിയിൽ കടന്നുവന്ന്) ഞങ്ങളുവിഡ്ഢികളൊന്നുമല്ല തന്റെ യീ വട്ടംചുറ്റല് കണ്ടോണ്ടിരിക്കാൻ.

സഞ്ചാരി : വട്ടം ചുറ്റലോ? ഇത് ജീവിതമാണ്. മഹത്തായ ജീവിതം. ത്യാഗോജ്ജ്വലമായ ജീവിതം. (വട്ടം ചുറ്റൽ തുടരുന്നു)

ശിങ്കിടി : (യാന്ത്രികമായി) അതേ....അതേ

യുവാവ് : ഞങ്ങൾ കൊച്ചുകുട്ടികളൊന്നുമല്ല. തന്റെ വറ്റം ചുറ്റൽ ഞങ്ങൾക്കുമടുത്തു.

സഞ്ചാരി : ആരു പറഞ്ഞു വട്ടം ചുറ്റലാണെന്ന്? ഞാൻ നടക്കുന്നത് നേരെതന്നെയാണല്ലോ. (വട്ടം ചുറ്റൾ തുടരുന്നു)

ശിങ്കിടി : അതേ....അതേ

യുവാവ് : (കാണികളോട്) സുഹൃത്തുക്കളേ നിങ്ങൾക്കെന്തു തോന്നുന്നു! (കാണികളുടെ ഭാഗത്തുനിന്ന് പ്രതികരണമൊന്നുമില്ലെങ്കിൽ) അല്ലെങ്കിലും നിങ്ങൾ കാണികൾ മാത്രമാണല്ലോ. (വട്ടം ചുറ്റലാ

ണെന്നു പറഞ്ഞാൽ) അതു കേട്ടില്ലേ എല്ലാവരും വിഡ്ഢികളല്ല. (നേരെയാണെന്നു പറഞ്ഞാൻ) നിങ്ങൾക്കിങ്ങനെ തൊന്നുനന്നതു കൊണ്ടാണല്ലോ ഇയാളിപ്പോഴും ഇങ്ങനെ നടന്ന് നമ്മേപറ്റിച്ചുകൊണ്ടിരിക്കുന്നത്. (സഞ്ചാരിയോട്) ആട്ടെ നിങ്ങളീ നടപ്പുതുടങ്ങിയിട്ട് കാലമെത്രയായി?

സഞ്ചാരി : വർഷങ്ങൾ....വർഷങ്ങളോളമായി ഞാനിങ്ങനെ നടക്കുന്നു. (വട്ടം ചുറ്റൾ തുടരുന്നു)

യുവാവ് : (പുച്ഛത്തോടെ) അതുകൊള്ളാം വർഷങ്ങളോളം നടന്നിട്ട് നിങ്ങൾക്കെത്ര ദൂരം മുന്നോട്ടു പോകാൻ കഴിഞ്ഞു?

സഞ്ചാരി : സംശയമുണ്ടെങ്കിൽ അളന്നു നോക്കാം.

ശിങ്കിടി : ങാ....അളന്നുനോക്കാം.

യുവാവ് : ശരി അളന്നുനോക്കാം.

(യുവാവ് ചുറ്റിനടന്നു നോക്കിയിട്ട് വൃത്തത്തിന്റെ മധ്യത്തിലൂടെ ഒരു രേഖവരച്ച് അതിനെ രണ്ടായി വിഭജിക്കുന്നു. അതിനുശേഷം രേഖയിലൂടെ ചുവടുകളെണ്ണി അളന്നു നോക്കുന്നു. സസ്റ്റേജിന്റെ ഒരു ഭാഗത്തേക്കു മാറിനിന്ന് ആലോചിക്കുന്നു. സഞ്ചാരി പരിഭ്രമിക്കുന്നു. ശിങ്കിടി സഞ്ചാരിയെ വീശിക്കൊണ്ടു നിൽക്കുന്നു.)

യുവാവ് : ഗണിതശാസ്ത്ര പ്രകാരം നിങ്ങളിപ്പോൾ മുപ്പത്തിയാറടി നടന്നിട്ടുണ്ട്. (ഉറപ്പിച്ച്) പക്ഷേ... നിങ്ങൾ നടത്തം തുടങ്ങിയേടത്തുതന്നെയാണ് ഇപ്പോഴും.

സഞ്ചാരി : (ശിങ്കിടിയോട്) ഒന്നുകിൽ ഇയാൾക്കുകണക്കറിഞ്ഞുകൂടാ. അല്ലെങ്കിൽ ബുദ്ധിക്കെന്തോ സാരമായ തകരാറുണ്ട്.

ശിങ്കിടി : അതേ...അതേ

സഞ്ചാരി : (വട്ടം ചുറ്റൽ തുടർന്ന്) ഞാനിങ്ങനെ നടന്നു നടന്ന് ഒടുവിൽ (അകലേക്കുചൂണ്ടി) അതാ ആ ലക്ഷ്യം ഇവിടെ വരും.

യുവാവ് : ഹാ....ഹാ....ഹാ....ലക്ഷ്യം ഇവിടെ വരുമെന്നോ? ഹേ മിസ്റ്റർ ആ ലക്ഷ്യത്തിലെത്തണമെങ്കിൽ നേരേയങ്ങോട്ടു നടക്കണം.

ശിങ്കിടി : (സ്വപ്നത്തിലെന്നതുപോലെ) നേരെയങ്ങോട്ടു നടക്കണം.

(സഞ്ചാരി ദേഷ്യത്തോടുകൂടി ശിങ്കിടിയെ നോക്കുന്നു. ശിങ്കിടി പരുങ്ങുന്നു.)

ശിങ്കിടി : അല്ല....അങ്ങു നേരെതന്നെയാണ് നടക്കുന്നത്. (സഞ്ചാരിക്ക് സന്തോഷം)

സഞ്ചാരി : (ദൂരേക്ക് നോക്കി) അതാ ലക്ഷ്യം അടുത്തെത്താറായി അൽപം കൂടി നടന്നാൽ.

യുവാവ് : (സഞ്ചാരി നോക്കിയ ഭാഗത്തേക്കുനോക്കി) ഹേ! എന്തൊരിരുട്ട്.

സഞ്ചാരി : അതാ വെലിച്ചം.

യുവാവ് : അത് മിന്നാമിനുങ്ങാണ്. ഈ ഇരുട്ടുകീറേണ്ട സൂര്യൻ ആ മലകൾക്കും അപ്പുറത്താണ്.

സഞ്ചാരി : തിമിരം ബാധിച്ച കണ്ണുകൾക്ക് അതു മിന്നാമിനുങ്ങാണ്. എന്നാൽ അതാണ് സൂര്യൻ. ഇരുളിന്റെ ശത്രു എന്റെ ലക്ഷ്യം (കൈകളുയർത്തി നിശ്ചചലനായി നിൽക്കുന്നു.)

ശിങ്കിടി : അതേ....അതേ. (സഞ്ചാരിയെ അനുകരിക്കുന്നു)

യുവാവ് : (മുന്നോട്ടു കടന്നുവന്ന്) സുഹൃത്തുക്കളെ നാം ഇനിയും ഈ വിഡ്ഢിത്തം കണ്ടുകൊണ്ടിരിക്കുന്നോ? വട്ടത്തിൽ നടന്നിട്ട് നേരെയാണെന്നു പറയുക. മിന്നാമിനുങ്ങിനെക്കണ്ടിട്ടു സൂര്യനാണെന്നു പറയുക! (സഞ്ചാരിയോട്) ഹേ മിസ്റ്റർ എല്ലാവരെയും എല്ലാക്കാലത്തും വഞ്ചിക്കാനാവില്ല. (കാണികളോട്) വക്കു പൊട്ടാത്തചിന്തയും ത്രസിക്കുന്നസിരകളും തിളങ്ങുന്ന സ്വപ്നങ്ങളുമുണ്ടെങ്കിൽ നിങ്ങൾ കാണികളുടെ വേഷം വലിച്ചെറിയൂ. ഈ സംഘഗാനത്തിൽ പങ്കുചേരൂ.

"ഉണരുവിൻ പട്ടിണിയുടെ തടവുകരേ നിങ്ങൾ
ഉണരുവിൻ ഭൂമിയിലെ പീഡിതരേ നിങ്ങൾ"

(സദസിന്റെ നാലുവശത്തുനിന്നും ഈരടികൾ ഏറ്റുപാടിക്കൊണ്ട് മറ്റുള്ളവർ എത്തുന്നു. ശിങ്കിടി അവരുടെ കൂട്ടത്തിൽകൂടുന്നു.)

എല്ലാവരും കൂടി : ഉണരുവിൻ പട്ടിണിയുടെ തടവുകരേ നിങ്ങൾ
ഉണരുവിൻ ഭൂമിയിലെ പീഡിതരേ നിങ്ങൾ
ഉണരുവിൻ ഉണരുവിൻ ഉണരുവിൻ

(സഞ്ചാരി നിശ്ചലമായിത്തന്നെ നിൽക്കുന്നു.)

## വിപണികൾ പൂക്കുന്നു

(രംഗം ശൂന്യം. പാട്ട്)

ഉദിക്കുന്നതാര്, ചിരിക്കുന്നതാര്
പരുന്തിനും മീതെ പറക്കുന്നതാര്

പിണത്തിന്റെ കണ്ണും തുറപ്പിക്കുമാര്
തരുണി കിനാക്കളിൽ പുണരുന്നതാരെ
തരുണൻ സദസ്സിൽ വരിക്കുന്നതാരെ
മണിമേടയിൽ കാറിറങ്ങുന്നതാര്
മണിയറ വാതിൽ മുട്ടുന്നതാര്.
(ഭാസ്ക്കരൻ രംഗത്ത്)
ഭാ: മോളേ, മോളേ രേവതി
രേ: ഈ അച്ഛനെന്തിനാ വെളുപ്പിനെ കിടന്ന് ഇങ്ങനെ തൊള്ള കീറുന്നത്.
ഭാ: ങേ.. മോളേ, നീ അമ്മയോട് പശുവിനെ കറന്നു തീർന്നോ എന്നൊന്ന് ചോദിച്ചേ- നേരം വൈകീലേ.
രേ: (പുറത്തേക്കു വന്ന്) അതച്ഛനുതന്നെ ചോദിച്ചൂടെ.
ഭാ: നിനക്കെന്തു പറ്റിയെന്റെ കുട്ട്യേ. ക്ഷമയോടെ യൊരു വാക്ക് കേൾക്കാനൊ പറയാനോ മനുഷ്യന് കഴിയാതെ പോയിരിക്കുന്നല്ലോ ഭഗവാനേ. നേരത്ത് പാലെത്തിച്ചില്ലെങ്കിൽ ആ പരമേശ്വരന്റെ വായിലു ളളതൊക്കെ ഞാൻ കേക്കണം.
രേ: അതെന്തിനാ അയാളുടെ വായിലിരുപ്പ് അച്ഛനിങ്ങനെ കേട്ടു നിക്കുന്നത്. അങ്ങോട്ടും പറഞ്ഞുകൂടെ.
ഭാ: നിനക്കങ്ങനെ പറയാം. കമ്പനീൽ പണിയുണ്ടായിരുന്ന കാലത്താണെങ്കിൽ നമുക്കീ കഷ്ടപ്പാട് വല്ല തുമുണ്ടോ- അന്നൊരു പശുവിനെ വാങ്ങിയതുകൊണ്ട് ഇന്നു മുഴുപട്ടിണി കൂടാണ്ട് കഴിയുന്നു. ഞാനി പ്പോൾ പരമേശ്വരനോട് വല്ലതും പറഞ്ഞാൽ അപ്പോൾ കാണാം. (അകത്തേക്ക്) അല്ലാ പാലു കറന്നു തീർന്നില്ലേ ഇനീം.
ഭാര്യ: (വരുന്നു. പാൽപ്പാത്രം കയ്യിൽ.) കൈകൊണ്ടുതന്നെ കറന്നെത്തിക്കണ്ടേ. യന്ത്രമൊന്നുമല്ലല്ലോ.
ഭാ: പരമേശ്വരന് ആറുമണിക്കു മുമ്പ് പാലെത്തിക്കണം. അല്ലാണ്ട് എനിക്കെന്താ മഞ്ഞത്ത് നടക്കാൻ പൂതീണ്ടായിട്ടാ.
(കോറസ് പാട്ട്)
ബന്ധങ്ങൾ വിലപേശി വാങ്ങുന്നതാര്
ബന്ധുവെ ശത്രുവായ് മാറ്റുന്നതാര്
ഉദിക്കുന്നതാര് ചിരിക്കുന്നതാര്
(ഭാസ്ക്കരൻ ചായക്കടയിലേക്ക്)
കോറസ്:
(എന്തെല്ലാം അരങ്ങേറിയതാണ് ഈ വഴി, എത്ര സമരങ്ങൾ. എത്രയെത്ര ആഘോഷങ്ങൾ. ഇന്ന് ഒരാ ളെപ്പോലും കണ്ടുമുട്ടുന്നില്ല. വഴിയോരത്ത് ആളൊഴിഞ്ഞുപോയ വീടുകൾ. ഈ നേരത്താണ് രാത്രി ഷിഫ്റ്റും കഴിഞ്ഞ് പുറത്തിറങ്ങുക. കമ്പനിപ്പടിക്കലെ മരങ്ങളിൽ ചെറിയപക്ഷികൾ കൂടുകൂട്ടുമായിരു ന്നു. ഇന്ന് ആ കിളികൾ മരങ്ങളുപേക്ഷിച്ച് പോയിരിക്കുന്നു. തറയിൽ വീണ മേൽക്കൂരകൾ. അനാഥശ വങ്ങൾ പോലെ യന്ത്രങ്ങൾ. ആര് വരുത്തിവെച്ചു ഈ വിനകളൊക്കെ. എന്നാണിതെല്ലാം ഒന്ന് നേരെ യാവുക. എന്നാണെന്റെ രേവതിമോൾ ഒന്നു ചിരിച്ചു കാണുക.
കോറസ്: പാട്ട്)
ഇരുട്ടേയുഷസ്സെന്നു പാടുന്നതാര്
കറുപ്പും വെളുപ്പാക്കി മാറ്റുന്നതാര്
ഉദിക്കുന്നതാര് ചിരിക്കുന്നതാര്
(ചായക്കട)
പരമേശ്വരൻ ഭാസ്ക്കരനെ കാത്തുനിൽക്കുന്നു)
പര: ഇങ്ങനെയാണേൽ നാളെത്തൊട്ട് പാലു വേണ്ട ഭാസ്ക്കരേട്ടാ- എനിക്കഞ്ചര മണിക്കുതന്നെ പാല് കിട്ടണം.
എ: എന്താ ഭാസ്കരാ, കമ്പനി പോയപ്പോ അവിടെ നേരോം വെളുക്കാണ്ടായോ.
ബി: ഔസേപ്പ് മുതലാളി കോളടിച്ചല്ലോ-ഇനി ഈ സ്ഥലത്തിനൊക്കെ എത്രയാ വില കയറുക.
ഭാ:അതെങ്ങനെയാ?
സി: ഇന്നത്തെ പത്രം കണ്ടില്ലെ. ഇനി കമ്പനി തൊറക്കില്ലാത്രേ. ഇതൊരു ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപി ച്ചൂന്ന്.
ഭാ: അപ്പോൾ കമ്പനി സർക്കാർ തുറപ്പിക്കുമെന്ന് ഇന്നലത്തെ പത്രത്തില്
എ: സർക്കാർ ആ ശ്രമമൊക്കെ ഉപേക്ഷിച്ചു. പകരം കമ്പനി നിൽക്കുന്ന സ്ഥലത്ത് ടൂറിസം വികസിപ്പി ക്കാൻ വേണ്ടി ഒരു ആമ്പൽക്കുളം കുഴിക്കും.
ഭാ: അപ്പോ പിന്നെ നമുക്ക് ഒരിക്കലും കമ്പനീല് പണി തിരിച്ചു കിട്ടില്ലേ.

ബി: ടൂറിസ്റ്റ് കേന്ദ്രമായാൽ പിന്നെ നമുക്കൊക്കെ പണി കിട്ടുമായിരിക്കും.
ഭാ: അതെങ്ങനെ?
എ: വിദേശ ടൂറിസ്റ്റുകളെയും കൊണ്ട് ഇവിടെയൊക്കെ ചുറ്റി നടക്കുക. കുന്നും പാറേം ആമ്പൽക്കുളവും ഒക്കെ കാണിച്ചുകൊടുക്കുക.
ബി: പകരം അവര് നമുക്കെന്താ തരികയെന്നറിയാമോ -ഡോളർ
പര: ആ സ്ഥലം നോക്കാൻ രണ്ട് സായിപ്പൻമാർ വന്നിട്ടുണ്ട്. അവർക്കേറ്റവും ഇഷ്ടപ്പെട്ട പലഹാരം എന്താണെന്നോ. പപ്പടവട. ഇവിടെയുണ്ടായിരുന്നതു മുഴുവൻ പൊതിഞ്ഞെടുത്തോണ്ടാണ് പാറേടെ മുകളിലേയ്ക്ക് പോയിരിക്കുന്നത്. ഇതിന്റെയാളായി അവരുടെകൂടെ വന്നിരിക്കുന്നതാരാണെന്നറിയാമോ? വീനസ് ജോസ്.
ഭാ: വീനസ് ജോസോ? പണ്ട് സ്റ്റുഡിയോ നടത്തി പെങ്കുട്ട്യോളുടെ അശ്ലീലചിത്രം എടുത്തതിന് നാട്ടുകാര് ചേർന്ന് തല്ലിയോടിച്ചവൻ.
പര: എന്തൊക്കെയായാലും എനിക്കവരൊറപ്പ് തന്നിട്ടുണ്ട്. ടൂറിസ്റ്റുകള് വരുമ്പോ അവർക്കുള്ള മുഴുവൻ പപ്പടവടയും ഞാൻ തന്നെ സപ്ലൈ ചെയ്യണമെന്ന്.
എ: ഭഗവാനെ നാട് നന്നാവട്ടെ
ഭാ: ഉം. നന്നാവും നന്നാവും. 3000ത്തോളം തൊഴിലാളികൾ പണിയെടുത്തിരുന്ന കമ്പനി പൊളിച്ച് കുഴി കുഴിക്കുക. ഉം. നാട് നന്നാവും.
(പോകുന്നു)
(കോറസ്: പാട്ട്)
വേദിയിൽ ശ്രേഷ്ഠനായമരുന്നതാര്
കാവിൽ വേലയ്ക്കു നടുകൊമ്പനാര്
ഉദിക്കുന്നതാര് ചിരിക്കുന്നതാര്
(ഭാസ്കരൻ തിരികെ വീട്ടിലേക്ക്. കുമാരൻ എതിരെ.)
ഭാ: നീയറിഞ്ഞോ- നമ്മള് പണ്ട് തല്ലിയോടിച്ച സ്റ്റുഡിയോക്കാരൻ ജോസ് അവരുടെ കൂടെ വന്നിട്ടുണ്ടത്രേ.
കു: അറിഞ്ഞു. അവനാ എനിക്ക് ഇതിന്റെ ഏർപ്പാട് ചെയ്തു തന്നത്. നമ്മളന്ന്- തല്ലിയോടിച്ചെങ്കിലെന്താ-ഇപ്പോഴവനാ എനിക്കൊരു സഹായമായത്- ങാ, അവൻ തന്നെയന്വേഷിച്ച് തന്റെ വീട്ടിലേയ്ക്ക് പോയിട്ടുണ്ട്.
ഭാ: എന്റെ വീട്ടിലേക്കോ: (സ്റ്റിൽ)
(കോറസ്: പാട്ട്)
ആർക്കായ് ഫലം നൽകി വൃക്ഷം നമിക്കുന്നു
ആർക്കായ് മേഘങ്ങൾ വർഷം പൊഴിക്കുന്നു
ആർ തന്നനുജ്ഞയിൽ കാറ്റും ചലിക്കുന്നു
ആരെ പ്രകീർത്തിച്ച് കിളികൾ ചിലയ്ക്കുന്നു
ഉദിക്കുന്നതാര് ചിരിക്കുന്നതാര്
(വീട്)
ഭാ: മോളേ രേവതീ-
(ഭാര്യയോട്) എടീ ആ വീനസ് ജോസ് ഇവിടെ വന്നോ. മോളെവിടെ?
ഭാര്യ: അവള് പോയി.
ഭാ: എവിടെ?
ഭാര്യ: സായിപ്പൻമാർക്ക് അതുമിതുമൊക്കെ കാട്ടിക്കൊടുക്കുന്ന പണിക്ക്.
ഭാ: നീ സമ്മതിച്ചിട്ടാണോ അവൾ പോയത്.?
ഭാര്യ: ഞാൻ പറഞ്ഞിട്ടവള് കേട്ടില്ല. പക്ഷെ നിന്റച്ഛനോട് ചോദിക്കാതെ ഇവിടുന്നിറങ്ങാൻ പാടില്ലാന്ന് ഞാൻ പറഞ്ഞു. അതുമവൾ കേട്ടില്ല. ആ വീനസ് ജോസ് ഓരോന്നു പറഞ്ഞ് അവളെ മയക്കിക്കൊണ്ടു പോയി.
ഭാ: എടീ, അവനാരാണെന്ന് നിനക്കും അറിയാവുന്നതല്ലേ.
ഭാര്യ: ഒരു പണി കിട്ടുന്ന കാര്യമാണല്ലോന്നു.......
ഭാ: ഇന്നു വൈകുന്നേരം പണീം കഴിഞ്ഞ് അവളിങ്ങു വരട്ടെ. കാല് തല്ലി ഒടിക്കും ഞാൻ.....ഈശ്വരാ, ഞാൻ പ്രാർത്ഥിക്കുകയാണ് ഇനിയവൾ തീരെ വരാതിരിക്കട്ടെ.
(കോറസ്:പാട്ട്)
ഉദിക്കുന്നതാര് ചിരിക്കുന്നതാര്

ജയിക്കുന്നതാര് ഭരിക്കുന്നതാര്
പവൻ രൂപ ഡോളർ
പരുന്തിനും മീതെ പറക്കുന്നതാര്
പിണത്തിന്റെ കണ്ണും തുറപ്പിക്കുന്നതാര്
പവൻ രൂപ ഡോളർ-
നിനക്കെന്തുവേണം
നിരാലംബമൂർത്തേ
ദരിദ്ര മഹാമൂഢ
പോയി ഭജിക്കൂ
ഭജിക്കു ഭജോഹം
പവൻ രൂപ ഡോളർ
ഭജിക്കു ഭജോഹം
പവൻ രൂപ ഡോളർ

## പറയര്കളി

തന്തിനന്തോം തെയ്യാരോം-തന
താനിനാരോം തന താനിരാരോം
കുലപതികൾ കുലനാശം ചെയ്യണേ
കുരളക്കൊടുവാളു കൈയ്യിലേന്തി
പൊറുതിമുട്ടി പൊതുജനം മുന്നോട്ട്
വരണുണ്ടേ പടയണിപ്പാട്ടുമായി
　　തിരുസഭയിൽ തീരാത്ത ദുർഗന്ധ-
　　മഴിമതി ഹാ ദേശസാൽക്കരിച്ചേ
　　പറയണുണ്ടേ പാമോയിൽ കോതമ്പ്
　　കഥ വിവരിക്കുവാൻ നേരമില്ലേ.
എലിയിറങ്ങ്യേ റോഡുപെട്ടി തടി
നാടുമൂടാകെ കരണ്ടെടുത്തേ
വെളിയിലെങ്ങോ പോയി വന്നീയെലി-
കിളവന്റെ കാലും കരണ്ടെടുത്തേ-
അരി റേഷൻ വില കൂട്ടിക്കൂട്ടിയീ
പൊതു വിപണിക്കപ്രമാക്കിവച്ചേ-
അതിനൊപ്പം മറ്റുള്ള സാധന-
വിലയും വാണം പോലുയർന്നു പൊങ്ങും.
　　വിലകുറച്ചേ നോട്ടിനും മനുഷ്യനും
　　മനുഷ്യന്റെ ജീവനും വിലകുറച്ചേ
　　തലവത്തെ തമ്പ്രാക്കന്മാരുടെ
　　തലയിൽ കഴുകന്മാർ കൂടുവച്ചേ-
　　കൃഷിചെയ്യാൻ പറ്റാത്ത മട്ടിലായ്
　　വളമതിൻ വിലകൂട്ടി നാൾക്കു നാളിൽ
　　കൃഷകന്റെ നട്ടെല്ലൊടിയട്ടെ വെളിയീന്നു
　　വിഭവങ്ങൾ കൊണ്ടിറക്കാം.
തകരണുണ്ടേ പൊതുമേഖലാ സ്ഥാപന-
ങ്ങളെല്ലാം തന്നെ തകർത്തിടുന്നേ
അത് സ്വകാര്യക്കാരുടെ കൈയിലേ-
ക്കടിയറവച്ച് കാശാക്കിടുന്നേ-
വിലയെഴുന്ന വിദ്യാഭ്യാസം തന്നെ
വിപണനം ചെയ്തു വീർപ്പിച്ചു കീശ
ഗതിയില്ലാ കൂട്ടങ്ങൾ തെണ്ടട്ടെ
പഠനം പണക്കാരന്റുണ്ണികൾക്ക്.
ഉണരുവിനെൻ കൂട്ടരെ ദുർനീതി

ക്കെതിരായി നീങ്ങുവാൻ നേരമായി
അണിനിരക്കാം കഴുകന്റെ പക്ഷങ്ങ-
ളരിയണം അവനിയെയുദ്ധരിക്കാൻ.

പനങ്ങാട് പി.കെ തങ്കപ്പൻപിള്ള

## ഫിഫ്റ്റി ഫിഫ്റ്റി

(ഒരു സംഘം ഹരിജനങ്ങൾ പ്രളയത്തിൽ കൂര തകർന്നതിന്റെ ദു:ഖത്തിൽ തളർന്നിരിക്കുന്നു)
താനിനോം താനിനം താനിനം-
താനിനം താരോ-
പൊന്നൊടേതൂങ്ങളെ പൊന്നമ്പ്രാൻ വാഴണ കാല-
ത്തെങ്ങക്കിതുക്കം വരാനുള്ള കാരണമെന്തോ-
ഏയുനാൾ തോരാതെ നിന്നങ്ങു പെയ്ത മയയ്ക്ക് കൂരകൾക്കുള്ളിലിയെങ്ങള് തീ കാത്തിരുന്നേയ്-താനിനോം
അയ്യയ്യോ അമ്മലപൊട്ടി മലവെള്ളം വന്നെ
ഓന്നോടെ എങ്ങടെ കൂരകൾ നീരാലെ പോയേ
തേവിയും കണ്ടനും കോരനും പിള്ളേര്
നാലും മേലെ മലക്ക് എളേച്ചിയേം കൊച്ചുങ്ങളേയും
തായത്തെ മണ്ണിന്നടിക്കൂന്ന് മാന്തിയെടുത്തേ.
തോയമെന്താണോയീ പൊന്നമ്പ്രാൻ-വാഴണകാലം
(നേതാവ് രംഗത്തെത്തുന്നു)
നേ: പ്രളയക്കെടുതിയുണ്ടായ അവസരത്തിൽ ഞാനന്ന് കേരള ഹൗസിലായിരുന്നു. ഉടൻതന്നെ കേന്ദ്രമന്ത്രിയെക്കണ്ട് പ്രളയദുരിതാശ്വാസത്തിനുള്ള ഫണ്ട് അനുവദിപ്പിച്ചിട്ടാണ് ഞാനിങ്ങോട്ട് വരുന്നത്. മാത്രമല്ല ദുരിതം നേരിട്ടുകാണാൻ വേണ്ടി അദ്ദേഹം വിമാനത്തിൽ ഉടൻ എത്തുമെന്നും സമ്മതിച്ചിട്ടുണ്ട്.
സംഘം 1: സാറെ ഞങ്ങളിനി എന്താ ചെയ്യേണ്ടത്? സഹായം വല്ലതും പെട്ടെന്ന് കിട്ട്വോ?
നേ: അതിനല്ലെ ഞാനിങ്ങോട്ട് വന്നത്. (ശിങ്കിടിയോട്) ആ അപേക്ഷാഫോറം ഒപ്പീടിച്ച് വാങ്ങിച്ചോ.
ശിങ്കിടി: (ഒപ്പിടീക്കുന്നു) എടാ എല്ലാവരുടേയും ഒപ്പൊന്നും വേണ്ടടാ. അതിനൊക്കെ ഇപ്പം യന്ത്രങ്ങളൊക്കെയുണ്ട്.
നേതാവ്: ഈ അപേക്ഷകൾ പാസായി കിട്ടുന്നതിനുള്ള ഏർപ്പാടുകൾ എല്ലാം ഞാൻ ഉടൻ ശരിയാക്കുന്നുണ്ട്. ഇപ്പോൾ ഞാൻ അടിയന്തിരമായി കോഴിക്കോട് പോവുകയാണ്. അറിഞ്ഞില്ലേ അവിടെ മുഴുവൻ എലിപ്പനിയാടോ- പോട്ടേ.
(പോകുന്നു)
ഹരിജനസംഘം കാത്തിരിക്കുന്നു-പാട്ട്
കാത്തിരുന്ന് കാത്തിരുന്ന് ഞങ്ങൾ മടുത്തേ.
കാറ്റിൽ പാറും കരിയിലപോൽ ഞങ്ങൾ അലഞ്ഞേ
വേലയില്ലാ വേദനകൾ തിന്നിറക്കുന്നേ
കൂരയിലൊന്നന്തിചായാൻ പാടുപെടുന്നേ.
പാതവക്കിൻ മരച്ചുവട്ടിൽ തളർന്നുറങ്ങുന്ന
പേരക്കുഞ്ഞുങ്ങളെയോർത്ത് കൺനിറയുന്നേ.
വന്ന് കാണാനാരുമില്ലേ ഈ ദുരിതത്തിൽ
ചെന്ന് കണ്ട് തമ്പുരാക്കടെ കാൽപിടിച്ചാലോ.
സംഘത്തിലൊരാൾ: ഇവിടെ കുത്തിയിരുന്നു മോങ്ങിയാ
പ്പോരാ-നമ്മളുകൊടുത്ത അപേക്ഷകൾ പാസ്സായോന്ന്
ആ സർക്കാർ ആഫീസിലൊക്കെ പോയി അന്വേഷിക്കണം.
മറ്റൊരാൾ: ശരിയാ. നമുക്കൊന്നന്വേഷിക്കാം
(പോകുന്നു)
(രംഗം ഓഫീസ്)
രണ്ടുപേർ രംഗത്ത് (പത്രം വായന)
എ: പത്ത് ശതമാനം തസ്തിക വെട്ടിക്കുറക്കുമെന്ന് മന്ത്രി.
എ: ഒരുമാസത്തെ ശമ്പളമോ?

ബി: ഇനിയങ്ങോട്ട് ശമ്പളം കിട്ടണമെങ്കിൽ മതി. (നേതാവ് വരുന്നു)
നേ: ഓഫീസർ വന്നില്ലേ?
എ: നേരമായി വരുന്നതേയുള്ളു.
ബി: ഞങ്ങടെ കളക്ഷന്റെ കാര്യം തീരുമാനമായി. ആദ്യത്തെ ഗഡു 5-ാം തിയതി തരാം. പണി പോകുന്ന കാര്യമാ. പ്രത്യേകം ശ്രദ്ധവേണം. ഈടെ ഞങ്ങൾ ആരെങ്കിലും .....
നേ: ങ്ഹേ. വേണ്ടന്നേ ഇത് ഞാനേറ്റു. ( ഒരു പേപ്പർ ഏൽപ്പിക്കുന്നു) കുഞ്ഞപ്പി കോൺട്രാക്ടറുടെ രണ്ട് സോൾവെൻസിയുടെ പ്രശ്നാ ഇത്. ഇന്ന് തന്നെ കിട്ടണം. അദ്ദേഹം നിങ്ങളെ വൈകീട്ട് കാണാമെന്ന് പറഞ്ഞിട്ടുണ്ട്.
(ഓഫീസർ വരുന്നു)
നേ: ഓഫീസർ വന്നല്ലോ.
ഓ: നമസ്കാരം. ഇരിക്കൂ. ചായ.. നേതാവിനെ കാത്തിരിക്കുകയായിരുന്നു ഞാൻ. പ്രളയ ദുരിതാശ്വാസ ത്തിന്റെ തുക ക്യാഷ് ചെയ്തിട്ടുണ്ട്. ( ക്യാഷ് എടുത്തു കൊടുക്കുന്നു) പതിവുപോലുണ്ട് ഫിഫ്റ്റി ഫിഫ്റ്റി.
നേ: ങ്ഹെ. അറിഞ്ഞൂടേ. ഇത് എം.പിയുടെ ഒരു കോടി പദ്ധതിയിൽ പെട്ടതാ. മുഴുവനും എടുക്ക്. ഇനിയും വരണണ്ടല്ലോ വരൾച്ച അതിലഡ്ജസ്റ്റ് ചെയ്യാം. (ഹരിജന സംഘം കടന്നുവരുന്നു)
സംഘം: സാറേ ഞങ്ങൾ അംബേദ്കർ കോളനീന്നാ- വെള്ളപ്പൊക്കത്തില് കൂര വീണതിന്റെ ധനസ ഹായം വാങ്ങാൻ വന്നതാ.
ഓ: ങ്ഹേ, അതൊക്കെ എന്നേ വിതരണം ചെയ്തു കഴിഞ്ഞു.
സം: ഞങ്ങൾക്കൊന്നും കിട്ടിയിട്ടില്ലേ.
ഓ: ആഹാ, മേടിച്ചതിനൊക്കെ നിങ്ങൾ ഒപ്പിട്ട കടലാസ് ഇവിടിരിപ്പുണ്ട്. വെറുതേ തോന്ന്യാസം പറഞ്ഞ് കേറിവരുന്നോ പോ പോ. വേറെ പണിയുണ്ടിവിടെ. തങ്കപ്പൻപിള്ളേ, ആ സോൾവൻസിയുടെ പേപ്പർ ഇങ്ങെടുത്തേ.
(കളി)
കളികാണട കളികാണട
കളികാണട കേളാ
അണിയറയ്ക്കുള്ളിലെ കളികാണട കേളാ
കത്തിയും താടിയും പച്ചേം മിനുക്കും
ഒത്തുകളിക്കുന്നരങ്ങത്ത് കേറി
-കളികാണട
ദാരിദ്ര്യരേഖയ്ക്ക് താഴത്തുകാരെ
മേളിലരങ്ങത്തെകളിയൊന്നുകാണോ
ഒത്തുകളിച്ചു വെളുത്തു കഴിഞ്ഞു
അസ്ഥികൂടങ്ങളീ നമ്മൾ തളർന്നു.
കളികാണട കളികാണട കളികാണട കേളാ
രംഗം: മന്ത്രി മന്ദിരം
(മന്ത്രിയും സ്റ്റാഫും രംഗത്ത്)
സെ: സാർ നാലഞ്ചു പ്രധാനപ്പെട്ട ഫയലുകൾ തീർപ്പാകാനുണ്ട്.
മ: ഏതൊക്കെയാണ്?
സെ: ഒന്ന്, വ്യവസായവകുപ്പിന്റെ ഭൂമി സുബൈറിന് റിയൽ എസ്റ്റേറ്റ് ബിസിനസ്സിന് കൈമാറാനുള്ള ഫയ ലാ.
മ: ങാ. സുബൈർ ഇന്നലെ എന്റെ കൂടെ ഫ്ളൈറ്റിൽ ഉണ്ടായിരുന്നു. അത് ധാരണയാക്കിയിട്ടുണ്ട്. (ഒപ്പിടുന്നു)
(ഫോൺ ബെൽ) സെക്രട്ടറി ഫോൺ എടുത്തു മന്ത്രിക്കു കൊടുക്കുന്നു. സർ വാഹനങ്ങൾ സപ്ലൈ ചെയ്യാനുള്ള ടെൻഡർ സമർപ്പിച്ചിരുന്ന ഏജൻസിയാണ്.
മ: ങാ. വണ്ടികളല്ലേ, മാങ്ങാണ്ടി വികസന കോർപ്പറേഷന് 100 ഞാൻ പറഞ്ഞ പോലെയാണെങ്കിൽ അത് തന്നെ ഏറ്റോ, എന്നാ പിന്നെ അത് തീരുമാനിക്കാം. ഓ ശരിയെന്നേ. അടുത്തയാഴ്ച. ഓർഡർ കയ്യോ ടെ- മേടിച്ചോ.
(ഇന്റർകോം ബെൽ- സെക്രട്ടറി ഫോൺ എടുക്കുന്നു)
സർ, ഹോട്ടൽ പ്രോജക്ടിന്റെ ആൾക്കാർ താഴെ വെയ്റ്റ് ചെയ്യുന്നു, വിളിക്കട്ടെ.
മ: വരാൻ പറ
(സെക്രട്ടറി ഫോണിലൂടെ നിർദ്ദേശം കൊടുക്കുന്നു)

എ: സർ ഞങ്ങടെ പദ്ധതി ഇന്ത്യയിലെ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഹോട്ടൽ ശൃംഖല സ്ഥാപിക്കലാണ്. സ്റ്റേറ്റ്സിൽ വെച്ച് നമ്മൾ സംസാരിച്ചതാണ്.
മ: യെസ്, യെസ് സംസാരിച്ചിരുന്നു. ഇത് ഒരു വൻപദ്ധതിയാണെന്നറിയാമല്ലോ. മോളിൽ കേറി നന്നായിട്ടൊന്ന് കളിക്കേണ്ടി വരും. ധാരാളം പേർ രംഗത്തുണ്ട്. ഞാൻ കൂടുതലൊന്നും പറയേണ്ടല്ലോ.
എ: അറിയാം സാർ. ഫിഫ്റ്റി-ഫിഫ്റ്റി
(ഗിരിജൻ സംഘം ഇടിച്ചു കേറി വരുന്നു)
മ: എന്താ, എന്താ പ്രശ്നം.
സം: അംബേദ്ക്കർ കോളനിയിലെ പ്രളയദുരിതത്തിനുള്ള പരാതിയുമായി വന്നതാ.
മ: ഓ,അങ്ങനെയാണല്ലേ. എന്താ പരാതി.
സം: സാറേ, ഞങ്ങൾക്ക് സഹായം തരാമെന്നു പറഞ്ഞ് ഒടുവിൽ കാശു മുഴുവൻ അവര് വിഴുങ്ങി.
മ: ഓ, അഴിമതിയല്ലേ, ഓ അഴിമതി സംബന്ധിച്ച അന്വേഷണ റിപ്പോർട്ടുകൾ ഇപ്പോൾത്തന്നെ മേശപ്പുറത്തുണ്ട്. അഴിമതി സാർവ്വത്രികമാണ്. അതുകൊണ്ടു തന്നെ ഈ അഴിമതി തുടച്ചു നീക്കാൻ വേണ്ട എല്ലാ നടപടികളും എന്റെ ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്. സംശുദ്ധമായ ഒരു ഭരണമാണ് ഗവൺമെന്റിന്റെ ലക്ഷ്യം.
(പത്ര സമ്മേളനം അഭിനയിച്ചുകൊണ്ട്)
അതുകൊണ്ട് അടിയന്തിരപ്രാധാന്യമുള്ള ഒരു ജനകീയപ്രശ്നമെന്ന നിലയ്ക്ക് അഴിമതി ഉദാരവൽക്കരിക്കാനും ദേശസാൽക്കരിക്കാനും എന്റെ ഗവൺമെന്റ് തീരുമാനിച്ച വിവരം പ്രഖ്യാപിക്കുന്നു.
തിത്തെയ്യം ചാടണ കണ്ടോടാ
അവരൊത്തു കളിക്കണ കണ്ടോടാ
ആരൊക്കെയാണെന്നറിഞ്ഞോടാ
അവരാണുങ്ങളാണെന്നറിഞ്ഞോടാ
　　കൈക്കൂലി വാങ്ങുന്നതാരാട പറ
　　കപ്പക്കൃഷിക്കാരനാണോടാ
　　നീതി നടത്തുന്നതാരാ അഴിമതി
　　വീരൻമാർ നേരെനിന്നല്ലേടാ
കള്ളക്കടത്തിനു മോനെങ്കിൽ- താതൻ
പിള്ളയ്ക്ക് ചൂട്ടു പിടിക്കുന്നോൻ
വല്ല്യമ്മാവൻ നീതി പീഠത്തിൽ- പിന്നെ
തള്ളേടെ തന്ത ഭരണത്തിൽ
നാട് മുടിഞ്ഞത് കണ്ടോടാ നമ്മൾ
നാവടക്കിക്കൊണ്ട് നിന്നോടാ
താതിന്താ തിന്തിമി താരോ
എങ്ങടെ കാശ് കളിപ്പിച്ചാണേയിമ്മിണി
യാള് സുഖിക്കണതിവിടെ
അഴിമതിയിന്നൊരു ശീലമതായേ
അതിനെ തടയാൻ നേരമതായേ

**കരടി നൃത്തം**

പടിഞ്ഞാറൻ കടൽക്കാറ്റിൽ
പാരതന്ത്ര്യ തുടൽചെത്തം
ഭാരതത്തിൻ പാഴ്കിനാവിൽ
ലോകബാങ്കിൻ കരടിനൃത്തം

കടൽ കടത്തി കതകടച്ചു
പുറത്തുതള്ളിയ വികൃതസത്വം
കടം നീട്ടി കുടൽ ചോർത്തി
കൂത്തടിക്കുന്നു.
അടിമഭാരതമാകുവാൻ
ഇനിയില്ല നാളുകൾ നമ്മൾ നേടിയ
വിലപിടിച്ച വിശുദ്ധിയാകെ

വിഷം മണക്കുന്നു
കർഷകന്റെ കരൾ മുറിഞ്ഞു
പതഞ്ഞുയർന്ന നിണം കുടിക്കാൻ
പക്ഷമാർന്ന കറുത്ത
കുടിലത നഖം നീട്ടുന്നു

ഒക്കെ മുടിയും മുമ്പുറക്കം
വിട്ട് വരികെൻ മക്കളെ-
യെന്നഗ്നി ഹൃദയം കാട്ടിയിന്ത്യ
വിളിച്ചു കേഴുന്നു.
**ഏഴാച്ചേരി രാമചന്ദ്രൻ—**

## 23. കെണി

സംഘം കടന്നു വരുന്നു. ഇടത്ത് കയ്യിൽ നാട. സ്റ്റേജിൽ വന്ന് നിന്ന് തിരുവാതിരയുടെ ചുവടു വച്ച് കളിക്കുന്നു.

കോറസ് :
ഭാരത മാതാവിന്റെ
വീരസന്താനങ്ങൾ നാം
ആനന്ദ പുളകങ്ങൾ
ആരാമ പുഷ്പങ്ങൾ
സ്വാതന്ത്ര്യ പുലരിതൻ
കാരുണ്യ കടാക്ഷ മേറ്റിട്ടാമോദം.
ജനായത്തക്കാറ്റിലാടുന്നോർ.
കാലചക്രത്തിൻ ഗതിയേതു മറിഞ്ഞിടാതെ
വേലചെയ്യുവാനുള്ള വേദിനോക്കാതെ
ആരുമാരെയും നോക്കാതനുദിനം രാജ്യത്തിന്റെ
ഭാവി എങ്ങോട്ടെന്നതും നമ്മൾ നോക്കാതെ.

ഓരോ ജോഡികളും (എതിർ ദിശയിൽ) തമ്മിൽ ക്രോസ് ചെയ്ത് പോകുന്നു.

പോകുന്നതില്ലേ പുരോഗതിയാം
കാമധേനുവിന്റെ വാലിൽ പിടിച്ച്
മേലോട്ടുപോയ് പശു സ്വർഗ്ഗമടുക്കുമ്പോൾ
വാല് കുടഞ്ഞെങ്കിൽ താഴെ വീഴും - പിന്നെ
ആകെ തകർന്നു തളർന്നു പോകും.
നമ്മളാകെ തകർന്നു തളർന്നു പോകും
അരുമയാം ഇരുപത്തിയൊന്നു വന്നാൽ
അടിവരമായ്ച്ചിന്ത്യ സ്വർഗ്ഗമാകും
കടമെന്നതില്ലാതെ നിർദ്ധന വർത്തക - വിടവടന്മാരും
സ്വതന്ത്രരാകും - താഴെ ക്കിടയിലുള്ളോർ
സ്വർഗ്ഗത്തായി മാറും. ( ഇതു പാടി കളിച്ച് കെണിയാകുന്നു.)

കാഴ്ചക്കാരൻ ഒരാൾ : (ഈ സമയത്ത് കാണികളിൽ നിന്നൊരാൾ കടന്നു വരുന്നു) നിങ്ങളെന്താ കളി മുഴുമിപ്പിക്കാത്തത്?
കളിക്കാർ : നിങ്ങളിതു കണ്ടില്ലേ. ഞങ്ങൾക്കിനി കളിക്കാനാവില്ല.
കാഴ്ചക്കാർ : എന്തുപറ്റി?
കളിക്കാർ : ഞങ്ങൾ കെണിയിൽപ്പെട്ടു, ഇനിയൊന്നനങ്ങണമെങ്കിൽ ഈ കുരുക്കഴിക്കണം.
കാഴ്ച. : അപ്പോൾ കളിക്കുമ്പോഴിതൊന്നും ഓർത്തില്ലല്ലേ.
കളി : ഞങ്ങൾ രസത്തിലങ്ങു കളിച്ചുപ്പോയി അതിപ്പോ ഇങ്ങനെയാകുമെന്നാരുകണ്ടു?
കാഴ്ച. : അതാകുഴപ്പം ! ഞങ്ങൾ ഓരോരുത്തരും നിങ്ങളെപ്പോലെ കുരുക്കിലായി.
കളി.: അതെന്താ?
കാഴ്ച. : നിങ്ങൾ കയറിൽ കുരുങ്ങി. നമ്മളൊക്കെ കടത്തിൽ കുരുങ്ങിക്കിടക്കുകയാണ്.

കളി : നമ്മളൊക്കെയോ അതെങ്ങിനെ? നമ്മളാരും കടം വാങ്ങിയിട്ടില്ലല്ലോ.
കാഴ്ച : നമ്മൾ വാങ്ങിയിട്ടില്ലെന്നേയുള്ളു. നമ്മുടെ പേരിൽ ചില വിരുതന്മാർ വാങ്ങി.
കളി : അതെങ്ങനെയാ? ഇനിയിപ്പം ഇതിൽ നിന്ന് രക്ഷപ്പെടാൻ എന്താ ഒരു മാർഗം.
കാഴ്ച : അതിനു വേറെ കളി കളിക്കണം. ഇതാ കേട്ടോളു.

(നേരത്തെകളിച്ച കളി വിപരീത ദിശയിൽ കളിച്ച് കെണി അഴിക്കുന്നു.)

ഇക്കട കെണിയിൽ നാം
മൊക്കെ കുടുങ്ങി
രണ്ടു ലക്ഷം കോടിയാ
കടം ഭാരതത്തിന്ന്.
ഗർഭസ്ഥ ശിശുവിനുണ്ട്
ഇത്രമേൽ കടമെന്ന്
അപ്രജയറിഞ്ഞെങ്കിൽ
അപ്പോഴേ ചാകും
വർത്തകന്മാർക്കുള്ള
ആഡംബര ഭ്രമം കേറിക്കേറി
ഈ ഭാരതം മുടിഞ്ഞു
നമ്മൾ മുടിഞ്ഞു.
ഇക്കൂടുക്കിൽ നിന്നു ഇന്ത്യൻമക്കളെ
രക്ഷനേടാൻ
ഒപ്പമീ അരങ്ങിലേക്കണി -
നിരക്കാം
സ്വാശ്രയത്വത്തിലൂടെ
കടക്കെണിയടിച്ചിന്ത്യയെ
മോചിപ്പിക്കണം നമ്മൾ.
നമ്മളെത്തന്നെ.

ഇപ്പോ കെണി അഴിഞ്ഞല്ലോ എന്നു പറഞ്ഞ് രംഗം വിട്ടുപോകുന്നു.

## കടലിന്റെ മക്കൾ

മുല്ലനേഴി

കടലിന്റെ മക്കളും ഇന്ന് കണ്ണീരിലാണ്. കള്ളന്മാർ മീനുംകൂടി കൊള്ളയടിച്ചിരിക്കുന്നു. തങ്ങളെ കണ്ണീരിലാഴ്ത്തിയ ആ കള്ളന്മാരെ പിടിക്കാൻ പുതിയൊരു വല നെയ്യുകയാണ് അവർ.

സംഘം V ആകൃതിയിലും പ്രധാന ഗായകൻ മുമ്പിലുമായി നിന്ന് പുറത്തേക്ക് തുഴയുന്നതായ് നടിച്ചുകൊണ്ട്.)

സംഘം : ഏലാം ഏലേലാം....ഏലാം ഏലേലാം.... (4)

ഗായകൻ : കടലമ്മ കനിഞ്ഞുതന്ന കനികൊണ്ട് കഴിഞ്ഞോര്
കടലിന്റെ മക്കളിന്ന് കണ്ണീരിലല്ലോ.... (സംഘം)
കടലടിയിലെ നിധിയുംതേടി വലവീശിപ്പോയോർക്ക്
ഒടുവിലീകണ്ണീർമുത്ത് കൊടുത്തതാരോ..... (സംഘം)

സംഘം : ഏലാം ഏലേലാം....ഏലാം ഏലേലാം.... (4)

ഗായകൻ : മാനംവെളുക്കുംമുമ്പേ മാരിക്കാറെത്തുംമുമ്പേ
ചീനവലച്ചിറകുംവീശി കേവഞ്ചികൾ കേറിപ്പോയി
പണ്ടത്തെ കഥയവയെല്ലാം കണ്ടവരാണല്ലോ നമ്മൾ (സംഘം)

സംഘം : ഏലാം ഏലേലാം....ഏലാം ഏലേലാം.... (4)

ഗായകൻ : ചെമ്മീനും സ്രാവും കണയും നൻമീനുകളെല്ലാമെവിടെ?
ചാളയുമായ്ക്കൂരകൾതോറും നീളെപ്പോയോരിന്നെവിടെ (സംഘം)
കടലായ കടലിലെ മീനുകൾ കുടിവിട്ടു പമ്പകടന്നോ?
കള്ളന്മാർ മീനുംകൂടി കൊള്ളയടിക്കാൻ വന്നെന്നോ (സംഘം)
കടലിന്റെ കനിവ് കുറഞ്ഞോ കുടിലിന്റെ ദുഃഖമറിഞ്ഞോ?
കടവും ദുരുതങ്ങളുമായി കടലോരം മങ്ങിമറിഞ്ഞോ? (സംഘം)

സംഘം : തെയ്തിമിതിമിതോം തെയ്യത്തോം....തയ്തിമിതിമിതോം (2)

(വായ്ത്താരി സംഘമായി ആലപിക്കുമ്പോൾ ഗായകൻ ഉച്ചത്തിൽ)

കടലിന്റെ മക്കളെ കണ്ണീരിലാഴ്ത്തിയ കൊടിയി കള്ളന്മാരെ (2)
തിരയുവാൻ മറ്റൊരു വലവീശാൻ നമ്മൾക്കും
സമയമായ് കൂട്ടുകാരെ....ഏ.... (2)

സംഘം : തെയ്തിമിതിമിതോം തെയ്യത്തോം....തെയ്തിമിതിമിതോം (4)

(ആവർത്തിക്കുന്നതനുസരിച്ച് ശബ്ദം കുറഞ്ഞുകുറഞ്ഞുവരുന്നു.)

## വരുമൊരുകാലം

ബർതോൾത് ബ്രെഹ്ത്

വിവ: പുനലൂർ ബാലൻ

ഇന്ന് നാട്ടിലെ ബഹുഭൂരിപക്ഷം പേരുടേയും ചട്ടികൾ ഒഴിഞ്ഞതാണ്. അത് നിറക്കാൻ മറ്റാരും വരില്ല. അവർ തന്നെ അത് നിറക്കേണ്ടിയിരിക്കുന്നു. വരും ഒരുകാലം, അവർക്കിടയിലും ആഹ്ലാദത്തിന്റെ ചിരി പൊട്ടുംകാലം.

(വേദിയിൽ ഒരു പാത്രം വന്നുവീഴുന്നു. ആകംക്ഷയോടെ ചുറ്റും കൂടുന്നവർ പാത്രത്തിനായി കടിപിടി കൂടുന്നു. പാത്രത്തിലേക്കു നോക്കുമ്പോൾ ഓരോരുത്തരുടേയും മുഖത്ത് നൈരാശ്യം. അവസാനത്തെ ആളും പാത്രം ഉപേക്ഷിക്കുമ്പോൾ ഗായകൻ കടന്നുവന്ന് പാത്രം പരിശോധിച്ച സംഘത്തോടും സദസ്യരോടുമായി.)

ഗായകൻ : ഒഴിഞ്ഞ ചട്ടിയിൽനിന്നും
എങ്ങനെ കഞ്ഞികുടിക്കും നീ?
എങ്ങനെ കഞ്ഞികുടിക്കും നീ?
(സംഘം ആവർത്തിക്കുന്നു.)

(ഗായകൻ ഒരാളെ ചൂണ്ടി)

നാടിൻ ഭരണം പിടിച്ചെടുത്തതു
കീഴ്മേൽ മാറ്റിമറിക്കൂ....

(അയാൾ എഴുന്നേറ്റ് ജിജ്ഞാസയോടെ)

“എങ്കിൽ?”

ഗായകൻ : നിന്നുടെ ചട്ടിയിൽ കഞ്ഞിനിറയ്ക്കാൻ
നീ മാത്രം പോരും
ഇനിയൊരുനിമിഷം കാത്തിരിക്കേണ്ട (സംഘം)

ഗായകൻ : പണിയില്ലാത്തോൻ നീയെങ്കിൽ
പാവപ്പെട്ടോൻ നീയെങ്കിൽ
എങ്ങനെയെങ്ങനെ വയറുനിറയ്ക്കും നീ....
എങ്ങനെ വയറുനിറയ്ക്കും നീ....

(സംഘം ആവർത്തിച്ചുകൊണ്ട് വിവിധ സ്ഥലങ്ങളിൽ ഇരിക്കുന്നു.)

(ഒരാളെ ചൂണ്ടി)

നാടിൻഭരണം പിടിച്ചെടുത്തത്
കീഴ്മേൽ മാറ്റിമറിക്കൂ....
അതിന്റെ നായകനാകൂ....

(അയാൾ എഴുന്നേറ്റുവന്ന്)

“എങ്കിൽ?”

എല്ലാവർക്കും പണികിട്ടും
പാവപ്പെട്ടവരില്ലാതാകും (സംഘം)

ഗായകൻ : ദുർബലനെന്നു വിളിച്ചവർനിന്നെ
കളിയാക്കുന്നില്ലേ....ഇല്ലേ?

കാലം പാഴിൽകളയാതെ
മുന്നേറുക നീ വേഗം (സംഘം)

(താഴെയുള്ള വരികൾ ഗായകൻ പാടുമ്പോൾ ഓരോരുത്തരായി എഴുന്നേറ്റുവരുന്നു.)

ഗായകൻ : മിണ്ടാപ്രാണികളായ് കഴിയുന്നോർ-
ക്കാവേശം പകരാൻ
കൊണ്ടുവരൂ നീ കൊണ്ടുവരീ നീ
പുതിയൊരു സംഗരപരിപാടി (സംഘം)

(എല്ലാവരും മുഷ്ടിചുരുട്ടി ഒരു ചുവട് മുമ്പോട്ടുവെച്ച് ഗായകനുചുറ്റും നിൽക്കുന്നു.)

(എല്ലാവരും കൂടി: ചുവടുകൾ പിൻവലിച്ച്)

"എങ്കിൽ?"

ഗായകൻ : വരുമൊരുകാലം മിണ്ടാപ്രാണികൾ
സംസാരിക്കുംകാലം
ദുർബലരായോർക്കിടയിൽനിന്നും
ചിരിപൊട്ടുംകാലം....
ചിരിപൊട്ടുംകാലം.... (സംഘം)

(എല്ലാവരും ആഹ്ലാദനൃത്തം ചെയ്യുന്നു. ഉയരങ്ങളിലേക്കു നോക്കി കൈകൾ ഉയർത്തി. ഫ്രീസ്)

## അന്തസ്സിന്റെ പുരാവൃത്തം

എസ്.പി.എൻ. മഞ്ചേരി

ഒരു കാലത്ത്, പണ്ടുപണ്ടാണത്, ഭാഗ്യവും സമ്പത്തും തേടി അറബികളും അവർക്കുപിന്നാലെ ലങ്കപറങ്കികളും ഇംഗ്ലീഷുകാരും കേരളത്തിൽവന്നു. അതന്ന്? ഇന്നോ? ഇന്ന് അരച്ചാൺ വയറ്റിനുവേണ്ടി നാം അറബിനാട്ടിൽ പോയി അടിമപ്പണിചെയ്യാൻ നിർബന്ധിതരായിരിക്കുന്നു. എന്തേ ഈ മാറ്റത്തിനു കാരണം? പൊന്നോണത്തിന്റെ നാടായ പൂക്കൾ ചിരിക്കുന്ന നാടായ കേരളത്തിന് എന്തേ ഈ ദുർഗതി വരാൻ കാരണം?

(ആധുനിക സംഗീതോപകരണങ്ങളും സമ്പ്രദായങ്ങളും അടങ്ങിയ ഒരു ഗായകസംഘം, പാശ്ചാത്യസംഗീതത്തിന്റെ സ്വാധീനം, അമിതമായി ഉപകരണങ്ങൾ ഉപയോഗിക്കുന്നതിലുള്ള കമ്പം എന്നിവ സംഘത്തിന്റെ മുഖമുദ്രയാണ്. എല്ലാം ആംഗ്യവിക്ഷേപങ്ങൾ. സംവിധായകൻ ഓരോ ഉപകരണക്കാരനുംവേണ്ടി നിർദ്ദേശങ്ങൾ നൽകുന്നു. പുതിയൊരു ഗാനം ചിട്ടപ്പെടുത്തുകയാണവർ. രണ്ടു പെൺകുട്ടികൾ പാടാൻ തയ്യാറായി നിൽക്കുന്നു.

സംഗീതസംവിധായകൻ : നമ്മൾ ഒരു പുതിയ ഗാനം സെറ്റ് ചെയ്യാൻ പോവുകയാണ്. ഉപകരണങ്ങൾ എല്ലാം ശ്രുതിചേർക്ക്.

(സംഘം വിവിധ ഉപകരണങ്ങളുടെ വികൃതമായ ശബ്ദങ്ങൾ സൃഷ്ടിക്കുന്നു.)

സംവി : പൊന്നോണത്തിൻ നാടേത്
പൂക്കൾ ചിരിക്കും മലയാളം

(രണ്ട് കുട്ടികൾ ആവർത്തിക്കുന്നു.)

സംവി : അങ്ങനെയല്ല "മലയാളം" അങ്ങ് താഴോട്ട്.

(വീണ്ടും കുട്ടികൾ പാടുന്നു.)

സംവി : നന്മകൾ നിറയും നാടേത്.

(കുട്ടികൾ ആവർത്തിക്കുന്നു.)

നാടേത് എന്നുള്ളത് ഒരു ചോദ്യംപോലെ വരണം. അതായത് ഏത് നാടണെന്ന്.

(കുട്ടികൾ ആവർത്തിക്കുന്നു.)

സംവി : നമ്മുടെ രാജ്യം മലയാളം.

(കുട്ടികൾ ആവർത്തിക്കുന്നു.)

(ഇടക്കിടക്ക് സംഗീതോപകരണങ്ങളുടെ അനിയന്ത്രിതമായ ശബ്ദത്തോടുകൂടിയ ഈ നാലു വരികൾ കുട്ടികൾ പാടുന്നു. അരോചകമായ ശബ്ദകോലാഹലങ്ങൾ. ഈ സമയം സദസ്സിൽനിന്ന് രണ്ടുപേർ കയ്യടിച്ച് പാട്ടുനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കടന്നുവരുന്നു. പെട്ടെന്ന് പാട്ട് നിൽക്കുന്നു. സംഗീതസംവിധായകരും ആഗതരും തമ്മിൽ തർക്കം.)

ആഗതരിൽ ഒരാൾ : നിർത്തെടോ, എന്താടോ ഇത്. കുറേ നേരമായില്ലേ തുടങ്ങിയിട്ട്?

മറ്റേയാൾ : കേട്ടിടത്തോളം തൃപ്തിയായി. എല്ലാം എടുത്ത് സ്ഥലം വീടൂ.

സംവി : ഞങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ഒരു ഗാനത്തിന്റെ റിക്കാർഡിംഗ് നടത്താനുണ്ട്. ഇടയിൽ തടസ്സം ഉണ്ടാക്കരുത്.

ആഗതരിൽ ഒന്നാമൻ : നന്മകൾ നിറയും നാടോ? ഏത് നാടാണടോ?....നിങ്ങളെന്താഹേ ആകാശവാണിയിലെ ലളിതസംഗീതപാഠംപോലെ അസംബന്ധം പറയുന്നോ?

സംവി : വളരെ പ്രസിദ്ധമായ കവികളുടെ വരികളാ ഞങ്ങൾ പാടുന്നത്.

ആഗതരിൽ രണ്ടാമൻ : നിങ്ങളുടെ പ്രസിദ്ധരായ കവികള് ടി.ബി.യിൽ മുറിയെടുത്ത് വെള്ളമടിച്ച് എഴുതിത്തരുന്ന കവികളല്ലേ? അത് പ്രസിദ്ധീകരിക്കാൻ കുറെ പ്രസിദ്ധീകരണശാലക്കാരും. പാടി നടക്കാൻ നിങ്ങളെപ്പോലെ കുറെ സ്തുതിപാഠകരും. ഏതു നൂറ്റാണ്ടിലാടോ നിങ്ങളൊക്കെ ജീവിക്കുന്നത്.

(മറ്റൊരുവനോട്)

സംവി : ഇവർക്ക് വെസ്റ്റേൺ മ്യൂസിക്കിനെപ്പറ്റി ഒരു വിവരവുമില്ല.

ആഗതരിൽ ഒന്നാമൻ : നിങ്ങളെ വെസ്റ്റേൺ മ്യൂസിക്, ഡിസ്കോ ഡാൻസ് ഈ നാട്ടിലെ ജനങ്ങളുടെ ജീവിതവുമായിട്ട് ബന്ധമുള്ള എന്തെങ്കിലും നിങ്ങൾ പാടാറുണ്ടോ? ഉണ്ടോ?

(ഗതിമുട്ടി)

സംവി : ഇത് ഞങ്ങടെ വയറ്റിപ്പിഴപ്പിന്റെ പ്രശ്നമാണ്. ഞങ്ങളും വല്ല നന്മകളും പാടി എങ്ങനെയെങ്കിലും ജീവിച്ചോട്ട്.

ആഗതരിൽ രണ്ടാമൻ : സ്തുതിപാടി നടക്കാൻ വലിയ വിഷമമൊന്നുമില്ല. ഇതിന്നുമിന്നലെയും തുടങ്ങിയ ഏർപ്പാടല്ല. നൂറ്റാണ്ടുകൾക്കുമുമ്പ് വിദേശികൾ ഇവിടെവന്ന് ഇവിടത്തെ ജനങ്ങളെ അടിമകളാക്കി മുതൽ കൊള്ളയടിച്ചുകൊണ്ടുപോയപ്പോഴും നന്മകളും പാടി സ്തുതിഗീതവും പാടി നടക്കാൻ കുറെ ആളുകളുണ്ടായിരുന്നു. അതിന്റെ ഫലമാണിന്ന് നമ്മൾ അനുഭവിക്കുന്നത്.

ആഗതരിൽ ഒന്നാമൻ : അക്കഥയൊന്നും നിങ്ങൾക്കറിയില്ലല്ലോ?

(പാടുന്നു.)

അറബിക്കടൽതാണ്ടിയണഞ്ഞു
പണ്ടൊരുകാലത്തറബികളവരുടെ
പിറകേപാഞ്ഞെത്തിലന്ത, പറങ്കിബിലാത്തികളെല്ലാമിവിടെ
തറവാടിൻ മാന്യതയോർത്തും ഭൃഗുരാമന്റെ മഹത്വംകാത്തും
കുരുമുളകിൻ നാടേനിന്നു നീയന്നേറെയുദാരതയോടെ

(വേദിയിലുള്ളവർ ഏറ്റുപാടുന്നു. ഇടതുവശത്തുനിന്നൊരാൾ കടന്നുവന്നിട്ട്)

മുചിരിയിലെത്തിയ ‘ജോങ്കുകൾ’ നമ്മുടെ
വിഭവം ചൈനയിലെത്തിച്ചു (സംഘം)

(വലതുവശത്തുനിന്നൊരാൾ വന്നുകൊണ്ട്)

കൊച്ചിയിൽനിന്നുമുയർന്ന പ്രശസ്തി
കർത്തൂബായിലുമെത്തിച്ചു (സംഘം)

ഗായ : ബാക്കി ഞങ്ങൾ പാടാം.

(മട്ടുമാറി)

ഗോദാവരിയുടെ തീരത്തുനിന്നും

ചോമാതിരിമാരെത്തുന്നു.... (സംഘം)
ചാതുർവർണ്യം സ്ഥാപിക്കാനവർ
ജാതിവ്യവസ്ഥ വരുത്തുന്നു.... (സംഘം)
ജാതിവ്യവസ്ഥ വരുത്തുന്നു....

(പിന്നിൽനിന്നും ബ്രാഹ്മണവേഷം ധരിച്ച് രണ്ടുപേരും അവർക്ക് അകമ്പടി സേവിച്ച് വാദ്യങ്ങളുമായി മൂന്നുപേരും പ്രവേശിക്കുന്നു. സംഘം രണ്ടുവരിയായി നിന്ന് വരവേൽക്കുന്നു. പാട്ട് അവസാനിക്കുമ്പോൾ ഒരു പെൺകുട്ടി താളത്തിനനുസൃതമായി ചുവടുവെച്ച് നൃത്തം ചെയ്യുന്നു. പഴയ ക്ലാസിക് കലകളെ അനുസ്മരിപ്പിക്കുന്ന ഈ നൃത്തം ബ്രാഹ്മണർ ആസ്വദിക്കുന്നു. രണ്ടുപേർ ഇടവും വലവും നിന്ന് വീശുന്നതായി നടിക്കുന്നു. നൃത്തം അവസാനിക്കുന്നതോടുകൂടി ബ്രാഹ്മണൻ ജന്മികളായി നടിക്കുന്നു.

ഗായകൻ : (വേഗത്തിൽ)
പരിടയടക്കി ഭരിച്ചോർ നമ്പൂതിരിമാർ
ജന്മികളാവുന്നു. (സംഘം)
കോവിലകങ്ങളുയർന്നൂ ഫ്യൂഡൽ
സാമാന്തൻമാർ പെരുകുന്നു (സംഘം)

(ആദ്യത്തെ രണ്ടുവരികൾ പാടുമ്പോൾ സംഘത്തിലുള്ളവർ ജന്മിമാർക്ക് കാഴ്ചകൾ സമർപ്പിക്കുന്നു. രണ്ടാമത്തെ വരികൾ പാടുമ്പോൾ പാരാവുകാരായും വഴികാട്ടികളുമായി നിൽക്കുന്നു. ജന്മികൾ അടിവെച്ചടിവെച്ച് നീങ്ങുന്നു.)

ഗായകൻ : "നാലുംകൂട്ടിമുറുക്കിതുപ്പീ നാടുഭരിച്ചോർ തമ്പ്രാക്കൾ"

(തമ്പ്രാക്കൾ ഇരുവശത്തും നിൽക്കുന്നവരുടെ മുഖത്തുതുപ്പി കടന്നുപോകുന്നു. അവർ നിർവൃതിയോടെ, അഭിമാനത്തോടെ "തുപ്പി" പറയുന്നു. സംഘം പെട്ടെന്ന് 'V'ആകൃതിയിൽ നിൽക്കുന്നു.

ഗായകൻ : പത്തേമാരി തുഴഞ്ഞെത്തുന്നു
കച്ചവടത്തിനുമ്ലേച്ഛന്മാർ (സംഘം)
(സംഘം ആവർത്തിച്ചുകൊണ്ട് തുഴയുന്നു.)

കടലുകടന്നുവരുന്നോരവരുടെ
പിറകേ പിറകേ കള്ളന്മാർ (സംഘം)

(അറബികളുടെ വേഷം നടിച്ച് രണ്ടുപേർ കടന്നുവരുന്നു.)

കടിപിടികൂടും നായ്ക്കൾക്കസ്ഥി
ക്കഷണം നമ്മുടെ നാടായി (സംഘം)

(സംഘം രണ്ടുചേരിയായി തിരിഞ്ഞ് തമ്മിൽ യുദ്ധം ചെയ്യുന്നതായി നടിക്കുന്നു: ഫ്രീസ്)

(ഒടുവിൽ ബിലാത്തിജയിച്ചൂ നാടിൻ
ഭരണമവർക്കാണെന്നായി (സംഘം)

(പുറത്തുനിന്നും താളത്തിനനുസരിച്ച് തൊപ്പിവെച്ച് സായിപ്പിന്മാരുടെ വേഷത്തിൽ പഴയ ജന്മിമാർതന്നെ കടന്നുവരുന്നു.)

കടലുകടന്നിവിടെത്തിയ സായ്പ്പി
ന്നടിയറവെച്ചു സ്വാതന്ത്ര്യം (സംഘം)

(സംഘം സായിപ്പിന്മാരുടെ കാൽക്കൽ വീഴുന്നു.)

ഒന്നാം സായിപ്പ് : യൂ ബ്ലഡി ബ്ലാക് ഡോഗ്സ്!

രണ്ടാം സായിപ്പ് : ഗറ്റപ്പ്.

(സംഘം ഞെട്ടി എഴുന്നേൽക്കുന്നു. സായിപ്പന്മാർ കടന്നുപോകുന്നു.)

ഗായകൻ : അന്നും നമ്മളുപാടി നമ്മുടെ
അന്തസ്സിന്റെ പുരാവൃത്തം

ഒരാൾ : (ഗദ്യത്തിൽ) ഇന്നും നമ്മളും പാടും നമ്മുടെ അന്തസ്സിന്റെ പുരാവൃത്തം

സംഘം : പൊന്നോണത്തിൻ നാടേത്
......................
......................
നമ്മുടെ രാജ്യം മലയാളം

(തുടർന്ന് കൈകൊട്ടിക്കളിയുടെ ചുവടുവെച്ച് രണ്ട് പ്രാവശ്യം ആവർത്തിക്കുന്നു.)

സംഘത്തിൽ ഒരാൾ : ഇങ്ങനെ കള്ളന്മാർക്കും കൊള്ളക്കാർക്കും സ്തുതിഗീതം പാടിപ്പാടി നാമിന്ന് എവിടെയെത്തി?

സംഘം : എവിടെയെത്തി?

(രണ്ടു പെൺകുട്ടികൾ ചേർന്നു പാടുന്നു. സംഘം വരിയായിനിന്ന് ഏറ്റുപാടുന്നു.)

പെൺകുട്ടികൾ : തനതിന്ത താനതിന്ത താനതിന്തിന്നോ
തനതിന്ത താനതിന്ത താനതിന്തിന്നോ (സംഘം)

സായിപ്പ് പോയി നമ്മളു സ്വതന്ത്രരായി
നാടിന്റെ ഭരണം നമ്മുടെ
കൈകളിലായീ..... (സംഘം)

നാടുവാഴികൾ പോയീ ജന്മികൾ പോയീ
നാമെല്ലാം പ്രതീക്ഷിച്ചൂ പ്രഭാതമീയി.... (സംഘം)

(സംഘത്തിലൊരാൾ മുന്നോട്ടുവന്ന്)

പദ്ധതിപലതും വന്നുകഴിഞ്ഞു
പട്ടിണിമാറ്റാമെന്നു പറഞ്ഞു
വർഷം മുപ്പത്താറുമറഞ്ഞൂ

പെൺകുട്ടികൾ : ദാരിദ്ര്യരേഖയ്ക്കടിയിൽ തിരക്കുകൂട്ടി
പാവങ്ങളവരുടെയെണ്ണമിരട്ടിയായി....

സംഘം : പദ്ധതിപലതും...........
................................
................................
................................

(പുറത്തുനിന്നും ഒരാൾ കടന്നുവന്ന്)

ആഗതൻ : ഹേയ്, എന്താ പറഞ്ഞത് ദാരിദ്ര്യരേഖയ്ക്കടിയിൽ തിരക്കു കൂടിയെന്നോ? ഞാനങ്ങു മുകളിലേക്കു പോവാ.

ഒരാൾ : ചെല്ലുചെല്ല് തരക്കേടില്ല.

(വേറൊരാൾ കൈക്കു പിടിച്ചുകൊണ്ട്)

ഹേയ് അങ്ങോട്ടുപോയിട്ട് ഒരു പ്രയോജനവുമില്ല. നിങ്ങളെപ്പോലെ പലരും കുറുക്കുവഴികളിലൂടെ ദാരിദ്ര്യരേഖക്കു മുകളിലേക്ക് പോകാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ മുകളിൽ ഉള്ളവരൊക്കെ തലയുംകുത്തി താഴോട്ടു വീണുകൊണ്ട് ഇരിക്കുകയാ.

ആഗതൻ : ങും! അതെന്താ?

സംഘത്തിൽ ഒരാൾ : നമ്മുടെ നാട്ടിലെ സമ്പത്തം വിഭവങ്ങളും ശാസ്ത്രീയമായിട്ട് ആസൂത്രണം ചെയ്യാത്തതിന്റെ ഫലമായി ദാരിദ്ര്യരേഖക്കു മുകളിലുള്ളവർപോലും ഇപ്പോൾ പാപ്പരായിക്കൊണ്ടിരിക്കുകയാണ്. അങ്ങോട്ടുപോയിട്ട് ഒരു കാര്യവും ഇല്ല.

ആഗതൻ : അപ്പോൾ ഞാനെന്താ ചെയ്യുക?

സംഘം : നമുക്ക് കൂട്ടായിട്ട് ആലോചിക്കാം. ഞങ്ങളുടെ കൂടെ കൂട്.

(അയാൾ ചേരുന്നു.)

സംഘം : ദാരിദ്ര്യരേഖക്കടിയിൽ തിരക്കുകൂടി
പാവങ്ങളവരുടെ എണ്ണമിരട്ടിയായി

..............................

പെൺകുട്ടികൾ : നാടിന്റെ സമ്പത്തെങ്ങോ കുമിഞ്ഞുകൂടി
ജീവിക്കാൻ വഴിയില്ലാത്തോർ വലഞ്ഞുകൂടി (സംഘം)

സംഘക്കിൽ ഒരാൾ : ഉപ്പിനുമുകളിനുചപ്പിനുചവറിനു
മൊക്കെയ്ക്കും വിലയേറി ജീവിത
മിത്തിരിപോലും നീങ്ങാതായി

പെൺകുട്ടികൾ : വിഷമദ്യം മനുഷ്യർ മരിച്ചീടുന്നേ
വിരുതന്മാർ കോടതികേറി രക്ഷപ്പെടുന്നേ (സംഘം)

ഒരാൾ : മുക്കിനു മുക്കിനു ചാരായക്കട
ഇഷ്ടംപോലെ കുടിക്കാം ചാവാം (സംഘം)

രണ്ടാമൻ : കൊലപാതകിയെ സംരക്ഷിക്കാൻ
പണമുള്ളവരുടെ കോടതിയുണ്ട് (സംഘം)

മൂന്നാമൻ : ആർക്കും വാങ്ങാം കാശുകൊടുത്താൽ
മാർക്കും സീറ്റും ബിരുദവുമെല്ലാം (സംഘം)

സംഘം : വിലയില്ലാതുള്ളൊരു വസ്തുമനുജൻമാത്രം
വിസവാങ്ങിക്കടലുകടക്കുന്നതിവിചിത്രം

(സംഘത്തിൽനിന്നൊരാൾ മുന്നോട്ടു വന്നു പറയുന്നു.)

ഒരാൾ : അരച്ചാൺ വയറു നിറയ്ക്കാൻ ഗതിയില്ലാഞ്ഞ്
വിസവാങ്ങി കടലുകടക്കുന്നവരെക്കുറിച്ച് കവി പാടുന്നതു കേട്ടോ?

(വന്ദ്യവയോധികനായ കവിയുടെ ഭാവത്തിൽ ഒരാൾ നീട്ടിച്ചൊല്ലുന്നു.)

കേരളം....വളരുന്നു പശ്ചിമഘട്ടങ്ങളെ....
കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ....
കേരള വളരുന്നു പശ്ചിമഘട്ടങ്ങളെ
കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ....

(രണ്ടുപേർ പരിഹസിച്ചുകൊണ്ട് മുന്നോട്ടുവരുന്നു.)

ഒന്നാമൻ : ഹേ പിള്ളച്ചേട്ടാ കവി പാടുന്നതുകേട്ടില്ലേ?
കേരളമങ്ങു വളർന്നു പശ്ചിമഘട്ടങ്ങളൊക്കെ കടന്ന്
അങ്ങ് ഫോറിനിലൊക്കെചെന്ന് വിലസുന്നെന്ന്

രണ്ടാമൻ : പശ്ചിമഘട്ടം കേറിമറഞ്ഞീ നമ്മളുലോകം മുഴുവനും
എത്തിയകാര്യം കവി പാടുന്നതു കേട്ടല്ലോ?
നാമതിലഭിമാനിക്കാറുണ്ടെന്നാലും നേരുപറഞ്ഞാൽ
നാണിക്കാനും നമ്മൾക്കിന്നറിയില്ലല്ലോ? (സംഘം)

ഗായകൻ : പട്ടിണിരേഖയ്ക്കടിയിൽ പകുതി
മനുഷ്യരുമിവിടെ കഴിയുന്നു (സംഘം)
എഴുപതുശതമാനത്തിലുമേറെ നിരക്ഷരർ കണ്ണുമിഴിക്കുന്നു (സംഘം)

ആയിരമായിരമെന്നകണക്കിനു
വായും വയറും പെരുകുന്നു (സംഘം)

സംഘം : പശ്ചിമഘട്ടം................
................................

ഗായകൻ : അനുദിനമിവിടെ പാഴായ്പോകു
ന്നധ്വാനത്തിൻ വൻശക്തി (സംഘം)

വികസിതരാഷ്ട്രമസൂയപ്പെടുമാറ
സുലഭമാകിയജനശക്തി (സംഘം)

ഉപയോഗിക്കാൻ പറ്റാതുള്ളൊരു

ഗതികേടെന്തേവന്നെത്തി.... (സംഘം)

സംഘം : പശ്ചിമഘട്ടം................
...............................

ഗായകൻ : അവസരതുല്യത എന്നുപറഞ്ഞൊരു
നിയമം നമ്മൾക്കിവിടുണ്ട് (സംഘം)
എഴുതിയിരിപ്പപ്പുണ്ടേട്ടിലതിന്മേൽ
പണമുള്ളവരുടെ കയ്യുണ്ട് (സംഘം)

ജനമൊന്നാണവരൊന്നിച്ചുയരണ
മതിനായെന്തൊരു വഴിയുണ്ട്? (സംഘം)

സംഘം : അതിനായെന്തൊരു വഴിയുണ്ട്?
അതിനായെന്തൊരു വഴിയുണ്ട്?

(സംഘത്തിലുള്ളവർ ചിന്താമഗ്നരായി നിൽക്കുന്നു. ഒരാൾ കടന്നുവന്ന്.)

ഒരാൾ : കുത്തകകൂട്ടിയ വിഭവംകൈകളി
ലത്തിച്ചാൽ തൊഴിലായില്ലേ.... (സംഘം)

മറ്റൊരാൾ : അധ്വാനിച്ചാലിവിടുള്ളവരുടെ
പട്ടിണി ഇല്ലാതാവില്ലേ.... (സംഘം)

മൂന്നാമൻ : ഒരു പുതുലോകം പടുത്തുയർത്താൻ
ഇമ്മട്ടായാൽ കഴിയില്ലേ.... (സംഘം)

സംഘം : ഒരു പുതുലോകം പടുത്തുയർത്താൻ
ഇമ്മട്ടായാൽ കഴിയില്ലേ....

(ഫ്രീസ്)

## പോരാ, പോരാ

ബെർതോൾത് ബ്രെഹ്ത്

വിവ: പുനലൂർ ബാലൻ

പോത്തിനെപ്പോലെ അധ്വാനിച്ചതുകൊണ്ടുമാത്രം പട്ടിണിയില്ലാതാവില്ല. നാം നമ്മുടെ കടമ അറിയണം. അത് നിറവേറ്റണം. അല്ലാതെ പട്ടിണിയില്ലാതാവില്ല.

(എട്ടുപേരടങ്ങിയ സംഘം വേദിനിറഞ്ഞുനിന്ന് വിവിധ ജോലികൾ ചെയ്യുന്നതായി നടിക്കുന്നു. ആംഗ്യങ്ങൾ. ഗായകന്റെ കയ്യടിശബ്ദം കേൾക്കുമ്പോൾ ഫ്രീസ്)

ഗായകൻ കടന്നുവന്നിട്ട്:

പോരാ പോരാ ചെയ്യുവതൊന്നുംപോരാ
നൈരാശ്യത്തിൻ കൂരിരുളല്ലോ നീളെ
അതിന്റെ കാളിമയേറുകയല്ലോ പാടേ
പറ്റില്ലീനില തുടരാൻ പക്ഷേ
എന്തുചെയ്യാൻ കഴിയും നിനക്കെന്തു ചെയ്യാൻ കഴിയും.
ഹ....പോരാ....പോരാ....
പോരാ....പോരാ....ചെയ്യുന്നവതൊന്നും പോരാ.

(സംഘം ചലിക്കുന്നു.)

ഗായകൻ : കുഞ്ഞിനുതീറ്റിക്കൊടുക്കാനൊരു വഴികാണാതേ
മഞ്ഞുപെയ്യും കോടക്കാറ്റിലലഞ്ഞുതിരിയും കുഞ്ഞാറ്റക്കിളിപോലെ (2)
എന്തുചെയ്യണമെന്നറിയാതെ
മോഹഭംഗചുഴിയിൽ നീ കറങ്ങുന്നൂ.... (2)
ഹ....പോരാ....പോരാ....

സംഘം : പോരാ....പോര....ചെയ്യുന്നവതൊന്നും പോരാ.

..........................

ഗായകൻ : കീഴും മേലും നോക്കാതെ
തരിമ്പുവിശ്രമമില്ലാതെ-തല
യറഞ്ഞുപണിചെയ്‌വൂ-നീ
തകർത്തു പണിചെയ്‌വൂ (സംഘം)

ഗായകൻ : നന്നാവാത്തതുനന്നാക്കാൻ നീ
പാഴ്ശ്രമം തുടരുന്നു-
കിട്ടാത്തതിനെ കെട്ടിയെടുക്കാൻ
പാഴ്ശ്രമം തുടരുന്നൂ-നീ
പാഴ്ശ്രമം തുടരുന്നൂ-ഞാൻ
പാഴ്ശ്രമം തുടരുന്നൂ-നാം

സംഘം : പാഴ്ശ്രമം തുടരുന്നൂ....
ഹ....പോരാ....പോരാ....
പോരാ പോരാ ചെയ്യാവുന്നതൊന്നും....
..............................

(സംഘം ഗായകന്റെ പിന്നിൽ നിരക്കുന്നു.)

ഗായകൻ : കൂലികുറവല്ലേ, കുമ്പിളിലല്ലേ നിനക്ക് കഞ്ഞി (സംഘം)
ഓണം വന്നാലും ഉണ്ണിപിറന്നാലും
കുമ്പിളിലല്ലേ നിനക്കു കഞ്ഞി.... (സംഘം)

(മട്ടുമാറി ദ്രുതതാളത്തിൽ)

ഗായകൻ : ഈ നില മാറണമെങ്കിൽ നീ
നിന്റെ കടമയെന്തെന്നറിയൂ (സംഘം)

സംഘം : നിന്റെ കടമയെന്തെന്നറിയൂ
നിന്റെ കടമനിറവേറ്റൂ (സംഘം)
നിന്റെ കടമനിറവേറ്റൂ (2)

(കൈകൾ ചൂണ്ടി നിശ്ചലമാകുന്നു-സംഘം)

## വിലക്കയറ്റം

മുല്ലനേഴി

(സാധാരണക്കാരന്റെ ജീവിത്തെ ദുസ്സഹമാക്കുന്ന വിലക്കയറ്റത്തിന്റെ കെടുതി ഇന്നും സജീവമായ സാമൂഹ്യപ്രശ്നമാണ്. ഉൽപാദനവിതരണരംഗങ്ങളിലേയും കയറ്റുമതി ഇറക്കുമതിനയങ്ങളിലേയും അശാസ്ത്രീയതകൾ കാരണമാണ് ഈ ശാപം ഉണ്ടായിട്ടുള്ളത്.

ഗായകൻ : സാധനവിലകൾ വാണംപോലെ
കേറിക്കേറി മേലോട്ട്....

സംഘം : കേറിക്കേറി മേലോട്ട്....

ഗായകൻ : സാധാരണ ജനജീവിതമങ്ങനെ
താളംതെറ്റിത്താഴോട്ട്...

സംഘം : താളംതെറ്റിത്താഴോട്ട്...

ഗായകൻ : ഭാരതത്തിലെ പൗരന്മാർക്ക്
ദുരിതംകൊണ്ടാറാട്ട്

സംഘം : ദുരിതംകൊണ്ടാറാട്ട്

ഗായകൻ : ഭാഗ്യം ചെയ്തവർ ജീവിക്കുന്നവർ
നാട്ടിലാകെ ഏഴെട്ട്

സംഘം : ഏഴെട്ട്....ഏഴെട്ട്....

സാധനവിലകൾ.........
.......................

ഗായകൻ : കേരംതിങ്ങും കേരളനാട്ടിലെ
നാളികേരച്ചമ്മന്തി.

(സംഘം എരിവുനടിക്കുന്ന.)

ഗായകൻ : നാളികേരച്ചമ്മന്തിക്കൊരു നാലുതുള്ളി വെളിച്ചെണ്ണ

സംഘം : ഒരു നാലുതുള്ളി വെളിച്ചെണ്ണ

ഗായകൻ : വെളിച്ചെണ്ണ നാട്ടിൽനിന്നും വെളിയിലേക്കൊഴുകി
വെളുത്ത പണവും കറുത്ത പണവും തമ്മിൽ തമ്മിലിഴുകീ....

സംഘം : വെളുത്ത പണവും കറുത്ത പണവും തമ്മിൽ തമ്മിലിഴുകീ....

ഗായകൻ : മധുരിക്കും വാക്കിലാകെ പഞ്ചാര നിറച്ച്
മന്ത്രിമാരുഭരിച്ചാൽപിന്നെ പഞ്ചാരയെന്തിന്? (2)
വലിയവരാണെങ്കിൽ മധുരംകഴിക്കല്ലല്ലിയോ

സംഘം : വിത്തൗട്ട്....വിത്തൗട്ട്....

ഗായകൻ : ചെറിയവരാണെങ്കിൽ....മധുരം കൊതിക്കല്ലല്ലിയോ

സംഘം : ചക്കരക്കാപ്പി....

ഗായകൻ : വിദേശത്തു വിലകുറച്ചുവിറ്റാൽ
പേര് നാടിനല്ലേ (സംഘം)

സംഘം : വിവരമില്ലാത്തോർനാടു-
ഭരിക്കുന്നതാപത്തല്ലേ

ഗായകൻ : കണ്ടും കേട്ടുമറിഞ്ഞോരെ
കണ്ണുംകാതും തുറന്നോരെ (സംഘം)

സംഘം : കുണ്ടിലാണ്ട മനുഷ്യർക്ക്
പന്തം കാണിക്കൂ....

ഗായകൻ : നാളെയെങ്കിലുമീയിരുട്ടിനെ
നാടുകടത്തൂ....(സംഘം)

സംഘം : നാടുകടത്തൂ....
നാടുകടത്തൂ....
നാടുകടത്തൂ....

## ഇറക്കുമതി

പി.എൻ. ദാമോദരൻപിള്ള

അശാസ്ത്രീയമായ കയറ്റുമതി ഇറക്കുമതിനയം കേരളത്തിലെ കർഷകന്റെ നട്ടെല്ലൊടിക്കുന്നു. മുമ്പെന്നത്തേക്കാളും അതിന്റെ തിക്തഫലം ഇന്ന് അവർ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

(വേദിയുടെ പിന്നിൽനിന്നും വക്കച്ചൻ പ്രവേശിക്കുന്നു.തലയിലൊരു കെട്ടും കഴുത്തിൽ കൊന്തയും. വേദിയിൽ കോണോടുകോൺ നടന്നു മുന്നോട്ടുവന്നു. കൈതൊഴുതുപിടിച്ചുകൊണ്ട് സ്റ്റേജിൽ കുറുകെ നടന്ന് വീണ്ടും മധ്യത്തുവന്ന് പുറകോട്ട് പോയി കുരിശുവരച്ച് പിൻവാങ്ങുമ്പോൾ എന്തോ ഓർത്തിട്ടെന്നപോലെ വായ്ത്താരിപാടി ചുവടുവെച്ച് മുനന്നോട്ടുവരുന്നു.)

ധിമി ധിത്തിമി ധിമി ധിത്തിമി ധിമി ധിത്തിമി ധിത്തോം
ധിമി ധിത്തിമി ധിമി ധിത്തിമി ധിമി ധിത്തിമി ധിത്തോം (3)

(വേദിയുടെ ഇടതുവശത്ത് നിശ്ചലനായി നിൽക്കുന്നു. വക്കച്ചൻ വന്നതുപോലെ ചാക്കോച്ചൻ പ്രവേശിക്കുന്നു. നമസ്രിച്ച് കുരിശുവരച്ച് പിന്നോക്കം പോയി വീണ്ടും മുന്നോട്ട് വന്ന് മറ്റൊരു ചുവടുവെക്കുന്നു-കക്ഷത്തിൽ വടിയും ഉണ്ട്.

തിത്തിത്തിമി തിത്തിത്തിമി തിത്തരികിട തിത്തോം

തിത്തിത്തിമി തിത്തിത്തിമി തിത്തരികിട തിത്തോം (3)

(വലതുവശത്തുനിൽക്കുന്നു.)

ചാക്കോച്ചൻ : പള്ളീലെ പെരുനാളിന്
കർത്താവിൻതിരുനാളിന്
പത്തേയിനിനാളുള്ളൂ വക്കച്ചോ
നമുക്കൊന്നു കൂടേണ്ടേ വക്കച്ചോ

വക്കച്ചൻ : പെമ്പിളയ്ക്കൊരുജോഡി ചട്ടേംമുണ്ടും
മേടിക്കാൻ കൂടീട്ടും പാങ്ങില്ലാണ്ടിരിക്കുമ്പോൾ
എങ്ങനെ കൂടാനാ ചാക്കോച്ചോ
ധിമി ധിത്തിമി ധിമി ധിത്തിമി ധിമി ധിത്തിമി ധിത്തോം

ചാക്കോച്ചൻ : പാങ്ങില്ലാണ്ടെങ്ങനായ് വക്കച്ചോ

വക്കച്ചൻ : റബ്ബറിനിവിലയില്ല ചാക്കോച്ചോ

ചാക്കോച്ചൻ : അത് നല്ല കൂത്തായി പോയൊല്ലാ
പണ്ടൊക്കെ പിള്ളേരു പാഠത്തിചൊല്ലുമ്പോലിപ്പം
വലിച്ചാലീ റബറു നീളത്തില്ല്യോ
വിട്ടാല് പൂർവസ്ഥിതി പ്രാപിക്കില്ല്യോ
തിത്തിത്തിമി തിത്തിത്തിമി തിത്തരികിട തിത്തോം

വക്കച്ചൻ : കൃഷിവകതുപ്പാപ്പീസാറു പറഞ്ഞിളക്കി
കപ്പ വിളയണകാലായാകെ
കൊക്കൊ വെപ്പിച്ചിന്ന നക്കാപ്പിച്ച
കെടായ്ക്കാതായ് ചാക്കോച്ചോ
ധിമി ധിത്തിമി ധിമി ധിത്തിമി ധിമി ധിത്തിമി ധിത്തോം

ചാക്കോച്ചൻ : കൊക്കോക ശാസ്ത്രം പഠിക്കാഞ്ഞോ
കൊക്കോ ചതിച്ചതു വക്കച്ചോ!

വക്കച്ചൻ : കുരുമുളകിനും വിലയിടിഞ്ഞു

ചാക്കോച്ചൻ : കുരു ചെറുതായതു കൊണ്ടാണോ!

വക്കച്ചൻ : നാളികേരത്തിനും വിലകുറഞ്ഞു

ചാക്കോച്ചൻ : പൊതിക്കാനാളില്ലാത്തതു കൊണ്ടാണോ?

വക്കച്ചൻ : ഒലക്കേടെമൂട്, എനിക്കറിയാമ്മേലെ

ചാക്കോച്ചൻ : ഒറയാതെ നില്ലെന്റെ വക്കച്ചോ
ഇറക്കുമതിയെന്നൊരു സൂത്രമുണ്ട്

വക്കച്ചൻ : എന്തോന്നു മാരണം ചാക്കോച്ചോ

ചാക്കോച്ചൻ : എറക്കുമതി എറക്കുമതി എറക്കുമതി
ടാറ്റാക്കും ബിർളക്കും എറക്കുമതി
അന്യനാടീന്നൊക്കെയിറക്കിയാലെ
അവരിക്ക് ലാഭം പെരുത്തുകിട്ടൂ

വക്കച്ചൻ : അവരിക്ക് ലാഭം പെരുത്തുകിട്ടാൻ
നമ്മുടെ വായിലും മണ്ണിടണോ
ധിമി ധിത്തിമി....

ചാക്കോച്ചൻ : ചോദിച്ചതുപഷ്ടായി പക്ഷേങ്കി-
ചോദിക്കണതാരോടാ വക്കച്ചോ

വക്കച്ചൻ : ഇവിടം ഭരിക്കണ സർക്കാരില്ല്യോ
ഭരണത്തിൽ നിരങ്ങണ പരിഷയില്ല്യോ
അവരോടാ ചോദിക്കണ ചാക്കോച്ചോ

ചാക്കോച്ചൻ : ഇവിടം ഭരിക്കണ വീരന്മാര്
പണക്കാരടെ കൈയ്യിലെ വാവകള്
ടാറ്റയും ബിർളയും നിനച്ചെന്നാകിൽ
ഇറക്കുമതിചെയ്യും ഭരണക്കാരേം
തിത്തിത്തിമി തിത്തിത്തിമി....

വക്കച്ചൻ : എങ്കിലയ്യോ നമ്മടെ സ്വാതന്ത്ര്യോം
പൊല്ലാപ്പിലാകുമേ ചാക്കോച്ചോ
ധിമി ധിത്തിമി....

ചാക്കോച്ചൻ : നമ്മടെ വിളകൾക്ക് വിലകിട്ടാൻ
നമ്മടെ സ്വാതന്ത്ര്യമില്ലെന്നായാൽ
പിന്നാലെ നാടിന്റെ സ്വാതന്ത്ര്യോം
പൊല്ലാപ്പിലാകമേ വക്കച്ചോ

വക്കച്ചൻ : അതുതന്നെയാ ഗതി ചാക്കോച്ചോ?

ചാക്കോച്ചൻ : അല്ലല്ല, അല്ലല്ല നമ്മളൊന്നിച്ചുനിന്നാൽ
ഇറക്കുമതിയവർ നിർത്തിയില്ലേൽ
ഇറക്കുമതിക്കാരെ കയറ്റുമതി ചെയ്യാൻ
നമ്മൾക്കു കഴിയുമേ കട്ടായം (3)
ധിമി ധിത്തിമി ധിമി ധിത്തിമി.... (3)

(രണ്ടുപേരും തോളിൽ കൈയിട്ട് ചുവടുവെച്ച് നിഷ്ക്രമിക്കുന്നു.)

## തമ്പാനൂർ

ഗോപിനാഥ് മാവുങ്കൽ

(അങ്ങനെ വേണ്ടപ്പോൾ കയറ്റുമതി, അല്ലെങ്കിൽ ഇറക്കുമതി, മുപ്പത്താറ് കൊല്ലമായി ഇവിട ദരിദ്ര രുടെ ജീവിതതതിൽ ഒരു മാറ്റവും വന്നിട്ടില്ല. പട്ടിണിപ്പാവങ്ങൾ റോട്ടുവക്കിൽ കിടക്കുന്നു. എച്ചിൽകുഴി കൾ പരതുന്നു.

തമ്പ്രാൻ ചത്തിട്ടും തമ്പ്രാട്ടി ചത്തിട്ടും
തമ്പാനൂരിപ്പോഴും തമ്പാനൂര്

കറുത്തപണം വന്ന് കുമിയണകണ്ടാ
കുരുപ്പുപോലെടുപ്പുകളുയരണ കണ്ടാ
അഞ്ചുനിലയുള്ള കൊട്ടക കണ്ടാ
ആറുനിലയുള്ള ചാരായഷാപ്പ്
ഏഴുനിലകളുള്ളതെന്തര് കുഞ്ഞാ?
ഏർകണ്ടീശൻചെയ്ത ഓട്ടൽ കച്ചോടം.

(തമ്പ്രാൻ ചത്തിട്ടും....)

തമ്പാനൂർ പേട്ടയിൽ റോട്ടുവക്കത്ത്
തലങ്ങനെ വെലങ്ങനെ കെടക്കണതാര്
പാപ്പരടിച്ചോര് നാട്ടിന്റെ തന്തതി
പാർപ്പിടമാക്കണ് റോട്ടുവക്ക്
കെണപതി തമ്പ്രാന് കോവില്-
മനുഷേന് പെരുവഴിയമ്പലം-
എന്തു ഞായം? (തമ്പ്രാൻ ചത്തിട്ടും....)

കള്ളപ്പണമിങ്ങ് കുമിഞ്ഞപ്പത്തൊട്ട്
കരിക്കാടി കുടിക്കാനും ഗതിയില്ലാണ്ടായേ-
പാവം മുടിക്കുവാൻ പണക്കാര് വന്നിങ്ങ്
തേങ്ങായുടയ്ക്കണ് കെണപതിക്ക്
പട്ടിണിക്കുഞ്ഞുങ്ങൾ എച്ചിൽ കുഴികളിൽ
പരതി നടക്കണ് പാഴിലക്ക്. (തമ്പ്രാൻ ചത്തിട്ടും....)

## അവർ

"നാടിനേയും നാട്ടാരേയും വഞ്ചിച്ചുകൊണ്ട്, നമ്മെയൊക്കെ ചൂഷണം ചെയ്തുകൊണ്ട് എല്ലാ ജീവിതമൂല്യങ്ങളുടേയും മുഖത്തുതുപ്പുന്ന ഒരു കൂട്ടർ ഇവിടെയുണ്ട്. ആരാണവർ? ആരാണവർ?"

ഗായകൻ : (ആ മുഖത്ത് തുപ്പല് വീണതായി നടിച്ചുകൊണ്ട്)
അവർ നമ്മുടെ മുഖത്തുതുപ്പി
അവർ നമ്മുടെ മുഖത്തുതുപ്പി
വീണ്ടും വീണ്ടും തുപ്പുന്നു
അവരാർത്തു ചിരിക്കുന്നു.
(വേദിയിൽ ഒരു വശത്തുനിന്ന് ഒരാൾ)
ആരാണവർ?....
(മറുവശത്തുനിന്നൊരാൾ)
അതിന്നാരാണവർ?....
(വേദിക്കു പിന്നിൽനിന്നും രണ്ടുപേർ)
അവരെ നിങ്ങൾക്കറിയാം
അവരാരാണെന്നും അറിയാം
(എല്ലാവരും ചേർന്ന്)
അവരെ നിങ്ങൾക്കറിയാം
അവരാരാണെന്നും അറിയാം....
അവർ നമ്മുടെ മുഖത്തു തുപ്പുന്നു. (2)
(ആംഗ്യത്തോടെ)(ഫ്രീസ്)

ഗായകൻ : കറുത്ത ഹൃദയം മൂടാനായൊരു
വെളുത്തയങ്കി അണിഞ്ഞ്
നിഴലിൻചോട്ടിൽ പമ്മിക്കൂടുന്നവരെ-
യിവിടെ കാണാം.

സംഘം : അവരിവിടെ കാണും.
(പലഭാഗത്തും തെരയുന്നതായി നടിക്കുന്നു.)

ഗായകൻ : അവരെ നിങ്ങൾക്കറിയാം
അവരാരാണെന്നും അറിയാം (സംഘം) (2)

സംഘം : അവർ നമ്മുടെ മുഖത്തു തുപ്പുന്നു.

ഗായകൻ : അവർ തുപ്പുമ്പോൾ നിർവൃതിയോടെ
നിൽക്കാനാളുണ്ടിവിടെ
അവർക്കുതുപ്പാൻ വായപൊളിച്ചു
കൊടുക്കാനാളുണ്ടിവിടെ (2)
(സംഘം ഓഛാനിച്ചുനിൽക്കുന്നു.)
അക്കോളാമ്പികൾ മിണ്ടുമ്പോഴോ-
മോന്തയ്ക്കിട്ടുതൊഴിക്കും.....
(കൈചൂണ്ടി ഫ്രീസ്)

ഗായകൻ : അവരുടെ കൈയിൽ കള്ളപ്പൊന്നുണ്ടേ
(സദസിൽനിന്ന് രണ്ടുപേർ കടന്നുവന്നുകൊണ്ട്)
ഉണ്ടേ....ഉണ്ടേ....കള്ളപ്പൊന്നുണ്ടേ....

ഗായകൻ : അവരുടെ കൈയിൽ കൊള്ളപ്പണമുണ്ടേ
(പിന്നിൽനിന്ന് രണ്ടുപേർ കടന്നുവന്നുകൊണ്ട്)
ഉണ്ടേ....ഉണ്ടേ....കൊള്ളപ്പണമുണ്ടേ

സംഘം : അവരുടെ കൈയിൽ കള്ളപ്പൊന്നുണ്ട-
വരുടെ കൈയിൽ കൊള്ളപ്പണമു-
ണ്ടതിന്നുമാന്യത നൽകാൻ കൊട്ടിയ
വിളംബരം കേട്ടോ

(സംഘം പല ഭാഗത്തും തിരിഞ്ഞ് കാതോർത്തുനിൽക്കുന്നു. ഫ്രീസ്.)

ഗായകൻ : അവരെ നമ്മൾക്കറിയാം
അവരാരാണെന്നും അറിയാം (സംഘം) (2)

സംഘം : അവർ നമ്മുടെ മുഖത്തുതുപ്പുന്നു

ഗായകൻ : നീതിപീഠം തോട്ടിലെറിഞ്ഞവർ
നീതി നടത്തുംപോലും

സംഘം : (ചിരിക്കുന്നു.)

ഗായകൻ : നീതിപീഠം തോട്ടിലെറിഞ്ഞവർ
നീതിനടത്തുംപോലും

സംഘം : (ചിരിക്കുന്നു.)

ഗായകൻ : നീതിപീഠം തോട്ടിലെറിഞ്ഞവർ
നീതിനടത്തുംപോലും

സംഘം : ഹാ, ഹാ, ഹാ

(ഫ്രീസ്)

(സംഘം സാവധാനം ഗായകനെ സമീപിക്കുന്നു.)

ഗായകൻ : നാം കുടിക്കുന്ന നീരിലെങ്ങും
പതുങ്ങിവാഴുമീയട്ടകളെ (സംഘം)
നമ്മുടെ സിരകളിൽ കടിച്ചുരു-
ധിരം കുടിച്ചുവീർത്തട്ടകളെ (സംഘം
നട്ടെല്ലുതീരെയില്ലെങ്കിലും
തലയനക്കീടുന്ന പോത്തട്ടകളെ (സംഘം)
പറിച്ചെടുക്കൂ! ചതച്ചരക്കൂ! തുടച്ചുമാറ്റൂ

സംഘം : പറിച്ചെടുക്കൂ! ചതച്ചരക്കൂ! തുടച്ചുമാറ്റൂ
(അംഗവിക്ഷേപത്തോടെ)

ഗായകൻ : അലകടലും ചുഴലിക്കാറ്റും
തലകൊയ്യാനലറി വിളിപ്പൂ (സംഘം)
ഗിരിശിഖരം തീതുപ്പുന്നു
ഇടിവാളുകളാർത്തലറുന്നു (സംഘം)
കരിമുകിലുകൾ തീമഴപെയ്യാൻ
ഉയരങ്ങളിലൊത്തൊരുമിപ്പൂ (സംഘം)

ഗായകൻ : കട്ടപിടിച്ചുതടിച്ചുവരുന്നോ-
രുഗ്രതമസ്സിൻ അസ്ഥിതകർക്കാൻ
അഗ്നികൊളുത്തൂ

(സംഘം പാടികൊണ്ട് രണ്ടായി മുറിഞ്ഞ് ഇരുവശത്തേക്കും മാർച്ചു ചെയ്ത് അർധവൃത്താകൃതിയിൽ കൈകളുയർത്തി വിരൽചൂണ്ടി നിൽക്കുന്നു.)

ഗായകൻ : അഗ്നികൊളുത്തൂ ഞരമ്പിന്നിതളിൽ
ഒത്തുതെളിക്കൂ ഹൃത്തിൻവൈദ്യുതി

(സംഘം ആവർത്തിക്കുമ്പോൾ അകത്തെ കൈ മുഷ്ടി ചുരുട്ടി കോട്ടപോലെ നിൽക്കുന്നു.)

അത്തീയമ്പുകൾ ആഞ്ഞാഞ്ഞെയ്തിട്ടീ-
ക്കൂരിരുളിൻ മൗലിപിളർക്കൂ (സംഘം)

ഗായകൻ : പൊട്ടിവരട്ടേ പുത്തൻകതിരുകൾ
(സംഘം കൈവിടർത്തുന്നു.)

പൊട്ടിവരട്ടെ പുത്തൻകതിരുകൾ
ഇത്തിരിവെട്ടം കിട്ടട്ടേ
ഇവിടിത്തിരിവെട്ടം കിട്ടട്ടേ....

(സംഘം ഇരുകൈകളുമുയർത്തി പതിഞ്ഞ സ്വരത്തിൽ "ഇവിടിത്തിരിവെട്ടം കിട്ടട്ടെ" എന്ന് ആവർത്തിക്കുന്നു.)

## ജയക്കൊടി

ബെർതോൾത് ബ്രെഹ്ത്

വിവ: പുനലൂർ ബാലൻ

ഇവിടെ ഒന്നും നേരെയാവില്ല എന്ന് നിരാശപ്പെടുന്നവരുണ്ട്. അത് ശരിയല്ല. ഇന്ന് നമ്മുടെ മുഖത്ത് തുപ്പുന്നവർ നാളെ ചവുട്ടിത്താഴ്ത്തപ്പെടും. ഇന്ന് ചവുട്ടിത്താഴ്ത്തുന്നവർ നാളെ ജയക്കൊടി നാട്ടും.

ഗായകൻ : ഒരിക്കലും സംഭവിക്കയില്ലെന്ന്
ഒരിക്കലും പറയരുതേ....
ജീവൻനിന്നിൽ തുടിക്കുവോളം
പറയരുതേ....(സംഘം)
അടിച്ചമർത്തപ്പെട്ടവരാകെ
ഉന്നതശീർഷന്മാരായി വീണ്ടും
ആവേശമോടെ തിരിച്ചടിക്കാൻ
ഉയർത്തെഴുന്നേൽക്കും (സംഘം)
സ്വന്തമവസ്ഥയെ നോക്കിക്കാണും
മർത്ത്യനെയൊരു തടഞ്ഞീടാൻ (സംഘം)
ഒരിക്കലുമാവില്ലെന്ന വിഷാദം
ഇന്നിലലിഞ്ഞുലയിക്കുമ്പോൾ

സംഘം : ഇന്നുചവുട്ടിതാഴ്ത്തപ്പെട്ടവർ
നാളെ ജയിക്കൊടി നാട്ടും....
നാളെ ജയിക്കൊടി നാട്ടും....

(സംഘം മുഷ്ടിചുരുട്ടി ഒരു കോട്ടപോലെ നിലകൊള്ളുന്നു. ഫ്രീസ്)

## സ്വാതന്ത്ര്യം

എസ്.പി.എൻ. മഞ്ചേരി

ഗായകൻ : സ്വാന്ത്ര്യം ലഭിച്ചിട്ടും വർഷംമുപ്പതു കഴിഞ്ഞിട്ടും
നാമിന്നും പട്ടിണിനാടാണല്ലോ-കഷ്ടം-
ദാരിദ്ര്യരേഖക്കടിയിൽ കഴിയുന്നവരുടെയെണ്ണം നാട്ടിൽ-
നാൾതോറും വർധിച്ചീടുന്നല്ലോ.... (സംഘം)

ഗായകൻ : ഭാരതം സമ്പന്നമാണെന്നാൽ നമ്മൾ ദാരിദ്രരും
ആരോടു പറയാനീനാണക്കേട് നമ്മുടെ-
നേതാക്കളറിഞ്ഞിട്ടും അറിയാതെ ഭാവിക്കുന്നു.
മാനക്കേടതും മറ്റൊരു നാണക്കേട്.... (സംഘം) (സ്വാതന്ത്ര്യം....)

ഗായകൻ : വിഭവങ്ങൾ ചിലേടേത്ത് കുന്നുകൂടി കിടക്കുന്നു
തൊഴിലില്ലാകൈകൾക്കെണ്ണം പെരുകുന്നു എന്നാൽ-
ഇവ രണ്ടും തമ്മിൽ തമ്മിൽ ബന്ധിപ്പിക്കാൻ വഴിയെന്തെന്ന്
അധികാരം കൺമിഴിച്ചുകഴിയുന്നു.... (സംഘം) (സ്വാതന്ത്ര്യം....)

## വികസനമിങ്ങനെയോ....?

മാപ്പിളപ്പാട്ട്

എസ്.പി.എൻ. മഞ്ചേരി

നമ്മമുടെ നാട്ടിലെ അശാസ്ത്രീയമായ വികസനപ്രവർത്തനങ്ങളെക്കുറിച്ച് ഒരു ഗാനം

(ഗായകനും പിൻനിരയിൽ സംഘവും)

ഗായകൻ : ടെറസിൻവീടും കാറും ഫ്രിഡ്ജും
പണമുള്ളവനുലഭിച്ചാൽ നാട്ടിൽ
വികസനമായെന്നോർത്തുനടക്കണ
വിവരംകെട്ടോരെ നാട്ടി-
ന്നപകടമാണീചിന്താഗതിയത്
മനസ്സിലിരുന്നോട്ടെ.... (സംഘം)

ഗായകൻ : പകുതിയിലേറെ ജനങ്ങളുമോർത്താൽ
ഒരു നേരത്തിനുവകയില്ലാത്തോർ
പരമദരിദ്രർ പട്ടിണിരേഖക്കടിയിൽ കഴിയുന്നോർ
നിങ്ങൾക്കവരുടെ കാരിയമാലോചിക്കാൻ
അവസരമില്ലെന്നോ.... (സംഘം)

ഗായകൻ : പകുതിയിലേറെ ജനങ്ങൾ നിരക്ഷരർ
അറിവില്ലാത്തവരിവിടുള്ളപ്പോൾ
പ്രൈമറിവിദ്യാഭ്യാസത്തിനുവേണം മുൻഗണന
അവരുടെ തലയിലൊരൽപം വെളിച്ചമെത്താൻ
വേണം പരിഗണനാ.... (സംഘം)

ഗായകൻ : പകുതിയിലേറെ നിരക്ഷരകുക്ഷികൾ
അറിവില്ലാത്തവരിവിടുള്ളപ്പോൾ
അവരെ ഭരിക്കാൻ ഇംഗ്ലീഷ് ഭാഷയിതവമതിയാണല്ലോ
നമ്മുടെ നയപരിപാടി തെറ്റുതിരുത്താൻ
സമയം വൈകീലോ.... (സംഘം)

ഗായകൻ : കുടിലോരോന്നിലുമോരോ നല്ലൊരു
കക്കൂസ്സാണിന്നാദ്യം വേണ്ടത്
കൊട്ടാരത്തിലെയർക്കണ്ടീഷൻ പിന്നീടാവാല്ലോ.
നമ്മുടെ പരിഗണനാക്രമം ഇമ്മട്ടായാൽ
നാടുവളർന്നല്ലോ.... (സംഘം)

ഗായകൻ : കാറുണ്ടാക്കണഫാക്ടറിയല്ലിവിടാവശ്യം
നാം സൈക്കിളുവാങ്ങാൻപോലും കഴിവു
കുറഞ്ഞവരാണെന്നറിയാൻ പാടില്ലേ
നോക്കൂ നാടിനുചേരുംടെക്നോളജിയി
നാടുവളർത്തില്ലേ.... (സംഘം)

## ഭാരതമാതാവ്

പനങ്ങാട് പി.കെ. തങ്കപ്പൻപിള്ള

സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ അശാസ്ത്രീയമായ വികസനപ്രവർത്തനങ്ങളെക്കുറിച്ച് ഒരു പരിപാടി)

സംഘം-1 : തന്നാനാനെയ്-താനെയ് തന്നേനാ (2)
(ചുവടുവെച്ച് കളിക്കുന്നു.)

ഗായകൻ : ഭാരതമാതാവിൻ വാർമുടിയിൽ തിരുകും പാരിജാതകമായ്
കേരളത്തെ കാണുന്നു കവികൾ (സംഘം)
സമ്പൽസമൃദ്ധമാമീനാട്ടിൽ ജനകോടികൾദാരിദ്ര്യ-
ക്കൊമ്പത്തെത്തിയിരിക്കുന്നൂ കുടിലിൽ (സംഘം)
(സംഘം മറ്റൊരു ചുവടുവെച്ച് കളിച്ചുകൊണ്ട്)

സംഘം-2 : തന്നാനാനെയ് തന്നാനാനെയ് തന്നാനാനെയ്
താനിനതന്നാനെയ് താനിനതന്നെയ് തന്നാനാനെയ്

ഗായകൻ : കാടുമുടിച്ച് നാടുമുടിച്ച് ആകെയെടുത്തേ
ചിലരുടെ വീടെല്ലാം മോടിപിടിച്ചേ നാശമടുത്തേ
കൈക്കൂലിക്കാരിവിടെ വളർന്നേ കപ്പമെടുത്തേ രാജ്യ-
ത്തുദ്യോഗസ്ഥന്മാരുടെ ദുർഭരണംമൂത്തേ

തന്നാനാനെയ് തന്നാനാനെയ് തന്നാനാനെയ്
...........................................

സംഘം : (വായ്ത്താരി-1)

ഗായകൻ : വേലചെയ്വാൻ വേദിയില്ലിവിടെ വെറും കയ്യുമായ് പട്ടിണി-
ക്കാരോനാളുകൾ തോറും കൂടുന്നു. (സംഘം)
നാട്ടിൽ വ്യവസായങ്ങളില്ല, മറ്റു സ്റ്റേറ്റിനു
വൈദ്യുതിനീട്ടുന്നു വിഭവങ്ങൾ നൽകുന്നു. (സംഘം)

സംഘം : (വായ്ത്താരി-1)

സംഘം : തന്നാനാനെയ് തന്നാനാനെയ് തന്നാനാനെയ്
...........................................

ഗായകൻ : ഉള്ളവർ വീണ്ടും ഉള്ളവരായ് കൊള്ളയടിച്ചേ,യിവിടെ
കള്ളക്കച്ചോടക്കാരുടെ പള്ളനിറച്ചേ (സംഘം)
കർഷകരിവിടെ കണ്ണീരിൽ കഴിവറ്റുനശിച്ചേ വികസന-
മൽപംചില കൈകളിലായി ചെന്നുലയിച്ചേ (സംഘം)

സംഘം : (വായ്ത്താരി-2 തുടർന്ന് വായ്ത്താരി-1)

ഗായകൻ : അക്ഷരമറിഞ്ഞീടാത്തവരായ് ലക്ഷലക്ഷങ്ങളന്ധത
വച്ചു ജീവിതം പാഴാക്കീടുന്നു (സംഘം)
എന്നുമെന്നും കുന്നുകൂടുന്നു വിഭവം ചിലേടങ്ങളിൽ
തന്നെ ഇന്നും വന്നുനിൽക്കുന്നു. (സംഘം)
അയ്യയ്യോ അധികാരമോഹികൾ ജനയാത്തത്തിലെ ചില
കയ്യാങ്കളി കാണുന്നില്ലെന്നോ? (സംഘം)

സംഘം : (വായ്ത്താരി-2)

## ധർമ്മാശുപത്രി

### ഓട്ടൻതുള്ളൽ

പനങ്ങാട് പി.കെ. തങ്കപ്പൻപിള്ള

വൈദ്യശാസ്ത്രം വളരെയധികം പുരോഗതി പ്രാപിച്ച ഒരു കാലഘട്ടത്തിൽ ജീവിക്കുന്നവരാണ് നമ്മൾ. പക്ഷെ, ഈ പുരോഗതിയുടെ സൽഫലങ്ങൾ പാവപ്പെട്ടവർക്ക് ലഭിക്കുന്നില്ല. അവർക്ക് രോഗം പിടിപെട്ടാൽ ധർമ്മാശുപത്രികളിൽ അനുഭവിക്കേണ്ടിവരുന്ന യാതനയുടെ, ദുഃഖത്തിന്റെ, അവഗണന യുടെ, മരണത്തിന്റെ കഥയാണ് ഈ ഓട്ടൻതുള്ളൽ.

തുള്ളാനുള്ളറിവില്ലെന്നാലും
ഉള്ളതുവെച്ചൊരു തുള്ളൽ നടത്താം.
നിൽക്കാതുള്ളൊരു നിലവിളികേട്ടു-
പുക്കാറെന്താണെന്നു നിനച്ചു.
വെക്കമിരുട്ടത്തോടിച്ചെന്നു
തൽക്കാലം വിവരങ്ങളറിഞ്ഞു.

സർക്കാരാസ്പത്രിയിൽനിന്നും ജഡ-
മെത്തിച്ചയലത്തവറാച്ചന്റെ
മക്കളുമൂന്നും തള്ളയുമവറാ-
ന്റപ്പനുമമ്മയുമാണു കരച്ചിൽ

അയലത്തുള്ളഞ്ചാറാളുകൾ വ-
ന്നിരുളത്തങ്ങിങ്ങായി വസിപ്പൂ.
കരയുന്നവരുടെ കണ്ണീരൊപ്പു-
ന്നവരാരും അവിടെത്തിയതില്ല.

റീത്തുംകൊണ്ടുവരാനാളില്ല
വാർത്താവിനിമയബന്ധവുമില്ല
രാത്രിയിലോടാൻ കാറവിടില്ല

പ്രാർത്ഥിക്കാൻ വൈദികരുമില്ല.
രാഷ്ട്രീയക്കാർ വന്നില്ലാരും
രാഷ്ട്രത്തലവന്മാർ വന്നില്ല.
വാർത്തപരത്താൻ പത്രക്കാരവർ
ഓർത്തില്ലതുകൊണ്ടോ വന്നില്ല.

കീർത്തിയെഴുന്നവനല്ല മരിച്ചോൻ
രാഷ്ട്രത്തിൻ പൊതുമുതൽ നല്ലവനായ്
ചോർത്തിയെടുത്തുതടിച്ചവനല്ലണു-
മാത്രവുമപരനുദ്രോഹിയുമല്ല.
മാലോകർക്കു പണിക്കുനടക്കും
കൂലിയുമായ് തൻകൂരയിലെത്തും
ആറേഴെണ്ണത്തിന്നു പൊറുക്കാൻ
വേറേയില്ലൊരു മാർഗവുമവിടെ.

ഒട്ടും സുഖമില്ലെങ്കിലുമാഗതി-
കൂലിയുമായ് തൻകൂരയിലെത്തും
ആറേഴെണ്ണത്തിന്നു പൊറുക്കാൻ
വേറെയില്ലൊരു മാർഗവുമവിടെ.
ഒട്ടും സുഖമില്ലെങ്കിലുമാഗതി-
കെട്ടകുടുംബത്തെ നിലനിർത്താൻ
ഒട്ടുദിനം മുമ്പൊരുനാളവറാൻ
പട്ടിണിയോടെ പണിക്കുതിരിച്ചു.

അപ്പച്ചൻ അന്തിക്കുവരുമ്പോൾ
അത്താഴത്തിന്നരികൊണ്ടുവരും
മക്കളൊടുച്ചയ്ക്കമ്മപറഞ്ഞുട-
നവറാൻ കേറിവരുന്നു വിറച്ച്
തിണ്ണക്കിട്ടൊരു കീറപ്പായിൽ
കണ്ണുമടച്ചു പുതച്ചുകിടന്നു.
പെണ്ണമ്മയുമതുകണ്ടുനടുങ്ങീ
ദണ്ഡത്തോടാരാഞ്ഞു വിശേഷം
ഉണ്ണാനില്ലുടുതുണിയതുമില്ല
കണ്ണിനുകാണാനില്ലൊരു പൈസ
കണ്ണീരോടയലത്തേക്കോടി
ചെന്നുകടംകൊണ്ടൊന്നരരൂപ.

മട്ടുമാറി—

സർക്കാർ നടത്തുന്ന ധർമ്മാശുപത്രിയിൽ
ഭർത്താവിനെ കൊണ്ടുപോയവൾ ദീനയായ്
നിർധനർക്കാലംബമാണെന്ന തോന്നലേ
വ്യർഥം, ജനത്തിനായുള്ളാതുരാലയം.

വിത്തവാന്മാരുടെ ചേപ്പിൽകിടക്കുന്ന
പദ്ധതിപോലെയാണീയാശുപത്രിയും
അർഥമില്ലാത്തവനില്ല സർക്കാരിന്റെ
പദ്ധതിവർത്തകന്മാർക്കുചെന്നെത്തിടും

പട്ടിണിപ്പാവങ്ങൾ പാടുപെട്ടാതുരർ
ഒട്ടല്ല ചീട്ടുമായ് നിൽക്കുന്നു പാവപോൽ
കുട്ടികൾ വാർധക്യമുള്ളവർ നട്ടെല്ലി-
ലൊട്ടിപ്പിടിച്ച വയറുമായ് നിൽക്കുന്നു.

കയ്യൊടിഞ്ഞും കാലൊടിഞ്ഞും വ്രണംകൊണ്ടു
വയ്യാതെയും വയർവേദന വൻപനി-

ക്കയ്യോ മരുന്നിനു കുപ്പിയുംകൊണ്ടതാ
മെയ്യും തളർന്നു തകർന്ന മനസ്സുമായി.
നിൽക്കുന്ന ദീനർക്കൊരാശ്വാസമേകുവാൻ
മിക്കവാറും ഡോക്ടറില്ലാശുപത്രിയിൽ
കമ്പൗണ്ടർസാർ കനിയേണം കളർവെള്ള-
മുണ്ടുവൻകുപ്പികൾ രണ്ടിൽനിറച്ചത്.

വാതവും പിത്തം കഫം കാൻസറും പിള്ള-
വാതം ചൊറി ചുണങ്ങ് ക്ഷയം വീക്കവും
ബോധക്ഷയം ഉറക്കക്കുറവ് മുടി
പോയിടാനും കിളിർക്കാനും അത്യുത്തമം

നന്നായ് വയറിളകുന്നവർക്കും മരു-
ന്നൊന്നുതന്നെ മലശോധനക്കും സുഖം.
ശങ്കരപ്പിള്ള വയസ്സെൺപത്കുപ്പി
കൊണ്ടുവാമാറ്റടപ്പെട്ടുനേരംകൂടി.

സുന്ദരിവാ കെണ്ടുവാ വേഗമാകട്ടെ
ചെങ്കണ്ണിനാ സാർ കുടിക്കുവാനല്ലസാർ
മുപ്പതുവർഷത്തെ സർവീസെനിക്കുണ്ടു
കൊച്ചേ പഠിപ്പിക്കുവാനോ വരുന്നുനീ.
ഉള്ളമരുന്നു കൊടുക്കും സർക്കാരിനി-
ന്നുള്ളാശുപത്രിയിലൊക്കെയുമിങ്ങനെ.

മട്ടുമാറി—

സർക്കാരാസ്പത്രിയിൽ ഡോക്ടർമാർ
കൈക്കൂലിക്കാരെന്നു പറഞ്ഞാൽ
തർക്കിക്കുന്നില്ലായതുംകൊണ്ടൊരു
ചുക്കും വരുവാനില്ല നിനച്ചാൽ
പണമുണ്ടേൽ ജീവിക്കാനൊക്കും
പണമില്ലാത്തവരിവിടെ വരണ്ട
നാശങ്ങൾ വന്നീടും തുലയാൻ
ആസ്പത്രിയിതാണഭയസ്ഥാനം
ലേശം ശമ്പളമുണ്ടല്ലാതേം
കാശുണ്ടാക്കാൻ വഴിയിവിടുണ്ട്
അഡ്മിറ്റാക്കും പണമുള്ളവരെ
ബഡ്ഡും നല്ലതവർക്കുകൊടുക്കും
ഒട്ടെണ്ണത്തിനെയല്ലാതെയുമിവി-
ടഡ്മിറ്റാക്കി നിലത്തു കിടത്തും.
മറ്റുള്ളാസ്പത്രികളിൽ ചെന്നാൽ
കുറ്റം ബില്ലെഴുതുന്നതിനില്ല.
വിറ്റും മുടിച്ചും നൽകും ജീവൻ
കിട്ടാൻ ഗതികെട്ടവനായാലും
എന്തിന്നുപറയുന്നാസ്പത്രിയിലെ
താന്തോന്നിത്തം ചില്ലറയല്ല.
ഔഷധമില്ല കുറിച്ചുകൊടുക്കും
ഔദാര്യം ചെയ്യുന്നതു ഡോക്ടർ
അന്യായവിലയ്ക്കൗഷധമുണ്ടിവി-
ടുന്നതരായ പണക്കാർ വാങ്ങും
പിന്നെച്ചിലരാജ്യങ്ങൾ നിരോധി-
ക്കുന്നമരുന്നു തരുന്നു കഴിക്കാൻ
പിന്നെച്ചിലരാജ്യങ്ങൾ നിരോധി-
ക്കുന്നമരുന്നു തരുന്നു മരിക്കാൻ.

മട്ടുമാറി—

മെഡിക്കൽ സ്റ്റോറുകൾ നോക്കി
നടക്കും ഡോക്ടറെ കയ്യി-
ലെടുത്ത കമ്പനിക്കാര-
ന്റടുത്തേയാമരുന്നുള്ളൂ.
കടുത്തൊരു വില ജീവൻ
എടുത്തോട്ടെ പണമില്ല.
ഇടിത്തീ വീണുലോകത്തെ
മുടിക്കേണം ഒരുപോലെ.

മട്ടുമാറി—

അവറാനെയവിടഡ്മിറ്റാക്കി
പുറകെ പണവും കൊണ്ടവിടെത്താൻ
ഒരുവരുമില്ലാപെണ്ണമ്മയുമാ-
തറയിൽ കുത്തിയിരുന്നു കരഞ്ഞു.

പട്ടിണിവീട്ടിൽ നൃത്തം വെച്ചൂ
കുട്ടികൾ വിദ്യാഭ്യാസം നിർത്തി
പട്ടടപൂകാറായവറാച്ച-
ന്റപ്പനുമമ്മയുമെഴുന്നേൽക്കാതായ്

പനിമൂർഛിച്ചു മരുന്നിനു ഡോക്ടർ
കനിവോടൊന്നു കുറച്ചുകൊടുത്തു
മനമതിലാധിമുഴുത്തവൾ തേടി

പണിചെയ്യിച്ചാ പടിവാതിലുകൾ
പണമില്ലെന്നു പറഞ്ഞൂ കവാടം
കനിവറ്റവർ പൂട്ടിത്തഴുതിട്ടു

എല്ലുമെലുമ്പുമവശേഷിച്ചവൾ
എല്ലായിടവും ഓടിനടന്നു.
മരണംതന്നെ ജയിച്ചു മരുന്നിന്
പണമില്ലാത്തതുകൊണ്ടൊരു ജീവൻ
തകരുകയായ് രാജ്യത്തിന്നിങ്ങനെ
പണിചെയ്യുന്നോൻ തീർന്നതുനഷ്ടം.

തടിച്ച വർത്തകർ വീണ്ടും
തടിക്കുന്ന വ്യവസ്ഥയെ
ഉടച്ചുവാർത്തിടാതൊന്നും
നടപ്പില്ലെന്നതേ സത്യം.

## ഉദ്ഘാനമഹാമഹം

**ഓട്ടൻതുള്ളൽ**

പനങ്ങാട് പി.കെ. തങ്കപ്പൻപിള്ള

“അശാസ്ത്രീയമായ നയങ്ങളാണ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ മുഖമുദ്ര. വളരെ നല്ലരീതിയിൽ നടക്കേണ്ട ഈ പൊതമേഖലാസ്ഥാപനം എത്ര ആക്ഷേപിച്ചാലും അധികമാകാത്തവണ്ണം ഇന്ന് ജനങ്ങൾക്ക് ഒരു ബാധയായിത്തീർന്നിട്ടുണ്ട്. ഏവർക്കും അനുഭവമുള്ള ചില പ്രശ്നങ്ങളാണ് ഇവിടെ സൂചിപ്പിക്കുന്നത്. സാമൂഹ്യ താത്പര്യത്തിനുതകുന്ന ഒരു സ്ഥാപനമായിത് മാറണമെങ്കിൽ ജനങ്ങൾ ഈ രംഗത്തിടപെടേണ്ടിയിരിക്കുന്നു.”

സ്തുതി

“വന്ദിച്ചീടുന്നു ഞാനീ സദസ്സിനെയതുപോൽ നാടിനേയും നാട്ടുകാരേയും
പിന്നീമൈക്കെന്ന സൂത്രത്തെയുമതിനുടമക്കാരെയും നൂറുവട്ടം
വന്ദിക്കാം വൈദ്യുതിക്കായ് ഗുണഗണമിയലുന്ന ബോർഡിനെ നല്ലവണ്ണം
ഇന്നിതുള്ളലുതീർന്നിടുന്നവരേയും ശബ്ദോം വെളിച്ചോതരാൻ....”

*          *          *

പരിപാടിക്കുതുടക്കവുമിട്ടു
പലരും കാണികൾ വന്നുനിരന്നു.
പരവശരായി നടന്നാർട്സ്ക്ലബ്ബിൻ
പല പല നല്ല പ്രവർത്തകരെല്ലാം
നാട്ടിലശേഷം പിരിവിനിറങ്ങി
ആട്ടും തുപ്പുമതൊക്കെസഹിച്ചു
വീട്ടിക്കൊന്നും രണ്ടുരൂപ
കിട്ടിയതാണീ പരിപാടിക്ക്
ഉത്തമനാകിയ വൈദ്യുതിമന്ത്രി
ഉദ്ഘാടനമതിനെത്തിടുമത്രേ
യോഗാനന്തരപരിപാടികളൊരു-
പാടുണ്ടാനോട്ടീസിനകത്ത്:

“ശങ്കുച്ചാരുടെ മകളും പാർട്ടീം
ശങ്കരവിജയം ബാലെയൊരൽപ്പം
മംഗളമോഹവിലാസിനി ലളിതയു-
മാങ്ങള ജയരവിചന്ദ്രാനനനും”

ചൊറിയാണെങ്കിലുമിപ്പിള്ളേരുടെ
ചെറിയൊരു ഗാനാലാപവുമുണ്ട്.
നാടകമൊന്നതു മേജർസെറ്റ്

നായികയിതുവരെ ശരിയായില്ല.
നാടുമുഴുക്കെ നടന്നെങ്ങാണ്ടൊ-
രനാഥപ്രേതം ഇന്നെലവന്നു.
എഴുപതുകാരാൻ കൊന്നപ്പിള്ളയു-
മറുപതുകാരൻ നാണുകുറുപ്പും
കാക്കാരിശ്ശിയിൽ കാക്കാത്തികളായ്
മേക്കപ്പും ചെയ്തെത്തും സ്റ്റേജിൽ

“ബാലെഗാനം നാടകവും ചില
മോണോആക്റ്റും കാക്കാരിശ്ശിയും”
നോട്ടീസിൽ പരിപാടികളിങ്ങനെ
എട്ടുമണിക്കുണ്ടെന്നറിയിച്ചു.
അണിയറയിൽ മണ്ണെണ്ണവിളക്കു-
ള്ളതിനാൽ ബൾബെരിയുന്നതുകാണാം.
കാണികൾ വന്നുനിരന്നെട്ടരമണി
നേരവുമായി വെളിച്ചവുമില്ല
മങ്ങും ബൾബുകളണയും തെളിയും
പിന്നങ്ങനെ മൈക്കൊന്നുഞരങ്ങും
താലപ്പൊലിമുതലാകിയ പല പല
മേളത്തോടഥ മന്ത്രിവരുന്നു
സ്റ്റേജിൽ കയറി വണക്കം ചെയ്തു
സ്നേഹമെഴും നാട്ടാരെയശേഷം
ഉദ്ഘാടിക്കാൻ മന്ത്രിയെണീറ്റു
നിർഭാഗ്യം വൈദ്യുതിയുംപോയി.
അൽപമിരുന്നുടനെഴുന്നേറ്റു “ടൈമൽപ-

വുമില്ലെ"ന്നോതിപതുക്കെ
"ഊർജക്ഷാമം എന്നൊരുപ്രശ്നം
ആഗോളപ്രതിഭാസം തന്നെ"
എന്നുപറഞ്ഞുപിരിഞ്ഞദ്ദേഹം
അന്യസ്ഥലത്തൊരു യോഗത്തിനായ്

മട്ടുമാറി—

കേരളനാട്ടിലിലക്ട്രിസിറ്റിബോർഡ്
കേൾവിപെരുത്തുള്ള വെള്ളാനയല്ലയോ
അന്തിമുതൽ രാത്രി പത്തുമണിവരെ
അന്ധകാരം കറന്റുള്ളേതുവീട്ടിലും
വെട്ടത്തിരുന്നു വായിക്കാൻ കറന്റുള്ള
മണ്ണെണ്ണവിളക്കുകൊളുത്തണം
കാശടയ്ക്കേണം കറന്റിനുകൃത്യമായി
ലേശം പിഴയ്ക്കുകിൽ ഫ്യൂസുവന്നൂരിടും
വല്ലിടത്തും കടം വാങ്ങിയ കാശുമായ്
ചെല്ലും കറന്റിന്റെ കാശടച്ചീടുവാൻ
ചൊല്ലുന്നു "നേരംകഴിഞ്ഞുപോയ്പോകണം"
ചെല്ലണം പിറ്റേദിനവും ഫൈനുമായ്
ബുക്കുവച്ചിട്ടുണ്ടതിലാപരാതികൾ
സ്റ്റോക്ക് ചെയ്യേണ്ടതു നാട്ടുകാരൊക്കെയും

മട്ടുമാറി—

കറന്റുണ്ടാക്കുമീനാട്ടിൽ
കറന്റില്ലാവ്യവസായം
വരണ്ടു ഫാക്ടറിപൂട്ടി
ചുരുണ്ടുകൂടി ജോലിക്കാർ
ഇവിടുത്തെ തൊഴിലാളി-
ക്കുടുംബം പട്ടിണിയായാൽ
ഒരു ചുക്കും വരാനില്ലെ-
ന്നറിഞ്ഞോരല്ലയോ നമ്മൾ.
മലനാട്ടിലെടുക്കുന്ന കറന്റീ
നാട്ടുകാർക്കല്ല സുലഭം
മറ്റുള്ള സ്റ്റേറ്റിൽ
വ്യവസായം വളരട്ടെ
മുണ്ടുവിൽക്കും മുതലാളീ
തന്റെ മക്കൾക്കൊരുമുണ്ട്
വേണ്ടയോ? നഗ്നരായ് വീട്ടിൻ
മൂലയിലല്ലയോ കഷ്ടം!

മട്ടുമാറി—

തലതിരിയും നയമാണീബോർഡിൻ
തലവൻമാരുടെ കൈമുതലിന്നും
ചോർച്ചകൾ പലതരമുണ്ടതിലൊരുവൻ
ചോർച്ചകരണ്ടിനുമിവിടിന്നുണ്ട്.
കമ്പീം ട്രാൻസ്ഫോർമറകളുമില്ല
ആസൂത്രണം അതശേഷവുമില്ല
ചോരുന്നൂ, ചിലർ ചോർത്തുന്നങ്ങനെ
പോകും വൈദ്യുതിയേറെ നമുക്ക്.
ഇതിനൊരു കുറവു വരുത്താമെങ്കിൽ
ലാഭിക്കാമിഹ പദ്ധതി പലതും
വേണ്ടകരണ്ടുത്പാദിപ്പിക്കും

വേണ്ടവിധത്തിൽ വിതരണമില്ല.
വേണ്ടാതീനം കാട്ടുന്നതിനു
വേണ്ടതു ചെയ്യണമിന്നുജനങ്ങൾ

*  *  *

കഥപറയുന്നതിനിടയിൽ മറ്റൊരു
കഥപറയുന്നതു ശരിയല്ലൊട്ടും
ഗതികേടുണ്ടതുകൊണ്ടുപറഞ്ഞേൻ
സദയം നിങ്ങൾ ക്ഷമിച്ചീടേണം
മണി പന്ത്രണ്ടരയായി കറന്റോ
ഇതുവരെയും അവിടെത്തിയതില്ല.
ബാറ്ററി കൊണ്ടവിടെത്തിയൊരുത്തൻ
മൈക്കതുവെച്ചു പ്രവർത്തിപ്പിച്ചു.
പെട്രോമാക്സുലൈറ്റും സ്റ്റേജിൽ
വെട്ടത്തിന്നവർ കെട്ടിത്തൂക്കി
ആളൊത്തിരിപോയെന്നാലും പരി-
പാടിക്കാരുടെയാളവിടുണ്ട്.
ബാലേയാണുതുടക്കം നമ്മുടെ
ലീലാവതിയും ഗംഗാധരനും
ശിവപാർവ്വതിമാരുടെയൊരുതാണ്ഡവ-
മതിവേഗത്തിലരങ്ങത്തെത്തി.
പെട്രോമാക്സുലൈറ്റൊന്നാളി
പെട്ടെന്നവിടെയിരുട്ടുപരന്നു.
വെള്ളമടിച്ചൊരു മാന്യനുടനെ
ഭള്ളുപറഞ്ഞാസ്റ്റേജിൽ കയറി
"നിർത്തിനെടാ പരിപാടികളെല്ലാം
വെട്ടം സ്റ്റേജിലൊരൽപവുമില്ല
ആർട്സ്ക്ലബ്ബെന്നു പറഞ്ഞുനടന്ന്
നാട്ടാരുടെ കാശൊക്കെ വഹിച്ച്
പൊട്ടും പോയത്തോം കാട്ടുന്നോ
വെട്ടവുമില്ലൊരു ശബ്ദവുമില്ല."
എന്നുപറഞ്ഞാ പാർവതിയുടെ കൈ-
ക്കൊന്നുപിടിച്ചുവലിച്ചു പതുക്കെ
ശിവനൊന്നേൽപ്പിച്ചുടനേതന്നെ
സദസ്സിൽനിന്നൊരു കല്ലുംവന്നു.
പെട്രോമാക്സുലൈറ്റുതകർന്നു
പെട്ടന്നവിടൊരു തകൃതിനടന്നു.
നിലവിളി സ്ത്രീകളടക്കമിരുട്ടിൽ
പല പല ദിക്കീന്നാളവിടെത്തി.
പിറ്റേദിനമാർട്സ്ക്ലബ്ബിന്റാളുകൾ
ഒട്ടെണ്ണം ആസ്പത്രിയിലായി.

*  *  *

മട്ടുമാറി—

തലനോവായ് പല ബോർഡും
മലയാളക്കരയ്ക്കുണ്ട്
അതിൽവൻവെള്ളാനയായോ-
തിലക്ട്രിസിറ്റിബോർഡിന്ന്
പലവട്ടം നമസ്കാരം പറഞ്ഞൂഞാൻ വിരമിക്കാം.
പരിഭവമൊരുതെല്ലു-
മരുതേയിന്നൊരുവർക്കും.

# 18. വിൽക്കാനുണ്ട് കാലുകൾ

(കോറസ് ആനയുടെ രൂപത്തിൽ വരുന്നു. 5 പേർ ചേർന്ന് കുനിഞ്ഞുനിന്ന് പുറത്തു കറുത്ത തുണിയിടുന്നു. മുന്നിൽ നിൽക്കുന്ന ആൾ തലയിൽ തോർത്തു പിരിച്ചുകെട്ടി തുമ്പിക്കൈയായി മാറുന്നു. ആനപ്പുറത്ത് നേതാവ്. മുന്നിൽ വാദ്യക്കാർ. നേതാവിനെ എഴുന്നള്ളിച്ചുകൊണ്ടുവരുന്നു.)

(സംഘം പാട്ടുപാടി കളിക്കുന്നു.)

നാളത്തെ മന്ത്രി പുംഗവനിതാ വരുന്നേ
നാടിന്റെ രോമാഞ്ചമായവ നിതാ വരുന്നേ
നാളെ പത്തുമണിക്ക് സത്യവാചകം ചൊല്ലി കേറിയിരിക്കും
(2)
ചേലൊത്ത മന്ത്രിസത്തമനിതാ വരുന്നേ നാളത്തെ മന്ത്രി (2)
ലലലാല....
പലകാലമിരുന്നു ഭരിച്ചൊരു മന്ത്രി പിതൃക്കളെ മനസിൽ നിരീച്ച്
തിരുവാചകം ഉരുവിടും നേരം മുട്ടുവിറക്കല്ലേ-
പൊന്നെ മനസു പിടയ്ക്കല്ലെ
വിലയായി കാലോരോന്നിനുമത്രെ മുടക്കിയോർമിച്ചോളു
ഒരു ജോടിക്കാലിൻ ബലമീ നമ്മുടെ മന്ത്രിസഭ-
അയ്യോ-ഇട്ടുപൊളിക്കല്ലേ
മടിയാതുടനെ ചൊല്ലിക്കൊളു
പിട പിട വികസനമോരോന്നായി
കുത്തും കിണറു കുളങ്ങൾ, മരങ്ങൾ
വയ്ക്കും പച്ച പിടിപ്പിക്കും
പബ്ലിക് ടാപ്പു തുറന്നാലൊഴുകും
അപ്പോൾ കറന്ന പശുവിൻ പാൽ
ഐആർഡിപിയും ആട്ടിൻകുട്ടിയും
വള്ളിക്കൊട്ട മെടച്ചിൽ ലോൺ

എം.എൽ.എ.: പിടയുന്നുണ്ടിവിടൊരു നെഞ്ച്
അറിയുന്നോ ആരും?
തല തെറ്റിയ വല്ലവനും ആ
വലയിൽ വീണീടുമോ?
(കോറസ് ഏറ്റുപാടുന്നു.)

എം.എൽ.എ.: വിലയല്പം കൂട്ടിപ്പറയാംതെന്നുണ്ടെങ്കിൽ
ഒരു രാത്രിയിതെങ്ങനെ കഴിയും നേരം പുലരണ്ടേ.
(കോറസ് ഏറ്റുപാടുന്നു.)

സംഘം : അതിനൊട്ടും മടിക്കേണ്ട തുകയിനി സ്വരുകൂട്ടാം
തടിവെട്ടാം തായ്‌വാന്റെ സിമന്റിവിടിറക്കിടാം.
കവിതകൊണ്ടൊരു പെണ്ണിൻ കുസൃതി അത് നിർത്താം (2)
(വിലയൽപം)

(സംഘങ്ങളുടെ കാലുകൾ കെട്ടിക്കൊണ്ട് എം.എൽ.എ. ഉറങ്ങുന്നു. കോറസും ഉറങ്ങുന്നു.)

(പഴയ സാധനങ്ങൾ വിൽപ്പനക്കാരൻ കടന്നുവരുന്നു.)

പേപ്പർ : പഴയ കുപ്പി, കടലാസ്, പ്ലാസ്റ്റിക് സാധനങ്ങൾ വിൽക്കാനുണ്ടോ? (ആരും അനങ്ങുന്നില്ല.) പഴയനോട്ട്, പൂത്തനോട്ട്, കീറിദ്രവിച്ച നോട്ട്, ഒരു രൂപ, രണ്ടു രൂപ നോട്ടുകൾ വിൽക്കാനുണ്ടോ. പകുതി വില തരുന്നതായിരിക്കും. (ആരും അനങ്ങുന്നില്ല.) എം.എൽ.എ. മാരുടെ കാലുകൾ വിൽക്കാനുണ്ടോ? ആവർത്തിക്കുന്നു. ചില എം.എൽ.എ.മാർ ഉണരുന്നു.

അവരിൽ രണ്ടുപേരെ പണംകൊടുത്ത് കൊണ്ടുപോകുന്നു.

(പേപ്പർ വിൽപ്പനക്കാരൻ കടന്നുവരുന്നു. വിളിച്ചുപറയുന്നു.)
ചൂടുള്ള വാർത്ത-ചൂടുള്ള വാർത്ത.

രണ്ട് എം.എൽ.എ.മാർ കൂറുമാറി.

നിയുക്ത മന്ത്രിസഭ സത്യപ്രതിജ്ഞക്ക് മുമ്പേ നിലംപതിച്ചു. (അവശേഷിക്കുന്നവർ)

രണ്ട് ജോഡി കാലുകൊണ്ടേപോയി
രണ്ടെമ്മെല്ലേമാരെ കൊണ്ടേപോയി
തുന്നിയ കുപ്പായം കീറിപ്പോയി
പൊന്നെ നമ്മളാകെ നാറിപ്പോയി (3)

നിയുക്തമന്ത്രി മെല്ലെ ഉണരുന്നു. വിവരം അറിഞ്ഞ് ബോധശൂന്യനായി വീഴുന്നു. കോറസ് താങ്ങുന്നു.

(നിയുക്ത മന്ത്രി ഹൃദയം പൊട്ടിക്കരയുന്നു. കോറസ് ആർത്തുചിരിക്കുന്നു.)

ഒരാൾ : ചിരിക്കരുത് ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്നത് നോക്കി ചിരിക്കരുത്.

(സംഘം ചിരി നിർത്തി നിശ്ചലരായി നിൽക്കുന്നു.)

**മുക്തി മന്ത്രം**

മോചനം സ്വപ്നം കാണുന്നവരെ സോദരരെ
പാതയേത് അതിൻ പാതയേത്
എത്രയോ കൈനാട്ടികൾ
എത്രയോ ചൂണ്ടുപലകകൾ
ഈ പെരുവഴികൂട്ടത്തിൽ വഴിയറിയാതുഴലുന്ന തോഴരേ
ഭാവിതൻ കുരുന്നുകളെ-
നമ്മൾ നമ്മൾ നമ്മൾ മാത്രം
നമ്മളുടെ ഒരുമമാത്രം
അതുമാത്രം ഈ നമ്മുടെ മോചനമന്ത്രം
ജപമാലകൾ ഉരുക്കഴിക്കും മന്ത്രങ്ങൾ
മുലവടികൾ ഉറയൂരിയ വാളുകൾ
എന്നുമീമനുഷ്യനെ മതിലുപണിത് തടവിലിട്ടു
കൊന്നൊടുക്കുവാൻ
കൂട്ടുനിന്ന വർഗ്ഗമേ
അവരും ക്ഷണിക്കുന്നു
സ്വർഗ്ഗത്തിൻ വാതിലുകൾ അവരും തുറന്നേ വിളിക്കുന്നു
കഴിയുമീ ഭുവനത്തിലൊരു സ്വർഗ്ഗമിവിടെ
പണിയുവാനീ നമ്മളൊത്തുനിന്നാൽ
ധരയിതിൽ നരകത്തിൻ വറചട്ടിയിൽ
വീണുപൊരിയുവാൻ കഴിയില്ല കാത്തുനിൽക്കാൻ
കഴിയില്ല കഥയറിയാത്ത കുഞ്ഞുങ്ങളായ്
പകയോടെ അന്യോന്യം കൊന്നുതീർക്കാൻ
പുതിയ പാഠങ്ങളും പുതിയ നേട്ടങ്ങളും
പുതിയ ലോകം പിന്നെ പുതിയൊരാകാശവും
ഒരുമമാത്രം നമ്മുടൊരുമമാത്രം
അതുമാത്രം നമ്മുടെ മുക്തിമന്ത്രം

**എയ്ഡ്സ്**

(ചെണ്ടമേളം തുടർന്ന് അരങ്ങിന്റെ ഇടതുഭാഗത്തുനിന്ന് സദസ്യർക്കിടയിലൂടെ പാട്ടുപാടിക്കളിച്ച് സംഘം ഒന്ന് വരുന്നു.)

പാട്ട്- പൊന്ന് മാലോകരെ കേൾക്കിൻ
കണ്ണുനീരിൻ വാർത്ത

(അവർ അരങ്ങിലെത്തുമ്പോൾ മറുവശത്തുനിന്നും മറ്റൊരു സംഘം ഉച്ചത്തിൽ പാട്ടും പാടി കളിച്ചും കൊണ്ട് വരുന്നു. ഈ ഇടപെടൽ കണ്ട് ഒന്നാം സംഘം സ്തബ്ധരായി നിൽക്കുന്നു.

പാട്ട്- വാ ഞങ്ങടൈ കൂത്തു കണ്ടീടാം
ആനന്ദം കോരി നിറക്കാം
മാളോരെ വന്ന് തടിക്കിൻ
മളോരോ വന്ന് നിരക്കിൻ

സംഘാടകൻ- ഏയ് ഇത് പറ്റില്ല. ആദ്യം വന്നവർ ആദ്യം കളിക്കട്ടെ.

സംഘം 2- അത് പറ്റില്ല. ഞങ്ങൾക്കാദ്യം കളിക്കണം

സംഘാടകൻ- കളിയിൽ ഫൗൾ കാണിക്കരുത് മാറി നിൽക്കണം നിങ്ങൾക്ക് പിന്നെ കളിക്കാം.

സംഘം 2- ഞങ്ങൾ ആദ്യം കളിക്കും.

സംഘം 1- ഞങ്ങളാദ്യം

(വാക്കേറ്റം മൂക്കുമ്പോൾ സംഘാടകൻ രണ്ടാം സംഘത്തെ ക്രുദ്ധനായി തള്ളിപ്പുറത്താക്കുന്നു.)

സംഘാടകൻ-ആരായാലും ശരി, ആദ്യം വന്നവർ കളിക്കണം. നിങ്ങൾക്കും അവസരം തരാമെന്ന് പറഞ്ഞില്ലേ? (പുറത്താക്കുന്നു)

ഏയ്- ചെണ്ട, മൈക്ക് ഒക്കെ റെഡിയല്ലേ?

ശരി- തുടങ്ങിക്കൊള്ളൂ- (പോകുന്നു)

സംഘം 1- പൊന്നുമാലോകരേ കേൾപ്പിൻ
കണ്ണുനീരിൻ വാർത്ത
കാട്ടുമക്കൾ ഞങ്ങളുടെ പാട്ടുകേൾക്കാനായി
കൊണ്ടുപോയ് തലസ്ഥാനത്ത് തമ്പുരാക്കൻമാരായ്
പാടി ഞങ്ങൾ കുഴഞ്ഞയ്യോ വാടിവീണനേരം
നാട്ടുമന്നന്മാർ പോലീസ് ജീപ്പിലാക്കി വിട്ടു

സംഘാ- ഓഹോ- പോലീസ് വഴിയിൽ ഇറക്കിവിട്ടു അല്ലേ കഷ്ടം......ആ എന്നിട്ടോ?

1 അവരു കൊണ്ടിങ്ങു വഴിയിൽ വിട്ടിന്നു
വലയുന്നേൻ ഞങ്ങളെല്ലാം
പൊന്നുമാലോകരേ.....

11 (വീണ്ടും) പാട്ടും കളികളും ഞങ്ങടേലുണ്ടോ
ഒന്നാംതരം കളി ഞങ്ങടേലുണ്ടോ

(സംഘാടകൻ വീണ്ടും ഇടപെട്ട് അവരെ പുറത്താക്കുന്നു- അവർ രോഷാകുലരായി പുറത്തേക്ക്-1.

കാട്ടമ്മേ തമ്പുരാട്ടീ....കാലതോയം മാറ്റിടണേ
കാട്ടുതൈവങ്ങളേയിന്ന്.... കാത്തുരച്ചിച്ചീടണമേ....
നാടുകാക്കും തമ്പുരാക്കൾ .....ത്രാണിയുള്ള തമ്പുരാക്കൾ
ക്ഷീണരായ ഞങ്ങളെക്കൊന്ന് .....ഓണമുണ്ട് തുകിക്കുന്നേ......
കാത്തുകൊള്ളണേ കാട്ടുതെയ്വങ്ങളേ
പാട്ടിലെങ്ങളെയാക്കിത്തൊലച്ചേ
നാട്ടിലെ ചില രാക്ഷസർ കാട്ടമ്മേ
കൂട്ടത്തോടെ കൊലചെയ്തിടുന്നേ.....

രണ്ടാം സംഘത്തിന്റെ നേതാവ് ക്രുദ്ധനായി വന്ന് കള്ളം-കള്ളം-പച്ചക്കള്ളം. പിടിച്ചിറക്കടോ ഇവരെ. (തിരിഞ്ഞുനോക്കുമ്പോൾ ആരും ശ്രദ്ധിക്കുന്നില്ലെന്നു കണ്ട് ഇളിഭ്യനായി പോകുന്നു. സംഘം ഒന്ന് കളി തുടരുന്നു. അപ്പോൾ രണ്ടാം സംഘത്തിന്റെ നേതാവ് കൂട്ടരൊത്ത് വീണ്ടും വരുന്നു. വർദ്ധിച്ച ആവേശത്തോടെ-)

11. മേള....മേള.....വായ്പാമേള.....ഹരിജന ഗിരിജനങ്ങൾക്ക് വായ്പാമേള

സംഘം ഒന്ന് ഒതുങ്ങി മാറി ശ്രദ്ധിച്ചു നിൽക്കുന്നു

11 നേതാവ്- ആടുവാങ്ങാൻ....?

സംഘം- ആടുവായ്പാ

നേതാവ്- മാടുവാങ്ങാൻ....?
സംഘം- മാടുവായ്പാ
നേതാവ്- കോഴിവാങ്ങാൻ.....?
സംഘം- കോഴിവായ്പാ
നേതാവ്- ആനവാങ്ങാൻ....?
സംഘം-ആനവായ്പ.....ആനവായ്പാ....
11 സംഘം 1- ആന തരാം
11- കുതിര തരാം
ഒന്നിച്ച്- ആന തരാം കുതിര തരാം ആടുമാട് വാങ്ങിത്തരാം. തോടുവെട്ടാൻ കാശുതരാം. വീട് വെയ്ക്കാൻ ലോണുതരാം.
( അവർ ഒന്നാം സംഘത്തെ പ്രീണിപ്പിച്ച് കൊണ്ടുവന്ന് നേതാവിന്റെ കാൽക്കൽ മുട്ടുകുത്തിക്കുന്നു. അവർ ഭയഭക്തിയോടെ പാടുന്നു. (കാട്ടമ്മേ തമ്പുരാട്ടീ...)
(നേതാവ് അവരെ എഴുന്നേൽപ്പിക്കുന്നു. മുദ്രാവാക്യം വിളിച്ചുകൊടുക്കുന്നു. അനുയായികൾ അവരെക്കൊണ്ട് ഏറ്റുവിളിപ്പിക്കുന്നു.
ഹരിജനോദ്ധാരണം....?
-നമ്മുടെ ലക്ഷ്യം
ഹരിജനങ്ങൾ....?
-നമ്മുടെ ജനങ്ങൾ
ആദിവാസികൾ....?
-നമ്മുടെ പിതാമഹൻമാർ
കാട്ടിലുള്ളവർ....?
-നാട്ടിലേക്ക്
നാട്ടിലുള്ളവർ...?
-കാട്ടിലേക്ക്
അവരെ പറഞ്ഞയക്കുന്നു. നേതാവും അനുയായികളും ചുറ്റിനടന്ന് വന്നു നിൽക്കുന്നു.
അനു1- ഇതാ അപേക്ഷകൾ
നേതാ- ഇതിൽ ഒന്നും എഴുതിയിട്ടില്ലല്ലോ. വിരലടയാളം മാത്രമേ കാണുന്നുള്ളൂ.
അനു 1- അത് നമുക്ക് തരംപോലെ എഴുതിച്ചേർക്കാം.
നേതാ- പത്രക്കാരെ വിളിക്കൂ. ആനുകൂല്ല്യങ്ങൾ പ്രഖ്യാപിക്കൂ.
അനു11- എന്റെ പട്ടയത്തിന്റെ കാര്യം
നേതാ- (പ്രഖ്യാപനം) വനം കയ്യേറിയ പാവപ്പെട്ട കയ്യേറ്റക്കാർക്കെല്ലാം വനഭൂമിക്ക് സ്ഥിരം പട്ടയം.
അനു 1- ഇത് ആദിവാസികളെപ്പറ്റി ഒരു സിനിമയെടുക്കാൻ ധനസഹായത്തിനുള്ള ഒരപേക്ഷയെ ഇതുവരെ ഇറങ്ങിയിട്ടുള്ള ഏതു സിനിമയേക്കാളും നന്നാകും.
നേതാ- ആദിവാസികളെപ്പറ്റി സിനിമയെടുത്ത് ജീവിച്ചുകൊള്ളുക.
(അകലെനിന്ന് ആദിവാസി പെൺകുട്ടികളുടെ കൂട്ടക്കരച്ചിൽ. അന്വേഷിച്ചു വരാൻ നേതാവു നിർദ്ദേസിക്കുന്നു. ഒരു അനുയായി ദൂരദർശിനിയിലൂടെ പരിശോധിച്ചിട്ട് വരുന്നു.)
അനു- ആദിവാസി പെൺകുട്ടികളെ അവരുടെ മൂപ്പൻ കാട്ടിൽ നിന്നിറക്കി വിട്ടതാണ്.
നേതാ- എന്താ കാര്യം?!
അനു- ഓ! സാരമില്ല. അവരെ ആരോ ബലാൽസംഗം ചെയ്തെന്ന്.
സംഘം- (ക്രുദ്ധനായി) ഇത് കുറെ കടന്ന കയ്യായിപ്പോയി.
അനു- ശരിയാ. നമ്മൾ ഇതിലൊന്ന് ഇടപെടണം. എന്തെങ്കിലും ഒരു നടപടിയുണ്ടാകണം.
നേതാ- (പ്രഖ്യാപനം) ബലാൽസംഗം ചെയ്യപ്പെടുന്ന ഹരിജന ഗിരിജന പെൺകുട്ടികൾക്ക് 5000 രൂപാ നഷ്ടപരിഹാരം.
(സംഘാടകൻ അമർഷത്തോടെ പോകുന്നു)
(ഫോൺശബ്ദം. നേതാവും അനുയായികളും സംസാരിക്കുന്നു.)
-അവരുടെ കുട്ടികൾക്ക് ലപ്സംഗ്രാന്റ് കൊടുത്തിട്ടുണ്ട്.
-ഗുഹയിൽ കഴിഞ്ഞിരുന്നവർക്ക് പ്രത്യേകം വീടുകൾ നൽകി.
-അവരെ പ്രത്യേകം കോളനികളിലാക്കി.
-താക്കോൽദാനത്തിന് അങ്ങ് വരണം.
സംഘം- (പത്രം കാട്ടി) കുട്ടികൾ ലംപ്സംഗ്രാന്റ് തുകകൊണ്ട് ആടുമാടുകളെ വാങ്ങി മേച്ചു നടക്കുന്നെ

ന്ന്.
നേതാ- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം-ഹേ
അനു- ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗം തന്നെയാണ് ഹേ ഇത്-
(ഒരു അനുയായി രണ്ട് ആദിവാസികളെ കൊണ്ടുവന്ന് തള്ളുന്നു.)
നേതാ- ഉം?
അനു- ഇവരുടെ കോളനിയിൽ കള്ളവാറ്റ്, കഞ്ചാവ് കൃഷി. കൃഷി മുഴുവൻ ഞങ്ങൾ നശിപ്പിച്ചു.
നേതാ- പത്രക്കാരം വിളിക്കൂ- ഫോട്ടോഗ്രാഫറേയും.
(അകലെനിന്നും താളമേളം- നേതാവും അനുയായികളും മുന്നിലേക്ക് വന്ന് ശ്രദ്ധിക്കുന്നു. ആദിവാസികൾ പോകുന്നു)
അനു 11- (വാങ്ങി നോക്കി) ചില പോലീസുകാർ കൂടെയുണ്ട്.
നേതാ- നല്ല രസം. ഫൈവ്സ്ററാർ ഹോട്ടലിൽ പോലും എല്ലാം കൃത്രിമമാണ്. ഇത് ലൈഫല്ലേ.
സംഘം- നിങ്ങളുടെ ഈ കളി അതിരു കടക്കുന്നു. നേതാക്കൻമാരും ഉദ്യോഗസ്ഥൻമാരും മുതലാളിമാരും ചേർന്ന് ഈ പാവങ്ങളെ കൊള്ളയടിക്കുകയാണ്.
(അകലെ കരച്ചിൽ. നാട്ടുരാശാക്കളേ എങ്ങൾക്ക് പയിക്കുന്നു)
സംഘം- നിങ്ങൾക്കിതുവരെ മനസ്സിലായില്ലേ
അനു-1 ആനുകൂല്ല്യങ്ങൾ നിരവധി
നേതാ- ഇതാ- രേഖകൾ നോക്കൂ....
(ആദിവാസികൾ പെരുവിരലും നീട്ടി നാട്ടുരാശാക്കളെ എങ്ങൾക്ക് പയിക്കുന്നേ- എന്നു കരഞ്ഞുകൊണ്ട് വരുന്നു.-
സംഘം- കണ്ടോ. അവർ വിരലടയാളം തരാൻ വന്നിരിക്കുന്നു. ഇവരുടെ ധനസഹായം തട്ടിയെടുക്കുന്ന പ്രമാണിമാരും ഉദ്യോഗസ്ഥൻമാരും ഇതാ നിൽക്കുന്നു.
നേതാ- എന്താഹേ. നിങ്ങൾ പറയുന്നത്. കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ കാലാകാലം പ്രഖ്യാപിക്കുന്ന എല്ലാ എയിഡ്സും ഞങ്ങളിവർക്ക് നൽകുന്നുണ്ട്.
സംഘാ- ശരിയാണ്. ഇവർ എയ്ഡ്സ് ബാധിച്ചവരാണ്. ഇവർക്ക് പ്രതിരോധശ്ക്തി നഷ്ടപ്പെട്ടിരിക്കുന്നു. സ്വകാര്യ ജീവിതം നഷ്ടപ്പെട്ടിരിക്കുന്നു- വികാരങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു.... ഇപ്പോഴവർക്ക് ഒറ്റ വികാരമേയുള്ളൂ. വിശപ്പ്- വിശപ്പുമാത്രം.
ഈ നീട്ടിപ്പിടിച്ച വിരലുകൾ നിങ്ങൾ പറഞ്ഞിടത്ത് പതിച്ചവരാണിവർ. ഇനി ഈ കറുത്ത വിരൽപ്പാടുകൾ പതിയുന്നത് നിങ്ങളുടെ മുഖങ്ങളിലാകട്ടെ.

**സ്വയംവരം**

സൂത്രധാരൻ-(അനൗൺസ്മെന്റ്)
ഇവിടെ ഇതാ ഒരു സ്വയംവരം നടക്കാൻ പോകുകയാണ്. പണ്ട് രാജകുമാരിമാർ തങ്ങളുടെ ഭർത്താക്കന്മാരെ സ്വയം വരിക്കുകയായിരുന്നല്ലോ പതിവ്. പക്ഷെ ഇന്നത്തെപ്പോലെ അന്നും കള്ളവേഷക്കാർ ഉണ്ടായിരുന്നു. ഭീമപുത്രിയായ ദമയന്തിയുടേയും നിഷധരാജാവായ നളന്റേയും കഥ- നളചരിതം-ഇത്തരത്തിലുള്ള കള്ളവേഷങ്ങളെ അരങ്ങത്ത് കൊണ്ടുവരുന്നുണ്ട്. നിങ്ങളുടെ മുമ്പാകെയും കള്ളവേഷങ്ങൾ വന്നിട്ടുണ്ട്. ഇനിയും വരും-ഞാനാണ് സമത്വം, ഞാനാണ് സോഷ്യലിസം, ഞാനാണ് ഇന്ത്യ എന്നൊക്കെ പറഞ്ഞുകൊണ്ട്. യഥാർത്ഥ നളനെ നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയണം. സ്വയംവരം.
(ചെണ്ടമേളം)
ശ്ലോകം-
പണ്ടേ പണം ഭരണരംഗമടക്കിവാഴു-
മിന്നാട്ടിൽ ജാതി മതശക്തികൾ കൂട്ടുകൂടി.
എല്ലാമടക്കിടുവതിന്നു തയ്യാറെടുത്തു
വന്നെത്തിടുന്നു ജനകീയ വിരുദ്ധശക്തി
(ചെണ്ട,ഇലത്താളം)
തിരനോട്ടം
പാട്ടുകാർ
മാനവലോകം മുഴുവനുമാണെന്റെ
മാനസോല്ലാസിയാം ഭീമപുത്രി
അവളെച്ചതിച്ചു വരിക്കുവാനെത്തുന്നി
തമരലോകത്തിലെയുപരിവർഗ്ഗം

സമതതൻ സൗന്ദര്യമുള്ളവനെൻ നളൻ
സത്യത്തിലെന്റെ മകൾക്കു നാഥൻ
അവളെച്ചതിച്ചു ഭരിക്കുവാൻ മോഹിക്കു
മധികാര വർഗമേ ദേവകളെ
ജടയൂരിയെറിയുമ്പോൾ ഉയരുന്നൊരഗ്നേയ
ച്ചുടലയിൽ നിങ്ങൾ ദഹിച്ചുപോകും
(ചെണ്ട,ഗംഭീരനാദം)
നല്ലതു നല്ലതിനോടെ ചേരേണം-തവ
വല്ലഭനുപരൻ തുല്യൻ നഹിനൂനം
വിഷ്ണു രമക്ക് നിശക്ക് ശശാങ്കൻ
ഉമക്ക് ഹരൻ, നളനോർക്കിൽ നിനക്കും
(നല്ലതു നല്ലതിനോടേ ചേരേണം)
(മട്ടുമാറി)
വാനോർ പുരിയുടെ വാതിൽ തുറന്നു
ദേവൻമാർ മേളാളൻ
ഉർവ്വശിമേനക രംഭ തിലോത്തമ
സുന്ദരിമാരുടെ മണവാളൻ
നാരദനോതിയതോർമിക്കുന്നു
ഭൂമിയിലുണ്ടൊരു പെണ്ണെത്രേ
(താഴേ കർട്ടൻ പിന്നിലേക്ക് നീങ്ങുന്നു)
കള്ളപ്പണമല്ലാതൊന്നും കൈമുത
ലില്ലാത്തവനാദേവേന്ദ്രൻ
മുട്ടിനുമുട്ടിനു സോഷ്യലിസത്തെ
പൊക്കിക്കാട്ടിയെത്തുന്നു
(ദേവേന്ദ്രൻ മുന്നോട്ട് നീങ്ങുന്നു)
തറവാടിന്റെ മഹത്വംകാട്ടി
നാടുഭരിക്കും ജലദേവൻ
മണ്ണിൻ മക്കളെ പറ്റിക്കാനായ്
വേഷം കെട്ടിയെത്തുന്നു
(വരുണൻ മുന്നോട്ട് നീങ്ങുന്നു)
വർഗ്ഗീയത്വം വാരിവിതക്കും
രക്തക്കൊതിയൻ യമരാജൻ
ജാതിമതങ്ങൾ കൊട്ടിപ്പാടി കോലം കെട്ടിയെത്തുന്നു
(യമൻ മുന്നോട്ട് നീങ്ങുന്നു)
സ്വാതന്ത്ര്യത്തിൻ നാം ചൊല്ലി
നാടു പിളർക്കും പാവകനോ
തമ്മിൽ തമ്മിൽ അടിപ്പിക്കാനായ്
പ്രസ്ഥാനങ്ങൾ വളർത്തുന്നു
(അഗ്നി മുന്നോട്ട് നീങ്ങുന്നു)
മണ്ണിന്റെ പുത്രിയാം ഭൈമിയെ വേൾക്കുവാൻ
മോഹേനയെത്തുന്നു ഭൂതലത്തിൽ
മാനവലോകം അടക്കിഭരിക്കുവാൻ
ഡോളറുമായി പറന്നുവന്നു
(വ്യത്യസ്തരീതികളിൽ)
ഇന്ദ്രൻ- അവളെ കിട്ടുകിൽ അതുമതി ഹാ! ഹാ! ഹാ!
വരുണൻ- അവളെ കിട്ടുകിൽ അതുമതി ഹാ! ഹാ! ഹാ!
യമൻ- അവളെ കിട്ടുകിൽ അതുമതി ഹാ! ഹാ! ഹാ!
അഗ്നി- അവളെ കിട്ടുകിൽ അതുമതി ഹാ! ഹാ! ഹാ!
നാൽവരും കൂടി- അവളെ കിട്ടുകിൽ അതുമതി ഹാ! ഹാ! ഹാ!
നാടിൻ ഭരണം കൈകളിലായല്ലോ.

അവളെ കിട്ടുകിലതുമതി നാടിൻ വിഭവം നമ്മുടെതായല്ലോ
ഇപ്പോൾ തിരശ്ശീല പിന്നിലാണ്. അതിന്റെ പിന്നിൽ ദമയന്തിയുടെ മണിയറ. ഓരോരുത്തരായി ചോടു വച്ച് അഭിനയിച്ച് മണിയറവാതിൽക്കൽ ചെന്ന് മുട്ടുന്നു. തുറക്കുന്നില്ല. മുഖത്ത് നിരാശയും ഇനിയെന്ത് ചെയ്യേണ്ടു എന്ന ഭാവവും. മാർഗ്ഗം കളിപ്പാട്ടിന്റെ രീതിയിൽ പാട്ടുകാർ പാടുന്നു)
ഇന്ദ്രന്റെ പദം-താശിയോടെ താനടച്ച
മണവറയുടെ വാതിലുചുറ്റും
പേരാരും പൂണ്ടപെരും
തേവർ വന്ന് വാതൽമുട്ടി- 3 തവണ
വരുണൻ-താശിയോടെ താനടച്ച
മണവറേടെ വാതലു ചുറ്റും
മണിമോതിരക്കയ്യാലെ
വരുണൻ വന്നു വാതിൽ മുട്ടി
യമൻ മൂന്നു തവണ-താശിയോടെ താനടച്ച
മണവറേടെ വാതലു ചുറ്റും
ഉറ്റവനെന്നുറുതിദേവൻ
ഉറുതിയോടെ വാതലു മുട്ടി
അഗ്നി-മൂന്നു തവണ- താശിയോടെ താനടച്ച
മണവറേടെ വാതലു ചുറ്റും
പെറ്റതായാരെന്നപോലെ
തീപകവാൻ വാതലുമുട്ടി
(പക്ഷെ, വാതൽ തുറന്നില്ല. നാലുപേരും കൂടി പ്രലോഭനങ്ങൾ നടത്തുന്നു. നാലുപേരും മുന്നോട്ടുവന്ന്ശ്രോതാക്കളോടായിട്ടാണ് ഇത് ചെയ്യുന്നത്.)
ഇന്ദ്രൻ- വീടിനൊരു ജോലിതരാം
മിനിമംകൂലി നേടിത്തരാം
വയറുനിറേ ചോറുതരാം
നിരക്ഷരത മാറ്റിത്തരാം
വരുണൻ- വട്ടകയും കിണ്ടീം തരാം
വട്ടമൊത്ത താലം തരാം
പട്ടുചേല ഞാൻ തരുമ്പോൾ
ഭംഗിയൊത്ത മേൽവിതാനം
അഗ്നി- കട്ടിൽത്തരാം മെത്തതരാം
കണ്ടിരിക്കാൻ വിളക്കു തരാം
ഒത്തവണ്ണം ഞാൻ തരുമ്പോൾ
ഒന്നിനൊന്നും കുറവില്ലാതെ
യമൻ- നാടുതരാം, വീടുതരാം
നാലുകെട്ട് പണിതുതരാം
കാറുതരാം കാശുതരാം
കാര്യമെന്തും നേടിത്തരാം
ഇന്ദ്രൻ- നല്ല ഭൂമി പതിച്ചുതരാം
കുഴൽക്കിണറു കുത്തിത്തരാം
നമ്മൾ രണ്ട് നമുക്ക് രണ്ട്
എന്റെ കൂടെ പോരൂ തങ്കം
എല്ലാവരും കൂടി- എന്റെ കൂടെ പോരു തങ്കം
എന്തുമെന്തും നേടിത്തരാം.
(എന്റെ കൂടെ പോരു തങ്കം എന്ന ഈരടി മൂന്നുവട്ടം പാടിക്കൊണ്ട് പിന്നോക്കം നീങ്ങുന്നു. വീണ്ടും കർട്ടന്റെ അടുത്തെത്തുന്നു. ദമയന്തി പുറത്തുവരുന്നതു കാണാതെ ഇനി അവളെ എങ്ങനെ പറ്റിക്കണമെന്ന് ആലോചിക്കുന്നു.)
ഇന്ദ്രൻ- എന്തും ചെയ്തീ ഭൈമിയെ നേടാൻ
എനിക്കു മോഹം
വരുണൻ- മണ്ണിൻ ശക്തി പ്രതീകമവളെ

എനിക്കുവേണം.
യമൻ– അവളുടെയുള്ളിൽനിറഞ്ഞുന നിൽപ്പു
ണ്ടോരേയൊരാൾ മാത്രം
അഗ്നി– അവനെകാണാതൊഴിച്ചു നിർത്താൻ
വേണമുപായം
എല്ലാവരും നമ്മുടെ നിലനിൽപ്പപകടമാക്കുവ
തൊരേയൊരാൾ മാത്രം
അവന്റെ വേഷം നാമേ കെട്ടുക
(അവർ വേഷം മാറ്റുന്നു)
സ്വയംവരത്തിനു രാജാക്കൻമാർ
നിരന്നിരിപ്പൂ കൂട്ടത്തിൽ
നളന്റെ വേഷവുമണിഞ്ഞവർ
നാൽവരുമെത്തിയിരിക്കുന്നു
നളന്റെ രൂപം നളന്റെ ഭാവം
നളന്റെ വേഷവിധാനങ്ങൾ
(തിരശ്ശീലയ്ക്ക് പിന്നിൽ നിന്ന് ദമയന്തി കടന്നുവരുന്നു. മാലയുമായി ഓരോരുത്തരേയും സമീപിച്ച് സംശയത്തോടെ പിൻവാങ്ങുന്നു)
സ്വയംവരത്തിനു മാലയുമായി
ചുറ്റിനടന്നു ദമയന്തി
എനിക്കെനിക്കെന്നങ്ങനെ കണ്ഠം
നീട്ടിയിരുന്നൂ ദേവൻമാർ
സ്വയംവരത്തിന് മാലയുമായി
ഉഴറിനടക്കുകയാണിന്നും
യഥാർത്ഥനളനെക്കാണാതങ്ങനെ
ഭാരതപുത്രി ദമയന്തി
(അശരീരി)
ഹേ, ഭാരതപുത്രി ദമയന്തി നിനക്കെന്തേ മതിഭ്രമം
വിണ്ണിൽ ജനിച്ചവർ വർജ്യർ നിനക്കിവർ
മണ്ണുതൊടാത്തവർ കപടപ്പരിഷകൾ
മണ്ണിന്റെ പുത്രനാം നിൻ മുറച്ചെറുക്കനെ
കണ്ണുതുറന്നങ്ങു വേൾക്കുക നീയിന്നു
നല്ലതു നല്ലതിനോടേ ചേരേണം തവ-
വല്ലഭനപരൻ തുല്ല്യൻ നഹി നൂനം
വിഷ്ണു രമക്കു, നിശക്കു ശശാങ്കൻ
ഉമയ്ക്കു ഹരൻ, ഇവനോർക്കിൽ നിനക്കും
(നല്ലത് നല്ലതിനോടേ ചേരേണം)

**നല്ലനാളെ**

കണ്ണുകളിൽ വിജ്ഞാനത്തിൻ ഒളിചിന്നും ദീപവുമായ്
ഇതുവരെ കാണാത്തൊരു മനുഷ്യജാതി
ആത്മാവിങ്കൽ സ്വാതന്ത്ര്യത്തിൻ അഗ്നിനാളം ജ്വലിപ്പിച്ച്
ഉയരുന്നു പുതിയൊരു മനുഷ്യജാതി
ഭൂമിയിലും കടലിലും ആകാശത്തുമഗ്നിയിലും
മനുഷ്യന്റെ അധീശത്വമുറപ്പിക്കുന്നോർ
സൗമ്യശീലർ ധീരരവർ ശക്തിയെഴും ബാഹുവുള്ളോർ
ചിന്തുകില്ല ഒരു തുള്ളി രക്തമവരും
സ്വന്തംവീട്ടിൽ ലളിതമായ് ജീവിപ്പവർ അതിപൂജ്യർ
ബഹുജനമധ്യത്തിങ്കൽ മാതൃക കാട്ടും
നാട്ടിലാകെ നിറയ്ക്കുന്നു ആഹ്ളാദത്തിൻ തിരതല്ലൽ
കളകളം മനുഷ്യന്റെ മഹത്വം പാടി

കുമ്മിയടിയടി കുമ്മിയടി ശാശ്വതശാന്തിതൻ കുമ്മിയടി
തോക്കുകൾ ബോംബുകൾ താഴെയിടൂ മാനുഷരെല്ലാരും സോദരൻമാർ
എല്ലാ മനസ്സിലും വിടർന്നിടട്ടെ മാനവസ്നേഹത്തിൻ പൂത്തിരികൾ
കുമ്മിയടിയടി കുമ്മിയടി ശാശ്വതശാന്തിതൻ കുമ്മിയടി
പുത്തൻകലകൾ വളർന്നിടട്ടെ മാനവശബ്ദം മുഴങ്ങിടട്ടെ
ലോകം സ്വർഗ്ഗമായ് മാറിടട്ടെ ജീവിതം ഗാനമായ് തീർന്നിടട്ടെ
കുമ്മിയടിയടി കുമ്മിയടി ശാശ്വതശാന്തിതൻ കുമ്മിയടി

യുദ്ധമില്ലാത്ത ആ നല്ല നാളെയെക്കുറിച്ചുള്ള സ്വപ്നങ്ങളാണിത്.മൽസരവും സ്വാർത്ഥവും മനുഷ്യരടക്കമുള്ള എല്ലാ ജീവികളുടേയും സഹജസ്വഭാവമാണെന്ന് വാദിക്കുന്നവരുണ്ട്. ഇത് അങ്ങനെ അല്ലെന്നും, മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത എല്ലാ മനുഷ്യർക്കും അധ്വാനിക്കാനും ജീവിക്കാനും അവസരം നൽകുന്ന ഒരു സാമൂഹ്യവ്യവസ്ഥയിൽ മനുഷ്യനിൽ പുതിയ സ്വഭാവങ്ങൾ രൂപപ്പെടുമെന്നും നമുക്കറിയാം. ഒരു പുതിയ സമൂഹം അങ്ങനെ ഉയർന്നു വരുന്നതായിരിക്കും.അറിവിന്റെ പുതിയ ചക്രവാളങ്ങൾ തേടുന്നതിനുള്ള അദമ്യമായ ത്വരയുള്ള മനുഷ്യർ. സൗമ്യരും ധീരരും ശക്തരുമാണവർ. മനുഷ്യന്റെ ജയക്കൊടി മണ്ണിലും വിണ്ണിലും കടലിലും തീയിലും നാട്ടാൻ അവർ ഭയപ്പെടുന്നില്ല. പക്ഷേ, സോദരൻമാരുടെ ചോര ചിന്താൻ അവരെ കിട്ടില്ല. അവർക്ക് സ്വന്തമായി വളരെക്കുറച്ചേ വേണ്ടൂ. മറ്റെല്ലാം സമൂഹത്തിനാകെയുള്ളതാണ്.

രാജ്യങ്ങളും രാജ്യങ്ങലലും തമ്മിൽ പോരടിക്കില്ല. ആയുധക്കൂമ്പാരങ്ങളില്ല. എല്ലാ ഹൃദയങ്ങളിലും ഒരൊറ്റ സാഹോദര്യത്തിന്റെ സ്പന്ദനം മാത്രം. പുതിയ കലകൾ ഉയരും. പുതിയ സംഗീതങ്ങൾ വാനിൽ അലയടിക്കും. മനുഷ്യജീവിതം തന്നെ ഒരു സംഗീതമായിത്തീരും. അതാണ് ആ നല്ല നാളെ.

## ആർക്കുവേണ്ടി

മുല്ലനേഴി  പി.കെ ശിവദാസ്

സൂര്യനുദിക്കുന്നതാർക്കുവേണ്ടി
സൂര്യൻ ജ്വലിക്കുന്നതാർക്കുവേണ്ടി
പുഴയൊഴുകുന്നതും പൂവിരിയുന്നതും
മലയായ മലയൊക്കെ മുലചുരത്തുന്നതും
ചെടിയായ ചെടിയൊക്കെ പച്ചചൂടുന്നതും
കടലായ കടലൊക്കെ മീൻ വളർത്തുന്നതും
വയലായ വയലൊക്കെ കതിരിട്ടു നിന്നതും
വനമായ വനമൊക്കെ കനകം വിളഞ്ഞതും
ഉയരത്തിൽ ചൂളകൾ പുകതുപ്പിനിന്നതും
ചോരയിൽ മരവിപ്പിൻ മായം കലർന്നതും
ആർക്കുവേണ്ടി?  മന്നിലാർക്കുവേണ്ടി?
നിയമങ്ങളും നീതിശാസ്ത്രവും കലകളും
നിറതോക്കും ഓർക്കുവിൻ ആർക്കുവേണ്ടി
ഓരോന്നുമോരോന്നുമാർക്കുവേണ്ടി
എന്നു തീരുമാനിക്കേണ്ട നേരമായി
സദസ്സിൽ നിന്നൊരാൾ–
പറയാം
എല്ലാം അവർക്കുവേണ്ടി
എല്ലാം അവർക്കുവേണ്ടി
നിയമഗ്രന്ഥങ്ങളും ശാസനങ്ങളും
എല്ലാം അവർക്കു സ്വന്തം
തടവറകളും ദണ്ഡനങ്ങളും
കനത്തശമ്പളം കൊടുത്തു നിർത്തിയ
പറഞ്ഞതുപോലെയനുസരിക്കുന്ന
ജയിലറൻമാരും ജഡ്ജിമാരും
അവർക്കു സ്വന്തം
അടിച്ചമർത്താനും നാവടക്കാനും
അച്ചുക്കൂടവും പത്രലോകവും

അവർക്കു സ്വന്തം....
കുറഞ്ഞ ശമ്പളം കൊടുത്തുനിർത്തിയ
പറഞ്ഞതുപോലെയനുസരിക്കുന്ന
കൂലിപ്പോലീസും പടയുമെല്ലാം
അവർക്കു സ്വന്തം
( ഇത് ആവർത്തിച്ചു പാടുമ്പോൾ നേരത്തെ പിൻവാങ്ങിയവരിൽ രണ്ടുപേർ മാറി മാറി ആർക്കു സ്വന്തം? ആർക്കുവേണ്ടി?ആരാണവർ? എന്നു ചോദിച്ചുകൊണ്ട് വേദിയിലേക്ക് കടന്നു വരുന്നു.
അവർ നമ്മുടെ മുഖത്തു തുപ്പി
അവർ നമ്മുടെ മുഖത്തു തുപ്പി
വീണ്ടും വീണ്ടും തുപ്പുന്നു
അവരാർത്തു ചിരിക്കുന്നു
ആരാണവർ?
അതിനാരാണവർ?
അവരെ നിങ്ങൾക്കറിയാം
അവർ ആരാണെന്നുമറിയാം
അവർ നമ്മുടെ മുഖത്തു തുപ്പുന്നു
കറുത്ത ഹൃദയം മൂടാനായ്
ഒരു വെളുത്തയങ്കിയണിഞ്ഞ്
നിഴലിൻ ചോട്ടിൽ പമ്മിക്കൂടുന്നവരെ-
യിവിടെ കാണാം
അവരിവിടെ കാണും
അവർ തുപ്പുമ്പോൾ നിർവൃതിയോടെ
നിൽക്കാനാളുണ്ടിവിടെ
അവർക്കു തുപ്പാൻ വായപൊളിച്ചു
കൊടുക്കാനാളുണ്ടിവിടെ
അക്കോളാമ്പികൾ തുപ്പുമ്പോൾ
ആ മോന്തക്കിട്ടു തൊഴിക്കൂ
അവരുടെ ആ മോന്തക്കിട്ടു തൊഴിക്കൂ
അവരുടെ കയ്യിൽ കള്ളപ്പൊന്നുണ്ടേ
ഉണ്ടേ, ഉണ്ടേ കള്ളപ്പൊന്നുണ്ടേ
അവരുടെ കയ്യിൽ കൊള്ളപ്പണമുണ്ടേ
ഉണ്ടേ, ഉണ്ടേ കൊള്ളപ്പണമുണ്ടേ
അവരുടെ കയ്യിൽ കള്ളപ്പൊന്നു-
ണ്ടവരുടെകയ്യിൽ കൊള്ളപ്പണമു-
ണ്ടതിനു മാന്യത നൽകാൻ കൊട്ടിയ
വിളംബരം കേട്ടോ
നീതിപീഠം തോട്ടിലെറിഞ്ഞവർ
നീതിനടത്തുംപോലും!
ഹ ഹ ഹ ഹ!
നാം കുടിക്കുന്ന നീരിലെങ്ങും
പതുങ്ങിവാഴുമീയട്ടകളെ
നമ്മുടെ സിരകളിൽ കടിച്ചു
രുധിരം കുടിച്ചു വീർത്തട്ടകളെ
നട്ടെല്ലുതീരെയില്ലെങ്കിലും തല-
യനക്കീടുന്ന പോത്തട്ടകളെ
പറിയ്യെടുക്കൂ, ചതച്ചരയ്ക്കൂ
തുടച്ചുമാറ്റൂ!
അലകടലും ചുഴലിക്കാറ്റും
തലകൊയ്യാനലറിവിളിപ്പൂ
ഗിരിശിഖരം തീതുപ്പുന്നു

ഇടിവാളുകളാർത്തലറുന്നു
കരിമുകിലുകൾ തീമവപെയ്യാ-
നുയരങ്ങളിലൊത്തൊരുമിപ്പൂ
കട്ടപിടിച്ചുതടിച്ചു വരുന്നൊരുഗ്രതമസ്സി-
ന്നസ്ഥി തകർക്കാനഗ്നി കൊളുത്തൂ ഞരമ്പിന്നിതളിൽ
ഒത്തുതെളിക്കൂ  ഹൃത്തിൽ വൈദ്യുതി
അത്തീയമ്പുകൾ ആഞ്ഞാഞ്ഞെയ്തീ-
ട്ടിക്കൂരിരുളിൻ മൗലി പിളർക്കൂ-
പൊട്ടിവരട്ടെ
പുത്തൻകതിരുകൾ
ഇത്തിരിവെട്ടം കിട്ടട്ടെ
ഇവിടിത്തിരിവെട്ടം കിട്ടട്ടെ

### സംഘനൃത്തം

താതനന്തനം തനതനന്തനം താനിനം തന്നാരോ തെയ്യന്താര
സ്വാതന്ത്ര്യം ലഭിച്ചിട്ട് കൊല്ലങ്ങളേറെയായോടാ-എന്നിട്ടും
സ്വാശ്രയത്ത സുഖസമൃദ്ധിയിൽ ശ്വാസം വിട്ടോടാ- തെയ്യം താര
ഗാന്ധിനെഹ്രു നെയ്ത ഭാവന എങ്ങുപോയടാ- ഇവിടെ
നാമെല്ലാം പണയത്തിൽ വൈദേശിക്കായ് വന്നോടാ തെയ്യം താരാ
ഇവിടെ വേണ്ടതിന്നിവിടുള്ളാളുകൾ ഇവിടുണ്ടാക്കണോടാ- പകരം
അപരനുണ്ടാക്കിത്തരുവാൻ വാ പൊളിച്ചിവിടിരിപ്പല്ലേടാ- തെയ്യം താര
ഇറക്കുമതിക്ക് വിലക്കിടാതിന്ന് ഭരിക്കുന്നില്ലേടാ- നമ്മളെ
ഇറക്കും വൈദേശി ഭരിക്കും കാര്യങ്ങൾ ഗ്രഹിക്കുന്നുണ്ടോടാ തെയ്യം താരാ
ദരിദ്രവർഗ്ഗത്തിന്നിവിടെ വല്ലതും ഇറക്കുന്നുണ്ടോടാ- ധനികർക്ക്
സുഖിക്കാനാഡംബരിത്തിനുള്ളെന്ത്രങ്ങൾ വരുത്തിന്നില്ലേടാ- തെയ്യം താരാ
കൃഷിയും കൈത്തൊഴിൽ വ്യവസായ
നിയന്ത്രണങ്ങൾക്കാർക്കാടാ- നമ്മുടെ
വിഭവങ്ങൾ ലോകവിപണിയിലിന്ന്
വിജയിക്കുന്നോടാ -തെയ്യംതാരാ
കടക്കെണിയുടെ കുടുക്കിൽ നാമിന്ന്
കിടക്കുവല്ലേടാ-ദാരിദ്ര്യ
വരക്കുതാഴത്തെ പുഴുക്കളീവക ധരിക്കുന്നുണ്ടോടാ- തെയ്യം താര
താതനന്തനം തനതനതന്തനം താനിനം തന്നാരോ തെയ്യന്താര
താതനന്തനം തനതനതന്തനം താനിനം തന്നാരോ തെയ്യന്താര